മലങ്കര മാത്തോമ്മാ

സുറിയാനി ക്രിസ്ത്യാനികളുടെ

ശുശ്രൂഷക്രമം

ഇതിൽ വി. മാമോദീസായുടെയും, വിശുദ്ധവിവാഹത്തിന്റെയും, പ്രസവസ്നാത്രത്തിന്റെയും, രോഗികൾക്കുവേണ്ടിയുള്ള പ്രാർത്ഥനയുടെയും, ഭവനവാഴ്വിന്റെയും, ശവസംസ്കാരത്തിന്റെയും ശുശ്രൂഷക്രമങ്ങൾ അടങ്ങിയിരിക്കുന്നു.

പ്രസിദ്ധീകരണസമിതിയുടെ അനുവാദപ്രകാരം
സഭാസെക്രട്ടറി റവ. കെ. എൻ. ഉമ്മൻ കശീശ്ശായാൽ
അച്ചടിപ്പിക്കപ്പെട്ടതു്.

രണ്ടാം പതിപ്പ് കോപ്പി 1500

KOTTAYAM
PRINTED AT THE C. M. S. PRESS
1947

അവതാരിക

മലങ്കര മാർത്തോമ്മാ സഭയിൽ ഒരു നൂറ്റാണ്ടിനു മുമ്പു അബ്രഹാം മല്പാൻ ആദിയായുള്ള പുണ്യചരിതന്മാർ യോജിച്ചു ആരംഭിച്ച നവീകരണത്തിന്റെ ഒരു മുഖ്യ ആശയം, ആരാധന ദേശഭാഷയായ മലയാളത്തിൽ ആയിരിക്കണമെന്നുള്ളതായിരുന്നു. എങ്കിലും ആരാധനക്രമങ്ങൾ എല്ലാവർക്കും സുലഭമാകത്തക്കവണ്ണം അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നതിനു പല കാരണവശാൽ സാധിക്കയുണ്ടായില്ല. പരേതനായ വികാരി ജനറാൽ കോവൂർ അയ്യു തോമ്മാ കത്തനാർ അവർകളുടെ കർബ്ബാന തക്സായും 1067-ൽ അവതരിപ്പിച്ച ഞായറാഴ്ച കാലത്തെ നമസ്കാരക്രമവും കഴിച്ചു മറ്റു ക്രമങ്ങൾ ഒന്നുംതന്നെ മലയാളത്തിൽ പ്രസിദ്ധപ്പെടുത്താൻ അടുത്ത പിള്ളാലത്തും കഴിഞ്ഞില്ല. ശ്രമസാദ്ധ്യമായ ആ കൃത്യം മഹച്ചരിതനായ കാലംചെയ്ത തീത്തൂസ് മാർത്തോമ്മാ മെത്രാപ്പോലീത്താ ആണ് നിർവ്വഹിച്ചതു്. ആ വന്ദ്യ തിരുമേനി, സുറിയാനി ഭാക്കാവിദഗ്ദ്ധന്മാരായ ചില വൈദികശ്രേഷ്ഠന്മാരുടെ സഹായത്തോടുകൂടി, സാധാരണയായി ഉപയോഗിക്കേണ്ട സഭാശുശ്രൂഷക്രമങ്ങൾ മിക്കതും ഭാക്കാന്തരപ്പെടുത്തി മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതിനു അക്ഷീണപരിശ്രമം ചെയ്തു സാധിച്ചതു, സഭാജനങ്ങൾക്കും, വിശിഷ്യ, പട്ടക്കാർക്കും ഒരു അമൂല്യ സഹായമായിട്ടാണിരുന്നിട്ടുള്ളതു്. ആവയുടെ പ്രതികൾ എല്ലാം വിറ്റുതീർന്നുപോയിട്ടു കൊല്ലം രണ്ടുമൂന്നു കഴിഞ്ഞിരിക്കുന്നു. ആവശ്യക്കാർ വർദ്ധിക്കയും മുട്ടിപ്പായ അപേക്ഷകൾ വന്നുകൊണ്ടിരിക്കയും ചെയ്യുന്നതിനാൽ, എപ്പിസ്കോപ്പൽ സംഘത്തിന്റെ ആജ്ഞാപ്രകാരം ഈ പുസ്തകം ഈ രൂപത്തിൽ ഇപ്പോൾ പ്രസിദ്ധം ചെയ്യുന്നതാണ്.

വെവ്വേറായി അച്ചടിച്ചിരുന്ന ഈ ക്രമങ്ങൾ ഒന്നു ചേർത്തു ഒരു പുസ്തകമായി പ്രസിദ്ധപ്പെടുത്തുന്നതു ഏവർക്കും സൌകര്യപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു. ഈ പുസ്തകത്തിന്റെ ഓരോ പ്രതി പട്ടക്കാർക്കും താല്പര്യമുള്ള സഭാംഗങ്ങൾക്കും ഉണ്ടായിരിക്കുന്നതിനു പുറമേ, ഓരോ പള്ളിവകയായി ആവശ്യംപോലെ കുറഞ്ഞിലധികം പ്രതികൾ വാങ്ങി സൂക്ഷിക്കുന്നതായാൽ പല സന്ദർഭങ്ങളിലും പ്രയോജനപ്പെടുന്നതായിരിക്കും.

ഈ ക്രമങ്ങളിൽ "മാമോദീസാ" മാദിയേകൽ സഖറിയാമല്പാനും മറ്റു ക്രമങ്ങൾ പരേതനായ ഉലഞ്ഞിൽ യൌസേപ്പു മല്പാനും വിവർത്തനം ചെയ്തിട്ടുള്ളതാണ്. ഇവരെ കൂടാതെ ബ. കച്ചുകുഴിയിൽ ബഹനാൻ കശ്ശീശ്ശാ, അയിരൂർ സി. പി. പീലിപ്പോസ് കശ്ശീശ്ശാ മുതലായ പല വൈദികന്മാരുടെയും മലയാളഭാക്കാഭിജ്ഞന്മാരായ ചില അത്മായ സുഹൃത്തുക്കളുടെയും സഹായസഹകരണങ്ങൾ ലഭിച്ചിട്ടുണ്ട്. ഈ പതിപ്പിന്റെ

അച്ചടി മുതലായ കാര്യങ്ങളിൽ ദിവ്യശ്രീ ഉലഞ്ഞേരിൽ ജെ. ജോസഫ് കശ്ശീശ്ശാ ബദ്ധശ്രദ്ധനായിരുന്നിട്ടുണ്ട്. ഈ മഹാശയന്മാരോടുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഓരോ ക്രമത്തിലും ഘടിപ്പിച്ചിട്ടുള്ള ഗീതങ്ങൾക്കു പുറമെ വിശേഷാവസരങ്ങളിൽ ഉപയോഗ്യമായ കുറെ പാട്ടുകൾ ഒടുവിലായി ചേർത്തിട്ടുള്ളതു സഹായകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ആവശ്യത്തിന്റെ തിടുക്കം നിമിത്തം ഈ ക്രമങ്ങൾ ഒന്നും തന്നെ പുനഃപരിശോധന കഴിച്ചു അത്യാവശ്യപ്പെട്ട ഭേദഗതികൾ വരുത്തുന്നതിനു ഉത്സുകമിക്കാതെ, ആ കാര്യം അടുത്ത പതിപ്പിൽ വേണ്ടിവന്നാൽ നിർവ്വഹിച്ചുകൊള്ളാമെന്നു പ്രത്യാശിച്ചുകൊണ്ടു നമ്മുടെ സഭയിലെ പൊതു ഉപയോഗത്തിനായി ഈ പുസ്തകം സമർപ്പിച്ചുകൊള്ളുന്നു.

തിരുവല്ലാ,
1947, ഓഗസ്റ്റ് 4.

വികാരി ജനറാൽ വി. പി. മാമ്മൻ കശ്ശീശാ,
പ്രസിഡണ്ട്,
പ്രസിദ്ധീകരണസമിതി.

അനുക്രമണിക

		പുറം.
വി. മാമോദീസായുടെ	ശുശ്രൂഷക്രമം	3
വി. വിവാഹത്തിന്റെ	ടി	31
പ്രസവസ്തോത്രത്തിന്റെ	ടി	81
രോഗികൾക്കുവേണ്ടിയുള്ള	(ഒന്നാം ഭാഗം) ടി	95
ടി	(രണ്ടാം ഭാഗം) ടി	119
ഭവനവാഴ്ചയുടെ	ടി	143
ശവസംസ്കാരം	(ഒന്നാം ഭാഗം) ടി	165
ടി	(രണ്ടാം ഭാഗം) ടി	189
ടി	പൈതങ്ങളുടെ ടി	241
ഗീതങ്ങൾ		257

മലങ്കര മാത്തോമ്മാ

സുറിയാനി ക്രിസ്ത്യാനികളുടെ

ശുശ്രൂഷക്രമം

പട്ടക്കാരൻ

പിതാവിനും പുത്രനും പരിശുദ്ധ രൂഹായിക്കും സ്തുതി.

ജനം

ആദിമുതൽ എന്നെന്നേക്കും തന്നെ. ആമ്മീൻ.

പട്ടക്കാരൻ. ആകാശവും ഭ്രമിയും തന്റെ മഹത്വം കൊണ്ടു നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ—പരിശുദ്ധൻ—പരിശുദ്ധൻ—ഉന്നതങ്ങളിൽ സ്തുതി.

ജനം. കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു—ഉന്നതങ്ങളിൽ സ്തുതി.

പ. * ദൈവമേ, നീ പരിശുദ്ധനാകുന്നു.

ജ. ബലവാനേ, നീ പരിശുദ്ധനാകുന്നു.

പ. മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.

ജ. ഞങ്ങൾക്കുവേണ്ടി ✠ ക്രൂശിക്കപ്പെട്ട മ്ശിഹാ തമ്പുരാനേ, ഞങ്ങളോടു കരുണ ചെയ്യേണമേ.

* ഇപ്രകാരം മൂന്നു പ്രാവശ്യം ചൊല്ലണം.

പ. ഞങ്ങളുടെ കർത്താവേ—ഞങ്ങളോട് കരുണ ചെയ്യണമേ.

ജ. ഞങ്ങളുടെ കർത്താവേ—കൃപതോന്നി, ഞങ്ങളോട് കരുണ ചെയ്യണമേ.

പ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ നമസ്കാരവും ശുശ്രൂഷയും കൈക്കൊണ്ട്, ഞങ്ങളോട് കരുണ ചെയ്യണമേ.

ജ. ദൈവമേ, നിനക്കു സ്തുതി.

പ. സ്രഷ്ടാവേ, നിനക്കു സ്തുതി.

ജ. പാപികളായ അടിയാരോട് കൃപചെയ്യുന്ന മ്ശിഹാ രാജാവേ, നിനക്കു സ്തുതി. ബാറെക്കുമാർ.

കർത്താവിന്റെ പ്രാർത്ഥന

പട്ടക്കാരൻ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ—

ജനം. നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ—നിന്റെ രാജ്യം വരേണമേ—നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ—ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു ഞങ്ങൾക്കു തരേണമേ—ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ—ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടും ക്ഷമിക്കേണമേ—ഞങ്ങളെ പരീക്ഷയിലേക്കു പ്രവേശിപ്പിക്കാതെ—ഞങ്ങളെ ദുഷ്ടനിൽനിന്നു രക്ഷിച്ചുകൊള്ളേണമേ—എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും—എന്നേക്കും നിനക്കുള്ളതാകുന്നു—ആമ്മീൻ.

വിശുദ്ധമാമോദിസാ ശുശ്രൂഷക്രമം

മാമോദിസാകഴിവാനുള്ള ഓരോ ആൺപൈതലിനു ഒരു ജ്ഞാനപിതാവും (മദ്ധ്യസ്ഥൻ, തലതൊടുന്നവൻ) ഓരോ പെൺപൈതലിനു ഒരു ജ്ഞാനമാതാവും (തലതൊടുന്നവൾ) മാതാപിതാക്കന്മാരെ കൂടാതെ ഉണ്ടായിരിക്കണം.

പട്ടക്കാരൻ

പിതാവിന്നും, പുത്രന്നും, പരിശുദ്ധാത്മാവായിക്കും സ്തുതി.

ജനം.

ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും എന്നെന്നേക്കും രണ്ടുലോകങ്ങളിലും പിന്തപ്പെടുമാറാകേണമേ. ആമ്മീൻ.

പ്രാരംഭപ്രാർത്ഥന

പട്ടക്കാരൻ. ദൈവമായ കർത്താവേ, നിന്റെ വിശുദ്ധ ശ്ലീഹന്മാരെ നീ ഭരമേല്പിച്ച മാമോദീസായാകുന്ന ഈ അത്മീയ ശുശ്രൂഷയ്ക്കു ഞങ്ങളെ നീ യോഗ്യതയുള്ളവരാക്കേണമേ. കർത്താവേ, പാപികളായ ഞങ്ങളുടെ മദ്ധ്യസ്ഥതമൂലം ഇപ്പോൾ മാമോദീസായിക്കു അടുത്തുവന്നിരിക്കുന്ന (ഇവക്കു) രക്ഷ നൽകപ്പെടുകയും, ഞങ്ങൾ എല്ലാവരും അനുഗ്രഹങ്ങളും കരുണയും പ്രാപിക്കയും ചെയ്യുമാറാകേണമേ. ഹാശാ .....

ജനം. ആമ്മീൻ.

ܐ ܗܘ ܒܪ ܐ ܗ ܐ ܗ ܐ ܗ

മസ്മൂർ ൨൩.

1 കർത്താവു എന്നെ മേയിക്കും—എനിക്കു യാതൊന്നിനും മുട്ടുണ്ടാകയില്ല.

2 അവൻ എന്നെ പുഷ്ടിയുള്ള മേച്ചിൽ സ്ഥലങ്ങളിൽ കിടത്തും—ശാന്തതയുള്ള വെള്ളങ്ങളുടെ അരികിലേക്കു അവൻ എന്നെ കൊണ്ടുപോകും.

3 അവൻ എന്റെ ആത്മാവിനെ തിരിപ്പിച്ചു—തിരുനാമം നിമിത്തം എന്നെ നീതിപാതകളിൽ നടത്തി.

4 ഞാൻ മരണനിഴലിൻതാഴ്വരയിൽ കൂടി നടന്നാലു, നീ എന്നോടുകൂടെ ഉള്ളതുകൊണ്ടു ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല—നിന്റെ വടിയും നിന്റെ കോലും എന്നെ ആശ്വസിപ്പിച്ചു.

5 എന്റെ ശത്രുക്കൾ കാണ്കെ, നീ എന്റെ മുമ്പിൽ മേശ ഒരുക്കി—എന്റെ തലയെ നീ എണ്ണകൊണ്ടു അഭിഷേകം ചെയ്തു—എന്റെ പാനപാത്രവും നിറഞ്ഞുകവിയുന്നു.

6 നിന്റെ കൃപയും അനുഗ്രഹങ്ങളും എന്റെ ആയുഷ്കാലംമുഴുവനും എന്നെ പിന്തുടരും—ഞാൻ കർത്താവിന്റെ ആലയത്തിൽ ദീർഘകാലം വസിക്കയും ചെയ്യും—ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു—ബാറെക്മാർ.

പട്ടക്കാരൻ. പിതാവിന്നും പുത്രന്നും.....

ജനം. ആദിമുതൽ എന്നന്നേക്കും.....

എക്ബാ.

പട്ടക്കാരൻ. കർത്താവേ, വിശ്വാസികളായ ഞങ്ങൾക്കു കൃപയുടെ മറ കാവലായിരിക്കേണമേ. കട്ടിലുകാലുകളിന്മേലും കുമ്പടിമേലും തളിക്കപ്പെട്ട രക്തത്താൽ സം

ഹാരകനിൽ നിന്നു എബ്രായക്കാർ രക്ഷപെട്ടപ്രകാരം തന്നേ, ജീവപ്രദവും ദൈവികവുമായ സ്നാനത്തിന്റെ കൃപയാൽ അതിൽ ശരണംവയ്ക്കുന്ന ഞങ്ങൾക്കു രക്ഷയുണ്ടാകയും, ഒഴിഞ്ഞുപോകാത്ത ആ പ്രകാശത്താൽ വിശുദ്ധത്രിത്വത്തെ ഞങ്ങൾ കാണുകയും ചെയ്യുമാറാകേണമേ. ഹാശാ.....

ജനം. ആമ്മീൻ.

പ്രാർത്ഥന

പട്ടക്കാരൻ. സ്വർഗ്ഗീയസൈന്യങ്ങളുടെ ദൈവമായ കർത്താവേ, തിരുസഭയിൽ ഉൾപ്പെട്ടുന്ന ഈ നിന്റെ (ദാസരെ) നീ വാഴ്ത്തണമേ. മരണകരമായ സകലപ്രവൃത്തികളെയും ത്യജിച്ചുകൊണ്ട് (ഇവർ) നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേറുവാൻ തക്കവണ്ണം, ഇഹലോകത്തിന്റെ മായാവസ്ഥയെ അറിയേണ്ടതിനു (ഇവരുടെ) ബോധത്തിന്റെ കണ്ണുകളെ നീ പ്രകാശിപ്പിക്കേണമേ.

ശുശ്രൂക്കൻ. സുനൂമെൻ കാലോസ്.....

ജനം. കുറിയേലായിസ്സോൻ.

പ്രോമ്യോൻ

പട്ടക്കാരൻ

നാമെല്ലാവരും പ്രാർത്ഥിച്ചു.....

ജനം

അനുഗ്രഹിക്കുന്നവനായ കർത്താവേ.....

പട്ടക്കാരൻ

സ്തുതിയും സ്തോത്രവും തേജസ്സും.....

തന്റെ മഹത്വമുള്ള ദിവ്യാലോചനയാൽ, തന്റെ അത്തീയ മായ തന്റെ അട്ടിൻകൂട്ടത്തിന്നു ജ്ഞാനാത്മകമായ മാ മോദീസായെ നിയമിച്ചവനായി, നിവൃത്തിക്കാവതല്ലാത്ത സാക്ഷാൽപ്രകാശമായിരിക്കുന്ന മ്ശീഹാതമ്പുരാന്നു, തന്റെ അടിയാരുടെ മാമോദീസായുടെ ശുശ്രൂഷ നിവ ർത്തിക്കപ്പെട്ടുന്ന ഈ സമയത്തും, നമ്മുടെ അയുസ്സി ന്റെ എല്ലാദിവസങ്ങളിലും സ്തുതിയും ബഹുമാനവും വ ന്ദനവും യോഗ്യമായിരിക്കുന്നു. ഹാശാ.....

ജനം. ആമ്മീൻ.

സെദറാ

പട്ടക്കാരൻ. വിശ്വാസത്താൽ ചിതറിപ്പോയ ഞങ്ങളെ കൂ ട്ടിച്ചേർക്കയും, തന്റെ വിശുദ്ധകല്പനകളെ ആചരിക്കു ന്നതിന്നു ഞങ്ങളെ ക്ഷണിക്കയും, തന്റെ അത്തീയ തൊഴുത്തിൽ ഞങ്ങളെ പ്രവേശിപ്പിക്കയും, രക്ഷയുടെ ഒഴുക്കുങ്കലേക്കും ജീവന്റെ ഉറവിങ്കലേക്കും ഞങ്ങളെ ആകഷ്ടിച്ചുകൊണ്ടു, നിങ്ങൾ കുളിച്ചു വെടിപ്പുള്ളവരാ കുവിൻ, എന്നും, നിങ്ങളുടെ ഹൃദയങ്ങളിൽ നിന്നു തിന്മ കളെ കഴുകിക്കളവിൻ എന്നും, ജീവപ്രദമായ നിന്റെ ശബ്ദത്താൽ പ്രസംഗിച്ചുരുളിച്ചെയ്കയും ചെയ്ത ഞ ങ്ങളുടെ മ്ശീഹാതമ്പുരാനേ, (തങ്ങളുടെ) കാവലിന്നായി ജീവന്റെ മദ്ധ്യ പ്രാപിപ്പാൻ അടുത്തുവന്നിരിക്കുന്ന ഈ നിന്റെ (ദാസരെ) നീ വാഴ്ത്തണമേ. നിന്റെ തൊഴുത്തി ൽ (ഇവരെ) പ്രവേശിപ്പിക്കേണമേ. നിന്റെ ആടുകളുടെ കൂട്ടത്തിൽ (ഇവരെ) എണ്ണിക്കൊള്ളേണമേ. നിന്റെ മുഖ പ്രകാശം (ഇവരിൽ) പ്രശോഭിക്കുമാറാകേണമേ. വീണ്ടും ജനനത്തിന്നു (ഇവരെ) യോഗ്യതയുള്ളവരാക്കി, നിന്റെ പിതാവിന്നു (ഇവരെ) മക്കളാക്കിത്തീർക്കേണമേ. പഴയ മനുഷ്യനെ (ഇവരിൽ) നിന്നു ഉരിഞ്ഞുകളഞ്ഞു, നാശമി ല്ലാത്ത പുതിയമനുഷ്യനെ (ഇവർ) ധരിക്കുമാറാകേണ

മേ. (ഇവരെ) നല്ല വഴിച്ചയും പൂണ്ണനിലയുമുള്ളവ രാക്കിതീക്കേണമേ. ആശ്വാസവും സമാധാനവുമുള്ള ജീവിതത്താൽ നല്ലഅവസാനത്തിനും ക്രിസ്തീയ പൂണ്ണതയ്ക്കും (ഇവർ) യോഗ്യതയുള്ളവരായിതീരുകയും ചെയ്യുമാറാകേണമേ. ഞങ്ങളും (ഇവരും) നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധരൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറും. ഹാശാ.....

ജനം. ആമ്മീൻ.

. ⁄Ʌɯɔɔ

. ɔɯɔ⁄ ɥɔ⁄ ⁄ɯɔɔ

* ⁄ɔɔɔ⁄ ɔ⁄⁄ ɔɔɔ⁄ɔ⁄ ɔɔɔ⁄ ⁄ɔɔɔ⁄

ഞങ്ങളുടെ കർത്താവേ, മാമോദീസായ്ക്കു അടുത്തു വന്നിരിക്കുന്ന (ഇവരെ) നിന്റെ സ്ലീബായാൽ കാത്തുകൊള്ളേണമേ.

ഞങ്ങളുടെ കർത്താവേ—മാമോദീസായ്ക്കായിഹ—
വന്നോരീ (ഭാസരെ) നീ—കാത്തുകൊൾക നിൻ സ്ലീബായാൽ.

. ⁄ɔɔ⁄ ɔɔɔ⁄ ⁄ɔɔ ⁄ɔɔ ⁄ɔɔɔ . ⁄Ʌɯɔɔ⁄ ɔɔɔ⁄ ⁄ɔɔɔ⁄

⁄ɔɔɔ⁄ ⁄ɔɔ⁄ ɔɔɔ . ⁄ɔɔ ɔɔɔɔ⁄ ⁄ɔɔ⁄

* ⁄ɔɔɔ⁄

ഞാൻ വെള്ളം കൊണ്ടു മാമോദീസാ മുക്കുന്നു. എന്റെ പിന്നാലെ വരുന്നവനോ, വിശുദ്ധരൂഹാകൊണ്ടു മാമോദീസാ മുക്കുമെന്നു സ്നാറിയായുടെ പുത്രൻ പ്രസംഗിച്ചിരുന്നു.

വെള്ളത്താൽ എൻ സ്നാപനം—വരുവോനെറ രൂ രൂഹായാൽ
എന്നല്ലോ സ്കറിയാസുതൻ—ആമരവോട് ചൊല്ലി.

ഈശോ മശീഹാ . നമ്മുടെ കർത്താവ് .
ഈശോ മശീഹാ . ഇന്നലെയും ഇന്നും .
എന്നേക്കും ❊

സ്കറിയായുടെ പുത്രനായ യൂഹന്നാൻ നദീതീരത്തു വന്നു നിന്നു. ഈരേമാലാകമാക്കു അദൃശ്യനായിരിക്കുന്ന ശക്തിമാനായവൻ അവനോട് മാമോദീസാ ഏല്ക്കാനായിട്ടു വന്നു.

സ്കറിയാസുതൻ യൂഹന്നാൻ—ആറാരികത്തണഞ്ഞു—
ഭൂതക്കു മറഞ്ഞ ശക്തി—തൻ സ്നാനത്തിന്നായ് വന്നു.

ഈശോ മശീഹാ . കുരിശിൽ തറയ്ക്കപ്പെട്ടു .
ഈശോ മശീഹാ . മരിച്ചു അടക്കപ്പെട്ടു .
ഈശോ മശീഹാ . ഉയിർത്തു സ്വർഗ്ഗാരോഹിതനായി ❊

നമ്മുടെ കർത്താവു മാമോദീസായിക്കായും, യൂഹന്നാൻ സാക്ഷ്യത്തിന്നായും വന്നു. ഇവൻ എന്റെ പ്രിയപുത്രനെന്നു ഉന്നതത്തിൽനിന്നു പിതാവു വിളിച്ചു പറകയും ചെയ്തു.

കർത്തൻ സ്നാനത്തിന്നായും—യൂഹന്നാൻ സാക്ഷ്യത്തിനും—
ഇവനെൻ വത്സലസുതൻ—എന്നു താതനും ചൊല്ലി.

പ്രാർത്ഥന

പട്ടക്കാരൻ. കർത്താവേ, വിശുദ്ധ മാമോദീസായിക്കു ഒരുങ്ങിവന്നിരിക്കുന്ന ഈ നിന്റെ (ദാസക്കു) വേണ്ടി നിന്റെ അനുഗ്രഹങ്ങളുടെ ബാഹുല്യത്തോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. (ഇവർ) നിന്നാൽ നിത്യജീവനായി മുദ്രയിടപ്പെടുകയും, നിന്റെ ഭവനാവകാശികളായി തീരുകയും, നിന്റെ വിശുദ്ധ കല്പനകളോടു യോജിച്ചിരിക്കയും, നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും (ഇവർ) കരേറുകയും ചെയ്യുമാറാകേണമേ. ആശാ.

ജനം. ആമ്മീൻ.

സുമാറാ

ശുശ്രൂഷകൻ. കർത്താവേ, മാൻ നീർപ്പുഴകൾക്കായി നിലവിളിക്കുന്നതുപോലെ തന്നേ, എന്റെ ആത്മാവു് നിന്നെക്കുറിച്ചു വാഞ്ഛിക്കുന്നു—ഹാലേലൂയ്യാ.

¶ ഇവിടെ ശുശ്രൂക്ഷകൻ ലേഖനം വായിക്കുന്നു.

ശുശ്രൂക്ഷകൻ. പൌലൊസ് ശ്ലീഹാ റോമാക്കാക്കു എഴുതിയ ലേഖനത്തിൽ നിന്നും.

ജനം. ശ്ലീഹന്മാരുടെ ഉടയവനായ സ്തുതി—കർത്താവേ, നിന്റെ വചനങ്ങളെ തിരിച്ചറിയുന്നതിനു ഞങ്ങൾക്കു കൃപ നല്കേണമേ.

ശുശ്രൂക്ഷകൻ

റോമ. ൪. ൫—൯. ൯—൭.

എന്നാൽ എന്റെ സഹോദരന്മാരേ, പാപം വർദ്ധിപ്പാനായിട്ടു ന്യായപ്രമാണത്തിനു പ്രവേശനം ഉണ്ടായി—പാപം വർദ്ധിച്ച ഇടത്തു, കൃപയും അധികമായി വർദ്ധിച്ചു—അതു് മരണത്താൽ പാപം രാജ്യഭാരം ചെ

യുതുപോലെ തന്നേ, നമ്മുടെ കത്താവായ യേശുമ്ശീ
ഹാ മൂലം, നിത്യജീവങ്കലേക്കു നീതിയാൽ കൃപയും രാജ്യ
ഭാരം ചെയ്വാനായിട്ടു തന്നേ—ആകയാൽ നാം എന്തു
പറയും?—കൃപ വർദ്ധിപ്പാനായി നാം പാപത്തിൽ ജീ
വിക്ക എന്നോ?—അതു ഒരുനാളും അരുതേ—എന്തു
കൊണ്ടെന്നാൽ, പാപസംബന്ധമായി മരിച്ചവരായ
നാം ഇനിയും അതിൽ എങ്ങനെ ജീവിക്കും?—യേശു
മ്ശീഹായിൽ മാമോദീസാ കൈക്കൊണ്ടവരായ നാം
എല്ലാവരും, അവന്റെ മരണത്തിൽ പങ്കാളികളാകാൻ
മാമോദിസാ കൈക്കൊണ്ടിരിക്കുന്നു എന്നു നിങ്ങൾ അ
റിയുന്നില്ലയോ?—എന്തെന്നാൽ മാമോദിസായാൽ മര
ണത്തിലേക്കു അവനോടുകൂടെ നാം കുഴിച്ചിടപ്പെട്ടിരി
ക്കുന്നു. യേശുമ്ശീഹാ തന്റെ പിതാവിന്റെ മഹത്വ
ത്താൽ, മരിച്ചവരുടെ ഇടയിൽനിന്നു ഉയിർത്തെഴുന്നേറ
തുപോലെ, അങ്ങിനെ നാമും പുതിയ ജീവനിൽ നടപ്പാ
നായിട്ടു തന്നേ—ആകയാൽ നാം മ്ശീഹായോടുകൂടെ
മരിച്ചു എങ്കിൽ, മ്ശീഹായോടുകൂടെത്തന്നേ ജീവിക്കുമെ
ന്നു നാം വിശ്വസിക്കയും വേണം.

ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ.

പെസ്ഹാമ

ഹാലെലൂയ്യാ—നിന്റെ സോപ്പാകൊണ്ടു് എന്റെമേൽ ത
ളിക്കേണമേ, ഞാൻ നിർമ്മലനാകും—അതിനാൽ എന്നെ നി
വെടുപ്പിക്കേണമേ—ഉറച്ച മഞ്ഞിനെക്കാൾ ഞാൻ വെണ്മയു
ള്ളവനാകും—ഹാലേലൂയ്യാ.

ശുശ്രൂഷകൻ. സഹോദരന്മാരേ, നാം അടക്കത്തോടും ഭയ
ത്തോടും വണക്കത്തോടും ശ്രദ്ധിച്ചു്—നമ്മുടെ കത്താവേശു
മ്ശീഹായുടെ വിശുദ്ധ ഏവൻഗേലിയോനിലെ—ദൈവത്തി
ൻ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കേൾക്കണം.

¶ ഇവിടെ പട്ടക്കാരൻ ഏവൻഗേലിയോൻ വായിക്കുന്നു.

പട്ടക്കാരൻ. നിങ്ങൾക്കെല്ലാവക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജനം. ദൈവമായ കർത്താവു, നിന്റെ ആത്മാവോട്ടുകൂടെ—ഞങ്ങളെയും യോഗ്യതയുള്ളവരാക്കട്ടെ.

പട്ടക്കാരൻ. ലോകത്തിന്റെ ജീവനും രക്ഷയും അറിയിച്ചു പ്രസംഗിക്കുന്ന ലൂക്കോസ്, യൂഹന്നാൻ ഏവൻഗേലിസ്ഥന്മാർ എഴുതിയ ജീവൻ നല്കുന്ന പ്രസംഗമായ നമ്മുടെ കർത്താവേശുമ്ശീഹായുടെ വിശുദ്ധ ഏവൻഗേലിയോൻ.

ജനം. വന്നവനും വരുവാനിരിക്കുന്നവനുമായവൻ വാഴ്ത്തപ്പെട്ടവനാകുന്നു—നമ്മുടെ രക്ഷയ്ക്കായി തന്നെ അയച്ച പിതാവിന്റെ സ്തുതി—തന്റെ അനുഗ്രഹങ്ങൾ നാമെല്ലാവരുടെയും മേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.

പട്ടക്കാരൻ. വിശുദ്ധ കന്യകമറിയാമ്മിൽനിന്നു ജഡം എടുത്ത ദൈവമായി, ജീവന്റെ വചനമായ നമ്മുടെ കർത്താവും, ദൈവവും, രക്ഷിതാവും ആയിരിക്കുന്ന യേശുമ്ശീഹായുടെ നടപടിയുടെ കാലത്തു ഇപ്രകാരം സംഭവിച്ചു.

ജനം. അപ്രകാരം ഞങ്ങൾ വിശ്വസിച്ചു കൊണ്ടാടുന്നു.

പട്ടക്കാരൻ

ലൂക്കൊസ്. ൩. ൧൭, ൧൯.

എന്നാൽ ജനം യൂഹന്നാനെക്കുറിച്ചു, ഇവൻ മ്ശീഹാ ആകുന്നുവോ എന്നു നിരൂപിച്ചു, എല്ലാവരും അവരുടെ ഹൃദയത്തിൽ വിചാരിച്ചിരുന്നപ്പോൾ, യൂഹന്നാൻ ഉത്തരമായിട്ടു അവരോടു: കണ്ടാലും, ഞാൻ നിങ്ങളെ വെള്ളംകൊണ്ടു മാമോദീസാ മുക്കുന്നു—എന്നാൽ എന്നെക്കാൾ ബലവാനായിരിക്കുന്നവൻ എന്റെ പിന്നാ

ലെ വരുന്നു—അവന്റെ ചെരിപ്പുകളുടെ വാറുകളെ അഴിപ്പാൻ ഞാൻ യോഗ്യനല്ല—അവൻ നിങ്ങളെ പരിശുദ്ധാത്മാവുകൊണ്ടും അഗ്നികൊണ്ടും മാമോദീസാ മുക്കും.

യൂഹന്നാൻ ൧. ൫, ൭.

ഞാൻ സത്യമായിട്ടു സത്യമായിട്ടു നിങ്ങളോടു പറയുന്നു—ഒരുത്തൻ വെള്ളത്തിൽ നിന്നും ആത്മാവിൽനിന്നും ജനിക്കുന്നില്ല എങ്കിൽ, അവനു ദൈവരാജ്യത്തിലേക്കു പ്രവേശിപ്പാൻ കഴികയില്ല—ജഡത്തിൽ നിന്നു ജനിച്ചിരിക്കുന്നതു്, ജഡമാകുന്നു—ആത്മാവിൽനിന്നു ജനിച്ചിരിക്കുന്നതു ആത്മാവുമാകുന്നു.

നിങ്ങൾക്കെല്ലാവക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജനം. നിന്റെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

¶ അതിന്റെ ശേഷം പട്ടക്കാരൻ സ്നാനാർത്ഥികളുടെ നെറ്റിമേൽ പെരുവിരൽ കൊണ്ടു തൈലംകൂടാതെ കുശടയാളം വരച്ചുചൊല്ലുന്നു.

പിതാവിന്റെയും ✠ പുത്രന്റെയും ✠ ജീവനും വിശുദ്ധിയുമുള്ള റൂഹായുടെയും ✠ നാമത്തിൽ (ഇന്നാരു) മുദ്രയിടപ്പെടുന്നു.

ജനം. ആമ്മീൻ.

പ്രാർത്ഥന

പട്ടക്കാരൻ. ദൈവമായ കർത്താവേ, നിന്റെ തിരുനാമത്തിൽ ഞങ്ങൾ മുദ്രകുത്തിയിരിക്കുന്ന നിന്റെ മനച്ചിലും കൈവേലയുമായ (ഇവരിൽ) നിന്നു മ്ലേച്ഛാത്മാവിന്റെ സകല ദുഷ്ടവ്യാപാരങ്ങളെയും അകറ്റിക്കളയേണമേ. ✠ മത്സരക്കാരനും ദ്രോഹിയുമായിരിക്കുന്ന

അവനെ നീ ശാസിച്ച്, വഞ്ചനയുടെ ആത്മാവിൽ നിന്നു ഈ നിന്റെ (ദാസനെ) നി ശുദ്ധീകരിക്കേണമേ ✠ (ഇവർ) പിശാചുക്കളുടെ വാസസ്ഥലമല്ല. എന്നാലോ ദൈവത്തിന്റെ മന്ദിരം തന്നെ ആയിരിക്കുമാറാകേണമേ. ✠

ജനം ആമ്മീൻ.

¶ അതിന്റെ ശേഷം സ്നാനാർത്ഥിയോ, പൈതലെങ്കിൽ മദ്ധ്യസ്ഥനോ, തന്റെ എടത്തുകൈകൊണ്ടു പൈതലിന്റെ എടത്തുകയ്യേൽ പിടിച്ചുകൊണ്ടു പട്ടക്കാരന്റെ പിന്നാലെ താഴെയുള്ള ഉപേക്ഷണ വാചകം മൂന്നുപ്രാവശ്യം ചൊല്ലുന്നു.

മാമോദീസാ മുഴുകുന്ന ഞാൻ—സാത്താനെയും—അവന്റെ സകല ദൂതന്മാരെയും—അവന്റെ സകല സൈന്യങ്ങളെയും—അവന്റെ സകല ആരാധനയെയും—അവന്റെ സകല വഞ്ചനയെയും—ഉപേക്ഷിക്കുന്നു.

¶ അതിന്റെ ശേഷം സ്നാനാർത്ഥിയോ, പൈതലെങ്കിൽ മദ്ധ്യസ്ഥനോ, തന്റെ വലങ്കൈകൊണ്ടു പൈതലിന്റെ വലങ്കയ്യേൽ പിടിച്ചുകൊണ്ടു പട്ടക്കാരന്റെ പിന്നാലെ താഴെയുള്ള സ്വീകരണവാചകം മൂന്നുപ്രാവശ്യം ചൊല്ലുന്നു.

മാമോദീസാ മുഴുകുന്ന ഞാൻ—മ്ശീഹാതമ്പുരാനെ നിന്നെയും—നിഖിയന്മാരും ശ്ലീഹന്മാരും മുഖാന്തരം—വിശുദ്ധ പിതാക്കന്മാക്കു—നിന്നാൽ ഭരമേല്പിക്കപ്പെട്ട—ദൈവികമായ സകല ഉപദേശങ്ങളെയും—വിശ്വസിച്ചു കൈക്കൊള്ളുന്നു.

¶ അതിന്റെശേഷം പട്ടക്കാരന്റെ പിന്നാലെ മൂന്നുപ്രാവശ്യം ചൊല്ലേണ്ടതു

സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു.
മ്ശീഹായിൽ ഞാൻ വിശ്വസിക്കുന്നു.

സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു.
മ്ശീഹായിൽ ഞാൻ വിശ്വസിക്കുന്നു.

സാത്താനെ ഞാൻ ഉപേക്ഷിച്ചു
മ്ശീഹായിൽ ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

¶ അതിന്റെ ശേഷം എല്ലാവരും കൂടി വിശ്വാസപ്രമാണം ചൊല്ലണം.

പട്ടക്കാരൻ. പിതാവായി, സർവ്വശക്തനായി....

ജനം. ആകാശത്തിന്റെയും ഭൂമിയുടെയും—കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ—സകലത്തിന്റെയും സൃഷ്ടാവായ—സത്യൈക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏക പുത്രനും—

സർവ്വലോകങ്ങൾക്കും മുൻപെ പിതാവിൽ നിന്നു ജനിച്ചവനും—പ്രകാശത്തിൽ നിന്നുള്ള പ്രകാശവും—സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും—ജനിച്ചവനും സൃഷ്ടിയല്ലാത്തവനും—തതത്തിൽ പിതാവിനോടു ഏകതത്വമുള്ളവനും—സകല സൃഷ്ടിക്കും മധ്യന്തരമായവനും—മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി—സ്വർഗ്ഗത്തിൽനിന്നു ഇറങ്ങി—വിശുദ്ധകന്യകയായ തമ്പുരാനെ പ്രസവിച്ച കന്യകമറിയാമ്മിൽനിന്നു് ജഡം ധരിച്ചു്, മനുഷ്യനായി—പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ—ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടു—കഷ്ടതയനുഭവിച്ചു്, മരിച്ചു് അടക്കപ്പെട്ടു—തിരുഹിതപ്രകാരം മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റു—സ്വർഗ്ഗത്തിലേക്കു കയറി—തന്റെ പിതാവിന്റെ വലത്തുഭാഗത്തിരുന്നവനും—അവസാനമില്ലാത്ത രാജത്വമുള്ളവനും—ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിപ്പാൻ—തന്റെ

മഹാ പ്രഭാവത്തോടെ, ഇനിയും വരുവാനിരിക്കുന്നവനുമായ—യേശുമ്ശിഹാ ആയ ഏക കത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു

സകലത്തെയും ജീവിപ്പിക്കുന്ന കത്താവും,

പിതാവിൽനിന്നു പുറപ്പെട്ട്—പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും—നിബ്യന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായ—ജീവനും വിശുദ്ധിയും ഉള്ള ഏകസഭയിലും—കാതോലികവും അപ്പൊസ്തോലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനുള്ള മാമോദീസാ,

ഒന്നുമാത്രമെന്നു ഞങ്ങൾ ഏറ്റു പറഞ്ഞു—മരിച്ചവരുടെ ഉയിർത്തെഴുന്നേല്പിനും—വരുവാനിരിക്കുന്ന ലോകത്തിലെ പുതിയജീവനും—ഞങ്ങൾ നോക്കിപ്പാർക്കുന്നു—ആമ്മീൻ.

ശുശ്രൂഷകൻ. ബാറെക്മാർ സ്ലൂമൻ കാലോ—സ്ലൂജനം. കുറിയേലാ—യിസ്സോൻ.

പ്രാർത്ഥന

പട്ടക്കാരൻ. കത്താവേ, നിന്നെറ വിശുദ്ധഗൂഹായെ നിയമിച്ചു, ഇല്ലായ്മയിൽനിന്നു (ഇവരെ) സൃഷ്ടിച്ചു ഉണ്മയിലേക്കു വരുത്തുകയും, നിന്നെറ മനുഷ്യസ്നേഹത്താൽ വിശുദ്ധ മാമോദീസായിക്കു (ഇവരെ) യോഗ്യരാക്കുകയും ചെയ്തിരിക്കുന്നുവല്ലോ. കത്താവേ, വിശുദ്ധശ്ലീഹാമാരുടെ അടിസ്ഥാനത്തിന്മേൽ (ഇവരെ) സ്ഥിരപ്പെടുത്തേണമേ. വിശുദ്ധസഭയിൽ സത്യനടുതലയായി (ഇവരെ) നിനടേണമേ. വിശുദ്ധഗൂഹായാകുന്ന രഹസ്യാഭിഷേകത്തിനു (ഇവരെ) അർഹരാക്കേണമേ. ദൈവികമായ നിന്നെറ ദാനങ്ങൾകൊണ്ടു (ഇവരെ) സംപൂർണ്ണരാക്കേണമേ. നി

ന്റെ ആരാധനക്കാരായ (ഇവർ) പാപത്തിന്റെ അടിമയിൽനിന്നു സ്വാതന്ത്ര്യപ്പെടുവാൻ (ഇവരുടെ) ഹൃദയങ്ങളിൽ നിന്റെ പ്രകാശം നീ ഉദിപ്പിക്കയും ചെയ്യേണമേ.

ജനം. ആമ്മീൻ.

¶ പട്ടക്കാരൻ സ്നാനാർത്ഥിയുടെ നെറ്റിമേൽ സൈത്തു പൂശികൊണ്ടു ചൊല്ലുന്നു:

വീണ്ടുംജനനത്താലുള്ള പുത്രത്വത്തിന്റെ ലക്ഷ്യമായി പിതാവിന്റെയും ✠ പുത്രന്റെയും ✠ ജീവനും വിശുദ്ധിയുമുള്ള റൂഹായുടെയും ✠ നാമത്തിൽ (ഇന്നാരു) വിശുദ്ധ തൈലം കൊണ്ടു മുദ്രയിടപ്പെടുന്നു.

ജനം. ആമ്മീൻ

¶ അതിന്റെ ശേഷം പട്ടക്കാരൻ ചൂടുവെള്ളവും തണുത്തവെള്ളവും എടുത്തു തൊട്ടിയിൽ പകർന്നുകൊണ്ടു ചൊല്ലുന്നു.

ദൈവമായ കർത്താവേ, ഞങ്ങളുടെ കർത്താവേശുമ്ശീഹായുടെ കൃപയാലും അനുഗ്രഹങ്ങളാലും മനുഷ്യസ്നേഹത്താലും ഞങ്ങളുടെ ബലഹീനപ്രാർത്ഥന നീ കൈക്കൊണ്ടു, ഈ വെള്ളത്തെ ശുദ്ധീകരിക്കേണമേ. കർത്താവേ, പാപത്തിന്റെ സകല മലിനതയിൽനിന്നും കറയിൽനിന്നും ഞങ്ങളെ ശുദ്ധീകരിക്കുന്ന യഥാർത്ഥമായ ശുദ്ധീകരണത്തിന്റെ ഉറവ ഞങ്ങൾക്കു നീ നല്കിയിരിക്കുന്നുവല്ലോ. രക്ഷിക്കുന്നവനും, തുടച്ചുവെടിപ്പാക്കുന്നവനും സകല നന്മകളെയും നല്കുന്നവനും നീയാകയാൽ, നിനക്കും നിന്റെ ഏകപുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറുന്നു. ഹാശാ.. .....

ജനം. ആമ്മീൻ.

. ما إصلاحها . الصلاة إلا

ركعتين . ح . الصبح ركعتين . ح . ثم

قام إلى الخامسة . فلما استوى قائما . ابتدأ

القراءة من حيث ترك . وصنع في صلاته

كما صنع في الأولى . حتى أتمها . ثم

جلس . فتشهد التشهد الآخر . ثم سلم

عن يمينه . ح . وعن يساره . ح .

الجمعة .

وكان الناس إذا صلوا الجمعة . انصرفوا

إلى أبواب المسجد . وفي الطريق . ثم

يرجعون إلى منازلهم . فيقيلون . ثم

يصلون العصر . إذا زالت الشمس .

ക്രിസ്തീയ

പട്ടക്കാരൻ. ജാതികളേ നിങ്ങൾ എല്ലാവരും ഇതിനെ കേൾപ്പീൻ—യൂഹന്നാൻ യോർദ്ദനാൻനദിയിൽനിന്നു. മ്ശീഹാ അതിൽ ഇറങ്ങി അതിനെ ശുദ്ധീകരിച്ചു്, അതിൽ മാമോദീസാ മുങ്ങുകയും ചെയ്തു. വെള്ളത്തിൽനിന്നു താൻ കരേറിയ ആ സമയത്തു, ആകാശവും ഭൂമിയും തനിക്കു ബഹുമാനം കൊടുക്കുകയും, സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും മേഘങ്ങളും, നദികളെയും സകല നീരുറവകളെയും ശുദ്ധീകരിച്ചവനായ തന്നെ സ്തുതിക്കയും ചെയ്തു. ബാറെക്മാർ.....

പിതാവിനും പുത്രനും.....

ജനം. ആദിമുതൽ.....

പട്ടക്കാരൻ. ജീവന്റെ ഉറവയുടെ ലക്ഷ്യമായി മാമോദീസാ നമുക്കു നല്കപ്പെട്ടിരിക്കുന്നു. പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ദൈവം തന്റെ കരുണയാൽ അതിനെ ശുദ്ധീകരിച്ചു. ഇവൻ എന്റെ പ്രിയപുത്രനാകുന്നു എന്നു പിതാവു വിളിച്ചുപറയുന്നു. പുത്രൻ തന്റെ തലകുനിച്ചു മാമോദീസാ കൈക്കൊണ്ടു. വിശുദ്ധറൂഹാ പ്രാവിന്റെ സാദൃശ്യത്തിൽ അവന്റെ മേൽ ഇറങ്ങി. ലോകം ജീവിച്ചതിനു മുഖാന്തരമായ വിശുദ്ധത്രിത്വത്തിൽ നാം വിശ്വസിക്കയും ചെയ്യുന്നു.

ജനം. കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ചു സഹായം ചെയ്യേണമേ.

ഗീതം (ജാതിയിൻപുത്രീ)

ജാതികളേ ! ഇതിനെ-കേൾപ്പിൻ ഹാലേലൂയ്യാ

പട്ടക്കാരൻ. യൂഹന്നാൻ സ്നാനജലത്തെ-കലർത്തീടുന്നിതാ
മ്ശീഹാ ശുദ്ധം ചെയ്തിറങ്ങി—യതിൽ-മുങ്ങീടുന്നു
ജലത്തിൽ നിന്നു താൻ—കയറിയൊരുനേരം
വാനം ഭൂമി—സൂര്യൻ ചന്ദ്രനും-
താരകളോടിഹ മേഘങ്ങൾ--അവനെ-മാനിക്കുന്നു.
നദികൾ ഊറ്റുകൾ ശുദ്ധീകരിപ്പോനെ-വാഴ്ത്തീടുന്നു,
ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ.

പിതൃപുത്രവിശുദ്ധാത്മനു സ്തുതി

ജീവയുറവാം മാമോ-ദീസാ-ൽക-പ്പെട്ടനു-
മൈവം തൻകൃപയാ-ലതി-നു-ശുദ്ധീകരിച്ചു.
ഇവനെൻ പ്രിയ-സുതനാകുന്നെന്നു്-
മൈവം മോദാൽ-അരുളിച്ചെയ്യുനു.
പുത്രൻ കൈക്കൊണ്ടിടു സ്നാന-മിറങ്ങി-രുഹാ-
വിശുദ്ധമാം ത്രിത്വ,ത്തിൽ നാം-വിശ്വ-സിക്കുനു.
ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ.
നാഥാ, അനുഗ്രഹിച്ചു,ങ്ങളെ-യുണർത്തുണമേ.

പ്രാർത്ഥന

പട്ടക്കാരൻ. ദൈവമായ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുനു. നിന്റെ കൃപയാലും നിന്റെ ഏറിയ അനുഗ്രഹങ്ങളാലും ഈ വെള്ളത്തെ നീ ശുദ്ധീകരിക്കേണമേ. ഇതിൽ മാമോദീസാ മുഴുകുന്നവർ, വഞ്ചനയുടെ മോഹങ്ങളാൽ ക്ഷയിപ്പിക്കുന്ന മനുഷ്യനെ ഉരിഞ്ഞുകളകയും, തന്നെ സൃഷ്ടിച്ചവന്റെ സാദൃശ്യത്തിൽ പുതുതാക്കപ്പെടുന്ന പുതിയമനുഷ്യനെ ധരിക്കയും ചെയ്വാൻതക്കവണ്ണം, രൂപാന്തരപ്പെടുവാൻ കൃപനല്കണമേ. നിനക്കും നിന്റെ ഏക പുത്രനും നിന്റെ പരിശുദ്ധരൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറുനു. ആശാ .....

ജനം. ആമ്മീൻ.

പട്ടക്കാരൻ. കർത്താവേ, ഞങ്ങളുടെ ഉത്തരമരുളിച്ചെയ്യണമേ—കർത്താവേ, ഞങ്ങളുടെ ഉത്തരമരുളിച്ചെയ്യണമേ—കർത്താവേ, ഞങ്ങളുടെ ഉത്തരമരുളിച്ചെയ്യൂ, ദയതോന്നി ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമേ.

ജനം. കുറിയേലായിസ്സോൻ — കുറിയേലായിസ്സോൻ — കുറിയേലാ—യിസ്സോൻ.

¶ പട്ടക്കാരൻ വെള്ളത്തിന്മീതെ മൂന്നു പ്രാവശ്യം കുരിശുവരച്ചു കൈ മാ ചെയ്തുകൊണ്ട് താഴെയുള്ള പ്രാർത്ഥന ചൊല്ലുന്നു.

പ്രാർത്ഥന

സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, ഈ വെള്ളത്തിൽ മാമോദീസാ മുഴുകുന്ന (ഇവക്കു) അശുദ്ധിയിൽ നിന്നുള്ള വെടിപ്പും—ബന്ധനങ്ങളിൽ നിന്നുള്ള വിടുതലും—പാപങ്ങളുടെ മോചനവും—പിഴകളുടെ പരിഹാരവും ✠ ദത്തുവകാശത്തിന്റെ നൽവരവും—നാശമില്ലാത്ത വസ്തുവും—പരിശുദ്ധരൂഹായുടെ പുതുക്കവും ✠ നിന്റെ ഏകജാതനായ പുത്രന്റെ മരണത്തോടും പുനരുത്ഥാനത്തോടുമുള്ള അനുരൂപതയും നീ നൽകേണമേ ✠.

¶ പട്ടക്കാരൻ മൂറോൻകുപ്പി എടുത്തുപിടിച്ചുകൊണ്ടു,

ܐܒܐ ✣ ܘܒܪܐ ܘܪܘܚܐ ܩܕܝܫܐ ✣ ܗܘ ✣ ܕܢܗܘܐ ܠܗܘܢ ✣ ܫܡܐ ✣ ܕܡܫܝܚܐ ✣

ചിതാവിനും പുത്രനും പരിശുദ്ധ രൂഹായ്ക്കും സ്തുതി.

ജനം. ആദിമുതൽ എന്നെന്നേക്കും തന്നെ. ആമ്മീൻ.

¶ പട്ടക്കാരൻ വെള്ളത്തിൽ മൂറോൻ ഒഴിച്ചുകൊണ്ടു ചൊല്ലുന്നു,

ഈ മാമോദീസാവെള്ളത്തിൽ ഞങ്ങൾ വിശുദ്ധ മൂറോൻ ഒഴിക്കുന്നു.

ചിതാവിന്റെയും ✠ പുത്രന്റെയും ✠ ഈവാനും വിശുദ്ധിയുമുള്ള രൂഹായുടെയും ✠ നാമത്തിൽ തന്നേ.

ജനം. ആമ്മീൻ.

പ്രാർത്ഥന

പട്ടക്കാരൻ. ദൈവമായ കർത്താവേ, മാമോദീസാ മുഴുകുന്ന ഈ നിന്റെ (മാസരെ) പൂർണ്ണരാക്കേണമേ. രക്ഷാകരമായ നിന്റെ സ്നാനത്താൽ വെടിപ്പാക്കിയുംകൊണ്ടു, (ഇവരെ) നിന്റെ മ്ശിഹായുടെ കൂട്ടവകാശികളാക്കി തീർക്കേണമേ. കർത്താവേ, (ഇവർ) പുതുക്കപ്പെടുകയും, നിന്റെ കൃപനിറഞ്ഞു, ശ്രേഷ്ഠതയുള്ളവരായി തീരുകയും, നിന്റെ ദൈവികദാനങ്ങളുടെ ചുമതലകളെ (ഇവർ) കാത്തുകൊള്ളുകയും ചെയ്യുമാറാകേണമേ. ഞങ്ങളും (ഇവരും) നിനക്കും നിന്റെ ഏക പുത്രനും നിന്റെ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറും. ഹാശാ.

ജനം. ആമ്മീൻ.

¶ അതിന്റെ ശേഷം പട്ടക്കാരൻ സ്നാനാർത്ഥിയുടെ തലയിൽ വലങ്കൈ വച്ചിട്ടു, പിന്നാലെയുള്ള വാചകം ചൊല്ലി മൂന്നുപ്രാവശ്യം ഊതുന്നു.

പാപമോചനത്തിന്റെയും, നിത്യജീവന്റെയും പ്രത്യാശയിൽ, (ഇന്നാരു) മാമോദീസാ മുഴുകപ്പെടുന്നു.

പിതാവിന്റെയും ✠ പുത്രന്റെയും ✠ ജീവനും വിശുദ്ധിയുമുള്ള റൂഹായുടെയും ✠ നാമത്തിൽ തന്നേ. ജനം. ആമ്മീൻ.

ܒܫܡ ✠ ܐܒܐ . ܒܫܡ ✠ ܒܪܐ . ܘܪܘܚܐ ✠ ܩܕܝܫܐ ܕܚܝܐ ܘܢܘܗܪܐ ✠ ܒܫܡ ܗܘ ❊

ꠘꠣꠞꠤ ꠀꠝꠣꠔꠣꠞꠤ ꠘꠣꠞꠤ . ꠘꠣꠞꠤ ꠔꠣꠞꠤ ꠀꠝꠣꠔꠣꠞꠤ ❊

1. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെമേൽ അനുഗ്രഹംചെയ്യേണമേ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളേണമേ

കർത്താവേ—അനുഗ്രഹിക്ക
ശുശ്രൂഷ—കൈക്കൊള്ളേണമേ.

ꠘꠣꠞꠤ ꠔꠣꠞꠤ ꠘꠣꠞꠤ . ꠀꠝꠣꠔꠣꠞꠤ ꠘꠣꠞꠤ ꠔꠣꠞꠤ ꠘꠣꠞꠤ . ꠀꠝꠣꠔꠣꠞꠤ ꠘꠣꠞꠤ ꠔꠣꠞꠤ ꠘꠣꠞꠤ . ꠀꠝꠣꠔꠣꠞꠤ ꠘꠣꠞꠤ ꠔꠣꠞꠤ ꠘꠣꠞꠤ . ꠀꠝꠣꠔꠣꠞꠤ ꠘꠣꠞꠤ ꠔꠣꠞꠤ ꠘꠣꠞꠤ ❊

2. ദൈവമേ, നിന്റെ വലങ്കൈ നീട്ടി ഈ നിന്റെ (ദാസനെ) അനുഗ്രഹിക്കേണമേ. നിന്റെ കർത്തൃത്വത്തിനു സ്തുതിപാടുവാൻ ഉയരത്തിൽനിന്നു (ഇവനു) കൃപ നൽകേണമേ.

ദൈവമേ—വലങ്കൈ നീട്ടി-
വാഴ്ത്തണമേ—നിൻ (ദാസനെ)
നിൻ കർത്തൃ—ത്വത്തെ സ്തുതിപ്പാൻ-
നൽകണമേ—നിൻ കൃപയെ.

ꠘꠣꠞꠤ ꠀꠝꠣꠔꠣꠞꠤ ꠘꠣꠞꠤ . ꠘꠣꠞꠤ ꠔꠣꠞꠤ ꠘꠣꠞꠤ ꠀꠝꠣꠔꠣꠞꠤ ꠘꠣꠞꠤ ꠔꠣꠞꠤ ꠘꠣꠞꠤ . ꠀꠝꠣꠔꠣꠞꠤ ꠘꠣꠞꠤ ꠔꠣꠞꠤ ꠘꠣꠞꠤ . ꠀꠝꠣꠔꠣꠞꠤ ꠘꠣꠞꠤ ꠔꠣꠞꠤ ꠘꠣꠞꠤ ❊

3. കർത്താവേ, നിന്റെ കർത്തൃത്വത്തിന്റെ ഇഷ്ടം ചെയ്വാനും, അത്യുന്നതമായ നിന്റെ നാമത്തെ സ്തുതിപ്പാനുമായി, നിന്റെ കരുണയാൽ വിശുദ്ധാത്മാവെ (ഇവനു) ദാനംചെയ്യേണമേ.

അത്യുന്ന—തമാം നിൻ നാമം-
സ്തുതിപ്പാൻ നീ—നല്കീടണമേ.
നിൻ കാരുണ്യത്താ- (ലിവനു)
ത്മാവെ—ഏകീടണമേ.

. ܐܲܬ݂ܵܐ ܕ݁ܫ݂ܘܼܪ݂ܵܪ݂ . ܒ݁ܥ݂ܵܝ̈ܵܬ݂ ܐ̱ܢ݁ܬ݂ ܡ̱ܫ݂ܲܡ݁ܥ݂ ܬ݂ܲܚ̱ܢ݁ܵܢ݁ܵ ܘ̱

നിങ്ങൾ മുഖംതിരിപ്പിൻ. ഇങ്ങനെ അതിനാൽതന്നെ നിങ്ങൾ പ്രതിവാദിച്ചുകൊണ്ട്, അവിശ്വാസികളായ മനുഷ്യരുടെ അടുക്കൽ ജീവന്റെ വചനത്തെ പിടിച്ചുകൊള്ളുന്നവരും, വരുവാനിരിക്കുന്നവയും, വിശ്വാസികൾക്കു വാഗ്ദാനംചെയ്യപ്പെട്ടിരിക്കുന്നവയുമായ പുതിയ ജീവങ്കലേക്കു നിങ്ങൾ ബദ്ധപ്പെടുന്നു എന്നു തിരിച്ചറിയുന്നവരുമായിരിപ്പിൻ. തന്റെ ഏറിയ അനുഗ്രഹങ്ങൾപോലെ, മ്ശീഹയോടു കൂടെ വാഴുവാൻ നിങ്ങൾ യോഗ്യതയുള്ളവരായി തീരുകയും ചെയ്യട്ടെ.

സ്നാനാർത്ഥികൾ. ആമ്മീൻ.

* വട്ടക്കാരൻ മാമ്മോദീസാ മുഴുകിയവരുടെമേൽ വിശുദ്ധമൂറോൻ പൂശിക്കൊണ്ടു ചൊല്ലുന്നു.

സത്യവിശ്വാസികൾക്കു നൽകപ്പെടുന്ന പരിശുദ്ധറൂഹായുടെ പരിപൂർണ്ണ നൽവരത്തിന്റെ ലക്ഷ്യമായി വിശുദ്ധമൂറോൻകൊണ്ടു (ഇന്നാരു) അഭിഷേകം ചെയ്യപ്പെടുന്നു.

പിതാവിന്റെയും ✠ പുത്രന്റെയും ✠ ജീവനും വിശുദ്ധിയുമുള്ള റൂഹായുടെയും ✠ നാമത്തിൽ തന്നേ.

ജനം. ആമ്മീൻ.

ܒܫܡ ✠ ܐܒܐ . ܒܫܡ ✠ ܒܪܐ ܘܪܘܚܐ

ܕܩܘܕܫܐ ✠ ܕܚܝܐ ܘܩܕܝܫܐ ✠ ܕܪܘܚܐ ✠

പ്രാർത്ഥന

പട്ടക്കാരൻ. ദൈവമായ കർത്താവേ, നിന്റെ വിശുദ്ധ തിരുനാമത്തിന്റെ പ്രഭകൊണ്ടും മഹത്വംകൊണ്ടും ഈ നിന്റെ (ദാസനെ) കിരീടം ധരിപ്പിക്കേണമേ. (ഇവരുടെ) ജീവിതം നിന്റെ കർതൃത്വത്തിന്റെ അനുകൂല്യത്തിനും, നിന്റെ ശ്രേഷ്ഠതയുടെ സ്തോത്രത്തിനുമാക്കിത്തീർക്കേണമേ. ഇവർ പുത്രസ്വീകാരത്തിന്റെ കൃപയാൽ അലങ്കരിക്കപ്പെടുകയും, മഹത്വത്തിന്റെ ശോഭയുള്ള കിരീടങ്ങളാൽ ധരിപ്പിക്കപ്പെടുകയും, ആത്മീയ ആട്ടുകളുടെ കൂട്ടത്തിൽ എണ്ണപ്പെടുകയും, നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധരൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറുവാൻ യോഗ്യതയുള്ളവ (രാ) യി തീരുകയും ചെയ്യുമാറാകേണമേ. ഹാശാ.....

ജനം. ആമ്മീൻ.

* ⠀⠀⠀⠀⠀⠀ *

. ⠀⠀⠀⠀⠀⠀ ⠀⠀⠀⠀⠀⠀ ⠀⠀⠀⠀⠀⠀ ⠀⠀⠀⠀⠀⠀

* ⠀⠀⠀⠀⠀⠀ ⠀⠀⠀⠀⠀⠀ ⠀⠀⠀⠀⠀⠀ ⠀⠀⠀⠀⠀⠀

പട്ടക്കാരൻ

സഹോദരന്മാരേ, രാജാക്കന്മാർ ആഗ്രഹിച്ച കിരീടങ്ങൾ നിങ്ങളെ ധരിപ്പിച്ച സകലത്തിന്റെയും ഉടയവന്റെ പുത്രനെ നിങ്ങൾ സ്തുതിപ്പാടുവിൻ.

മമ സോ—ദരരെ നിങ്ങൾ—ഭൂപാലകന്മാരാം—
രാജാ—ക്കൾ മോഹിക്കും—മുടിയെ—നിങ്ങൾക്കായി—
മുടഞ്ഞി—ട്ടുന്നവനാം—സകലാ—ധിപൻ തന്റെ—
സുതനാ—മുടയോനെ—സ്തോത്രം—പാടിടുവിൻ.

ആദാം പറുദീസായിൽവച്ചു ദുരിതം കൈക്കൊണ്ടു. നിങ്ങളോ വെള്ളത്തിൽനിന്നു മഹത്വം പ്രാപിച്ചിരിക്കുന്നു.


ആദാം—പറുദീസിൽ—ശാപം—കയ്യേറും—
നിങ്ങളോ—വെള്ളത്താൽ—മഹത്വം—കൈക്കൊണ്ടു.

3. സഹോദരന്മാരേ, നിങ്ങളുടെ മണവറയിൽ മാലാകമാർ സന്തോഷിക്കയും, ആത്മമയന്മാർ ആനന്ദിക്കയും ചെയ്യുന്നു.

ഭയമേ—തുമില്ലാത്ത—നിങ്ങളിൽ—പുകഴ്ചയിൽ—
ഭ്രമ—ക്ക് മോദം ആ—ത്മീയ—ക്കാനന്ദം.


4. സഹോദരന്മാരേ, സദ്ഗുണ ഭാഗ്യങ്ങൾ നിങ്ങൾ പ്രാപിച്ചിരിക്കുന്നു. ദുഷ്ടൻ നിങ്ങളെ കൊള്ള ചെയ്യാതിരിപ്പാൻ സൂക്ഷിപ്പിൻ.

സദ്ഗു—ണ ഭാഗ്യങ്ങൾ—നിങ്ങൾ—കൈക്കൊണ്ടു—
ദുഷ്ടനെ—സൂക്ഷിപ്പിൻ—നിങ്ങളെ—കവരാതിരിപ്പാൻ.




5. തന്റെ ആട്ടിൻ കൂട്ടത്തിൽ നിങ്ങളെ കുഞ്ഞാടുകളാക്കിതീർത്തിരിക്കുന്ന സ്വർഗ്ഗീയ രാജാവിനു നിങ്ങൾ സ്തുതിപാടുവിൻ.

സ്വർഗ്ഗ—രാജാവി—നാത്തീ—ടുവിൻ സ്തോത്രം—
സ്വർഗ്ഗ—ത്തിൽ നിങ്ങളെ താൻ—കുഞ്ഞാടു—കളാക്കി.



6. വാടിപ്പോകാത്ത കിരീടം നിങ്ങളുടെ തലയിൽ വയ്ക്കപ്പെട്ടിരിക്കുന്നു. നിങ്ങളുടെ വാക്കു സ്തുതിയുടെ ശബ്ദം മുഴക്കട്ടെ.

വാടാ—മുടിയെ നിങ്കൾ—ശിരസ്സിൽ—വച്ചല്ലൊ—
പാടീ—ടുവിൻ നിങ്കൾ—അധര—ത്താൽ സ്തോത്രം.



7. മാമോദീസായുടെ മക്കളേ, സമാധാനത്തോടെ പോകുവിൻ. നിങ്ങളെ കാക്കുന്നവനായ ക്രൂശിക്കപ്പെട്ടവനെ വന്ദിക്കയും ചെയ്യിൻ.

സ്ഥാനമ—ക്കളെ പോവീൻ—സമാധാ—നത്തോടെ
നിങ്ങളെ—കാത്തീടും—സ്ലീബാ—യെ വന്ദിപ്പിൻ.

ആശീർവ്വാദം

പട്ടക്കാരൻ

എന്റെ പ്രിയമുള്ളവരേ, വിശുദ്ധ ത്രിത്വത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെ ഞാൻ ഭരമേല്പിക്കുന്ന ഈ സമയത്തു്, സമാധാനത്തോടെ നിങ്ങൾ പോകുവീൻ. ✠

ജനം. ആമ്മീൻ.

പിതാവായ ദൈവം നിങ്ങളോടുകൂടെ ഇരിക്കട്ടെ. പുത്രനായ പുത്രൻ നിങ്ങളെ കാത്തുകൊള്ളട്ടെ. പരിശുദ്ധരൂഹാ നിങ്ങളെ പൂർണ്ണരാക്കുകയും ചെയ്യട്ടെ. ✠

ജനം. ആമ്മീൻ.

ഈ ത്രിത്വം പാപത്തിന്റെ എല്ലാ നാശത്തിൽനിന്നും നിങ്ങളുടെ ആയുസ്സിനെ കാക്കുകയും, സകല ഉപദ്രവങ്ങളിൽനിന്നും എന്നേക്കും നിങ്ങളെ രക്ഷിക്കയും ചെയ്യുമാറാകട്ടെ. ✠

ജനം. ആമ്മീൻ.

വിശുദ്ധ മാമോദീസാ ശുശ്രൂഷക്രമം അവസാനിച്ചു.

വിശുദ്ധ വിവാഹശുശ്രൂഷക്രമം

* മണവാളനും മണവാട്ടിയും മദ്ബ്ഹായുടെ മുൻപാകെ വന്നു, മണവാളന്റെ വലത്തുഭാഗത്തായി മണവാട്ടി നിൽക്കണം.

പട്ടക്കാരൻ

പിതാവിനും പുത്രനും പരിശുദ്ധരൂഹായ്ക്കും സ്തുതി.

ജനം

ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും എന്നെന്നേക്കും രണ്ടുലോകങ്ങളിലും പിന്തുണയുമാറാകണമേ. ആമ്മീൻ.

പ്രാരംഭപ്രാർത്ഥന

. اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ

പട്ടക്കാരൻ. ദൈവമായ കർത്താവേ, നിന്നോടുകൂടെയുള്ള അഴിവില്ലാത്ത സന്തോഷത്തിനു ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ. നിന്നിൽ ഞങ്ങളുടെ സന്തോഷങ്ങളുടെ ആരംഭവും, ഞങ്ങളുടെ ആനന്ദത്തിന്റെ പരിപൂർത്തിയും ഞങ്ങൾക്കു ഉണ്ടാകുമാറാകേണമേ. നിന്നിൽ ഞങ്ങളുടെ ദേഹികളും ആത്മാക്കളും സന്തോഷിക്കുമാറാകേണമേ. നിന്റെ കരുണയാൽ ഞങ്ങളുടെ സങ്കടങ്ങൾ മാഞ്ഞുപോകയും, നിന്റെ അനുഗ്രഹത്താൽ ഞങ്ങളുടെ നന്മകൾ വർദ്ധിക്കയും, ഞങ്ങളുടെ വാഴ്വുകൾ സമൃദ്ധിയായി തീരുകയും, ഞങ്ങളുടെ മണവാളന്മാർ പൂർണ്ണതപ്പെടുകയും, ഞങ്ങളുടെ മണവാട്ടികൾ പരിപൂർണ്ണതപ്പെടുകയും ചെയ്യുമാറാകേണമേ. നിന്നോടുകൂടെയും, ആദിമുതൽ നിന്നെ പ്രസാദിപ്പിച്ചിട്ടുള്ള സകല പരിശുദ്ധന്മാരോടുകൂടെയും, മാഞ്ഞുപോകാത്ത ഭാഗ്യങ്ങളിലും, നിന്റെ പരിശുദ്ധന്മാരുടെ കൂട്ടങ്ങളിലും, നിന്റെ വത്സലന്മാരുടെ സംഘങ്ങളിലും ഞങ്ങൾ സന്തോഷിക്കുമാറാകേണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ള ദൈവമേ, സ്തുതിയും സ്തോത്രവും നിനക്കു ഞങ്ങൾ കരേറും. ഹാശാ വബ്ക്കൽ സബാൻ ലു അൽമീൻ.

ജനം. ആമ്മീൻ.

¶ അതിന്റെ ശേഷം ഈ താഴെയുള്ളതു ചൊല്ലണം.

. كُلُّ حِيْنٍ وَّفِيْ كُلِّ وَقْتٍ

نَسْئَلُكَ يَا رَبُّ اَنْ تَجْعَلَنَا

ﻭﺍﻟﻤﺴﻴﺤﻴﻴﻦ ﻭﺍﻟﻤﺴﻠﻤﻴﻦ ﻭﺍﻟﻜﻞ ﻓﻲ ﻛﻞ ﻣﻜﺎﻥ ﻭﺯﻣﺎﻥ ﻭﺣﺎﻝ

മേലുള്ളവരാലും താഴെയുള്ളവരാലും വന്ദിക്കപ്പെടുകയും സ്തുതിക്കപ്പെടുകയും ചെയ്യുന്ന ത്രിത്വത്തിന്റെ രഹസ്യമായിരിക്കുന്ന പിതാവും പുത്രനും പരിശുദ്ധരൂഹായുമായ താൻ വന്ദ്യനാകുന്നു.

അല്ലെങ്കിൽ ഈ ഗീതം.

വാനോർ ഭൂവാസികളെയും—സന്തോഷിപ്പിച്ച,
ആനന്ദം അരുളിയ ദേവാ—എന്നേക്കും സ്തോത്രം.

കരുണാകരനാം മ്ശിഹായേ—തൽസേവകരായ്,
തിരുമുൻ നിൽപ്പാൻ കൃപയെ—സന്തോഷിപ്പിക്ക.

രക്ഷക ! വലങ്കൈ നീട്ടിത്തിരുനാമത്തിൽ ഞങ്ങൾ,
പക്ഷമായ് നല്പാൻ മോതിരഞ്ങൾ—വാഴ്ത്തീടണമേ നീ.

മോതിരത്താൽ സഭ മ്ശിഹായിക്കായ്—വേളികൂടിയീന്നാൾ,
തൻ തിരുമേനി തിരുരക്തം—കൈക്കൊണ്ടീടുന്നു.

പിതൃപുത്ര വിശുദ്ധാത്മാവാം—ത്രിയേകൻ വന്ദ്യൻ,
വാനോർ ഭൂവാസികൾ വന്ദി—ച്ചാരാധിക്കുന്നു.

പ്രാർത്ഥന

പട്ടക്കാരൻ

. ﻟﻠﺪﻫﺮ ﻛﻠﻪ ﺁﻣﻴﻦ . ﻭﺍﻟﺠﻴﻞ ﺍﻟﻤﺴﺘﻘﺒﻞ

ദൈവമായ കർത്താവേ, സ്വർഗ്ഗത്തെയും ഭൂമിയെയും ഉയരത്തെയും ആഴത്തെയും സമാധാനപ്പെടുത്തിയ ആനിന്റെ സമാധാനം, ഇപ്പോൾ അന്യോന്യം ചേർന്നവന്നിരിക്കുന്ന ഞങ്ങളുടെ ഈ സഹോദരസഹോദരികളെ സംയോജിപ്പിക്കേണമേ. പിതാവും പുത്രനും പരിശുദ്ധരൂഹായുമായ ദൈവമേ, ഇവർ തങ്ങളുടെ ആയുഷ്കാലം ഒക്കെയും അന്യോന്യം സ്നേഹിക്കയും, സന്തോഷപൂർവ്വം തമ്മിൽ തമ്മിൽ കൈക്കൊള്ളുകയും ചെയ്യേണ്ടതിന്നു ഇവർക്കു പൂർണ്ണ ഐക്യം ഉണ്ടായിരിക്കുമാറാകേണമേ. ഹാശാ.—

ജനം. ആമ്മീൻ.

ഉപദേശം ചോദിക്കൽ

൧൯ അവർ അവനോടു പറഞ്ഞു: ഞങ്ങൾ നിന്നോടു ചോദിക്കുന്നതു നീ കേൾക്കുമാറാകേണം. ൨൦ നീ ഞങ്ങൾക്കു ഉപദേശം കഴിക്കുന്നതു ഞങ്ങൾ കേൾക്കുമാറാകേണം. ൨൧ ഞങ്ങൾ ഇന്നു ചെന്നു നിന്റെ അപ്പനോടും അമ്മയോടും ഉപദേശം ചോദിക്കുമ്പോൾ അവർ ഞങ്ങളോടു പറയുന്നതു: നാളെ നിങ്ങൾ കർത്താവിന്റെ മുമ്പിൽ ഒരുമിച്ചു കൂടുവിൻ എന്നു തന്നേ. ൨൨ അവൻ ഞങ്ങളോടു കല്പിച്ചതു ഞങ്ങൾ കർത്താവിന്റെ ആലയത്തിൽ ചെന്നു പറയുമ്പോൾ അവൻ ഞങ്ങളുടെ അപ്പനും അമ്മയും ആകുന്നു. ൨൩ നീ ഞങ്ങൾക്കു ഉപദേശം കഴിക്കുന്നതു ഞങ്ങൾ കേൾക്കുമാറാകേണം. ൨൪ അവൻ ഞങ്ങളോടു പറഞ്ഞതു: നിങ്ങൾ ഇന്നു ചെന്നു നിന്റെ അപ്പനോടും അമ്മയോടും ഉപദേശം ചോദിക്കുമ്പോൾ അവർ ഞങ്ങളോടു പറയുന്നതു: നാളെ നിങ്ങൾ കർത്താവിന്റെ മുമ്പിൽ ഒരുമിച്ചു കൂടുവിൻ എന്നു തന്നേ. ൨൫ അവൻ ഞങ്ങളോടു കല്പിച്ചതു ഞങ്ങൾ കർത്താവിന്റെ ആലയത്തിൽ ചെന്നു പറയുമ്പോൾ അവൻ ഞങ്ങളുടെ അപ്പനും അമ്മയും ആകുന്നു. ൨൬ നീ ഞങ്ങൾക്കു ഉപദേശം കഴിക്കുന്നതു ഞങ്ങൾ കേൾക്കുമാറാകേണം.

ഉപദേശം കഴിക്കുന്നു

൧൭ ഉപദേശം കഴിക്കുന്നു. ൧൮ ഉപദേശം കഴിക്കുന്നു. ൧൯ ഉപദേശം കഴിക്കുന്നു.

കുക്കുചിയൊൻ

മസുമൂർ

പട്ടക്കാരൻ. എന്റെ ഹൃദയം, ഉത്തമ വചനങ്ങളെ ഉത്ഭവിപ്പിച്ചു. ഞാൻ രാജാവിനോടു എന്റെ കൃതികളെ ഉണർത്തിക്കും

പ്രതിവാക്യം. കൃപനിന്റെ അധരങ്ങളിന്മേൽ പകർന്നിരിക്കുന്നു. ഇതു നിമിത്തം ദൈവം നിന്നെ എന്നേക്കും അനുഗ്രഹിച്ചിരിക്കുന്നു. ബാറെക്മാർ.

പട്ടക്കാരൻ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ജനം. ആദിമുതൽ എന്നെന്നേക്കും തന്നേ. ആമ്മീൻ.

എക്ക്ബാ

പട്ടക്കാരൻ. ശ്രേഷ്ഠമോൻ ഉപമകളാൽ വർണ്ണിച്ചിരിക്കുന്നതു എന്തെന്നാൽ, സുന്ദരിയേ, ഇത്രവളരെ നീ അവനിൽ പ്രശംസിക്കുന്നതിനു നിന്റെ പ്രിയൻ ആരാകുന്നു. എന്റെ പ്രിയൻ അനേകം പതിനായിരങ്ങളെക്കാൾ അതിശ്രേഷ്ഠനാകുന്നു. അവന്റെ തോട്ടം ഇസ്രായേൽ ആകുന്നു. അവൻ യാക്കോബിന്റെ മുന്തിരിവള്ളിയെക്കാൾ വെണ്മയും, നമ്മുടെ തൈലത്തെക്കാൾ ചുവപ്പും, ലെബാനോനിലെ കാരകിലിനെക്കാൾ ബലവുമുള്ളവനാകുന്നു. എന്തുകൊണ്ടെന്നാൽ അവൻ ദൈവത്തിന്റെ സദൃശമാകുന്നു. അവൻ മഹത്വമുള്ളവനാകയാൽ അവനെ നാം സ്തുതിക്കയും ചെയ്യുന്നു.

ശുശ്രൂക്കൻ. സ്യൂമെൻകാലോസ്.

ജനം. കുറിയേലായിസ്സോൻ.

പ്രാർത്ഥന

പട്ടക്കാരൻ

നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണയും അപേക്ഷിക്കണം.

ജനം

അനുഗ്രഹിക്കുന്നവനായ കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ചു, ഞങ്ങൾക്കു സഹായം ചെയ്യണമേ.

പട്ടക്കാരൻ.

സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും മാഞ്ഞുപോകാത്ത മഹിമയും എല്ലായ്പോഴും നിരന്തരം കരേറുവാൻ ഞങ്ങൾ യോഗ്യതയുള്ളവരായി തീരേണമേ.

ജാതികളുടെ പുത്രിയെ തനിക്കു സഭയായി തിരഞ്ഞെടുക്കയും, നിഷ്കളങ്കമായ തന്റെ തിരുരക്തത്താൽ സകല മാലിന്യങ്ങളിൽനിന്നും പിഴകളിൽനിന്നും അതിനെ വെടിപ്പാക്കുകയും, ഭൌമസഭയെ വിവാഹം നിശ്ചയിക്കയും, താൻ അതിനു വിവാഹം നിശ്ചയിക്കപ്പെട്ടവനായിത്തീരുകയും, മ്ലേച്ഛപിശാചുക്കളുടെ അടിമയിൽനിന്നു അതിനെ വീണ്ടെടുക്കയും, സകല കടങ്ങളിൽനിന്നും പാപങ്ങളിൽനിന്നും അതിനെ സ്വാതന്ത്ര്യപ്പെടുത്തുകയും ചെയ്ത സ്വർഗ്ഗീയമണവാളനായിരിക്കുന്ന മ്ശിഹാതമ്പുരാനു്, തന്റെ അടിയാരുടെ മോതിരം വാഴ്വിന്റെ ശുശ്രൂഷ പൂർണ്ണമാക്കപ്പെടുന്ന ഈ നേരത്തും നമ്മുടെ ആയുസ്സിന്റെ എല്ലാദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹാശാ.—

ജനം. ആമ്മീൻ.

സെദറാ

പട്ടക്കാരൻ. മനുഷ്യരുടെ സകലവിധ അറിവുകൾ

ക്കും മേലായി മഹോന്നതപ്പെട്ടിരിക്കുന്നവനും, നന്മകളിൽ സമൃദ്ധിയുള്ളവനും, സകല തിന്മകളിൽനിന്നും അകന്നിരിക്കുന്നവനും, ദൈവീയമായ അനുഗ്രഹങ്ങളുടെ ഉറവും, നന്മകളുടെ നദിയുമായിരിക്കുന്ന ദൈവമായ കർത്താവേ, നാശമില്ലാത്തതും, സകല കഷ്ടതകളിൽനിന്നും മരണത്തിൽനിന്നും നിത്യമായി ഒഴിഞ്ഞിരിക്കുന്നതും ആയ വെടിപ്പുള്ള മുറോൻ നീയാകുന്നു. മോതിരത്താൽ സ്ത്രീകളുടെയും പുരുഷന്മാരുടെയും സന്തോഷങ്ങൾ തികവായി പൂർണ്ണതപ്പെടുവാനും, വിവാഹനിശ്ചയം ചെയ്തിട്ടുള്ളവരുടെ ആനന്ദം മോതിരത്താൽ പരിപൂർണ്ണമായി നിറവേറുവാനും നിയമിച്ചവൻ നീയാകുന്നു. ദൈവമായ കർത്താവേ, നിന്റെ ബലഹീനദാസരായ ഞങ്ങൾ സന്തോഷത്തോടെ വാഴ്ത്തുന്ന ഈ മോതിരങ്ങളെ നീ വാഴ്ത്തണമേ. ഈ മോതിരങ്ങളെ നീ വാഴ്ത്തണമെന്നും, ശാപമായതിനെ കാരുണ്യപൂർവ്വം അവയാൽ അനുഗ്രഹമാക്കിത്തീർക്കണമെന്നും നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു. കർത്താവേ! വിശ്വാസഭയുടെ മോതിരത്തെ നീ അനുഗ്രഹിച്ചപ്രകാരം നിന്റെ ദൈവികമായ അനുഗ്രഹങ്ങൾകൊണ്ട് ഈ മോതിരങ്ങളെയും നീ അനുഗ്രഹിക്കേണമേ. ദൈവമായ കർത്താവേ, ഞങ്ങളുടെ പുത്രനാകുന്ന ഈ മണവാളനെയും ഞങ്ങളുടെ പുത്രിയാകുന്ന ഈ മണവാട്ടിയെയും ജ്ഞാനത്തിൽ തികഞ്ഞവരും പൂർണ്ണതയുള്ളവരും ആക്കേണമേ. കർത്താവേ, കൃപ ചെയ്ത് ഇവരുടെ വിവാഹം സകല മാലിന്യങ്ങളിൽനിന്നും, വെറുപ്പുകളിൽനിന്നും അകന്നിരിക്കുന്നതാക്കേണമേ. ദൈവമായ കർത്താവേ, ഈ ലോകത്തിലും വരുവാനിരിക്കുന്ന ലോകത്തിലും അഴിവില്ലാതവണ്ണം ഇവരെ നീ സന്തോഷിപ്പിക്കേണമേ. ഒഴിഞ്ഞുപോകുന്ന ഈ മണവറയിൽ ഇവരുടെ ആയുഷ്കാലം മുഴുവൻ വിവിധപ്രകാരേണ ഇവരെ നീ അ

ലങ്കരിക്കേണമേ. ഈറെമാരും, മാലാകമാരും ഇടവിടാതെ സന്തോഷിക്കുന്നിടമായ നിന്റെ സ്വർഗ്ഗീയമണവറയ്ക്കു ആനന്ദപൂർവ്വം ഇവരെ നീ അടുപ്പിക്കേണമേ. കർത്താവേ, നിന്റെ തിരുസന്നിധിയിൽ നില്ക്കുന്ന ഈ കൂട്ടത്തെയും പാപങ്ങളിൽനിന്നും വെറുപ്പുകളിൽനിന്നും, മാലിന്യങ്ങളിൽനിന്നും, പിഴകളിൽനിന്നും, സ്നേഹപൂർവ്വം നീ സ്വാതന്ത്ര്യപ്പെടുത്തണമേ. നിന്നാൽ ഇവർ അനുഗ്രഹിക്കപ്പെടുകയും, നിന്നെ ഇവർ വാഴ്ത്തുകയും, തിരുസന്നിധിയിൽ മതിവരാതെ ഇവർ നിന്ന്, നിന്നെയും നിന്റെ പിതാവിനെയും, വിശുദ്ധാത്മാവിനെയും ഇടവിടാതെ സ്തുതിക്കയും ചെയ്യുമാറാകേണമേ. ഹാശാ.—

ജനം. ആമ്മീൻ.

* ⲡⲓⲙⲁ ⲛⲓⲙⲁⲩ ⲛⲓ ⲛⲓⲁ ⲛⲁⲁⲓ ⲛⲓ

ⲉⲡⲓ ⲥⲕⲏⲛⲏ ⲉⲧⲙ ⲛⲓⲁⲅⲓⲟⲥ ⲙⲁⲣⲓⲁ ⲧⲏⲣⲟⲩ ⲉⲃⲟⲗ

ⲙⲡⲉⲛⲧⲁⲩⲥⲟⲩⲛ ⲉⲣⲟⲥ . ⲛⲓ ⲕⲁⲑⲁⲣⲟⲥ ⲟⲩⲟⲓ ⲛⲓⲙⲁⲩ

ⲧⲏⲣⲟⲩ ⲉⲃⲟⲗ ⲙⲡⲉⲛⲧⲁⲩⲥⲟⲩⲛ ⲉⲣⲟⲥ . ⲕⲁⲑⲁⲣⲟⲥ ⲟⲩⲟⲓ

ⲛⲓⲙⲁⲩ ⲧⲏⲣⲟⲩ ⲉⲃⲟⲗ ⲙⲡⲉⲛⲧⲁⲩⲥⲟⲩⲛ ⲉⲣⲟⲥ . ⲛⲓ ⲁⲅⲓⲟⲥ

ⲟⲩⲟⲓ . ⲛⲓ ⲁⲅⲓⲟⲥ ⲛⲓⲙⲁⲩ ⲧⲏⲣⲟⲩ ⲉⲃⲟⲗ ⲙⲡⲉⲛⲧⲁⲩⲥⲟⲩⲛ

ⲉⲣⲟⲥ

ഠൗ . ഡൗ ഡൗ ഡൗ

ജനം. കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ചു്, ഞങ്ങൾക്കു സഹായം ചെയ്യേണമേ.

പ്രാർത്ഥന

ܒܪ ܡܪܢ ܐܡܪ ܠܢ

പട്ടക്കാരൻ. കന്യാവ്രതവും വെടിപ്പുമുള്ള ദേഹികളെ തനിക്കു വിവാഹത്തിനു നിശ്ചയിക്കുന്ന സത്യമണവാളനായുള്ളോവേ, അന്യോന്യം വിവാഹനിശ്ചയം ചെയ്കയും, നിന്റെ ശ്രേഷ്ഠതയുടെ സന്നിധിയിൽ നില്ക്കുന്ന ബലഹീനരായ ഞങ്ങൾ മുഖാന്തിരം അവരുടെ മണവാളത്വത്തിന്റെ മദ്ധ്യസ്ഥനായി നിന്നെ സ്വീകരിക്കയും ചെയ്തിരിക്കുന്ന ഈ നിന്റെ അടിയാരിൽനിന്നു്, ശ്രേഷ്ഠനടപടികളാകുന്ന മാധുര്യവും ഇമ്പവുമുള്ള പരിമളം വീശുവാൻ ഇവരെ യോഗ്യതയുള്ളവരാക്കേണമേ. സത്യസ്നേഹവും, നിരപ്പും, സമാധാനവും, ഭിന്നിച്ചുപോകാത്ത ഐകമത്യവും ഇവർക്കു തമ്മിൽ ഉണ്ടായിരിക്കുമാറാകേണമേ. ആത്മാവിലും ശരീരത്തിലും അന്യോന്യം നിർമ്മലതയെ കാത്തുകൊൾവാൻ ഇവരെ നീ ശക്തിപ്പെടുത്തേണമേ. നിനക്കും നിന്റെ പിതാവിനും പരിശുദ്ധരൂഹായ്ക്കും സ്തുതിയും സ്തോത്രവും ഇവർ കരേറുകയും ചെയ്യുമാറാകേണമേ. ഹാശാ.—

ജനം. ആമ്മീൻ.

ܡܪܝ ܐܠܗܐ ܕܫܡܝܐ ܘܐܪܥܐ ✻ ܒܪܟ ܠܗܠܝܢ ܥܒܕ̈ܝܟ ✻ ܕܗܫܐ . ܐܡܝܢ ✻

ܫܠܡ ܠܟ ܡܪܝܡ ܡܠܝܬ ܛܒܬ ܥܡܟ ܒܪܟ ܐܢܬ ܒܢܫܐ ܘܒܪܟ ܦܪܝ ܒܛܢܟ ܝܫܘܥ ✠ ܡܫܝܚܐ ܕܝܠܕܬ ܐܠܗܐ ܩܕܝܫܬܐ ܡܪܝܡ ✠ ܕܥܠ ܟܠ ܡܕܡ ✠ ܕܥܠ ܟܠ ܡܕܡ ✠ ܕܥܠ ܟܠ ܡܕܡ ✠

തജ്ജുമ.

¶ പട്ടക്കാരൻ മോതിരം എടുത്തു ചൊല്ലുന്നത്

തന്റെ കൃപയാലും ബഹുലമായ അനുഗ്രഹങ്ങളാലും ഈ മോതിരങ്ങളെ വാഴ്ത്തുന്ന പിതാവിന്നും പുത്രന്നും പരിശുദ്ധരൂഹായ്ക്കും എന്നേക്കും സ്തുതി.

ജനം. ആമ്മീൻ.

പട്ടക്കാരൻ മോതിരം വാഴ്ത്തി ചൊല്ലുന്നു

വിശുദ്ധസഭയിൻ മക്കളുടെ സന്തോഷങ്ങൾ പൂർണ്ണമാകുവാനായിട്ട്, പിതാവിന്റെയും✠പുത്രന്റെയും✠ജീവനും വിശുദ്ധിയുമുള്ള രൂഹായുടെയും✠ തിരുനാമത്തിൽ ഈ മോതിരങ്ങൾ വാഴ്ത്തപ്പെടുന്നു.

ജനം. ആമ്മീൻ.

¶ പട്ടക്കാരൻ മണവാളന്റെ വലത്തുകൈയുടെ നാലാം വിരലാകുന്ന അണിവിരലിൽ മോതിരം ഇട്ടുംകൊണ്ട് ചൊല്ലുന്നു.

നമ്മുടെ കർത്താവായ യേശുമ്ശിഹായുടെ വലങ്കൈ കാരുണ്യപൂർവ്വം നിന്റെ അടുക്കലേക്ക് നീട്ടപ്പെടട്ടെ. നിന്റെ വിവാഹനിശ്ചയത്തിന്റെ ലക്ഷ്യമായ ഈ മോതിരത്തോടുകൂടെ കൃപയും തന്റെ കരുണയുടെ വാഴ്വും തന്നിൽനിന്ന് നീ പ്രാപിക്കുമാറാക. നന്മകളും

വാഴ്വുകളും നിറഞ്ഞിരിക്കുന്ന ഈ വലങ്കൈ തന്നേ, നിന്റെ ആയുഷ്കാലം മുഴുവനും നിന്നോടുകൂടെ ഇരുന്ന് നിന്നെ കാത്തുകൊള്ളുകയും ചെയ്യുമാറാകട്ടെ.

മണവാളനും ജനവും. ആമ്മീൻ.

¶ പട്ടക്കാരൻ മണവാട്ടിയുടെ ആണിവിരലിൽ മോതിരം ഇട്ടുകൊണ്ടു ചൊല്ലുന്നു.

വാഴ്വുകൾ നിറഞ്ഞിരിക്കുന്ന നമ്മുടെ കർത്താവായ യേശുമ്ശിഹായുടെ വലങ്കൈ രഹസ്യമായി നിന്റെ അടുക്കലേക്കു നീട്ടപ്പെടട്ടെ. വിശുദ്ധ ശ്ലീഹന്മാരുടെ കൈകളിൽനിന്നെന്നപോലെ പട്ടക്കാരന്റെ കൈയിൽനിന്നു നിന്റെ വിവാഹനിശ്ചയത്തിന്റെ ലക്ഷ്യമായ ഈ മോതിരത്തെ നീ സ്വീകരിക്ക. ആത്മാവിന്റെയും ശരീരത്തിന്റെയും സ്വസ്ഥതയാലും ഹൃദയസന്തോഷത്താലും തനിക്കും തന്റെ പിതാവിനും തന്റെ പരിശുദ്ധ രൂഹായ്ക്കും സ്തുതിയും സ്തോത്രവും നീ കരേറുകയും ചെയ്യണം.

മണവാട്ടിയും ജനവും. ആമ്മീൻ.

മണവാളനും മണവാട്ടിക്കും വേണ്ടിയുള്ള പ്രാർത്ഥന.

പട്ടക്കാരൻ.

. ⅂ⅅ⅃ ⅄ⅅ⅃ ⅄⅃ ⅂ⅅ⅃ ⅄⅃

തന്റെ മശിഹാമൂലം വിശുദ്ധ സഭയുടെ സന്തോഷങ്ങൾ പൂർത്തിയാക്കിയ ദൈവമായ കർത്താവു, അന്യോന്യം വിവാഹനിശ്ചയം ചെയ്തിട്ടുള്ള ഈ നമ്മുടെ മക്കളെ സത്യംകൊണ്ടും നീതികൊണ്ടും പൂർണ്ണമാക്കട്ടെ. ഇവർ സ്വീകരിച്ചിരിക്കുന്ന ഈ മോതിരങ്ങളോടുകൂടെ സ

ശ്രീയ വാഴ്വുകൾ താൻ ഇവക്കു നല്കട്ടെ. അടക്ക മൊതുക്കംകൊണ്ടു ഇവരെ താൻ അലങ്കരിക്കട്ടെ ഇ സ്സാക്കിന്റെയും റിബെക്കായുടെയും വിവാഹനിശ്ചയം പൊന്നാഭരണങ്ങളാൽ പൂർണ്ണമാക്കിയപ്രകാരം നീതി യുടെ മോതിരങ്ങളാൽ താൻ ഇവരെ പൂർണ്ണമാക്കട്ടെ. തന്റെ രക്ഷകൊണ്ടു മണവാളനെ താൻ സന്തോഷി പ്പിക്കട്ടെ. പഴക്കവും നാശവും വരാത്ത അഗ്രഹിക്ക ത്തക്ക അലങ്കാരങ്ങളാൽ ഈ മണവാട്ടിയെ താൻ അലങ്ക രിക്കട്ടെ. ഇമ്പകരമായ ശ്രുശാനപുഷ്പങ്ങളെക്കാൾ വി ശേഷവാസന നല്കുന്ന പരിപാകതയിൽകൂടി ഇവ രുടെ മനസ്സാക്ഷി മുഴുവനെയും കടത്തിക്കൊണ്ടു പോ കുവാൻ ദൈവം ഇവക്കു സംഗതിയാക്കട്ടെ. മനുഷ്യ വഗ്രത്തെ ദേഷിക്കുന്ന ദുഷ്ടന്മാരും അസൂയക്കാരുമായ മനുഷ്യരിൽനിന്നു ദൈവം ഇവരെ രക്ഷിക്കട്ടെ. വി വാഹത്തിന്റെ നിർമ്മലാവസ്ഥയെ വഷളാക്കുന്ന ദു ഷ്ടാത്മാക്കളിൽനിന്നു ഇവരെ താൻ വിടുവിക്കട്ടെ. ക ർത്താവു തന്റെ അടുക്കൽനിന്നു നന്മയുള്ള കാലങ്ങളും അനുഗ്രഹകരമായ ആണ്ടുകളും ഇവക്കു നല്കട്ടെ. ദൈവമായ കർത്താവേ, നിന്റെ ശ്രേഷ്ഠതയുടെ മുൻ പാകെ നില്ക്കുന്ന ബലഹീനരും പാപികളുമാകുന്ന നി ന്റെ അടിയാരായ ഞങ്ങളുടെ അപേക്ഷകൾ കേട്ടു, വാഴ്വുകളുടെ മക്കളെയും സന്തോഷങ്ങളുടെ കാലങ്ങ ളെയും ഇവർക്കു നല്കേണമേ. സൽപ്രവൃത്തികളാകുന്ന സമ്പത്തു ഇവക്കു വർദ്ധിപ്പിച്ചു കൊടുക്കേണമേ. നിന്നി ലുള്ള സത്യവിശ്വാസത്തിൽ ഇവരെ സ്ഥിരപ്പെടുത്തേ ണമേ. അതിൽ ഇവർ നിലനില്ക്കുന്നവരും, തങ്ങളുടെ മക്കൾക്കു അതിനെ അവകാശമാക്കിക്കൊടുക്കുന്നവരും ആയിരിപ്പാൻ ഇവക്കു കൃപ നല്കേണമേ. ഈ കല്യാ ണവിരുന്നിനു ഒരുങ്ങിവന്നിട്ടുള്ളവരുടെമേലും നിന്റെ നന്മകളും വാഴ്വുകളും വർദ്ധിപ്പിക്കേണമേ. ജയം

നല്കുന്ന നിന്റെ സ്നിഗ്ധായാൽ ഈ മണവാളനെയും മണവാ
ട്ടിയെയും കാത്തുകൊള്ളേണമേ. പിതാവും പുത്രനും പ
രിശുദ്ധാത്മായുമായ ദൈവമേ, ഞങ്ങൾ എല്ലാവരുടെ
മേലും നിന്റെ അനുഗ്രഹങ്ങൾ വർഷിപ്പിക്കയും ചെ
യ്യണമേ. ആശാ.—

ജനം. ആമ്മീൻ.

. [illegible]

തഞ്ചൂമ

ചട്ടക്കാരൻ

ഞാൻ സഭയാകുന്നു. ഞാൻ അത്യുന്നതന്റെ മണവാട്ടിയായ സഭയാകുന്നു.

വിശുദ്ധസഭ പറയുന്നത് എന്തെന്നാൽ, അവൻ എന്നെ വിവാഹം നിശ്ചയിച്ചതിനാൽ എനിക്കു ഭാഗ്യം. വന്നു എന്നെ വിവാഹം നിശ്ചയിച്ച മണവാളനെ ഞാൻ വന്ദിക്കുന്നു. അവൻ എന്നെ വിവാഹത്തിനു നിശ്ചയിച്ച ദിവസത്തിൽ പെട്ടെന്നു ധന്യയായിത്തീർന്ന ദരിദ്രയായ എന്നെക്കുറിച്ചു സർവ്വസൃഷ്ടിയും ആനന്ദിച്ചു. ഞാൻ ഏറ്റം ശ്രേഷ്ഠതയുള്ളവളായിതീർന്നതുകൊണ്ടു എനിക്കു ഭാഗ്യം.

ഞാൻ എന്റെ പ്രിയപ്പെട്ടവരോടുകൂടെ സന്തോഷിപ്പാൻ അവൻ ഉന്നതത്തിൽ എനിക്കായി മണവറ ഒരുക്കിവച്ചു. ഞാൻ അതിന്നുള്ളിൽ പ്രവേശിച്ചു് ഇരുന്നു. ഞാൻ അവനെ സ്നേഹിക്കുന്നതിനാൽ എനിക്കു ഭാഗ്യം.

വിഗ്രഹാലയത്തിൽനിന്നു അവൻ എന്നെ കൂട്ടിക്കൊണ്ടുപോയി, മറഞ്ഞിരിക്കുന്ന മർമ്മങ്ങൾ എനിക്കു കാണിച്ചുതന്നു. ലോകാവസാനത്തോളം ഞാൻ നിന്നോടുകൂടെ ഉണ്ടെന്നു അവൻ എനിക്കു വാഗ്ദാനം ചെയ്തിരിക്കുന്നു.

രാജപുത്രൻ തന്റെ പിതൃഗൃഹത്തിൽനിന്നു കൊണ്ടുവന്ന ഭാഗ്യങ്ങളെല്ലാം അവൻ എനിക്കു തന്നു. ഇതു നിമിത്തം ഞാൻ അവനെ വന്ദിക്കുന്നു.

എന്നെ വഞ്ചിച്ച ദുഷ്ടനു ഹാ കഷ്ടം. ഞാൻ വിഗ്രഹാരാധനയാൽ അശുദ്ധയായി തീർന്നു. എന്നെ രക്ഷിച്ച യേശുവിന്നു സ്തോത്രം. അതിനു എനിക്കു യോഗ്യത ലഭിച്ചതുകൊണ്ടു എനിക്കു ഭാഗ്യം.

മാമോദീസാവെള്ളംമൂലം ആത്മാവിന്റെ ആയുധം അവൻ എന്നെ ധരിപ്പിച്ചു. തന്റെ പരിശുദ്ധ ശരീരവും രക്തവുമാകുന്ന മോതിരം അവൻ എന്റെ വിരലുകളിൽ ഇട്ടു.

മണവാളൻ സൂര്യനു സദൃശവും, മണവാട്ടി പകലിനു സദൃശവും, വിരുന്നു മുഴുവനും സൌരഭ്യമുള്ള വൃക്ഷത്തിനു സദൃശവും ആകുന്നു.

ഗീതം.

പട്ടക്കാരൻ. സഭ ഞാൻ സഭ ഞാനേ—
മൈവത്തിൻ മണവാട്ടി.
തിരുസഭയിങ്ങിതു ചൊല്ലീ—ടുന്നു

എന്നെ നിയോഗിച്ചവനാൽ
ഭാഗ്യമെനിക്കുണ്ടായീ—ടുന്നു.

വന്നെന്നെ വേളിചെയ്യു—
കാന്തനെ വന്ദിച്ചീടു—ന്നേൻ.

എന്നുടെ കല്യാണനാളിൽ—
സൃഷ്ടികളെല്ലാം ആന—ന്ദിച്ചു.

പെട്ടെന്നഗതി ധന്യയായേൻ—
വഞ്ചിച്ചേററം ഭാഗ്യമട—ഞ്ഞേൻ.

സഖികൾ സഹിതം മോദിപ്പാൻ—
ഉയരെ മണവറ വച്ചെ—നിക്കു.

ഉള്ളിൽ കയറി ഞാനിരുന്നു—
ഭാഗ്യവതി ഞാനായീ—ടുന്നു.

വിഗ്രഹം വിട്ടെന്നെ നടത്തി—
ഞാനതിനെ പിഴ ചൊല്ലി—ടുന്നു.

ഒളിവാം മമ്മം കാണിച്ചു—
ലോകാന്ത്യംവരെ നിന്നോ—ടെന്നും.

ഞാനെന്നുള്ള വാശ്രത്തം—
ജനകൻപക്കൽ നിന്നീ—ഭാഗ്യം.

രാജസൂതൻ എനിക്കായ് നല്കി—
സ്വത്തെനിക്കായി തന്നീ—ടുന്നു.

ഇതിനാലവനെ വന്ദിക്കുന്നേൻ—
വിഗ്രഹഭക്തി ചുററി—ച്ചെന്നെ.

കഷ്ടം വഞ്ചകനാം ദുഷ്ടനു—
രക്ഷകനാമീശോയെ—സ്തോത്രം.

യോഗ്യത തന്നവനെൻ ഭാഗ്യം—
സ്നാനത്താൽ വിശുദ്ധാത്മ—നെറ

ആയുധമെന്നെ ചാത്തി താൻ—
മാംസം രക്തം മോതി—രമായി.

ഇട്ടതന്നാൻ വിരലിന്മേൽ—
മണവാളൻ താൻ സ്വത്തു—നൊപ്പം.

മണവാട്ടി പകലോടു തുല്യം—
പരിമളവൃക്ഷത്തോട—ങ്ങനെ
വിരുന്നാസകലവും തുല്യം.

ആശീർവ്വാദം.

പട്ടക്കാരൻ. ദൈവത്താൽ നീതീകരിക്കപ്പെട്ടിരിക്കുന്ന ഈ സാക്ഷ്യത്തിൽ ഒരുങ്ങിവന്നിരിക്കുന്ന വിശ്വാസികളേ! കർത്താവു നിങ്ങളുടെ പ്രയത്നങ്ങളുടെ കൂലി ഒന്നു മുപ്പതായും, ഒന്നു അറുപതായും, ഒന്നു നൂറായും നിങ്ങൾക്കു നല്കട്ടെ. എല്ലായ്പ്പോഴും നന്മകൾ നിങ്ങൾക്കു താൻ നല്കട്ടെ. നമ്മുടെ കർത്താവിന്റെ സ്ലീബാ രാപ്പകൽ നിങ്ങളോടുകൂടെ ഇരുന്നു, തിന്മപെട്ടവനിൽനിന്നും അവന്റെ സൈന്യങ്ങളിൽനിന്നും എല്ലായ്പ്പോഴും നിങ്ങളെ കാത്തുകൊള്ളുകയും ചെയ്യുമാറാകട്ടെ.

ജനം. ആമ്മീൻ.

ഒന്നാമത്തെ ശുശ്രൂഷ അവസാനിച്ചു.

.ﻣﺮﻳﻢ ﺍﻟﻌﺬﺭﺍ

.ﺍﻟﻠﻪ ﺍﻟﺮﺣﻤﻦ ﺍﻟﺮﺣﻴﻢ

.ﺍﻟﺤﻤﺪ ﷲ ﺭﺏ ﺍﻟﻌﺎﻟﻤﻴﻦ ﺍﻟﺮﺣﻤﻦ ﺍﻟﺮﺣﻴﻢ

.ﻣﺎﻟﻚ ﻳﻮﻡ ﺍﻟﺪﻳﻦ

.ﺇﻳﺎﻙ ﻧﻌﺒﺪ ﻭﺇﻳﺎﻙ ﻧﺴﺘﻌﻴﻦ

പട്ടക്കാരൻ.

പിതാവിന്നും പുത്രന്നും പരിശുദ്ധ രൂഹായിക്കും സ്തുതി

ജനം.

ബലഹീനരും പാപികളുമായ.....

പ്രാരംഭപ്രാർത്ഥന.

പട്ടക്കാരൻ. ദൈവമായ കർത്താവേ, മാഞ്ഞുപോകാത്ത ആ കല്യാണവിരുന്നിന്നും, അഴിഞ്ഞുപോകാത്ത ആ മണവറയ്ക്കും ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ. ആ കല്യാണവിരുന്നിന്ന ക്ഷണിക്കപ്പെട്ടിരിക്കുന്ന തോഴ്മക്കാരോടുകൂടെ നിന്റെ നിത്യസന്തോഷങ്ങൾക്കു ഞങ്ങളെയും നീ ക്ഷണിക്കേണമേ. ഞങ്ങൾ അവരോടുകൂടെയും, അവരുടെ ഇടയിലും നിനക്കും നിന്റെ പിതാവിന്നും പരിശുദ്ധ രൂഹാക്കും സ്തുതിയും സ്തോത്രവും കരേറുകയും ചെയ്യുമാറാകേണമേ. ഹാശാ—

ജനം. ആമ്മീൻ.

¶ പട്ടക്കാരൻ മണവാള മണവാട്ടിമാരെ അനുഗ്രഹിച്ചു ചൊല്ലുമ്പോൾ മണവാളനും മണവാട്ടിയും തന്നെത്താൻ വണങ്ങി കുരിശു വരയ്ക്കുണം.

ⲙⲁⲣⲓⲁ ⲧⲏ ⲛⲓⲙ ⲉⲧⲟⲩⲁⲁⲃ ⲉⲧⲉ ⲡⲛⲟⲩⲧⲉ ⲛⲓⲙ ⲉⲧⲟⲩⲁⲁⲃ ⲉⲧⲉ ⲡⲓⲱⲧ ⲛⲓⲙ ⲉⲧⲟⲩⲁⲁⲃ ⲉⲧⲉ ⲡⲓⲡⲛⲉⲩⲙⲁ ⲛⲓⲙ ⲉⲧⲟⲩⲁⲁⲃ ⲉⲧⲉ ⲡⲓⲙⲁ ⲛⲓⲙ ⲉⲧⲟⲩⲁⲁⲃ ⲉⲧⲉ ⲡⲓⲥⲱⲙⲁ ⲛⲓⲙ ⲉⲧⲟⲩⲁⲁⲃ ⲉⲧⲉ ⲡⲓⲙⲁ ⲛⲓⲙ ⲉⲧⲟⲩⲁⲁⲃ ⲉⲧⲉ ⲡⲓⲡⲛⲉⲩⲙⲁ ⲛⲓⲙ ⲉⲧⲟⲩⲁⲁⲃ ⲉⲧⲉ ⲡⲓⲱⲧ

തജ്ജ്മ.

പട്ടക്കാരൻ. പൂർവ്വന്മാരായ നീതിമാന്മാരെ വാഴ്ത്തിയ ദൈവം, തന്റെ കൃപയുടെ ബഹുതത്തൽ ഈ തന്റെ അടിയാരെയും ✠ വാഴ്ത്തട്ടെ!

ജനം. ദൈവമേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

പട്ടക്കാരൻ. ആദാമ്മിനെയും ഹവ്വായെയും വാഴ്ത്തിയ ദൈവം, തന്റെ കൃപയുടെ ബഹുതത്തൽ ഈ തന്റെ അടിയാരെയും ✠ വാഴ്ത്തട്ടെ!

ജനം. ദൈവമേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

പട്ടക്കാരൻ. അബ്രഹാമ്മിനെയും സാറായെയും വാഴ്ത്തിയ ദൈവം, തന്റെ കൃപയുടെ ബഹുതത്തൽ ഈ തന്റെ അടിയാരെയും ✠ വാഴ്ത്തട്ടെ!

ജനം. ദൈവമേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

പട്ടക്കാരൻ. യിസ്ഹാക്കിനെയും റഫ്ക്കായെയും വാഴ്ത്തിയ ദൈവം, തന്റെ കൃപയുടെ ബഹുതത്തൽ ഈ തന്റെ അടിയാരെയും ✠ വാഴ്ത്തട്ടെ!

ജനം. ദൈവമേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

പട്ടക്കാരൻ. യാക്കോബിനെയും റാഹേലിനെയും വാഴ്ത്തിയ ദൈവം, തന്റെ കൃപയുടെ ബഹുതത്തൽ ഈ തന്റെ അടിയാരെയും ✠ വാഴ്ത്തട്ടെ!

ജനം. ദൈവമേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

പട്ടക്കാരൻ. മിസ്രയിമ്മിൽവെച്ചു യൌസേഫിനെ വാഴ്ത്തിയ ദൈവം, തന്റെ കൃപയുടെ ബഹുതത്തൽ ഈ തന്റെ അടിയാരെയും ✠ വാഴ്ത്തട്ടെ!

ജനം. ദൈവമേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

ഗീതം.

പട്ടക്കാരൻ. പൂർവ്വവിശുദ്ധരെ
വാഴ്ത്തിയ സർവ്വേശൻ,
ബഹുലമതാം തൻ
കൃപയാലിവരെ + വാഴ്ത്തട്ടെ,

ജനം. ദേവാ കൃപ ചെയ്യണമേ നീ.

പട്ടക്കാരൻ. ആദം ഹവ്വാ എന്നവരെ
വാഴ്ത്തിയ സർവ്വേശൻ,
ബഹുലമതാം തൻ
കൃപയാലിവരെ + വാഴ്ത്തട്ടെ,

ജനം. ദേവാ കൃപ ചെയ്യണമേ നീ.

പട്ടക്കാരൻ. അബ്രാം സാറാ എന്നവരെ
വാഴ്ത്തിയ സർവ്വേശൻ,
ബഹുലമതാം തൻ
കൃപയാലിവരെ + വാഴ്ത്തട്ടെ,

ജനം. ദേവാ കൃപ ചെയ്യണമേ നീ.

പട്ടക്കാരൻ. ഇസ്സുക്കു റഹ്ക്കാ എന്നവരെ
വാഴ്ത്തിയ സർവ്വേശൻ,
ബഹുലമതാം തൻ
കൃപയാലിവരെ + വാഴ്ത്തട്ടെ,

ജനം. ദേവാ കൃപ ചെയ്യണമേ നീ.

പട്ടക്കാരൻ. യാക്കോബു റാഹേൽ എന്നവരെ
വാഴ്ത്തിയ സർവ്വേശൻ
ബഹുലമതാം തൻ
കൃപയാലിവരെ + വാഴ്ത്തട്ടെ.

ജനം. ദേവാ കൃപ ചെയ്യണമേ നീ.

പട്ടക്കാരൻ. മെസ്രേനിൽ യൌസേഫിനെ
വാഴ്ത്തിയ സർവ്വേശൻ
ബഹുലമതാം തൻ
കൃപയാലിവരെ + വാഴ്ത്തട്ടെ.

ജനം. ദേവാ കൃപ ചെയ്യണമേ നീ.

പ്രാർത്ഥന

പട്ടക്കാരൻ. കർത്താവേ, അന്യോന്യം ഒന്നായി തിന്നിരിക്കുന്ന ഈ നിന്റെ അടിയാരെ, നിന്റെ ദാനങ്ങളുടെ ഐശ്വര്യത്താൽ ശ്രേഷ്ഠരാക്കേണമേ. നിന്റെ നൽവരങ്ങളാൽ ഇവരെ നീ സന്തോഷിപ്പിക്കേണമേ. നിന്റെ ദൈവീയ കല്പനകളുടെ ആനന്ദംകൊണ്ടു ഇവരെ നിറയ്ക്കേണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, ഇവർ സന്തോഷത്തോടും ആനന്ദത്തോടും കൂടെ നിനക്കു സ്തുതിപാടുകയും, നിന്റെ തിരുസന്നിധിയിൽ ഉല്ലസിക്കയും ചെയ്യുമാറാകേണമേ. ഹാശാ—

ജനം. ആമ്മീൻ.

. ⁄ ⁄ .

. ⁄ . ⁄ ⁄ ⁄

യിൽ മഹത്വമുള്ള കിരീടം നീ വയ്ക്കുകയും ചെയ്യു. ബാ
റെക് മാർ.

പട്ടക്കാരൻ. പിതാവിന്നും പുത്രന്നും.....

ജനം. ആദിമുതൽ എന്നെന്നേക്കും.....

ഗീതം

പട്ടക്കാരൻ. കർത്തനെ രാജൻ നിൻ ബലത്തിൽ
സന്തോഷിക്കും. ഹ-ഉ-ഹ
തവ രക്ഷയിലവനേറ്റം മോദിക്കും.

പ്രതിവാക്യം. നന്മയിന്നനുഗ്രഹം മുൻപിട്ടു-
ന്നവനെ നീ ഹ-ഉ-ഹ
മാന്യമാം മുടി തൻ ശിരസ്സിൽ
ചൂട്ടുന്നു—ബാറെക്മാർ.

ܒܪܟ ܡܪ . ܩܕܝܫ . ܐܝܬ ܠܢ .
ܒܪܫܡܝܐ ܘܒܪܐܪܥܐ .

ܗܘ ܕܒܪ ܡܠܟܐ ܒܚܝܠܗ ܢܬܒܣܡ ܘܒܪ ܡܠܟܐ ܒܚܝܠ
ܡܫܝܚܐ ܢܬܒܣܡ ܘܒܪ ܡܠܟܐ ܒܚܝܠ ܡܪܝ ܥܠܡ ܢܬܒܣܡ .
ܗܘ ܕܒܪ ܡܠܟܐ ܒܚܝܠ ܡܪܝ ܥܠܡ ܢܬܒܣܡ ܘܒܪ ܡܠܟܐ ܒܚܝܠ
ܡܫܝܚܐ ܢܬܒܣܡ ❊
ܒܪܟ ܡܪ . ܩܕܝܫ . ܐܝܬ ܠܢ . ❊

അർത്ഥം

പട്ടക്കാരൻ. സഭയായുള്ളോവേ, മണവാളൻ നി
ന്റെ മണവറയെ സ്വർഗ്ഗീയസ്വർഗ്ഗങ്ങളിൽ ഉറപ്പിച്ചി
രിക്കുന്നു. അവൻ വാഗ്ദത്തം ചെയ്തതുപോലെ, മേല
ള്ള പ്രഭുത്വങ്ങൾക്കും അധികാരങ്ങൾക്കും, ശക്തികൾ

ക്കും മേലായി, അത്യുന്നതങ്ങളിൽ നിന്നെ കരേറിയിരിക്കുന്നു.

ശുശ്രൂക്കാരൻ. സ്വൗമെൻ കാലോസ്.

ജനം. കുറിയേലായിസ്സോൻ.

പ്രോമ്യോൻ

പട്ടക്കാരൻ. നാമെല്ലാവരും പ്രാത്ഥിച്ചു.....

ജനം. അനുഗ്രഹിക്കുന്നവനായ കത്താവേ.....

പട്ടക്കാരൻ. സ്തുതിയും സ്തോത്രവും.....

ഇരുന്നവനും, ഇരിക്കുന്നവനും, തലമുറതലമുറയായി യഥാപ്രകാരമിരിക്കുന്നവനുമായ സ്വയംഭുവും, തന്റെ മാലാകമാർ തന്റെ സിംഹാസനത്തിന്നു ചുറ്റും നിന്നു, തനിക്കു വന്ദനം അണച്ചുകൊണ്ടിരിക്കുന്ന ആദ്യന്തമില്ലാത്ത വചനവും, ധാരാളമായി തന്റെ കരുണനിമിത്തം നമ്മുടെ എല്ലാവരുടെ മേലും കരുണചെയ്യു, തന്റെ അടുക്കലേക്കു നമ്മുടെ വഴ്ച്ചത്തെ തിരിപ്പിച്ച മഹത്വവാനും മഹോന്നതനും, മണവാളന്മാക്കും മണവാട്ടികൾക്കും സന്തോഷങ്ങളുടെ കിരീടങ്ങളെ സൌജന്യം ചെയ്യുന്നവനുമായ തന്റെ ശ്രേഷ്ഠതക്കു സ്തുതി. തന്റെ അടിയാരുടെ കിരീടംവാഴ്വിന്റെ ശ്രേഷ്ഠ പൂർണ്ണമാക്കപ്പെടുന്ന ഈ നേരത്തും നമ്മുടെ ആയുഷ്കാലം മുഴുവനും സ്തുതിയും ബഹുമാനവും വന്ദനവും തനിക്കു യോഗ്യമായിരിക്കുന്നു. ഹാശാ—

ജനം. ആമ്മീൻ.

പട്ടക്കാരൻ

സെദ്രാ

സകല സഭ്രീയ സൈന്യങ്ങളും ഭയത്തോടും വിറയലോടുംകൂടെ തന്നെ മഹത്വീകരിക്കയും, അത്യുന്നതങ്ങ

ളിൽ അഗ്നിമയന്മാരുടെ കൂട്ടങ്ങൾ തന്റെ ശ്രേഷ്ഠതയിങ്കൽ ഭ്രമിച്ചു് ഇളകുകയും, അവർണ്ണനീയമായ തന്റെ കരുണയുടെയും, അപരിമേയമായ തന്റെ ദയയുടെയും ധാരാളതയാൽ എളിയവരായ ഞങ്ങളുടെ സൃതികളിൽ സന്തോഷിക്കയും, ബലഹീനരും മൺമയരുമായ ഞങ്ങളുടെ ശുശ്രൂഷയിൽ പ്രസാദിക്കയും ചെയ്യുന്ന ദൈവമായ കർത്താവേ, എല്ലാ സ്ഥലങ്ങളിലും സഞ്ചരിക്കുന്നവരും, നിന്റെ ശ്രേഷ്ഠതയുടെ അധികാരത്തിൻ കീഴിൽ വസിക്കുന്നവരും, പ്രത്യേകമായി ഇവിടെ അടുത്തുവന്നു, നിന്റെ കരുണയുടെ നിഴലിൻകീഴിലും നിന്റെ ദയയുടെ ചിറകിൻ കീഴിലും അഭയം പ്രാപിച്ചിരിക്കുന്നവരുമായ നിന്റെ അടിയാരെ നീ വാഴ്ത്തണമേ. ഇവർ തങ്ങളുടെ സകല പ്രവൃത്തികളിലും ഉത്തമരായിരിപ്പാൻ ഇവരെ നീ സുഖത്തോടെ രക്ഷിച്ചു് സന്തോഷിപ്പിക്കേണമേ. കർത്താവേ, ഇവരെ കാത്തു സ്വർഗ്ഗരാജ്യത്തേക്കു നടത്തുന്ന നേർവഴിയിൽകൂടി ഓടുവാനും, ആത്മീയനൽവരങ്ങളിൽ പൂർണ്ണതയുള്ളവരാകുവാനും, ദേഹദേഹികൾക്കു പ്രയോജനകരമായ ദൈവികവ്യാപാരം ചെയ്തു ആദായം ഉണ്ടാക്കുവാനും ഇവക്കു കൃപ നല്കേണമേ. കർത്താവേ, നിത്യജീവനെ സ്നേഹിക്കുന്നവരും, പാപമരണമുള്ളവരിൽനിന്നു് അകന്നിരിക്കുന്നവരാകുവാൻ ഇവക്കു നീ സംഗതി ആക്കേണമേ. നിന്റെ പരിശുദ്ധതയുടെ പാശ്ചാത്തേക്കു അടുത്തുവരുവാനും, ശപിക്കപ്പെട്ട സാത്താന്റെ അടിമയിൽനിന്നു ഓടിപ്പോകുവാനും ഇവരുടെ ഹൃദയങ്ങളെ ഒന്നാക്കേണമേ. നിന്റെ ആത്മീയമന്ദിരത്തോട്ടത്തിൽ നീതിയുടെ വേലക്കാരും, നിന്നോടുള്ള ഭയഭക്തിയുടെ തിക്ഷ്ണതയിലും, നിന്റെ കല്പനകളുടെ അനുഷ്ഠാനത്തിലും താല്പര്യമുള്ളവരാകുവാൻ ഞങ്ങൾക്കും ഇവക്കും ഇടയാക്കേണമേ. കർത്താവേ,

നിന്റെ പരിശുദ്ധന്മാരുടെ സംഘങ്ങൾക്കു തുല്യരും, അന്യോന്യം സ്നേഹിക്കുന്നവരും, തിന്മചെയ്തവനെ ദ്വേഷിക്കുന്നവരും, നിന്റെ ദൈവത്വത്തിന്നു അനുസരണമുള്ളവരും ആയിട്ടു ഞങ്ങളെ ആക്കേണമേ. നിന്റെ സ്വർഗ്ഗരാജ്യത്തിൽ ആനന്ദിപ്പാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ. നല്ലവനും മനുഷ്യരെ സ്നേഹിക്കുന്നവനും നിയാകയാൽ, നിനക്കും നിന്റെ പിതാവിന്നും, നിന്റെ പരിശുദ്ധാത്മാവിന്നും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറുന്നു. ഹാശാ—

ജനം. ആമ്മീൻ.

അതിന്റെശേഷം

. ⁄ ⁄ ⁄

ചട്ടക്കാരൻ.

ജാതികളുടെ പുത്രീ! നീ എത്ര സുന്ദരി, നീ എത്ര സുന്ദരി, ശ്ലേമോൻരാജാവു സഭയാകുന്ന നിന്നെ വാത്സല്ലിച്ചു (പറയുന്നതു) നിന്റെ അധരങ്ങൾ തേൻകട്ട പൊഴിക്കുന്നു. നിന്റെ വസ്ത്രങ്ങളുടെ വാസന വസന്തകാലത്തെ പനിനീർപുഷ്പത്തിന്റെ വാസനപോലെയാകുന്നു. സഭയേ! നീ സർവ്വാംഗസുന്ദരിയാകുന്നു. നിന്നിൽ യാതൊരു മാലിന്യവുമില്ല, നീ അവന്റെ സ്ലീബായെ വന്ദിക്കുന്നതിനാൽ മ്ശിഹാരാജാവു നിന്നെ കാക്കുന്നു—ബാറെക്മാർ.

ചട്ടക്കാരൻ. പിതാവിന്നും പുത്രന്നും പരിശുദ്ധാത്മാവിന്നും സ്തുതി.

ജനം. ആദിമുതൽ എന്നേന്നേക്കും തന്നേ. ആമ്മീൻ.

ചട്ടക്കാരൻ.

ജാതികളുടെ പുത്രീ! നീ എത്ര സുന്ദരി, നി എത്ര സുന്ദരി, സർവ്വലോകത്തിന്മേലും ഉദിക്കുന്ന സൂര്യനോടു നീ സദൃശയാകുന്നു. നിന്റെ നെറ്റിമേൽ സ്ലീബായുടെ മുദ്രയുണ്ടു്. വെടിപ്പുള്ള നിന്റെ വായ് സ്തുതിപാടുന്നു. നിന്റെ ചുണ്ടുകളിൽ ദൈവപുത്രന്റെ തിരുരക്തം പുരണ്ടിരിക്കുന്നു. നിന്റെ സന്താനങ്ങൾ രാപ്പകൽ സ്തോത്രം പാടുകയും ചെയ്യുന്നു.

കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ചു, ഞങ്ങൾക്കു സഹായം ചെയ്യേണമേ.

ഗീതം.

പട്ടക്കാരൻ. ജാതിയിൻ പുത്രീ നീയേ! സുന്ദരി—ബഹു സുന്ദരി,
ശ്ലോമോൻരാജൻ തിരുസഭയാം നിന്നെ—വർണ്ണിക്കുന്നു.
തേൻകട്ടകൾ നിൻ—അധരം പൊഴിക്കുന്നു
അങ്കികൾ സുഗന്ധി—നീസാൻ കുസുമംപോൽ.
സുന്ദരി സഭയേ! നിന്നിൽ മാലിന്യം—ഇല്ലേതുമേ
മ്ശിഹാരാജൻ തൻ കുരിശാൽ നിന്നെ—കാത്തീടുന്നു.
ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ—ബാറെക്കുമാർ.

പിതൃ പുത്രവിശുദ്ധാത്മനു സ്തുതി. ഹാലേലൂയ്യാ.

പട്ടക്കാരൻ. ജാതിയിൻ പുത്രീ നീയേ! സുന്ദരി—ബഹു സുന്ദരി
അഖിലാണ്ഡത്തിൽ സൃഷ്ടനു സദൃശം—നീ ആകുന്നു.
നിന്റെ നെറ്റിമേൽ—സ്ലീബായിൻ ദൃശ്യ
വിശുദ്ധമാം നിൻ വായ്—സ്തോത്രം പാടുന്നു.
തിരുരക്തത്താൽ നിന്നുടെ ചുണ്ടെല്ലാം—ചുവന്നതത്രേ
തവ പ്രജ രാപ്പകൽ സ്തോത്രം സന്നിധിയിൽ—പാടിടുന്നു.
ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ.

നാഥാ അനുഗ്രഹിച്ചെങ്ങളെ രക്ഷിക്കണമേ.

പ്രാർത്ഥന

പട്ടക്കാരൻ. കർത്തിനെ എന്ന നഗരത്തിലേക്കു കല്യാണവിരുന്നിനു ക്ഷണിക്കപ്പെട്ടകയും, വെള്ളത്തെ നല്ല വിഞ്ഞായി മാറുകയും ചെയ്ത സത്യത്തിന്റെയും നിതിയുടെയും മണവാളനായി, ഇപ്പോഴും മനുഷ്യരെ സ്നേഹിക്കുന്ന കർത്താവേ, നിന്റെ കൃപയാൽ ഞങ്ങളുടെ പ്രാർത്ഥനകളെ കൈക്കൊണ്ട്, നിന്റെ വിശുദ്ധ മദ്ബഹായുടെ മുൻപാകെ തങ്ങളുടെ കഴുത്തുകളെ വണക്കിയിരിക്കുന്ന ഈ നിന്റെ അടിയാരെ നീ വാഴ്ത്തണമേ. അനുഗ്രഹങ്ങളും കരുണയും നിറഞ്ഞിരിക്കുന്ന നിന്റെ

വലങ്കൈ ഇവരുടെമേൽ ആവസിപ്പിക്കേണമേ. നിന്റെ ആത്മീയമണവറയിൽ ഇവരെ നി സന്തോഷിപ്പിക്കേണമേ. നിന്നെ സ്നേഹിക്കയും, നിന്റെ കല്പനകളെ ആചരിക്കയും ചെയ്തിട്ടുള്ള വിശുദ്ധന്മാർക്കു വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന കല്യാണവിരുന്നിന്നു ഞങ്ങളെയും ഇവരെയും നി യോഗ്യതയുള്ളവരാക്കേണമേ. ഞങ്ങളും ഇവരും നിന്റെ വലത്തുഭാഗത്തുനിന്നു, നിന്റെ കരുണയെ കണ്ടുകൊണ്ടു, നിനക്കു സ്തുതിയും സ്തോത്രവും കരേറുമാറാകേണമേ. ഹാശാ—

ജനം. ആമ്മീൻ.

ശുശ്രൂഷകൻ.

പൌലൊസ് ശ്ലീഹാ എഫേസിയക്കാർക്കു എഴുതിയ ലേഖനം ൫-ാം അദ്ധ്യായത്തിൽനിന്നു.

ജനം.

ശ്ലീഹന്മാരുടെ ഉടയവനെ സ്തുതി. കർത്താവേ, നിന്റെ വചനങ്ങളെ തിരിച്ചറിയുന്നതിന്നു ഞങ്ങൾക്കു കൃപ നല്കേണമേ.

ശുശ്രൂഷകൻ.

എന്റെ സഹോദരന്മാരേ! നമ്മുടെ കർത്താവായ യേശുമ്ശിഹായുടെ നാമത്തിൽ എല്ലാവനും വേണ്ടി എല്ലായ്പോഴും പിതാവായ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നവരായിരിപ്പിൻ. മ്ശിഹായുടെ സ്നേഹത്താൽ അന്യോന്യം കീഴ്പ്പെടുന്നവരായിരിപ്പിൻ. സ്ത്രീകളേ, നമ്മുടെ കർത്താവിന്നു എന്നപോലെ നിങ്ങളുടെ ഭർത്താക്കന്മാർക്കു കീഴ്പ്പെട്ടിരിപ്പിൻ. എന്തുകൊണ്ടെന്നാൽ, മ്ശിഹാ സഭയുടെ തലയും ശരീരത്തിന്റെ രക്ഷിതാവും ആകുന്നപ്രകാരം പുരുഷൻ സ്ത്രീയുടെ തലയാകുന്നു. സഭ മ്ശിഹായിക്കു കീഴ്പ്പെടുന്നപ്രകാരം തന്നേ ഭാര്യമാരും തങ്ങളുടെ ഭർത്താക്കന്മാർക്കു സകലത്തിലും കീഴ്പ്പെട്ടിരിക്കണം.

പുരുഷന്മാരേ, നിങ്ങളുടെ ഭാര്യ്മാരെ സ്നേഹിപ്പിൻ. മ്ശി ഹായും തന്റെ സഭയെ സ്നേഹിക്കയും, ജലസ്നാനത്താലും വചനത്താലും അതിനെ ശുദ്ധീകരിച്ച് വെടിപ്പാക്കുവാനും, മഹത്വമുള്ളതായും, മാലിന്യവും, കറയും ഇവയ്ക്കു സമമായ യാതൊന്നും ഇല്ലാതെ, വിശുദ്ധയും നിഷ്കളങ്കയുമായും തനിക്കു തന്നേ സഭയായി അതിനെ നിത്തുവാനും, അതിനുവേണ്ടി തന്നെത്തന്നേ ഏൽപ്പിച്ചുകൊടുക്കയും ചെയ്തതുപോലെ തന്നേ. ഇപ്രകാരം തങ്ങളുടെ ശരീരങ്ങളെ എന്നപോലെ, തങ്ങളുടെ ഭാര്യ്മാരെ സ്നേഹിപ്പാൻ പുരുഷന്മാക്കു ന്യായമാകുന്നു. ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ.

ശുശ്രൂഷകൻ.

സഹോദരന്മാരേ, നാം അടക്കത്തോടും ഭയത്തോടും വണക്കത്തോടും ശ്രദ്ധിച്ച്, നമ്മുടെ കർത്താവേശുമ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോനിലെ ദൈവത്തിൻ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കേൾക്കണം.

¶ ഇവിടെ പട്ടക്കാരൻ മണവാളന്റെയും മണവാട്ടിയുടെയും വലത്തു കൈകൾ തമ്മിൽ പിടിപ്പിക്കണം.

¶ അതിന്റെ ശേഷം പട്ടക്കാരൻ ഏവൻഗേലിയോൻ വായിക്കുന്നു.

വിശുദ്ധമത്തായിയുടെ ഏവൻഗേലിയോൻ.

അ. ൿൻ. ൿ—ന്യ.

ഈശോനാഥനുരാൻ ഈ വചനങ്ങളെ പറഞ്ഞു തീർന്നശേഷം ഗ്ലീലായിൽനിന്നു യാത്ര പുറപ്പെട്ട്, യോർദ്ദനാന്റെ അക്കരെ യീഹ്രുദിന്റെ അതൃത്തിയിലേക്കു എഴുന്നള്ളി. വളരെ പുരുഷാരം തന്റെ പിന്നാലെ ചെന്നു. അവിടെവച്ചു അവരെ താൻ സൌഖ്യമാക്കി. പ്രീശന്മാർ അവന്റെ അടുക്കൽ വന്ന്, അവനെ പരീക്ഷിച്ചുകൊണ്ട്, യാതൊരു കാരണത്താൽ എങ്കിലും ഒരുത്തന്നു തന്റെ ഭാര്യയെ ഉപേക്ഷിപ്പാൻ ന്യാ

യമാകുന്നുവോ എന്നു ചോദിച്ചിരുന്നു. അപ്പോൾ താൻ അവരോടു ഉത്തരമായി അരുളിച്ചെയ്തതു: ആദിയിൽ സൃഷ്ടിച്ചവൻ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും, ഇതുകൊണ്ടു പുരുഷൻ തന്റെ പിതാവിനെയും തന്റെ മാതാവിനെയും വിട്ടു തന്റെ ഭാര്യയോടു ചേർന്നിരിക്കും, അവർ ഇരുവരും ഒരു ജഡമായിത്തീരും എന്നു അരുളിച്ചെയ്തു എന്നും ഉള്ളതു് നിങ്ങൾ വായിച്ചിട്ടില്ലയൊ? അതുകയാൽ അവർ രണ്ടല്ല, ഒരു ശരീരമത്രെ. അതുകൊണ്ടു, ദൈവം കൂട്ടിച്ചേർത്തതിനെ മനുഷ്യൻ വേർപിരിക്കരുതു്.

നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ!

ജനം

നിന്റെ ആത്മാവോടു കൂടെയും ഉണ്ടായിരിക്കട്ടെ.

അതിന്റെശേഷം

. الشمّاس يرتل الانجيل

ثم يقول الكاهن السلام لجميع

وكل واحد يقول للآخر السلام

والمحبة من الله الآب والابن

والروح القدس تكون مع جميعكم

آمين ✠

അർത്ഥം

പട്ടക്കാരൻ. നീതിയുടെ വലിയ സൂര്യനാകുന്ന നിന്നെ സ്ലീബായുടെ മാന്യമായ മരത്തിൽ തൂക്കിയിരിക്കുന്ന

തായി വിശുദ്ധ സഭ കണ്ടപ്പോൾ, സകലത്തിന്റെയും ഉടയവനായ നിന്റെ കാതൽതച്ചന്റെ ശക്തിക്കു സൂതി എന്നു ന്യായമായി നിന്നോട് ആത്മ പറഞ്ഞുകൊണ്ട ക്രമത്തിൽ ചന്ദ്രനെപ്പോലെ നിന്നു.

. ؛ضلا لكلا ةدبع لا دحلا لضف

ةدحاو ةعيبط ىلإ ةعيبطلا لكلا ةدحاو . ةعيبطلا ةدحاو ىلإ ةعيبطلا لكلا ةدحاو ✠ ةدحاو . ةدحاو ✠ ةدحاو . ةدحاو ✠ ةدحاو ✠ ةدحاو . ةدحاو ✠ ةدحاو ✠ ةدحاو . ةدحاو ✠

ﻭﻟﻴﺪ ﺍﻟﻤﻠﻚ ﻭﻗﺎﻝ ﻟﻠﻤﻠﻚ ﺍﻟﻤﻠﻚ ﻳﺤﻴﺎ ﺍﻟ

ꣽꣾꣿ꣼ꣻ ꣺꣹꣸ꣷ ꣶꣵꣴꣳ ꣲ꣱꣰꣯ ꣮꣭꣬꣫꣪ ꣩꣨꣧꣦꣥ ꣤꣣꣢꣡꣠ ꣟꣞꣝꣜꣛ ꣚꣙꣘꣗꣖ ꣕꣔꣓꣒꣑ ꣐꣏꣎꣍꣌ ꣋꣊꣉꣈꣇ ꣆ꣅ꣄ꣃꣂ ꣁꣀꣿꣾꣽ ꣼ꣻ꣺꣹꣸ ꣷꣶꣵꣴꣳ ꣲ꣱꣰ ꣯꣮꣭꣬ ꣫꣪꣩꣨꣧ ꣦꣥꣤꣣꣢ ꣡꣠꣟꣞ ꣝꣜꣛꣚ ꣙꣘꣗꣖ ꣕꣔꣓꣒ ꣑꣐꣏꣎ ꣍꣌꣋꣊ ꣉꣈꣇꣆ ꣅ꣄ꣃꣂ ꣁꣀ ꣿꣾꣽ꣼ ꣻ꣺꣹꣸ꣷ

കർത്താവേ, അളവില്ലാത്ത ഐശ്വര്യം നിറഞ്ഞിരിക്കുന്ന നിന്റെ ഭണ്ഡാരത്തിന്റെ വാതിൽ തുറന്നു, മണവാളനും മണവാട്ടിക്കും പരിപൂർണ്ണമായ അനുഗ്രഹങ്ങളെ അയച്ചുകൊടുക്കേണമേ.

കർത്താവേ, നിന്റെ നല്ല ഇഷ്ടത്തിനു പ്രസാദകരമായിരിക്കുന്ന നീതിയുള്ള വഴിയിൽകൂടി നടപ്പാൻ നിന്റെ ബലമുള്ള വലങ്കൈയാൽ ഇവരെ കാത്തുകൊള്ളേണമേ.

കർത്താവേ, നിർമ്മലതയിലും വിശുദ്ധിയിലും ഇവരുടെ ജീവിതത്തെ പൂർണ്ണമാക്കുവാൻ നിന്റെ അനുഗ്രഹങ്ങളുടെ നിഴലിൻ കീഴിൽ ഇവരെ മറച്ചുകൊള്ളേണമേ.

ഗീതം

പട്ടക്കാരൻ. വാനിൽ നിന്നൊ--രു മകുടം
കർത്തനിൽ നിന്നി—ങ്ങിറങ്ങി
മണവാളൻ ശി—രസ്സിന്മേൽ
കഹനാ ചൂട്ടീ—ട്ടുന്നു.

പ്രതിവാക്യം.

നാഥാ! കാരു—ണ്യത്താൽ
കഹനെന്മാർ മ്ശമ്ശാ—നന്മാർ
ദമ്പതികളെയും—മുടിയാൽ
മണവറയിൽ—സന്തോഷിപ്പിക്ക.

അനുഗ്രഹം നിറഞ്ഞൊ—രു വലങ്കൈ
ഇവർ മേലാവ—സിപ്പിച്ച്
ദമ്പതികളെയും—ശിരസ്സിൻ
മുടിയെയും വാഴ്ത്തി—ടണമേ.

അബ്രഹാം ഇസ്സാക്കു—യാക്കോബ്
അനുഗ്രഹേറോ—രു വാഴ്ച്ചാൽ
തോഴർ സഹിതം—തിരുമുൻ—
ദമ്പതികൾ വാഴട്ടുള്ളട്ടെ.

നാഥാ സ്വർഗ്ഗീ—യ വാഴ്വാൽ
മന്വതികളെയും—അവരിൻ
തോഴരെയും നീ—വാഴ്ത്തി
അനുഗ്രഹമരുളീടണമേ.

¶ പട്ടക്കാരൻ മണവാളന്റെ തലയിൽ കിരീടം വച്ചു ചൊല്ലുന്നു.

കർത്താവു നീതിയുടെ കിരീടത്താൽ നിന്നെ കിരീടം ധരിപ്പിക്കട്ടെ. നാശമില്ലാത്ത അലങ്കാരങ്ങളാൽ നിന്നെ അലങ്കരിക്കട്ടെ. ശത്രുവിന്റെ സകല ശക്തിക്കും നേരെ തോറ്റുപോകാത്ത ആയുധം നിന്നെ ധരിപ്പിക്കയും ചെയ്യുമാറാകട്ടെ.

മണവാളനും ജനവും. ആമ്മീൻ.

¶ അതിന്റെശേഷം പട്ടക്കാരൻ മണവാട്ടിയുടെ തലയിൽ മൂന്നു പ്രാവശ്യം കിരീടം ആഘോഷിച്ചുകൊണ്ടു ചൊല്ലുന്നു.

ܟܠܝܠܐ ܕܚܣܕ ܘܫܘܪܝܐ ܕܡܠܟܐ ܥܠ ܪܫܐ ܕܟܠܐ

ܫܘܒܚܐ ܘܬܫܒܘܚܬܐ ܠܟ ܡܪܝ.

ܟܠܝܠܐ ܕܚܣܕ ܘܫܘܪܝܐ ܕܡܠܟܐ ܥܠ ܪܫܐ ܕܟܠܐ ܫܘܒܚܐ ܘܬܫܒܘܚܬܐ ܠܟ ܡܪܝ.

ܟܠܝܠܐ ܕܚܣܕ ܘܫܘܪܝܐ ܕܡܠܟܐ ܥܠ ܪܫܐ ܕܟܠܐ ܫܘܒܚܐ ܘܬܫܒܘܚܬܐ ܠܟ ܡܪܝ.

ܟܠܝܠܐ ܕܚܣܕ ܘܫܘܪܝܐ ܕܡܠܟܐ ܥܠ ܪܫܐ ܕܟܠܐ ܫܘܒܚܐ ܘܬܫܒܘܚܬܐ ܠܟ ܡܪܝ.

ꠛꠣꠞꠥꠛ ꠇꠥꠞꠣꠛ ꠇꠥꠞꠣꠛ ꠇꠥꠞꠣ

കാട്ടിലെ പൂക്കളെയും പുഷ്പങ്ങളെയും ശ്രീശാന്തപുഷ്പങ്ങളെയുംകാൾ (ശ്രേഷ്ഠമായിരിക്കുന്ന) നീതിയുടെ കിരീടം നമ്മുടെ രക്ഷിതാവു നിങ്ങൾക്കായി മുടയുമാറാകട്ടെ.

കർത്താവു നിങ്ങളുടെ സംബന്ധത്തിന്റെ നിർമ്മലമായ കട്ടിലിനെ വാഴ്ത്തട്ടെ. നിങ്ങളിൽനിന്നു നീതിമാന്മാരും വിശുദ്ധന്മാരും ഭരണാധികാരികളും ഉണ്ടാകട്ടെ.

ഞങ്ങളുടെ മണവാളനായ മ്ശിഹായേ, മഹത്വമുള്ള നിന്റെ സൌന്ദര്യത്തെ ഞങ്ങൾ കാണ്മാനും, നിന്നിൽ ഇടവിടാതെ സന്തോഷിപ്പാനും, നിന്റെ പ്രകാശംകൊണ്ടു ഞങ്ങളുടെ കണ്ണുകളെ പ്രകാശിപ്പിക്കേണമേ.

നമ്മുടെ രക്ഷിതാവു നീതിയിൻ കിരീടം നിങ്ങൾക്കായി മുടയുമാറാകട്ടെ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി നിങ്ങൾ കരേറുകയും ചെയ്യണം.

ഗീതം.

പാട്ടുകാരൻ.

വാനിൽ നിന്നോ—രു മകുടം
കർത്തനിൽ നിന്നി—ങ്ങിറങ്ങി
മണവാട്ടിശി—രസ്സിന്മേൽ
കഹനാ ചൂട്ടീ—ടുന്നു.

പ്രതിവാക്യം.

നാഥാ കാരു—ണ്യത്താൽ
കഹനെന്മാർ മ്ശമശാ—നന്മാർ
ദമ്പതികളെയും—മുടിയാൽ
മണവറയിൽ—സന്തോഷിപ്പിക്കു.

രക്ഷകൻ, നീതിയിൻ—മുടിയെ
നിങ്ങൾക്കായി മു—ടഞ്ഞീടട്ടെ,
പിതൃപുത്രവിശു—ദ്ധാത്മനു
സ്തോത്രം പാ—ടീടുവിൻ.

¶ പട്ടക്കാരൻ മണവാട്ടിയുടെ തലയിൽ കിരീടം വച്ചുകൊണ്ടു ചൊല്ലുന്നു.

കർത്താവു നീതിയുടെ കിരീടത്താൽ നിന്നെ കിരീടം ധരിപ്പിക്കട്ടെ. നാശമില്ലാത്ത അനുഗ്രഹിക്കത്തക്ക അലങ്കാരങ്ങളാൽ നിന്നെ അലങ്കരിക്കട്ടെ. പിതാവിന്നും പുത്രന്നും പരിശുദ്ധ രൂഹായിക്കും സ്തുതി നിൻകരേറിയും കൊണ്ടു, നിന്റെ ആയുഷ്കാലമൊക്കെയും സന്തോഷിക്കുമാറാക.

മണവാട്ടിയും ജനവും. ആമ്മീൻ.

¶ മണവാളന്റെമേലും മണവാട്ടിയുടെമേലും ഉള്ള അനുഗ്രഹം (ആശംസ).

പട്ടക്കാരൻ. മനുഷ്യരുടെ ആയുസ്സിൽ പ്രിയമുള്ള കർത്താവു നിങ്ങളുടെ ആയുസ്സിലും പ്രിയപ്പെടുകയും, നിങ്ങളുടെ കുട്ടായ്മയെ വാഴ്ത്തുകയും ചെയ്യട്ടെ. സ്വർഗ്ഗീയ മണവാളനാകുന്ന മ്ശിഹാ, സത്യത്തിന്റെ മണവാണ്മകൊണ്ടു നിങ്ങളുടെ മണവാണ്മയെ മുദ്രയിടട്ടെ. മ്ശിഹാ തന്റെ സഭയിൽ സന്തോഷിച്ചതുപോലെ, നിങ്ങളും അന്യോന്യം സന്തോഷിക്കണം. അനുഗ്രഹങ്ങളുടെ വലഞ്ഞെ നിങ്ങളുടെ മേൽ വന്നാവസിച്ചു, സകല ഉപദ്രവങ്ങളിൽനിന്നും നിങ്ങളെ കാത്തുകൊള്ളട്ടെ. സമാധാനത്തിന്റെ മാലാകാ, നിങ്ങളോടുകൂടെയിരുന്നു അകൽക്കർസ്സായുടെ വഞ്ചനയിൽനിന്നു നിങ്ങളെ കാത്തുകൊള്ളട്ടെ. കൊല്ലുന്നതായ അസൂയയിൽനിന്നു ദൈവം നിങ്ങളെ രക്ഷിക്കട്ടെ. അന്യോന്യം നിങ്ങളെ താൻ സന്തോഷിപ്പിക്കയും നിങ്ങളിൽനിന്നു ദുഃഖങ്ങളെ നീക്കിക്കളകയും ചെയ്യട്ടെ. അബ്രാഹം യിസ്ഹാക്കിലും, യിസ്ഹാക്കു യാക്കോബിലും, യാക്കോബ് യൌസേഫിലും സന്തോഷിച്ചതുപോലെ, നിങ്ങളും അവരിൽ സന്തോഷിപ്പാനായിട്ടു, കർത്താവു നീതിയുള്ള മക്കളെ നിങ്ങൾക്കു നല്കട്ടെ. ദൈവം നോഹയെയും, അവന്റെ മക്കളെയും അനുഗ്രഹിച്ചു, നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി

പെരുകി ഭ്രമിയിൽ നിറവിൻ എന്നു അവരോടു അരുളി ച്ചെയ്തു ആ അനുഗ്രഹം നിങ്ങളുടെമേൽ വസിക്കട്ടെ. ദൈവം അബ്രാഹാമിനെയും യിസ്സാക്കിനെയും യാക്കോബിനെയും അനുഗ്രഹിച്ച ആ അനുഗ്രഹവും നിങ്ങളുടെമേൽ വസിക്കട്ടെ. ദൈവം ആകാശത്തിൽനിന്നു മഞ്ഞും, ഭ്രമി പുറപ്പെടുവിക്കുന്ന സകല നന്മകളും നിങ്ങൾക്കു നല്കട്ടെ. യാക്കോബു് അവന്റെ പുത്രനായ യൊസേഫിനെ വാഴ്ത്തി, നിന്റെ പിതാവിന്റെ ദൈവം നിന്നെ സഹായിക്കുമെന്നു പറഞ്ഞ ആ വാഴ്വും നിങ്ങളുടെമേൽ വസിക്കട്ടെ. ദൈവത്തെ സ്നേഹിക്കയും, തന്റെ തിരുവിഷ്ടത്തെ പ്രസാദിപ്പിക്കയും ചെയ്തിട്ടുള്ളവരുടെ അനുഗ്രഹം നിങ്ങളുടെമേലും, ഇന്നു പട്ടക്കാരന്റെ കൈകളാൽ നിങ്ങളുടെ തലകളിൽ വെക്കപ്പെട്ട കിരീടങ്ങളിൻമേലും വസിക്കട്ടെ. കർത്താവിന്റെ നാമം നിങ്ങളുടെമേൽ വിളിക്കപ്പെട്ടിരിക്കയാൽ, സകല ജാതികളും സന്തോഷിച്ചു സ്തുതിപാടട്ടെ. ദൈവം, ഐശ്വര്യംകൊണ്ടും, സമ്പത്തുകൊണ്ടും, സകല ഭാഗ്യങ്ങൾകൊണ്ടും നിങ്ങളെ അഭിവൃദ്ധിപ്പെടുത്തട്ടെ. ആ പാപിയായ സ്ത്രീയുടെ പാപങ്ങൾ പരിഹരിച്ചതുപോലെ, നിങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിക്കപ്പെടുമാറാകട്ടെ. വലത്തു ഭാഗത്തെ കള്ളനെപ്പോലെ നിങ്ങളും സ്വർഗ്ഗരാജ്യത്തിന്നു അവകാശികളായിത്തീരട്ടെ. മിസ്രേമിൽനിന്നു പുറപ്പെടുവിച്ച ആ മണവാട്ടിയുമായി ഉടമ്പടി ചെയ്വാൻ സീനായിപർവ്വതത്തിൽ ഇറങ്ങിയ അത്യുന്നതൻ നിങ്ങളെയും നമ്മുടെ സർവ്വസംഘത്തെയും വാഴ്ത്തുമാറാകട്ടെ. സ്വർഗ്ഗത്തിന്റെയും ഭ്രമിയുടെയും നാഥനു നാം സ്തുതികരേറുകയും ചെയ്യണം. ഹാശാ.—

ജനം. ആമ്മീൻ.

. ⵍⴰⵃⵔⵉⵣⴰ

ⵜⵜⴰⵡⵉⵔⵉⵜ ⵏ ⵜⵉⵏⵜ ⵏⵜⵜⴰ ⵏⵜⵜⴰⵡⵉⵔⵉⵜ ⵏ ⵜⵉⵏⵜ .

ⵏⵜⵜⴰ ⵜⵜⴰⵡⵉⵔⵉⵜ ⵏ ⵜⵉⵏⵜ ⵏⵜⵜⴰⵡⵉⵔⵉⵜ ⵏ ⵜⵉⵏⵜ . ⵜⵜⴰⵡⵉⵔⵉⵜ ⵏ ⵜⵉⵏⵜ ⵏⵜⵜⴰ
ⵜⵜⴰⵡⵉⵔⵉⵜ ⵏ ⵜⵉⵏⵜ . ⵜⵜⴰⵡⵉⵔⵉⵜ ⵏ ⵜⵉⵏⵜ ⵏⵜⵜⴰ ⵜⵜⴰⵡⵉⵔⵉⵜ ⵏ ⵜⵉⵏⵜ .
ⵜⵜⴰⵡⵉⵔⵉⵜ ⵏ ⵜⵉⵏⵜ ⵏⵜⵜⴰ

കർത്താവേ, നിന്റെ നാമത്തിൽ വിവാഹം നിശ്ചയിക്കപ്പെട്ടിരിക്കുന്ന മണവാട്ടിയായി നിനക്കു വിവാഹം നിശ്ചയിക്കപ്പെട്ടവൾ ഞാനാകുന്നു. സത്യത്തിന്റെയും നീതിയുടെയും മണവാളനായുള്ളോവേ, ഞാൻ നിന്നിൽ അഭയം പ്രാപിച്ചിരിക്കയാൽ എന്നോടു കരുണ ചെയ്യേണമേ.

നിന്റെ സ്നേഹായാൽ എന്റെ സ്ത്രീധനത്തെ നീ കൊടുത്തു തീർത്തു. നിന്റെ കഷ്ടാനുഭവങ്ങളാൽ എന്നെ നീ സ്വാതന്ത്ര്യപ്പെടുത്തി. ഉന്നതത്തിൽ എനിക്കു നീ മണവറ ചമച്ചിരിക്കുന്നു. ഞാൻ നിന്നേറതായി തീരുവാൻ എന്നെ നീ വിളിച്ചുമിരിക്കുന്നു.

കള്ളന്മാർ എന്റെ മേൽ വീണ്, എന്റെ സൌന്ദര്യത്തെ നശിപ്പിപ്പാൻ മനസ്സുവെച്ചു. നിന്നോടുള്ള സ്നേഹത്താൽ ഞാൻ അവരെ തള്ളിയിട്ട് ഞാൻ അടിമയിൽനിന്നു സ്വാതന്ത്ര്യം പ്രാപിക്കയും ചെയ്തു.

ഗീതം

ഏദൻതോട്ടത്തിനുടയോനേ !—
എന്നെ വേൾക്കുവാൻ വന്നവൻ നീ.
ഇരുംകാററുത്തു കൊണ്ടുപോക—
ഉല്ലാസം എനിക്കുവിടെയുണ്ടു.

കർത്തനേ, എന്നെ വേളിക്കായ് നീ—
നിശ്ചയിച്ച മണവാട്ടിയായ് ഞാൻ.
വിശ്വസ്തനാം സത്യമണവാളാ—
കരുണചെയ്യുന്നിൽ, ശരണം നീയേ.

കുരിശിനാൽ കൊടുത്തെൻ സ്ത്രീധനവും—
കഷ്ടപ്പാടാൽ സ്വതന്ത്രതയും.
എൻ മണവറ ഉന്നതത്തിൽ—
നിൻ വകയായ് വിളിച്ചെന്നെ നീ.

കള്ളന്മാർ എന്റെ സൌന്ദര്യത്തെ—
കൊള്ളചെയ്യാൻ മോഹിച്ചെതിർത്തു

തിരുസ്നേഹത്താൽ മെതിച്ചവരെ—
അടിമയിൽനിന്നു ഞാൻ സ്വതന്ത്രയായി.

¶ മണവാളൻ മണവാട്ടിയുടെ കഴുത്തിൽ മിന്നുകെട്ടി മന്ത്രകോടി ഇട്ട ശേഷം പട്ടക്കാരൻ പിന്നാലെയുള്ളതു ചൊല്ലിക്കൊണ്ടു അവരെ അനുഗ്രഹിക്കയും ദമ്പതിമാർ വണങ്ങിക്കൊണ്ടു കുരിശുവരെകയും ചെയ്യണം.

. ܟܬܒܐ ܩܕܝܫܐ ܠܥܠܡ

. ܡܪܝ ܥܡ ܟܠܟܘܢ ܐܡܝܢ ❊ ܘܥܡ ܪܘܚܟ ❊

. ❊ ܐܠܗܐ ܐܒܐ ܕܟܠ ܚܕ ❊ ܘܐܠܗܐ ܒܪܐ ❊

. ❊ ܘܐܠܗܐ ܪܘܚܐ ܕܩܘܕܫܐ ❊ ܕܡܢ ❊

. ❊ ܐܠܗܐ ܬܠܝܬܝܐ ❊ ܕܡܢ ❊

. ❊ ❊ ❊

സ്സിന്റെ സംവത്സരങ്ങൾ പ്രകാശമുള്ള ലോകങ്ങളിൽ അനുഗ്രഹപ്രദമായിരിക്കേണമേ.

കർത്താവേ, ഈ കൂട്ടം സഭ്യീയവും ഭൌമവുമായ സകല അനുഗ്രഹങ്ങൾകൊണ്ടും എന്നേക്കും അനുഗ്രഹിക്കപ്പെട്ടതായിരിക്കേണമേ.

കർത്താവേ, നിന്റെ ദാസന്മാരുടെ വായാലുള്ള സ്തുതിയെ, നീ വാഴ്ത്തേണമേ. അവർ കിന്നരങ്ങളാൽ നിർമ്മലമായ സ്തുതികൾ നിനക്കു പാടുകയും ചെയ്യുമാറാകേണമേ.

ഗീതം.

പട്ടക്കാരൻ.

ഭേ—വസ്തനേ വലങ്കൈനീട്ടി
വാഴ്ത്തീ—ടേണമേ നീ +
മണവാളനെയും മണവാട്ടിയെയും
ശിരസ്സിൻ മുടിയെയും നീ
വാ—ഴ്ത്തുക നാഥാ ദമ്പതികളെയും, +
അവരവർ നാ—മത്തിൽ നീ—
വാഴ്ത്തുക ഇവരിൻ ജീവിതകാലം
വെളിവിൻ ലോകെ-നീ.

ഈ—നിൻ ജനവും എന്നെന്നേക്കും
വാഴ്ത്ത— പ്പെടേണം— +
വാഴ്ത്തീടണമേ ഇഹപരലോക,
വാഴ്വാലിവരെ—നീ.

വാ—ഴ്ത്തീടുക + നിൻ അടിയാർ വായ്കളിൻ
സ്തുതിയെ— നാഥാ നീ-
വാഴ്ത്തീടുക വീണകളാൽ നിന്നെ
വന്ദനം ചെയ്തീ—ടുവാൻ.

❊ [illegible] ❊

ഹ്രുത്താമ്മാ

പട്ടക്കാരൻ.

എന്റെ വാത്സല്യമുള്ള സഹോദരന്മാരേ, നാം എല്ലാവരും ദൈവത്തിന്റെ ഭവനത്തിൽ നില്ക്കുന്ന ഈ സമയത്തു വിശ്വാസികളെ കരുതൽപ്പെടുത്തണമെന്നു, നമ്മുടെ വിശുദ്ധപിതാക്കന്മാരിൽനിന്നു നാം കൈക്കൊണ്ടിട്ടുള്ളതും, നമ്മുടെ ബഹുമാനപ്പെട്ട പൂർവ്വന്മാർ നമ്മെ ഭരമേല്പിച്ചതുമായ ഒരു പതിവു നമുക്കുണ്ട്. നമ്മുടെ മുൻപാകെ നില്ക്കുന്നവരോടു, അവർ സത്യത്തിലും നീതിയിലും നല്ല പ്രവൃത്തികളിലും താല്പര്യമുള്ളവരും, സൽക്രിയകളിൽ ജാഗ്രതയുള്ളവരും, ആയിരിപ്പാൻ വിണ്ടും ഉറപ്പായി നാം കല്പിക്കണം.

ഇപ്പോൾ ഞങ്ങളുടെ മക്കളേ! നിങ്ങൾ ദൈവത്തിന്റെ മുൻപാകെയും, നമ്മുടെ കർത്താവായ യേശുമ്ശിഹായുടെ സിംഹാസനമാകുന്ന ജീവന്റെ മേശയുടെ മുൻപാകെയും, സ്ലീബായുടെ മുൻപാകെയും, വിശുദ്ധ ഏവൻഗേലിയോന്റെ മുൻപാകെയും, ഈ യോഗത്തിന്റെ മുൻപാകെയും, ഹൃദയവിചാരങ്ങളെ അറിയാത്തവന്റെ മുൻപാകെ അല്ല, അറിയുന്നവന്റെ മുൻപാകെയും അത്രേ നില്ക്കുന്നതു എന്നു കരുതിക്കൊൾവിൻ. ഇതാ ഇതുമുതൽ നിങ്ങളെ തമ്മിൽ തമ്മിൽ ഞങ്ങൾ ചേർത്തിരിക്കുന്നു. ദൈവം എനിക്കും നിങ്ങൾക്കും ഇടയിൽ മദ്ധ്യസ്ഥനായിരിക്കട്ടെ. നിയമവിരുദ്ധമായി നിങ്ങൾ ചെയ്യുമെന്ന സകലത്തിൽനിന്നും ഞാൻ കുറമില്ലാത്തവനായിരിക്കും. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും പട്ടക്കാരുടെമേലും, ശെമ്മാശന്മാരുടെ മേലും, വിശ്വാസമുള്ള ജനത്തിന്മേലും മണവാളന്റെ മേലും, മണവാട്ടിയുടെ മേലും വിരുന്നിനു ക്ഷണിക്കപ്പെട്ടവ

രുടെമേലും, ക്ഷണിക്കുന്നവരുടെമേലും വന്നാവസിച്ചു വ്യാപിക്കുമാറാകട്ടെ. നമ്മുടെ കർത്താവേശുമ്ശിഹായുടെ വലഞ്ഞെ എല്ലായ്പ്പോഴും ഇവരുടെമേൽ പാക്കയും ചെയ്യട്ടെ.

ജനം. ആമ്മീൻ.

അതിന്റെ ശേഷം

പട്ടക്കാരൻ.

വീണ്ടും വിശ്വാസികളേ! നിങ്ങളിൽ ഓരോരുത്തനും അവനവന്റെ ഭാര്യയുമായുള്ള ബന്ധം ഏതുവിധത്തിൽ ഇരിപ്പാൻ ന്യായമാകുന്നു എന്ന് ഓരോരുത്തനും സൂക്ഷിച്ചുകൊള്ളണമെന്നുള്ള ഈ കല്പന നിങ്ങളോടു എല്ലാവരോടും ആകുന്നു എന്നു അറിഞ്ഞുകൊൾവിൻ. എന്തുകൊണ്ടെന്നാൽ, ഇവൾ ഇവളുടെ ചാച്ചുക്കാരെ വിട്ടുപിരിഞ്ഞു് ഇവളുടെ ഭർത്താവിനോടു ഒന്നിച്ചിരിക്കുന്നു. അതിനാൽ അവൻ ഇനിയും അവളെ പ്രസാദിപ്പിച്ചു്, അവളോടു ദയവായി വർത്തിക്കണം. അവൻ നഗ്നനാകേണ്ടി വന്നാലും, അവളെ വസ്ത്രം ധരിക്കുമാറാക്കണം. അവന്നു വിശന്നാലും, അവൾക്കു ആഹാരം കൊടുക്കണം. അവൻ ദാഹിച്ചിരുന്നാലും, അവൾക്കു കുടിപ്പാൻ കൊടുക്കണം. അവൻ അവളോടു ഏതുപ്രകാരം വർത്തിക്കണമോ, അതുപോലെ അവളും അവനോടു വർത്തിക്കയും, യോഗ്യമാംവണ്ണം അവനെ ശുശ്രൂഷിക്കയും ചെയ്യേണ്ടതു ന്യായമല്ലോ ആകുന്നു. അവൾ സകലത്തിലും സ്നേഹത്തോടും പ്രേമത്തോടും അവനോടു വർത്തിക്കയും വേണം. നമ്മുടെ കർത്താവായ യേശുമ്ശിഹായുടെ കൃപ ഞങ്ങളുടെമേലും നിങ്ങളുടെമേലും എന്നേക്കും ഉണ്ടായിരിക്കുമാറാകട്ടെ!

ജനം. ആമ്മീൻ.

ആശീർവ്വാദം

പട്ടക്കാരൻ.

ആകാശവും ഭ്രമിയും സൃഷ്ടിച്ച കർത്താവിനാൽ നിങ്ങൾ എല്ലാവരും അനുഗ്രഹിക്കപ്പെട്ടവരാകുന്നു. ആത്മീയമായ ഈ ശുശ്രൂഷയിൽ ഞങ്ങളോടുകൂടെ ഒരുങ്ങി വന്നു സംബന്ധിച്ചിട്ടുള്ള നിങ്ങളെല്ലാവരെയും ദൈവമായ കർത്താവു അനുഗ്രഹിച്ചു ശുദ്ധീകരിക്കട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവം, ബലഹീനതയും കുറവുമുള്ള നമ്മുടെ പ്രാർത്ഥനകൾ ഉന്നതമായ തന്റെ സിംഹാസനത്തിൻ മുൻപാകെ കേൾക്കയും കൈക്കൊള്ളുകയും ചെയ്യുമാറാകട്ടെ.

ജനം. ആമ്മീൻ.

വിശുദ്ധ വിവാഹശുശ്രൂഷക്രമം അവസാനിച്ചു.

പ്രസവസ്തോത്രശുശ്രൂഷാക്രമം

പട്ടക്കാരൻ.

വിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജനം.

ബലഹീനന്മാരും പാപികളുമായ—

പ്രാരംഭപ്രാർത്ഥന.

പട്ടക്കാരൻ.

സർവ്വശക്തിയുള്ളവനും, തന്റെ മഹാശക്തിയാലും ദിവ്യജ്ഞാനത്താലും, സകലത്തെയും ഭരിക്കുന്നവനുമായ ദൈവമായ കർത്താവേ, പ്രസവത്തിന്റെ സകല ആപത്തുകളിൽനിന്നും വിഷമതരങ്ങളായ ഉപദ്രവങ്ങളിൽനിന്നും നീ രക്ഷിക്കയും, ഇന്നു സുഖത്തോടുകൂടി നിന്റെ വിശുദ്ധമന്ദിരത്തിൽ വന്നു, നിന്റെ കർത്തവത്തെ വന്ദിപ്പാനും, നിന്റെ പരിശുദ്ധനാമത്തെ സ്തു

തിപ്പാനും, നി ഇടവരുത്തുകയും ചെയ്തിരിക്കുന്ന ഈ നിന്നെറ ദാസിക്ക വേണ്ടി നിന്നെറ ശ്രേഷ്ഠതയുടെ സന്നിധിയിൽ ഞങ്ങൾ അണെക്കുന്ന പ്രാത്ഥനകളും സ്തോത്രങ്ങളും നീ കൈക്കൊള്ളേണമേ. കത്താവേ, നിന്നെറ അനുഗ്രഹത്തിന്നെറ ബഹുത്വത്താൽ ഇവളെ ദശ്ശിച്ചു, ഇവളുടെ മേൽ കരുണചെയ്യേണമേ. നിന്നെറ അടുക്കൽ നിന്നു ഐശ്വര്യങ്ങളുടെ വാഴ്വുകൾ ഇവൾക്ക അയച്ചുകൊടുക്കേണമേ. പിതാവും പുത്രനും വിശുദ്ധാത്മാവുമായ ദൈവമേ, ഞങ്ങൾ എല്ലാവരുടെ മേലും നി നിന്നെറ അനുഗ്രഹങ്ങൾ വർഷിപ്പിക്കയും ചെയ്യേണമേ. ഹാശാ—

ജനം. ആമ്മീൻ.

. [illegible]

[illegible]

[illegible]

[

കുക്ക്ലയൊൻ

പട്ടക്കാരൻ

എന്നോടുള്ള തന്റെ സകല ഉപകാരങ്ങൾക്കും പകരം ഞാൻ കർത്താവിന്നു എന്തുകൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രം എടുത്തു് കർത്താവിന്റെ തിരുനാമം വിളിച്ചപേക്ഷിക്കും.

ഞാൻ നിനക്കു സ്തുതിയാകുന്ന യാഗങ്ങൾ കഴിക്കും. ഞാൻ കർത്താവിന്നു എന്റെ നേച്ചുകളെ സകല ജനത്തിന്റെയും മുൻപാകെ കഴിക്കും. ബാറെക്മാർ.

പട്ടക്കാരൻ. പിതാവിന്നും പുത്രന്നും പരിശുദ്ധാത്മാവിന്നും സ്തുതി.

ജനം. ആദിമുതൽ എന്നെന്നേക്കും തന്നേ. ആമ്മീൻ.

എക്ബൊ.

പട്ടക്കാരൻ.

യിസ്രായേലിന്റെ ഗോത്രത്തിൽനിന്നു് ഉദിച്ച സിംഹക്കുട്ടിയായുള്ളോവേ, നിന്റെ ബലമുള്ള ശക്തിയാൽ ഈ നിന്റെ ദാസിയെ കാത്തു്, ഇവളെ അനുഗ്രഹിക്കേണമേ.

ശുശ്രൂഷകൻ. സ്തൂനമെൻകാലോസ്.

ജനം. കുറിയേലായിസ്സോൻ.

പ്രാർത്ഥന

പട്ടക്കാരൻ. നാമെല്ലാവരും പ്രാർത്ഥിച്ചു.....

ജനം. അനുഗ്രഹിക്കുന്നവനായ കർത്താവേ.....

പട്ടക്കാരൻ.

സ്തുതിയും സ്തോത്രവും.....

തങ്കലേക്കു അടുത്തു വരുന്ന എല്ലാവരെയും ജീവിപ്പിക്കുന്നവനും രക്ഷിക്കുന്നവനും, തന്നിൽ ആശ്രയിക്കുന്ന എല്ലാവരുടെയും സങ്കേതസ്ഥലവും, തന്റെ മക്കളുടെ ആവശ്യം അറിഞ്ഞു തന്റെ കൃപയാൽ അവരെ സഹായിക്കുന്നവനും, മലിനതയുള്ളവരെ വെടിപ്പാക്കുന്ന സോപ്പായും, അശുദ്ധിയുള്ളവരെ ശുദ്ധീകരിക്കുന്നവനും, പാപങ്ങളെ ക്ഷമിക്കുന്നവനുമായ മ്ശിഹാതമ്പുരാന്റെ, തന്റെ ദാസിക്കു വേണ്ടിയുള്ള സ്തോത്രപ്രാത്ഥന പൂർണ്ണമാക്കപ്പെട്ടുന്ന ഈ നേരത്തും, നമ്മുടെ ആയുഷ്കാലം മുഴുവനും സ്തുതിയും ബഹുമാനവും യോഗ്യമായിരിക്കുന്നു. ഹാശാ—

ജനം. ആമ്മീൻ.

സെദറാ.

പട്ടക്കാരൻ.

മനുഷ്യരുടെ ആയുസ്സിനെക്കുറിച്ചു താല്പര്യമുള്ളവനും, സഹായങ്ങൾ നല്കുന്നവനും നന്മകളെ പ്രദാനം ചെയ്യുന്നവനും, കടങ്ങളെ പരിഹരിക്കുന്നവനുമായ മ്ശിഹാതമ്പുരാനേ, ഈ നിന്റെ ദാസിയുടെ പ്രസവസമത്തു ഇവൾക്കു ചെയ്തുകൊടുത്തതും ഇവളെ കാത്തുരക്ഷിച്ചതുമായ നിന്റെ സകല കൃപകൾക്കും വേണ്ടി, നിന്റെ തിരുസന്നിധിയിൽ ഞങ്ങൾ സ്തോത്രം അർപ്പിച്ചു്, നിന്റെ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കുന്നു. ഇപ്പോഴും കർത്താവേ, നിന്റെ പരിശുദ്ധ മദ്ബഹായുടെ മുൻപാകെ അടുത്തുവന്നിരിക്കുന്ന ഈ നിന്റെ ദാസിയെ നിന്റെ വലങ്കൈ നീട്ടി അനുഗ്രഹിക്കേണമേ. ഇവളുടെമേലും (ഇവളുടെ ശിശുവിന്മേലും) അനുഗ്രഹങ്ങളും കരുണയും നീ ചൊരിയേണമേ. പാപത്തിന്റെ സകല അശുദ്ധിയിൽനിന്നും ഇവളെ നീ വെടിപ്പാക്കേണമേ. ശക്തിയുള്ളതും സഹായം നല്കുന്നതുമായ നിന്റെ വല

ങ്കെയെ എപ്പോഴും ഓപ്പാനും, നിന്റെ കരുണയിൽ ആശ്രയിപ്പാനും ഇവൾക്കു കൃപ നല്കേണമേ. നിന്റെ ചിറകുകളുടെ നിഴലിൻകീഴിൽ ഇവളെ മറെച്ചുകൊള്ളേണമേ. നിന്റെ നന്മകൾ ഇവൾക്കു വർദ്ധിപ്പിച്ചു കൊടുക്കേണമേ. ജീവന്റെ വഴികളിൽകൂടി നടപ്പാനും, നിന്നിലുള്ള സത്യവിശ്വാസത്തിൽ നിലനില്പാനും, വിശുദ്ധിയിൽ ഇവളുടെ ആയുസ്സിനെ പൂർണ്ണമാക്കുവാനും, നിന്നെ പ്രസാദിപ്പിച്ചിട്ടുള്ള എല്ലാവരോടുംകൂടെ അഴിവില്ലാത്ത ഭാഗ്യങ്ങളിൽ ഓഹരി കണ്ടെത്തുവാൻ യോഗ്യതയുള്ളവളായി തീരുവാനും ഇവളെ നി സഹായിക്കേണമേ. നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധമൂഹായ്ക്കും സുതിയും സ്തോത്രവും ഞങ്ങൾ കരേറ്റും. ഹാശാ—

ജനം. ആമ്മീൻ.

. ⌐⌐⌐ ⌐⌐⌐⌐ ⌐⌐⌐

⌐⌐⌐⌐⌐ . ⌐⌐⌐⌐⌐ ⌐⌐⌐⌐⌐⌐ . ⌐⌐⌐⌐ . ⌐⌐⌐⌐⌐⌐⌐

⌐⌐⌐⌐⌐ ⌐⌐⌐⌐ . ⌐⌐⌐⌐⌐⌐⌐⌐ ⌐⌐⌐⌐⌐⌐⌐⌐ . ⌐⌐⌐⌐⌐⌐⌐⌐ . ⌐⌐⌐⌐⌐

. ⌐⌐⌐⌐⌐ ⌐⌐⌐⌐⌐ . ⌐⌐⌐⌐⌐⌐⌐⌐ . ⌐⌐⌐⌐⌐⌐⌐⌐ . ⌐⌐⌐⌐⌐⌐⌐⌐ . ⌐⌐⌐⌐⌐

⌐⌐⌐⌐⌐⌐⌐⌐ . ⌐⌐⌐⌐⌐⌐⌐⌐ ⌐⌐⌐⌐⌐⌐⌐⌐ ⌐⌐⌐⌐⌐⌐⌐⌐ . ⌐⌐⌐⌐⌐⌐⌐⌐ . ⌐⌐⌐⌐⌐⌐⌐⌐

. ⌐⌐⌐⌐⌐⌐⌐⌐ ⌐⌐⌐⌐⌐⌐⌐⌐ . ⌐⌐⌐⌐⌐⌐⌐⌐ . ⌐⌐⌐⌐⌐⌐⌐⌐ . ⌐⌐⌐⌐⌐⌐⌐⌐

⌐⌐⌐⌐⌐⌐⌐⌐ . ⌐⌐⌐⌐⌐⌐⌐⌐ ⌐⌐⌐⌐⌐⌐⌐⌐ . ⌐⌐⌐⌐⌐⌐⌐⌐ . ⌐⌐⌐⌐⌐⌐⌐⌐

കാലാ

പട്ടക്കാരൻ

പൂർണ്ണഹൃദയത്തോടുകൂടെ തന്നിൽ ആശ്രയിക്കുന്ന വിശ്വാസികളുടെ പ്രത്യാശയായ യേശുവേ, നി നിന്റെ മാസിക്ക ഹിതകരമായ പരിചയും, ഉന്നതമായ കോട്ടയും ആയിരുന്നു് നിന്റെ ചിറകുകൊണ്ടു ഇവളെ മറെച്ചുകൊള്ളേണമേ. ബാറെക്മാർ.

പട്ടക്കാരൻ. പിതാവിന്നും പുത്രന്നും പരിശുദ്ധരൂഹായ്ക്കും സ്തുതി.

ജനം. ആദിമുതൽ എന്നെന്നേക്കും തന്നേ. ആമ്മീൻ.

പട്ടക്കാരൻ

തന്റെ മക്കൾക്കു സകല നല്ല ദാനങ്ങളെയും വഷ്ടിച്ചുകൊടുക്കുന്ന അത്യുന്നതന്റെ കടിഞ്ഞൂലായ അമ്മാനുവേലേ, നിന്റെ വിശുദ്ധരൂഹായുടെ നൽവരം ഈ നിന്റെ മാസിക്ക ദാനം ചെയ്യു, സകല തിന്മകളിൽനിന്നും നിന്റെ സോപ്പായാൽ ഇവളെ വെടിപ്പാക്കേണമേ.

ജനം

കത്താവേ, ഞങ്ങളെ അനുഗ്രഹിച്ചു്, ഞങ്ങൾക്കു സഹായം ചെയ്യേണമേ.

¶ ഇവിടെ ക്രമ-ാം സങ്കീർത്തനം വാക്യപ്രതിവാക്യമായി ചൊല്ലണം.

കത്താവു, എന്റെ അപേക്ഷയുടെ ശബ്ദം കേൾക്കുമെന്നുള്ളതുകൊണ്ടു് ഞാൻ അവനെ സ്നേഹിച്ചു.

2. ഞാൻ അവനെ വിളിക്കും എന്ന ദിവസത്തിൽ അവൻ തന്റെ ചെവിയെ എങ്കലേക്കു ചായിക്കും.

3. എന്തെന്നാൽ മരണവേദനകൾ എന്നെ ചുറ്റി,

പാതാളത്തിന്റെ ഞെരുക്കങ്ങൾ എനിക്കു അടുത്തു. ഞെരുക്കവും അരിഷ്ടതയും ഞാൻ അനുഭവിച്ചു.

4. കർത്താവേ, എന്റെ പ്രാണനെ രക്ഷിക്കേണമെന്നു ഞാൻ കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചു.

5. കർത്താവേ, നി കരുണയും നീതിയുള്ളവനാകുന്നു. ദൈവമേ, നീ കരുണയുള്ളവനാകുന്നു.

6. കർത്താവു, അല്പബുദ്ധികളെ കാക്കുന്നു. അവൻ എന്നെ താഴ്ത്തി, എന്നെ രക്ഷിക്കയും ചെയ്തു.

7. എന്റെ ആത്മാവേ, നിന്റെ വിശ്രാമത്തിലേക്കു നി തിരിഞ്ഞുകൊൾക. എന്തെന്നാൽ കർത്താവു നിനക്കു ഉപകാരം ചെയ്തിരിക്കുന്നു.

8. എന്തെന്നാൽ എന്റെ പ്രാണനെ മരണത്തിൽനിന്നും എന്റെ കാലുകളെ പിഴകളിൽനിന്നും നീ രക്ഷിച്ചു.

9. ദൈവമേ, ജീവനുള്ളവരുടെ ദേശത്തു്, നിന്റെ മുൻപാകെ ഇഷ്ടമുള്ളവനായിരിക്കേണ്ടതിനു തന്നേ.

10. ഞാൻ വിശ്വസിച്ചു, ഞാൻ സംസാരിച്ചു, ഞാൻ ഏറ്റവും എളിമപ്പെട്ടുമിരിക്കുന്നു.

11. എല്ലാ മനുഷ്യരും അസത്യവാദികളെന്നു, ഞാൻ എന്റെ പരിഭ്രമത്തിൽ പറഞ്ഞു.

12. എന്നോടുള്ള തന്റെ സകല ഉപകാരങ്ങൾക്കും പകരം ഞാൻ കർത്താവിന്നു് എന്തുകൊടുക്കും ?

13. ഞാൻ രക്ഷയുടെ പാനപാത്രം എടുത്തു് കർത്താവിന്റെ തിരുനാമം വിളിച്ചപേക്ഷിക്കും.

14. ഞാൻ കർത്താവിന്നു് എന്റെ നേർച്ചകളെ സകല ജനത്തിന്റെയും മുൻപാകെ കഴിക്കും.

15. കർത്താവിന്റെ കണ്ണുകളിൽ തന്റെ നിതിമാന്മാരുടെ മരണം വിലയേറിയതാകുന്നു.

16. കർത്താവേ, ഞാൻ നിന്റെ ദാസനാകുന്നു. ഞാൻ നിന്റെ ദാസനും, നിന്റെ ദാസിയുടെ പുത്രനുമാകുന്നു. നീ എന്റെ ബന്ധനങ്ങളെ എന്നിൽനിന്നു അഴിച്ചു.

17. ഞാൻ നിനക്കു സ്തുതിയാകുന്ന യാഗങ്ങളെ അർപ്പിച്ചു കർത്താവിന്റെ തിരുനാമം വിളിച്ചപേക്ഷിക്കും.

18. ഞാൻ കർത്താവിനു എന്റെ നേർച്ചകളെ സകല ജനത്തിന്റെയും മുൻപാകെയും,

19. കർത്താവിന്റെ ഭവനത്തിന്റെ പ്രാകാരങ്ങളിലും ഉൗർശ്ലേമേ, നിന്റെ നടുവിലും കഴിക്കും.

ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മാർ.

പട്ടക്കാരൻ

പിതാവിനും പുത്രനും പരിശുദ്ധാത്മാവായിക്കും സ്തുതി.

ജനം

ആദിമുതൽ എന്നേക്കുമെന്നേക്കും തന്നേ. ആമ്മീൻ.

ശുശ്രൂക്ഷകൻ

ഹാലേലുയ്യാ ഉ ഹാലേലുയ്യാ ഞാൻ ബഹുമാനപൂർവ്വം നിന്റെ ഭവനത്തിലേക്കു വരും, എന്റെ അധരങ്ങൾ ഉച്ചരിച്ചിട്ടുള്ള നേർച്ചകളെ ഞാൻ നിനക്കു കഴിക്കും. ഹാലേലുയ്യാ.

ഈ ഇവിടെ പട്ടക്കാരൻ ഏവൻഗേലിയോൻ വായിക്കുന്നു.

വിശു. ലൂക്കൊസു ൨ അ. ൨൨—൩൨.

മോശെയുടെ ന്യായപ്രമാണപ്രകാരം അവരുടെ

ശുദ്ധീകരണദിവസങ്ങൾ തികഞ്ഞപ്പോൾ കടിഞ്ഞൂലായ ആൺ ഒക്കെയും കർത്താവിന്റെ വിശുദ്ധൻ എന്നു വിളിക്കപ്പെടണമെന്നു്, കർത്താവിന്റെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നതുപോലെ, കർത്താവിന്റെ മുൻപാകെ അവനെ നിത്തുവാനും, കർത്താവിന്റെ ന്യായപ്രമാണത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, ഒരിണപ്രാവിനെയോ രണ്ടു പ്രാവിൻകുഞ്ഞുങ്ങളെയോ യാഗമായി കൊടുപ്പാനും ഉന്നർശ്ലേമിലേക്കു അവനെ കൊണ്ടുപോയി. എന്നാൽ ഉന്നർശ്ലേമിൽ ശിമെയോൻ എന്നു പേരുള്ള ഒരു പുരുഷൻ ഉണ്ടായിരുന്നു. ഈ മനുഷ്യൻ നീതിമാനും, പരിശുദ്ധനും, ഇസ്രായേലിന്റെ ആശ്വാസത്തിന്നായി കാത്തിരിക്കുന്നവനും ആയിരുന്നു. പരിശുദ്ധാത്മാവും അവന്റെ മേൽ ഉണ്ടായിരുന്നു. കർത്താവിന്റെ മ്ശിഹായെ കാണുന്നതുവരെ, അവൻ മരണം കാണുകയില്ലെന്നു് പരിശുദ്ധാത്മാവിനാൽ അവനോടു പറയപ്പെട്ടുമിരുന്നു.


നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

ജനം

നിന്റെ ആത്മാവോടു കൂടെയും ഉണ്ടായിരിക്കട്ടെ.

. ܫܠܡ ܠܟ ܘܥܡ ܪܘܚܟ

ܡܛܠ ܗܢܐ ܟܬܝܒ ܗܘ ܕܢܗܘܐ ܩܕܝܫ ܠܡܪܝܐ ܠܟܠ ܕܟܪ . ܘܐܝܟ ܕܐܡܪ ܒܢܡܘܣܐ ܕܡܪܝܐ . ܙܘܓ ܓܘܙܠܐ ܐܘ ܬܪܝ ܒܢܝ ܝܘܢܐ ܢܣܒ ܠܗ ܠܩܘܪܒܢܐ ܐܝܟ ܕܐܡܪ ܒܢܡܘܣܐ ܕܡܪܝܐ . ܘܗܐ ܓܒܪܐ ܫܡܥܘܢ ܫܡܗ ܘܗܘ ܓܒܪܐ ܙܕܝܩ ܘܚܣܝܕ ܡܬܚܙܐ ܠܬܘܒܬܗ ܕܐܝܣܪܝܠ ܘܪܘܚܐ ܩܕܝܫܐ ܗܘܬ ܥܠܘܗܝ . ܘܐܬܓܠܝ ܠܗ ܡܢ ܩܕܡ ܪܘܚܐ ܕܠܐ ܢܚܙܐ ܡܘܬܐ ܥܕ ܕܢܚܙܐ ܡܫܝܚܐ ܕܡܪܝܐ .



മാർ അപ്രേമ്മിന്റെ അപേക്ഷ.

വട്ടക്കാരൻ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമേ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളേണമേ.

ദൈവമേ, നിന്റെ വലങ്കൈ നീട്ടി, ഈ നിന്റെ ദാസിനെ അനുഗ്രഹിക്കേണമേ. നിന്റെ കല്പനകളെ ധ്യാനിച്ചു്, നിത്യവും നിന്റെ സത്യം പഠിപ്പാൻ ഇവൾക്കു കൃപനല്കേണമേ.

നിന്റെ കരുണയുള്ള വലങ്കൈയാൽ ഇവളെ കാത്തു, സ്വർഗ്ഗരാജ്യത്തിലേക്കു ഇവളെ നടത്തേണമേ. നിന്റെ കർത്തൃത്വത്തിനു സ്തുതിപാടുവാൻ ഉയരത്തിൽനിന്നു ഇവൾക്കു സമാധാനം നല്കേണമേ.

ഇവൾക്കു ഹൃദയനിർമ്മലത കൊടുത്തു, വിശുദ്ധികൊണ്ടു ഇവളെ അലങ്കരിക്കേണമേ. ഇവളുടെ ആയുസ്സ്കാലം

മുഴുവനും നിന്നെ പ്രസാദിപ്പിപ്പാൻ സകല അശുദ്ധി യിൽനിന്നും ഇവളെ വെടിപ്പാക്കേണമേ.

കർത്താവേ, നിന്റെ കർത്തൃത്വത്തിന്റെ ഇഷ്ടം ചെയ്വാനും, അത്യുന്നതമായ നിന്റെ തിരുനാമത്തെ സ്തുതിപ്പാനുമായി നിന്റെ കരുണയാൽ വിശുദ്ധരൂപായെ ഇവൾക്കു ദാനം ചെയ്യേണമേ.

പ്രാർത്ഥനകളെ കേൾക്കുന്നവനും, യാചനകളെ നല്കുന്നവനുമായുള്ളോവേ, ഞങ്ങളുടെ പ്രാർത്ഥന കേട്ടു ഞങ്ങളോടു നിരന്നു, നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളുടെ യാചനകളെ നല്കുമാറാകേണമേ.

അല്ലെങ്കിൽ ഗീതം.

കർത്താവേ, അനുഗ്രഹിക്കു,
ശുശ്രൂഷ-കൈക്കൊള്ളേണമേ.

ദൈവമേ, വലങ്കൈ നീട്ടി,
അനുഗ്രഹിക്കു-നിൻ ദാസിയെ (ദാസികളെ).

നിൻ കല്പനകൾ ധ്യാനിച്ചു്,
നിൻ സത്യം പഠിപ്പാ-നരുൾക.

കരുണയിൻ വലങ്കൈയാലെ,
നടത്തണമേ-സ്വർഗ്ഗത്തേക്കു.

നിൻ കർത്തൃത്വത്തെ സ്തുതിപ്പാൻ,
നൽകണമേ-നിൻ സമാധാനം.

ഹൃദയവെടിപ്പാലി-വളെ (വരെ)
അലങ്കരിച്ചു്- ശുദ്ധംചെയ്കു.

ആയുസ്സുനാളെല്ലാം-ഇവൾ (ഇവർ)
തിരുവിഷ്ടം-ചെയ്വാനരുൾക.

അശുദ്ധിയിൽ നിന്നി-വളെ (വരെ)
വെടിപ്പാക്കേണമേ-കർത്താവേ.

അത്യുന്നതമാം-നിൻ നാമം
സ്തുതിപ്പാനും-നൽകീടണമേ.

നിൻ കാരുണ്യത്താൽ-ഇവർക്ക (ഇവക്ക)
സഹായെ-നൽകീടണമേ.

പ്രാർത്ഥനകൾ കേൾക്ക-നോനേ,
യാചനകൾ- നല്കുനോനേ,

ഞങ്ങളിൻ പ്രാർത്ഥനകൾ-കേട്ട,
യാചനകൾ നൽകീടണമേ.

ആശീർവ്വാദം.

പട്ടക്കാരൻ.

സർവ്വശക്തിയുള്ള ദൈവമായ കർത്താവു തന്റെ വ ലഞ്ഞെ നിന്റെ മേൽ ആവസിപ്പിച്ചു്, നിന്നെ അനുഗ്ര ഹിക്കട്ടെ. രാപ്പകൽ അവൻ നിന്നെ കാത്തു മറെച്ചുകൊ ള്ളട്ടെ. ഈ ലോകത്തിൽ സകല അരിഷ്ടതകളിൽ നി ന്നും, സങ്കടങ്ങളിൽ നിന്നും, ആവലാധികളിൽ നി ന്നും അവൻ നിന്നെ രക്ഷിക്കട്ടെ. വരുവാനിരിക്കുന്ന ലോകത്തിൽ അഴിഞ്ഞുപോകാത്ത ഭാഗ്യത്തിനും നിത്യ ജീവനും നിന്നെ യോഗ്യയാക്കി തീർക്കയും ചെയ്യട്ടെ.

സ്ത്രീയും ജനവും. ആമ്മീൻ.

പട്ടക്കാരൻ സ്ത്രീയുടെ തലയിൽ കൈവെച്ചു ചൊല്ലേണ്ട ആശീർവ്വാദം.

സർവ്വശക്തിയുള്ള ദൈവമായ കർത്താവു നിന്റെ മേൽ മനസ്സലിഞ്ഞു, നിന്റെ സകല പാപങ്ങളെയും നിന്നോടു ക്ഷമിക്കയും, നിന്റെ സകല രോഗങ്ങളെയും സൌഖ്യമാക്കുകയും, നിത്യജീവങ്കലേക്കു നിന്നെ വഴി നടത്തുകയും ചെയ്യുമാറാകട്ടെ.

സ്ത്രീയും ജനവും. ആമ്മീൻ.

സൂചനകൾ

¶ 'നിങ്ങളിൽ ഒരുത്തൻ രോഗിയായാൽ സഭയുടെ കശ്ശീശന്മാരെ വിളിക്കട്ടെ' എന്നിത്യാദി തിരുവെഴുത്തിൻപ്രകാരം ആക്കെക്കിലും രോഗമുണ്ടായാൽ പട്ടക്കാരനു അറിവു കൊടുക്കണം.

¶ പട്ടക്കാരൻ രോഗിയുടെ ഭവനത്തിൽ എത്തി രോഗിക്കുവേണ്ടിയുള്ള ശുശ്രൂഷ നടത്തണം. ആ സമയത്തു രോഗിയുടെ സംബന്ധക്കാരും മറ്റും അവിടെയുണ്ടായിരിക്കുന്നതു കൊള്ളാം.

¶ പട്ടക്കാരൻ രോഗിയോടു, മാനസാന്തരപ്പെട്ട രക്ഷയുടെ അനുഭവക്കാരനായിത്തീരുന്നതിനു വേണ്ട ഗുണദോഷം പറയണം.

¶ ആവശ്യം എന്നു തോന്നിയാൽ പട്ടക്കാരൻ രോഗിയുടെ വീട്ടുകാര്യങ്ങളുടെ തല്ക്കാലസ്ഥിതി അന്വേഷിച്ചു രേഖപ്പെടുത്തുകയും മരണപത്രിക ആവശ്യമായിരുന്നാൽ അതു എഴുതുന്നതിനു രോഗിയെ ഉത്സാഹിപ്പിക്കയും വേണം.

¶ അഗതികളോടും ഇടവകയോടും സമുദായസ്ഥാപനകളോടും ഔദാര്യം കാണിപ്പാൻ പ്രാപ്തരായ രോഗികൾ അങ്ങനെ ചെയ്യാൻ അവരെ കാമ്പ്രപ്പെടുത്തണം.

¶ രോഗി വിശുദ്ധകുർബ്ബാനയിൽ സംബന്ധിക്കുന്നതിനു ആവശ്യപ്പെടുകയും പള്ളിയിൽ വരുന്നതിനു കഴിവില്ലാതിരിക്കയും ചെയ്താൽ ആ വിവരം മുൻകൂട്ടി പട്ടക്കാരനെ അറിയിക്കയും പട്ടക്കാരൻ അതു സാധിച്ചുകൊടുക്കയും വേണം. രോഗിയുടെ ചാച്ചയിൽപ്പെട്ടവർ അന്നേദിവസം വിശുദ്ധകുർബ്ബാനയിൽ സംബന്ധിക്കുന്നതു നന്നായിരിക്കും.

¶ പട്ടക്കാരൻ, രോഗിയുടെ രോഗസ്ഥിതിക്കു അനുസരണമായി ഒന്നാമത്തെതൊ രണ്ടാമത്തെതൊ ശുശ്രൂഷ നടത്തേണ്ടതാകുന്നു.

രോഗികൾക്കു വേണ്ടിയുള്ള പ്രാർത്ഥനക്രമം

പട്ടക്കാരൻ.

പിതാവിനും പുത്രനും പരിശുദ്ധരൂഹായിക്കും സ്തുതി.

ജനം.

ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും എന്നെന്നേക്കും രണ്ടു ലോകങ്ങളിലും ചിന്തപ്പെടുമാറാകേണമേ. ആമ്മീൻ.

പ്രാരംഭപ്രാർത്ഥന

പട്ടക്കാരൻ. ദൈവമായ കർത്താവേ, നിന്റെ കരുണയാൽ സങ്കടത്തിൽ ഇരിക്കുന്നവരെ സന്ദർശിക്കേണമേ. നിന്റെ കൃപയാൽ രോഗികളെ സുഖപ്പെടുത്തേണമേ. നിന്റെ അനുഗ്രഹത്താൽ ആത്മവ്യസനമുള്ളവരെ ആശ്വസിപ്പിക്കേണമേ. പിതാവും പുത്രനും പരിശുദ്ധരൂഹായുമായ ദൈവമേ, നിന്റെ നന്മകളെക്കുറിച്ചു നിന

ക്കു സ്തോത്രം ചെയ്യേണ്ടതിനു നിന്നോടു അനുഗ്രഹങ്ങളും കരുണയും യാചിക്കുന്ന മനോവ്യസനവും ദുഃഖവുമുള്ള എല്ലാവക്കും ആത്മാവിന്റെയും ശരീരത്തിന്റെയും സൌഖ്യം നീ നല്കുകയും ചെയ്യേണമേ. ഹാശാ.

ജനം. ആമ്മീൻ.

† അതിന്റെ ശേഷം ചിന്നാലെയുള്ള കൂകലയോൻ ചൊല്ലണം.

. ⟨⟨⟨

കുക്കലയോൻ

തങ്ങുമ.

പട്ടക്കാരൻ

കത്താവേ, നിന്റെ കോപത്തിൽ എന്നെ കുറ്റപ്പെടുത്തരുതേ. നിന്റെ ക്രോധത്തിൽ എന്നെ ശിക്ഷിക്കയുമരുതേ.

കത്താവേ, ഞാൻ രോഗിയായിരിക്കകൊണ്ട് എന്നോടു കരുണ ചെയ്യേണമേ. കത്താവേ, എന്റെ അസ്ഥികൾ ഇളകിയിരിക്കകൊണ്ട് എന്നെ സൌഖ്യമാക്കേണമേ.

എന്റെ പ്രാണൻ ഏറവും ഭ്രമിച്ചിരിക്കുന്നു. കത്താവേ, നീ എത്രത്തോളം?

കത്താവേ, നീ തിരിഞ്ഞു എന്റെ പ്രാണനെ വിടുവിക്കേണമേ. നിന്റെ കൃപ നിമിത്തം എന്നെ രക്ഷിക്കയും ചെയ്യേണമേ—ബാറെക്മാർ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ജനം. ആദിമുതൽ എന്നേക്കും തന്നേ. ആമ്മീൻ.

രോഗിയുടെ പ്രാർത്ഥന

¶ സൌകര്യംപോലെ പട്ടക്കാരൻ ചൊല്ലികൊടുക്കണം

അനുഗ്രഹങ്ങളും കരുണയും നിറഞ്ഞിരിക്കുന്നവനും—മനുഷ്യരെ സ്നേഹിക്കുന്നവനുമായ ദൈവമേ—എന്റെ ദുഃഖങ്ങളിലും—വ്യസനങ്ങളിലും—ഞാൻ നിന്നോടു നിലവിളിക്കുന്നു—ബഹുലമായ എന്റെ പാപങ്ങളെ

ടെ അഗാധത്തിൽനിന്നു—എന്നെ കോരിയെടുത്തു കരേറി—എന്റെമേൽ അനുഗ്രഹം ചെയ്യേണമേ.

ശുശ്രൂഷകൻ. സൈമൻ കാലോസ്.

ജനം. കുറിയലായിരുന്നാൻ.

[illegible]

[illegible]

പ്രാർത്ഥന

പട്ടക്കാരൻ. നാമെല്ലാവരും പ്രാർത്ഥിച്ചു ....

ജനം. അനുഗ്രഹിക്കുന്നവനായ കർത്താവേ

പട്ടക്കാരൻ. സ്തുതിയും സ്തോത്രവും.....

ബലഹീനാത്മാക്കളെ സന്ദർശിക്കുന്നവനും, രഹസ്യകായ്മങ്ങളെ പരിശോധിക്കുന്നവനും, നല്ല യാചനകളെ നല്കുന്നവനും, ദുഃഖിതന്മാരെ ആശ്വസിപ്പിക്കുന്നവനും, മനോവ്യസനമുള്ളവരെ ഉറപ്പിക്കുന്നവനും, ബലഹീനന്മാരെ താങ്ങുന്നവനും, രോഗികൾക്കു സുഖം നല്കുന്നവനും, അനുതാപികളെ പരിപ്പിക്കയും കൈക്കൊള്ളുകയും ചെയ്യുന്നവനും, മരിച്ചവരെ ഉയിർത്തെഴുന്നേല്പിക്കുന്നവനും, ഞങ്ങൾക്കും, ബലഹീനരായ ഞങ്ങളുടെ പ്രാർത്ഥനകളെ സത്യവിശ്വാസത്തോടെ ചോദിച്ചിട്ടുള്ളവക്കും ചോദിക്കുന്നവക്കും, കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ ക്ഷമാചനവും തന്നോടു ഞങ്ങൾ യാചിക്കുന്ന യാചനകളെ നല്കുന്നവനുമായ തനിക്കു, ഈ രോഗി

ക്കുവേണ്ടി ഈ ദൈവീക യാചനകൾ പൂർണ്ണമാക്കപ്പെട്ട ന്ന ഈ നേരത്തും നമ്മുടെ ആയുസ്സിന്റെ എല്ലാ ദിവ സങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും ചേർപ്പ യായിരിക്കുന്നു. ഹാശാ.

ജനം. ആമ്മീൻ.

സെദറാ

ܫܘܪܝ ܥܠ ܫܘܪܝ ܘܥܠ ܫܘܪܝ ܫܘܪ ܫܘܪ ✤

പട്ടക്കാരൻ. ആത്മാക്കളുടെയും ശരീരങ്ങളുടെയും രഹ സ്യവും പരസ്യവുമായ സകല വേദനകളെയും എടുപ്പ ത്തിൽ ശമിപ്പിക്കാവുന്നവനും രഹസ്യവും പരസ്യവുമാ യ സകല പ്രയാസ കായ്ങ്ങളെയും ക്ഷണത്തിൽ സാ ധിക്കാവുന്നവനുമായി ഉത്തമനും സത്യവാനുമായിരി ക്കുന്ന വൈദ്യനായ ദൈവമായ കർത്താവേ, ബലഹീന തയിൽ ആയിരിക്കയും രോഗത്തിൽ കിടക്കയും, നിന്റെ കരുണകളിൽ സങ്കേതം പ്രാപിക്കയും, നിന്റെ ദാനങ്ങ ളുടെ സഹായത്തിനായി കാത്തിരിക്കയും അവന്റെ ക ടങ്ങളുടെ പരിഹാരവും, പാപങ്ങളുടെ മോചനവും, വേദ നകളുടെ സൌഖ്യവും, അവയവങ്ങളുടെ സ്വസ്ഥത യും, ബലഹീനനും പാപിയുമായ ഞാൻ മുഖാന്തരം നി ന്നോടു ചോദിക്കയും ചെയ്യുന്ന ഈ നിന്റെ ദാസന്നു വേ ണ്ടി നിന്റെ കരുണയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. കാ രുണ്യവാനായ കർത്താവേ, ബലഹീനരെ ശക്തിപ്പെടുത്തു ന്നവനും, പാപികളെ ശുദ്ധീകരിക്കുന്നവനും, അനുതാ പികളുടെ സഹായകനും, മനോവ്യസനമുള്ളവരുടെ ആശ്വാസവും, സകല വിശ്വാസികളുടെയും സങ്കേത സ്ഥലവും നീയായിരിക്കയാൽ നിന്നോടു ഞങ്ങൾ അപേ ക്ഷിക്കുന്നു. ഈ നിന്റെ ദാസന്റെ കടങ്ങളെ പരിഹ

രിച്ചു പാപങ്ങളെ ക്ഷമിച്ചുകൊള്ളേണമേ. ഇവന്റെ വേദനകളെ വിലക്കി, രോഗങ്ങളെ മായിച്ചുകളയേണമേ. ഇവന്റെ പനി കെടുത്തി, ഉപദ്രവങ്ങളെ അകറ്റിക്കളയേണമേ. ഇവന്റെ ബലഹീനതയെ താങ്ങി ഇവന്റെ ക്ഷീണം നീക്കി ഇവനെ ശക്തിപ്പെടുത്തേണമേ. ഇവന്നു നീ നല്കുന്ന സകല കൃപകൾക്കും സഹായങ്ങൾക്കും വേണ്ടി, ഇവൻ നിനക്കു സ്തോത്രം ചെയ്തുകൊണ്ടും ഇവന്റെ ദുഃഖത്തെ സന്തോഷമായി മാറുകയും ഇവന്റെ സൌഖ്യത്തിൽ ഞങ്ങളെ സന്തോഷിപ്പിക്കയും ചെയ്യേണമേ. നല്ലവനും ദയയുള്ളവനും, കരുണയുള്ളവനും, അനുഗ്രഹിക്കുന്നവനും, ആത്മാവിന്റെയും ശരീരത്തിന്റെയും സാക്ഷാൽ വൈദ്യനും നീയാകയാൽ, പിതാവായ ദൈവമേ, നിനക്കും നിന്റെ ഏകപുത്രനും നിന്റെ പരിശുദ്ധാത്മാവിനും സകല സ്തുതിയും ബഹുമാനവും ആധിപത്യവും ഇപ്പോൾ തന്നേ ആയിരിക്കുന്നു. ഹാശാ-

ജനം. ആമ്മീൻ.

അതിന്റെ ശേഷം

. ⠇⠺⠁⠍⠞⠁ ⠇⠍⠁⠺⠁⠽⠁ ⠇⠙

. ⠇⠕⠇⠁⠍ ⠇⠍⠁⠺⠁⠽⠁ . ⠇⠁ . ⠠⠠⠎⠠⠠⠇⠁ ⠇⠕⠇⠁⠍


. ⠇⠁⠎ ⠙⠁⠇ . ⠇⠺⠕⠇⠁⠍ ⠙⠁⠇ . ⠠⠎⠠⠇⠁⠍ ⠙⠁⠇

. ⠙⠁⠇ ⠇⠁⠎ . ⠠⠎⠠⠙⠁⠇ ⠇⠁⠍⠙⠁⠇ . ⠇⠁⠙ ⠙⠁⠇

. ⠙⠁⠇ ⠇⠁⠍⠙⠁⠇ . ⠇⠁⠙ ⠙⠁⠇ ⠇⠁⠍⠙⠁⠇ . ⠇⠁⠙

. ⠙⠁⠇ ⠇⠁⠍⠙⠁⠇ . ⠇⠁⠙ ⠙⠁⠇ ⠇⠁⠍⠙⠁⠇ . ⠇⠁⠙

ﻣﺎﺭﺍ ﺍﻟﻠﻪ ﺍﻟﺬﻱ ﻻ ﺇﻟﻪ ﺇﻻ ﻫﻮ ﻋﺎﻟﻢ ﺍﻟﻐﻴﺐ ﻭﺍﻟﺸﻬﺎﺩﺓ .
ﻫﻮ ﺍﻟﺮﺣﻤﻦ ﺍﻟﺮﺣﻴﻢ . ﻫﻮ ﺍﻟﻠﻪ ﺍﻟﺬﻱ ﻻ ﺇﻟﻪ ﺇﻻ ﻫﻮ
ﺍﻟﻤﻠﻚ ﺍﻟﻘﺪﻭﺱ ﺍﻟﺴﻼﻡ ﺍﻟﻤﺆﻣﻦ ﺍﻟﻤﻬﻴﻤﻦ ﺍﻟﻌﺰﻳﺰ ﺍﻟﺠﺒﺎﺭ
ﺍﻟﻤﺘﻜﺒﺮ . ﺳﺒﺤﺎﻥ ﺍﻟﻠﻪ ﻋﻤﺎ ﻳﺸﺮﻛﻮﻥ . ﻫﻮ ﺍﻟﻠﻪ ﺍﻟﺨﺎﻟﻖ
ﺍﻟﺒﺎﺭﺉ ﺍﻟﻤﺼﻮﺭ ﻟﻪ ﺍﻷﺳﻤﺎﺀ ﺍﻟﺤﺴﻨﻰ . ﻳﺴﺒﺢ ﻟﻪ ﻣﺎ ﻓﻲ
ﺍﻟﺴﻤﻮﺍﺕ ﻭﺍﻷﺭﺽ ﻭﻫﻮ ﺍﻟﻌﺰﻳﺰ ﺍﻟﺤﻜﻴﻢ . ﻟﻪ ﻣﻠﻚ ﺍﻟﺴﻤﻮﺍﺕ
ﻭﺍﻷﺭﺽ . ﻳﺤﻴﻲ ﻭﻳﻤﻴﺖ ﻭﻫﻮ ﻋﻠﻰ ﻛﻞ ﺷﻲﺀ ﻗﺪﻳﺮ . ﻫﻮ ﺍﻷﻭﻝ
ﻭﺍﻵﺧﺮ ﻭﺍﻟﻈﺎﻫﺮ ﻭﺍﻟﺒﺎﻃﻦ ﻭﻫﻮ ﺑﻜﻞ ﺷﻲﺀ ﻋﻠﻴﻢ . ﻫﻮ ﺍﻟﺬﻱ
ﺧﻠﻖ ﺍﻟﺴﻤﻮﺍﺕ ﻭﺍﻷﺭﺽ ﻓﻲ ﺳﺘﺔ ﺃﻳﺎﻡ ﺛﻢ ﺍﺳﺘﻮﻯ ﻋﻠﻰ ﺍﻟﻌﺮﺵ
ﻳﻌﻠﻢ ﻣﺎ ﻳﻠﺞ ﻓﻲ ﺍﻷﺭﺽ ﻭﻣﺎ ﻳﺨﺮﺝ ﻣﻨﻬﺎ ﻭﻣﺎ ﻳﻨﺰﻝ ﻣﻦ
ﺍﻟﺴﻤﺎﺀ ﻭﻣﺎ ﻳﻌﺮﺝ ﻓﻴﻬﺎ ﻭﻫﻮ ﻣﻌﻜﻢ ﺃﻳﻦ ﻣﺎ ﻛﻨﺘﻢ ﻭﺍﻟﻠﻪ
ﺑﻤﺎ ﺗﻌﻤﻠﻮﻥ ﺑﺼﻴﺮ . ﻟﻪ ﻣﻠﻚ ﺍﻟﺴﻤﻮﺍﺕ ﻭﺍﻷﺭﺽ ﻭﺇﻟﻰ ﺍﻟﻠﻪ
ﺗﺮﺟﻊ ﺍﻷﻣﻮﺭ . ﻳﻮﻟﺞ ﺍﻟﻠﻴﻞ ﻓﻲ ﺍﻟﻨﻬﺎﺭ ﻭﻳﻮﻟﺞ ﺍﻟﻨﻬﺎﺭ ﻓﻲ
ﺍﻟﻠﻴﻞ ﻭﻫﻮ ﻋﻠﻴﻢ ﺑﺬﺍﺕ ﺍﻟﺼﺪﻭﺭ . ﺁﻣﻨﻮﺍ ﺑﺎﻟﻠﻪ ﻭﺭﺳﻮﻟﻪ
ﻭﺍﻟﻨﻮﺭ ﺍﻟﺬﻱ ﺃﻧﺰﻟﻨﺎ ﻭﺍﻟﻠﻪ ﺑﻤﺎ ﺗﻌﻤﻠﻮﻥ ﺧﺒﻴﺮ . ﺁﻣﻨﻮﺍ
ﺑﺎﻟﻠﻪ ﻭﺭﺳﻮﻟﻪ ﻭﺍﻟﻨﺒﻲ ﺍﻷﻣﻲ ﺍﻟﺬﻱ ﻳﺆﻣﻦ ﺑﺎﻟﻠﻪ ﻭﻛﻠﻤﺎﺗﻪ
ﻭﺍﺗﺒﻌﻮﻩ ﻟﻌﻠﻜﻢ ﺗﻬﺘﺪﻭﻥ . ﺇﻧﻤﺎ ﻭﻟﻴﻜﻢ ﺍﻟﻠﻪ ﻭﺭﺳﻮﻟﻪ
ﻭﺍﻟﺬﻳﻦ ﺁﻣﻨﻮﺍ ﺍﻟﺬﻳﻦ ﻳﻘﻴﻤﻮﻥ ﺍﻟﺼﻼﺓ ﻭﻳﺆﺗﻮﻥ ﺍﻟﺰﻛﺎﺓ
ﻭﻫﻢ ﺭﺍﻛﻌﻮﻥ . ﻭﻣﻦ ﻳﺘﻮﻝ ﺍﻟﻠﻪ ﻭﺭﺳﻮﻟﻪ ﻭﺍﻟﺬﻳﻦ ﺁﻣﻨﻮﺍ



തർജ്ജമ.

പട്ടക്കാരൻ

വിശുദ്ധനായ ദൈവമേ, എന്റെ കടങ്ങൾ വർദ്ധിക്കയും, എന്റെ കുറ്റങ്ങൾ ശക്തിപ്പെടുകയും ചെയ്തിരിക്കയാൽ, നിന്റെ കരുണകളുടെ സമൃദ്ധിയിലേക്കു ഞാൻ നോക്കുന്നു. നിന്റെ വെടിപ്പുള്ള സോപ്പുകൊണ്ടു എന്റെമേൽ തളിക്കേണമേ. എന്റെ കണ്ണുനീരു കൊണ്ടു എന്നെ നിർമ്മലമാക്കേണമേ. കർത്താവേ, നിന്റെ ജനകന്റെ സ്നേഹംമൂലം നിന്നോടു ഞാൻ അപേക്ഷിക്കുന്നു. എന്നെ ദ്വേഷിക്കുന്നവർ എന്നെ നിന്ദിക്കരുതേ. അന്യായം വിട്ടുതിരിയുന്ന പാപിയിൽ മാലാകമാർ സന്തോഷിക്കയും, അനുതാപികൾക്കു രാപ്പകൽ വാതിൽ തുറന്നിട്ടിരിക്കുന്ന കർത്താവു് വാഴ്ത്തപ്പെട്ടവൻ എന്നു അവർ പറകയും ചെയ്യുമാറാകട്ടെ.

കർത്താവേ, എന്റെ ബലഹീനതയെ നോക്കേണമേ. എന്തെന്നാൽ ഞാൻ വളരെ പാപം ചെയ്തു, നിന്നെ കോപിപ്പിച്ചിരിക്കുന്നു. ഞാൻ ആരിൽ അഭയംപ്രാപിക്കേണ്ടു എന്നറിയുന്നുമില്ല. ഞാൻ വൈദ്യന്മാരുടെ അടുക്കൽ ചെന്നു. അവർ തങ്ങളുടെ ഔഷധങ്ങൾ എന്നിൽ പ്രയോഗിച്ചിട്ടും, എന്റെ വ്രണം കഠിനമായും, സുഖപ്പെടുത്തുന്നവൻ ഇല്ലാതായും തിന്നിരിക്കുന്നു. ഔഷധങ്ങൾ സമൃദ്ധിയായുള്ളവനും, നിന്റെ അടുക്കൽ വരുന്നവക്കു സഹായങ്ങൾ നല്കുന്നവനുമായ ഉത്തമ വൈദ്യൻ നിയാകുന്നു എന്നു നിന്നെക്കുറിച്ചു ഞാൻ കേട്ടിരിക്കുന്നതിനാൽ, നിന്റെ ജനകനായ പിതാവിന്റെ സ്നേഹത്താലും, നിന്റെ വിലമതിക്കാവതല്ലാത്ത രക്തത്താലും എന്റെ കടങ്ങളെ പരിഹരിക്കേണമേ. ആമ്മീൻ.

അല്ലെങ്കിൽ ഗീതം.

ആലോഹാ ഏ—കജാതനേ,
തവ കരുണകളിൻ—പരിധി ഞാൻ
നോക്കീടുന്നേൻ—പാപങ്ങൾ ബഹുളം—
തളിക്കണമേ നിൻ സോ—പ്പായാൽ
എൻ കണ്ണീരാൽ—നിർമ്മലനാക്കുക
യാചിക്കുന്നേൻ—തവ താതനൻപാൽ—
മമ രിപു ദുഷിച്ചീട-ല്ലെന്നെ
അകൃത്യംവിട്ടനുതപിച്ചിട്ടും
പാപിയിൽ ദൂതർ—സന്തോഷിച്ചുടനെ—
അനുതാപികൾക്കെപ്പോഴും വാ—തിൽ
തുറക്കും കർത്തൻ—വാഴ്ത്തേറോൻ
ഹാലേലൂയ്യാ—എന്നവർ പറയട്ടെ.
ബാറെക്കമാർ.

❖ ന്ത ❖ ചമ

കുത്തനേ, കാൺ എൻ ക്ഷി-ണതയെ
പിഴച്ചേൻ ഏററം—പെരുപ്പിച്ചേൻ
അഭയമെനിക്കാ—രെന്നറിയുന്നില്ലേ—
വൈദ്യന്മാർ പക്കൽ—പോയ് ഞാൻ
അവരുടെ ചികിത്സകളേറിട്ടും
എൻപ്രണമേതും—സുഖമായില്ലയ്യോ—
കേട്ടേൻ നീ നല്ലോ—രു വൈദ്യൻ
ഏറിയോരൌഷധി—നിനക്കുണ്ടെ—
നിക്കുതവി ലഭിപ്പാൻ—ചന്നേൻ നിന്നരികിൽ—
തവ ജനകനരുടെ അ—ൻപാലും
വിലമതിയാ നിൻ—നിണത്താലും
ഹാലേലൂയ്യാ—പരിഹരിക്കൊൻ കടങ്ങളം.

വരണ്ട നിലത്തു ആത്മിയ പാനീയമാകുന്ന ജീവന്റെ മഴയെ പെയ്യിക്കുന്ന സത്യമുള്ള കൃഷിക്കാരൻ ഞാനാകയാൽ നിങ്ങൾ വന്ന ഏവർഗേലിയോനിൽ സന്തോഷിച്ച് ജീവിപ്പിൻ. ദാഹിച്ചിരിക്കുന്ന ഏവനും എന്റെ അടുക്കൽ വന്ന ജീവന്റെ ഉറവിൽനിന്നു കുടിക്കട്ടെ. അവന്റെ കുറങ്ങൾ ക്ഷമിക്കപ്പെട്ടമെന്നു പാപികളോടു അരുളിച്ചെയ്യുന്ന നമ്മുടെ രക്ഷിതാവിന്റെ ശബ്ദം ആഗ്രഹിക്കത്തക്കതാകുന്നു.

കുത്താവേ, എന്റെ പാപങ്ങളിൽ ഞാൻ മരിക്കരുതേ. നീ സ്നേഹിക്കുന്ന കാഴ്ചയായ എന്റെ കണ്ണുനിരുകളെ ഇതുമുതൽ നിനക്കു ഞാൻ അർപ്പിക്കുന്നു. കാളകളെയും കുഞ്ഞാടുകളെയും മുട്ടാടുകളെയും അല്ല, ചെങ്കോലികളെയും പ്രാവിൻകുഞ്ഞുങ്ങളെയും അല്ല, ശെമയോന്റെ ഭവനത്തിൽവച്ചു പാപിയായ ആ സ്ത്രീ എന്നപോലെ, എന്റെ കണ്ണുനിരുകളെ അത്രെ ഞാൻ കാഴ്ചയായി അ

ണയ്ക്കുന്നതു. അവയെ കൈക്കൊണ്ടു്, എന്റെമേൽ അനുഗ്രഹം ചെയ്യേണമേ. നിന്റെ ജനകനായ പിതാവിന്റെ സ്നേഹത്താലും വിലമതിക്കാവുന്നതല്ലാത്ത നിന്റെ രക്തത്താലും എന്റെ കടങ്ങളെ പരിഹരിക്കയും ചെയ്യേണമേ. ആമ്മീൻ.

ജനം. കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ചു്, ഞങ്ങൾക്കു സഹായം ചെയ്യേണമേ.

പ്രാർത്ഥന

* ٱلْمُعَلِّمُ ٱلْأَوَّلُ تَكْبِيرٌ ٱلْمَلِكُ ٱلْحَقُّ

പട്ടക്കാരൻ. സകല സ്വസ്ഥതയുടെയും നാഥനും, സകല കൃപയുടെയും വിശുദ്ധിയുടെയും ദാതാവും, സകല സൌഖ്യവും സൌജന്യം ചെയ്യുന്നവനും, എപ്പോഴും മനുഷ്യരുടെ ജീവനെക്കുറിച്ചു് താല്പര്യത്തോടിരിക്കുന്നവനും, തന്റെ ദൈവിക സഹായങ്ങൾ ഞങ്ങളിൽനിന്നു മുടക്കാത്തവനുമായ ദൈവമായ കർത്താവേ, അനുഗ്രഹങ്ങളും, കരുണയും, സ്വസ്ഥതയും ആശ്വാസവും, ശാന്തതയും സഹായങ്ങളും നിറഞ്ഞിരിക്കുന്ന നിന്റെ വലങ്കൈ, ആത്മാവിന്റെയും ശരീരത്തിന്റെയും സൌഖ്യവും സ്വസ്ഥതയും നിന്നോടു യാചിക്കുന്ന ഈ നിന്റെ ദാസന്റെ മേൽ ആവസിപ്പിക്കേണമേ. ഇവനിൽ നിന്നു നൊൻപരങ്ങളും രോഗങ്ങളും വേദനകളും മായിച്ചുകളയേണമേ. പ്രതികൂലങ്ങളും ഉപദ്രവങ്ങളും, കഷ്ടതകളും പരീക്ഷകളും നീക്കിക്കളയേണമേ. ശക്തിയും സൌഖ്യവും, രക്ഷയും മോചനവും ഇവനെ ധരിപ്പിക്കേണമേ. ഇവൻ എഴുന്നേല്പാനും ബലം പ്രാപിപ്പാനും ഇവനെ തുണയ്ക്കേണമേ. ബലമുള്ള നിന്റെ വലങ്കൈകൊണ്ടു് ഇവനു സഹായം നല്കേണമേ. ഇവന്റെ കടങ്ങളും പാപങ്ങളും ഇവനോടു ക്ഷമിക്കേണമേ. നിന്നെയും നിന്റെ

പിതാവിനെയും നിന്റെ പരിശുദ്ധ മൂഹായെയും സ്തോത്രം ചെയ്തു വന്ദിച്ചു മഹത്വപ്പെടുത്തുവാൻ തക്കവണ്ണം, ഏറിയ നിന്റെ കൃപയുടെയും അനുഗ്രഹങ്ങളുടെയും ബഹുത്വംപോലെ (സുഖത്തിനുള്ള) നല്ല അടയാളം നിഷ്ഠനു നല്കുകയും ചെയ്യുമാറാകേണമേ. ഹാശാ.

ജനം. ആമ്മീൻ.

അതിന്റെശേഷം

ശുശ്രൂഷകൻ

യാക്കോബ് ശ്ലീഹാ എഴുതിയ ലേഖനം
൫-ാം അദ്ധ്യായത്തിൽനിന്നു (൧൬—൨൦)

ജനം

ശ്ലീഹന്മാരുടെ ഉടയവനു സ്തുതി. കർത്താവേ, നിന്റെ വചനങ്ങളെ തിരിച്ചറിയുന്നതിനു ഞങ്ങൾക്കു കൃപ നല്കേണമേ.

ശുശ്രൂഷകൻ

നിങ്ങളിൽ ഒരുത്തൻ ഞെരുക്കത്തിൽ ഇരിക്കുന്നു എങ്കിൽ, അവൻ പ്രാർത്ഥിക്കട്ടെ. അവൻ സന്തോഷിക്കുന്നു എങ്കിൽ, പാട്ടുപാടട്ടെ. അവൻ രോഗിയായിരിക്കുന്നു എങ്കിൽ, സഭയുടെ കശീശ്ശന്മാരെ വിളിക്കട്ടെ. അവർ അവനുവേണ്ടി പ്രാർത്ഥിക്കയും, നമ്മുടെ കർത്താവിന്റെ തിരുനാമത്തിൽ അവനെ എണ്ണ പൂശുകയും ചെയ്യട്ടെ. വിശ്വാസത്തോടുകൂടിയ പ്രാർത്ഥന രോഗിയെ സൌഖ്യമാക്കുന്നു. നമ്മുടെ കർത്താവു അവനെ എഴുന്നേല്പിക്കുന്നു. അവൻ പാപം ചെയ്തിരിക്കുന്നു എങ്കിൽ അവനോടു ക്ഷമിക്കുന്നു. എന്നാൽ നിങ്ങൾ സൌഖ്യം പ്രാപിക്കേണ്ടതിനു തമ്മിൽത്തമ്മിൽ കുറ്റങ്ങളെ ഏറ്റു പറയുന്നവരും ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥി

ക്കുന്നവരുമായിരിപ്പിൻ. എന്തുകൊണ്ടെന്നാൽ നീതിമാൻ പ്രാർത്ഥിക്കുന്ന പ്രാർത്ഥനയുടെ ശക്തി വലിയതാകുന്നു. ഏലിയായും നമുക്കു സമസ്വഭാവമുള്ള മനുഷ്യനായിരുന്നു. ഭൂമിയിൽ മഴ പെയ്യാതിരിക്കേണ്ടതിനു അവൻ പ്രാർത്ഥിച്ചു. മൂന്നു സംവത്സരവും ആറു മാസവും മഴ പെയ്തില്ല. അവൻ വീണ്ടും പ്രാർത്ഥിച്ചു. ആകാശം മഴ നല്കി. ഭൂമി ഫലങ്ങളെ കൊടുത്തു. എന്റെ സഹോദരന്മാരേ, നിങ്ങളിൽ ഒരുത്തൻ സത്യത്തിന്റെ വഴിയിൽനിന്നു തെറ്റിപ്പോകയും, ഒരുത്തൻ അവന്റെ വഴിതെറ്റിൽനിന്നു അവനെ തിരിച്ചു വരുത്തുകയും ചെയ്താൽ പാപിയെ അവന്റെ വഴിതെറ്റിൽനിന്നു തിരിച്ചു വരുത്തുന്നവൻ അവന്റെ പ്രാണനെ മരണത്തിൽ നിന്നു ജീവിപ്പിക്കയും, അവന്റെ പാപങ്ങളുടെ ബഹുത്വത്തെ മായിക്കയും ചെയ്യുന്നു എന്നു അവൻ അറിഞ്ഞുകൊള്ളട്ടെ. ഹാലേലൂയ്യാ—ഉ— ഹാലേലൂയ്യാ.

ചെസ ഗാമ്മാ

ശുശ്രൂഷകൻ.

ദൈവമേ, എന്റെമേൽ അനുഗ്രഹം ചെയ്യേണമേ; എന്തെന്നാൽ എന്റെ ആത്മാവു നിന്നിൽ ആശ്രയിച്ചിരിക്കുന്നു. ഈ ആപത്തുകൾ ഒഴിഞ്ഞുപോകുവോളം നിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും—ഹാലേലൂയ്യാ.

ഇവിടെ പട്ടക്കാരൻ ഏവൻഗേലിയോൻ വായിക്കുന്നു.

വിശുദ്ധ മത്തായിയുടെ ഏവൻഗേലിയോൻ.

അ. ൧൦. ൫ — ൧൦

ആ കാലത്തു ഈശോതമ്പുരാൻ ഈ പന്ത്രണ്ടുപേരെയും അയച്ചു, അവരോടു കല്പിച്ചരുളിച്ചെയ്തതെന്തെ

ന്നാൽ: പുറജാതിക്കാരുടെ വഴിയിൽ നിങ്ങൾ പോകരുത. ശമറായക്കാരുടെ നഗരത്തിലേക്കു നിങ്ങൾ പ്രവേശിക്കയുമരുത. എന്നാൽ ഇസ്രായേൽഗൃഹത്തിൽനിന്നു കാണാതെപോയിട്ടുള്ള ആടുകളുടെ അടുക്കൽ പ്രത്യേകം നിങ്ങൾ പോകുവിൻ. നിങ്ങൾ പോകുമ്പോൾ സ്വർഗ്ഗരാജ്യം സമീപിച്ചു എന്നു പ്രസംഗിച്ചു പറവിൻ. രോഗികളെ സൌഖ്യമാക്കുവിൻ. കുഷ്ഠരോഗികളെ ശുദ്ധിയാക്കുവിൻ. മരിച്ചവരെ ഉയിർപ്പിപ്പിൻ. പിശാചുക്കളെ പുറത്താക്കുവിൻ. നിങ്ങൾക്കു സൌജന്യമായി ലഭിച്ചു, സൌജന്യമായി കൊടുപ്പിൻ. നിങ്ങളുടെ മടിശ്ശീലകളിൽ പൊന്നും ചെമ്പും വെള്ളിയും, വഴിക്കു പൊക്കണവും, രണ്ടു കുപ്പായങ്ങളും ചെരിപ്പും, വടിയും നിങ്ങൾ കരുതരുത. എന്നാൽ വേലക്കാരൻ തന്റെ ആഹാരത്തിന്നു യോഗ്യനാകുന്നു.

നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

ജനം.

നിന്റെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

അതിന്റെ ശേഷം

. ܗܘܢ ܕܡܫܬܐ ܗܘ ܕܐܡܪ

. ܠܐ ܬܐܙܠܘܢ ܒܐܘܪܚܐ ܕܥܡܡܐ ܘܠܐ ܬܥܠܘܢ ܠܡܕܝܢܬܐ ܕܫܡܪܝܐ

. ܐܠܐ ܙܠܘ ܠܘܬ ܥܕܪܬܐ ܕܒܝܬ ܐܝܣܪܝܠ ܕܐܒܕܐ ܗܘ ܐܢܘܢ

. ܘܟܪܘܙܘ ܘܐܡܪܘ ܕܩܪܒ ܗܘ ܡܠܟܘܬܐ ܕܫܡܝܐ

. ܐܣܝܘ ܚܠܝܢܐ ܙܟܘ ܡܝܬܐ ܩܝܡܘ ܡܚܝܢܐ ܦܪܘܫܘ ܣܗܕܐ ܙܟܘ

. ܕܝܢ ܕܠܐ ܩܒܠܬܘܢ ܡܢ ܐܢܫ ܐܠܐ ܗܒܘ ܠܗ ܕܠܐ ܬܫܠܡ ܠܗ

ﻣﺎﺭﻳﺎ ﺍﻟﻌﺬﺭﺍﺀ ﺍﻟﻤﻠﻜﺔ ﺍﻟﻤﺘﻮﺳﻂ ﺍﻟﻤﻘﺪﺱ ﺍﻟﻤﺨﻠﺼﺔ ﺍﻟﻤﺤﺒﺔ ﺍﻟﻤﺨﺘﺎﺭﺓ ﺍﻟﻤﺤﺎﻣﻴﺔ ﺍﻟﻤﻌﻴﻨﺔ ﺍﻟﻤﺴﺘﻌﺪﺓ ﺍﻟﻤﺴﺘﺠﻴﺒﺔ ﺍﻟﻤﺴﺘﻘﻴﻤﺔ ﺍﻟﻤﺴﺘﻘﺒﻠﺔ ﺍﻟﻤﺴﺘﻘﺮﺓ

തങ്കുമ

പട്ടക്കാരൻ

ഞങ്ങളുടെ കർത്താവായ കർത്താവേ, നിന്നെ ഞങ്ങൾ നോക്കി വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനു നി വരേണമേ. ഞങ്ങളുടെ അപേക്ഷ കേട്ടു ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമേ.

കർത്താവേ, നീ അവന്റെ അടുക്കൽ വരേണമെന്നു രോഗിയായിരിക്കുന്നവൻ നിന്നോടു അപേക്ഷിക്കുന്നു. അവൻ നിത്യവും നിന്റെ ശുശ്രൂഷയ്ക്കായി നില്പാൻ അവനെ സന്ദർശിക്കേണമേ. ശെമഓന്റെ അമ്മാവിയമ്മയെ അവളുടെ രോഗത്തിൽനിന്നു നീ സൌഖ്യമാക്കിയപ്പോൾ, അവളുടെ സൌഖ്യത്തിൽ അവൾ ശക്തി പ്രാപിച്ചതുകൊണ്ടു നിന്നെ ശുശ്രൂഷിപ്പാൻ അവൾ എഴുന്നേറ്റു.

നീ അവളുടെ കൈക്കു പിടിച്ചു, അവളുടെ രോഗത്തിൽനിന്നു അവളെ സുഖപ്പെടുത്തി. നിന്റെ സ്നേഹത്താൽ ഈ രോഗിയുടെ ആത്മവിചാരങ്ങളെ ഉപദ്രവങ്ങളിൽനിന്നു നീ തടുക്കേണമേ. നിന്റെ വചന ശുശ്രൂഷയ്ക്കായി ഇവൻ ശോഭിച്ചു നില്ക്കേണ്ടതിനു, നിന്നാൽ സൌഖ്യം പ്രാപിച്ച ആ സ്ത്രീയെ ദർശിച്ചതുപോലെ, ഈ രോഗിയെയും നീ ദർശിക്കേണമേ.

രോഗം രോഗമുള്ള മനുഷ്യനെ വിഷമിപ്പിക്കുന്നതുപോലെ, പാപം ഇവനെ വിഷമിപ്പിച്ചിരിക്കുന്നു. സൌജന്യമായ സൌഖ്യത നല്കുന്ന വൈദ്യനായുള്ളോവേ, ഇവൻ സുഖം പ്രാപിക്കേണ്ടതിനു നിന്റെ ഔഷധംകൊണ്ടുവരേണമേ. പാപിയായ സ്ത്രീയെ എന്നപോലെ, കുറ്റങ്ങൾ ഇവനെ വേദനപ്പെടുത്തിയിരിക്കുന്നു. ജ്ഞാ

നിയായുള്ളോവേ, ഇവൻ സൌഖ്യം പ്രാപിക്കേണ്ടതിന്നു, നിന്റെ ഔഷധംകൊണ്ടു് ഇവനെ പൂശേണമേ.

കർത്താവേ, രോഗമുള്ള ആത്മാവു നിന്നാൽ സൌഖ്യം പ്രാപിക്കയും, അതിന്റെ വേദനകൾ മറന്നു, നിങ്കൽനിന്നു വലിയ ശക്തി അനുഭവമാക്കുകയും ചെയ്യുന്നതുകൊണ്ടു്, അതു നിന്നെ സ്തുതിക്കുന്നു. കരുണയേറിയ നല്ല വൈദ്യനായുള്ളോവേ, നിനക്കും നിന്റെ പിതാവിന്നും നിന്റെ പരിശുദ്ധാത്മാവിന്നും സ്തുതിയുണ്ടായിരിക്കട്ടെ. ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും ഉണ്ടായിരിക്കേണമേ.

ദൈവമേ, ഞങ്ങളോടു കരുണയുണ്ടാകേണമേ. ദൈവമേ, ഞങ്ങളോടു കരുണയുണ്ടാകേണമേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ. മനുഷ്യരുടെ ഹൃദയങ്ങളെ അനുതാപത്തിങ്കലേക്കു തിരിക്കയും ചെയ്യേണമേ.

അല്ലെങ്കിൽ ഗീതം.

(മാർ യാക്കോബിന്റെ രാഗരീതി)

കർത്താ! കർത്താ! വിളിക്കുന്നെങ്ങൾ,
തുണയ്ക്കായ് വരിക
പ്രാർത്ഥന കേട്ടിടയാരുടെമേൽ,
ദയ ചെയ്യണമേ.

രോഗിയിൻ പക്കൽ നീ—വരുവാനവൻ
പ്രാർത്ഥിക്കുന്നു—
നിൻ സേവയിലവൻ ദിനവും നില്പാൻ,
ദർശിക്കണമേ.

ശിമയോനമ്മാ—യമ്മയിൻ രോഗം,
സുഖമായപ്പോൾ—
തവ സേവയ്ക്കായ്— എഴുന്നേറങ്ങവൾ,
ശുശ്രൂഷിച്ചു.

രോഗം നീങ്ങാ— നവളുടെ കൈമേൽ,
നീ പിടിച്ചുടനെ

വേദന രോഗം— മാറിപ്പോയി,
സുഖം പ്രാപിച്ചാൽ

ഈ രോഗിക്കും— നിൻ സ്നേഹത്താൽ,
സുഖം നല്കേണമേ.

നിൻ വചനത്തിൻ— ശുശ്രൂഷയ്ക്കായ്
എഴുന്നേറീടാൻ.

നിന്നുടെ കയ്യാൽ —സുഖപ്പെട്ടവളാം,
ആ സ്ത്രീയെ നീ

ദർശിച്ചതുപോ—ലീ രോഗിയെയും,
ദർശിക്കണമേ.

രോഗിയെ രോഗം—വലയ്ക്കുംപോൽ പാപം,
വലയ്ക്കുന്നി[വനെ]
നല്ലൊരു വൈദ്യാ ! നിൻ തൈലത്താൽ
സുഖമാക്കണമേ.

പാപിയാം ആ സ്ത്രീ—പോലി[വനും]
വേദനപ്പെടുന്നു.

സ്വസ്ഥതയ്ക്കായ്—തൈലം [ഇവന്മേൽ]
പൂശണമേ നീ.

സ്വസ്ഥത ലഭിക്കയും—വേദന മറക്കയും
ചെയ്യാത്മാവു—
ശക്തി പ്രാപി—ച്ചതിനാലതു നിന്നെ
സ്തുതിച്ചീടുന്നു.

കരുണാകരനാം—നല്ലൊരു വൈദ്യാ !
സ്തോത്രം നിനക്കും
നിൻ താതനും—വിശുദ്ധാത്മനും,
സ്തുതിയുണ്ടാക.

ഉത്തരമരുൾക—അരുൾക ദേവാ,
അനുഗ്രഹിക്ക.

മർത്ത്യർ ചിത്തം—അനുതാപേ നീ
വരുത്തീടണമേ.

¶ പട്ടക്കാരൻ രോഗിയുടെ തലയിൽ വലങ്കൈ വച്ചുകൊണ്ടുള്ള പ്രാർത്ഥന.

✠ പിതാവും പുത്രനും പരിശുദ്ധരൂഹായുമായ ദൈവമേ,

നിന്റെ തിരുനാമത്തിൽ ഈ നിന്റെ ദാസന്റെമേൽ എന്റെ ബലഹീനമായ കൈ ഞാൻ വെക്കുന്നു. നിന്റെ സ്നേഹത്താൽ ബലമുള്ളതും സഹായങ്ങൾ നിറഞ്ഞിരിക്കുന്നതുമായ നിന്റെ വലങ്കൈ ഇവന്റെമേൽ ആവസിപ്പിക്കേണമേ. നിന്റെ കരുണയുടെയും മനുഷ്യസ്നേഹത്തിന്റെയും ബഹുതരംപോലെ, ഇവനെ നീ ദർശിക്കേണമേ. നിന്റെ കരുണ ഇവന്റെമേൽ ചിരന്തനമേ. നിന്റെ കൃപ ഇവന്റെ ബലഹീനതമേൽ തളിക്കേണമേ. നിന്നിൽനിന്നുള്ള സഹായം ഇവനു സൌജന്യമായി നല്കേണമേ. നിന്നിലുള്ള പ്രത്യാശയും മടുത്തുപോകാത്ത വിശ്വാസവും കൊണ്ടു, ഇവന്റെ അരികെ കെട്ടണമേ. സകല ദുഷ്ടനകളും രോഗങ്ങളും, കഠിനതരമായ ശിക്ഷകളും, ശക്തിക്കപ്പുറമായ പരീക്ഷകളും ഇവനിൽ നിന്നു മായിച്ചുകളയേണമേ. നിന്നിൽനിന്നുള്ള സ്ഥിരമായ ശക്തി ഇവനു നല്കേണമേ. നിന്റെ രക്ഷകൊണ്ടു ഇവന്റെ ദുഃഖം മാറി, ഇവനെ സന്തോഷിപ്പിക്കേണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ, നിന്റെ സന്നിധിയിൽ ഇവൻ യോഗ്യമാംവണ്ണം നിന്നു, ഇടവുകൂടാതെ നിന്റെ കൃപയ്ക്കു സ്തോത്രം ചെയ്യുവാൻ, നിന്റെ ദൈവ

തപ്പത്തെ എന്നേക്കും വന്ദിച്ചു സ്തുതിക്കുമാറാകേണമേ. ഹാശാ.

രോഗിയും ജനവും. ആമ്മീൻ.

പ്രാർത്ഥന

❊ ܐܬܝ ܐܬܐ ܥܠ . ܡܪܝ ܐܬܟ ܐܫܝܥܐ

പട്ടക്കാരൻ. രഹസ്യവും പരസ്യവുമായ സകല വേദനകളും എളുപ്പത്തിൽ ശമിപ്പിക്കാവുന്നവനായി, ഉത്തമനും സത്യവാനുമായിരിക്കുന്ന വൈദ്യനായ ഞങ്ങളുടെ മ്ശിഹാതമ്പുരാനേ, രോഗത്തിൽ കിടക്കയും, നിന്റെ കരുണകളിൽ സങ്കേതം പ്രാപിക്കയും, വേദനകൾക്കു ശമനവും, അവയവങ്ങൾക്കു സൌഖ്യവും പ്രാപിപ്പാൻ നിന്റെ കരുണയോടു യാചിക്കയും ചെയ്യുന്ന ഈ നിന്റെ ദാസനുവേണ്ടി നിന്റെ കൃപയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ദൈവമായ കർത്താവേ, ഇവന്റെ വേദനകളെ ശമിപ്പിക്കേണമേ. ഇവന്റെ രോഗങ്ങളെ ഇല്ലാതാക്കേണമേ. ഇവന്റെ ഉപദ്രവങ്ങളെ നീക്കേണമേ. സകല ബാധകളും കോപത്തിന്റെ വടികളും ഇവനിൽ നിന്നു അകറ്റിക്കളയേണമേ. ഇവനോടുള്ള നിന്റെ സകല കൃപകൾക്കും വേണ്ടി, ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തോത്രം ചെയ്കയും ചെയ്യുമാറാകേണമേ. ഹാശാ.

ജനം. ആമ്മീൻ.

¶ അതിന്റെ ശേഷം പട്ടക്കാരൻ രോഗിയെ തൈലം പൂശിക്കൊണ്ടു ചൊല്ലുന്നതു,

❊ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ മൂഹായുടെയും തിരുനാമത്തിൽ നീ സ്വസ്ഥത പ്രാപിക്കയും, വെടിപ്പും വിശുദ്ധിയുമുള്ളവനായി തീരുകയും, മനസ്സോടും മനസ്സു കൂടാതെയും, അറിഞ്ഞും അറിയാതെയും, നീ ചെയ്തിട്ടുള്ള പാപങ്ങളും കുറങ്ങളും നിന്നോടു ക്ഷമിക്കപ്പെടുകയും, ദോഷകരമായ സകല വിചാരങ്ങളും, പൈശാചിതമായ എല്ലാ വ്യാപാരങ്ങളും നിന്നിൽനിന്നു മാഞ്ഞുപോകയും ചെയ്യുമാറാകട്ടെ.

രോഗിയും ജനം. ആമ്മിൻ.

.ﻙﻠﻤﺘﻲ ﻳﺴﻮﻉ ﺍﻟﻤﺴﻴﺢ

❊ ﻭﻣﻦ ﺃﺟﻞ ﺫﻟﻚ . ﻭﻣﻦ ﻗﺒﻞ ﺍﻟﺨﻄﺎﻳﺎ ﻭﺍﻟﺰﻻﺕ
ﺍﻟﺘﻲ ﺍﻗﺘﺮﻓﺘﻬﺎ . ﺃﻧﺖ ﻳﺎ ﺭﺏ ﺍﻟﻤﺴﻴﺢ ﺍﻟﻤﺨﻠﺺ
ﺍﻟﺼﺎﻟﺢ . ﺍﻟﺬﻱ ﺟﺎﺀ ﻭﺧﻠﺺ ﺍﻟﻌﺎﻟﻢ . ﻭﺍﻟﺬﻱ
ﻟﻢ ﻳﻌﻤﻞ ﺧﻄﻴﺌﺔ . ﻭﻟﻢ ﻳﻮﺟﺪ ﻏﺶ ﻓﻲ ﻓﻤﻪ .
ﺍﻟﺬﻱ ﺣﻴﻦ ﺷﺘﻤﻮﻩ ﻟﻢ ﻳﺸﺘﻢ . ﻭﺣﻴﻦ ﺗﺄﻟﻢ
ﻟﻢ ﻳﻬﺪﺩ . ﺑﻞ ﺳﻠﻢ ﻧﻔﺴﻪ ﻟﻠﺬﻱ ﻳﻘﻀﻲ ﺑﺎﻟﺤﻖ .
❊ ﺍﻟﺬﻱ ﺣﻤﻞ ﻫﻮ ﺧﻄﺎﻳﺎﻧﺎ ﻓﻲ ﺟﺴﺪﻩ ﻋﻠﻰ ﺍﻟﺨﺸﺒﺔ .
ﻟﻜﻲ ﻧﻤﻮﺕ ﻋﻦ ﺍﻟﺨﻄﺎﻳﺎ ﻭﻧﺤﻴﺎ ﻟﻠﺒﺮ . ﺍﻟﺬﻱ ﺑﺤﺒﺮﻩ
ﺷﻔﻴﺘﻢ .

ܟܬ ܒ ܐ ܕ ܐ ܕ ܐ ܕ

ഉണ്ടായിരിക്കട്ടെ. ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും ഉണ്ടായിരിക്കണമേ.

പ്രാർത്ഥനകളെ കേൾക്കുന്നവനും, യാചനകളെ നല്കുന്നവനുമായുള്ളോവേ, ഞങ്ങളുടെ പ്രാർത്ഥന കേട്ട് ഞങ്ങളോട് നിരന്നു, നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളുടെ യാചനകളെ നല്കുമാറാകണമേ.

അല്ലെങ്കിൽ ഗീതം

(മാർ അപ്രേമിന്റെ രാഗരീതി)

കർത്താവേ, അനുഗ്രഹിക്ക—
ശ്രേഷ്ഠ—കൈക്കൊള്ളണമേ

ആഭാമ്മി—നുടെ വഴ്ത്തെ
സന്ദർശിച്ച—വനായോരു,
സചീയ—നാം വൈദ്യനു—
സൂതിയുണ്ടാ—കട്ടെ വ്യാനും.

കല്പനയാൽ—തള്ളപ്പെട്ട—
കുഷ്ഠരോ—ഗിയെ യേശു,
തന്നുടെ—കരുണയേകും—
തിരുമൊഴിയാൽ—ശുദ്ധമാക്കി
സുശ്ചു—ശുദ്ധനാക്കി—
അവനെ തൻ—വഴ്ത്തി ചേർത്താൻ.

കർത്താവേ, നിൻ രക്ഷയിൽ
ആശ്രയിക്കും—ഈ രോഗിയെ,
നീ കടാ—ക്ഷിക്കേണമേ
നിൻ തിരു—രക്തത്താലെ.
നീയി[വനെ]—മുറും കഴുകി
പിഴകറും ക്ഷ—മിക്കേണമേ.

താതനും—പ്രിയ പുത്രനും
പരിശുദ്ധ—നാം രൂഹായ്ക്കും

സ്തുതിയും പു—കഴ്ച്ചയും നൽ
തേജസ്സും---ഉണ്ടാകട്ടെ.
അനുഗ്രഹം---കൃപകളും
ഞങ്ങളുടെമേൽ—ഉണ്ടാകട്ടെ.

പ്രാത്ഥനകൾ—കേൾക്കുന്നോനേ
യാചനകൾ—നല്കുന്നോനേ
ഞങ്ങളിൻ പ്രാ—ത്ഥനകൾ കേട്ടു
യാചനകൾ—നല്കീടണമേ.

ഹ്ദാ ഹ്ദാ ഹ്ദാ

സഹായങ്ങളും നിറഞ്ഞിരിക്കുന്ന നിന്റെ വലങ്കൈ രോ
ഗിയായിരിക്കുന്ന ഈ ദാസന്റെമേൽ ആവസിപ്പിക്കണ
മേ. നിന്റെ സകലവിധ അനുഗ്രഹങ്ങളുംകൊണ്ടും
ഇവനെ അനുഗ്രഹിക്കേണമേ. നിന്റെ സൌഖ്യംകൊണ്ട്
ഇവന്റെമേൽ തളിച്ചു, പാപത്തിന്റെ സകല മലിനതയി
ൽനിന്നും ഇവനെ വെടിപ്പാക്കേണമേ. ഇവന്റെ കടങ്ങളെ
പരിഹരിച്ചു, ഇവന്റെ പിഴകളെ ക്ഷമിക്കേണമേ. ഞങ്ങളു
ടെ കർത്താവും ദൈവവുമേ, നിന്റെ ശ്രേഷ്ഠതയുടെ മുൻ
പാകെ കുറവറ്റ നിലയ്ക്കു ഇവനെ എന്നേക്കും യോഗ്യതയു
ള്ളവനാക്കുകയും ചെയ്യേണമേ. ഹാശാ.

ജനം. ആമ്മീൻ.

. [illegible]

[illegible]

ڀ ڀڀڀ ٭ ڀڀڀ ٭ ڀڀڀ .

٭ ڀڀڀ ڀڀ ڀڀڀ ڀڀڀ

ڀڀڀ ڀڀ ڀڀڀ . ڀڀڀ ڀڀڀ ڀڀڀ . ڀڀڀ

ڀڀڀ . ڀڀڀ ڀڀڀ ڀڀڀ . ڀڀڀ ڀڀڀ ڀڀڀ

ڀڀڀ ڀڀڀ ڀڀڀ . ڀڀڀ ڀڀڀ ڀڀڀ . ڀڀڀ

ڀڀڀ ڀڀڀ ڀڀڀ . ڀڀڀ ڀڀڀ ڀڀڀ ٭ ڀڀڀ

ڀڀڀ ٭ ڀڀڀ ڀڀڀ .

ڀڀڀ ٭ ڀڀڀ .

കൈകലയോൻ

തൊഴ്ത്തു.

പട്ടക്കാരൻ. തന്റെ അന്യായം ക്ഷമിച്ചും, പാപങ്ങൾ മറെച്ചും കിട്ടിയവന്നു ഭാഗ്യം.

കർത്താവു പാപം കണക്കിടാതെയും, ഹൃദയത്തിൽ വഞ്ചനയില്ലാതെയും ഇരിക്കുന്ന മനുഷ്യന്നു ഭാഗ്യം.

എന്തെന്നാൽ നിന്റെ അസ്ത്രങ്ങൾ എന്നിൽ തറെച്ചിരിക്കുന്നു. നിന്റെ കൈ എന്റെമേൽ ഭാരമായിരിക്കുന്നു.

കർത്താവേ, എന്റെ പ്രാർത്ഥന കേൾക്കണമേ. എന്റെ നിലവിളി നിന്റെ അടുക്കൽ പ്രവേശിക്കുമാറാകണമേ.

കർത്താവേ, ആഴത്തിൽനിന്നു നിന്നെ ഞാൻ വിളിച്ചു. നീ എന്റെ ശബ്ദം കേട്ടു.

കർത്താവേ, എന്റെ പ്രാർത്ഥന കേൾക്കേണമേ. നിന്റെ വചനപ്രകാരം എന്റെ അപേക്ഷ ചെവിക്കൊള്ളേണമേ—ബാറെക്മാർ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ജനം. ആദിമുതൽ എന്നെന്നേക്കും തന്നെ. ആമ്മീൻ.

രോഗിയുടെ പ്രാർത്ഥന

എക്ബാ. അന്യായവും ദുഷ്ടതയും വിട്ടുതിരിയുന്ന പാപികളിൽ ഇഷ്ടം തോന്നുന്ന കർത്താവേ, സങ്കടങ്ങളുടെ ഈ നേരത്തു്, വ്യസനകരമായ എന്റെ അപേക്ഷയുടെ ശബ്ദം നീ കേൾക്കേണമേ. സംഖ്യയില്ലാത്ത എന്റെ പാപങ്ങളെ നീ മായിച്ചുകളയേണമേ. എന്റെ സകല കറകളെയും നീ കഴുകിക്കളയേണമേ. നിന്റെ തിരുസന്നിധിയിൽ ഇഷ്ടന്മാരായിത്തീർന്നിട്ടുള്ള നീതിമാന്മാരോടുകൂടെ രാജ്യം അവകാശമാക്കുവാൻ എന്നെയും യോഗ്യതയുള്ളവനാക്കേണമേ.

ശുശ്രൂഷകൻ. സ്വർഗ്ഗത്തിൽ കാരോസ്.

ജനം. കുറിയേലായിസ്സോൻ.

.ڤڪڪڪ

ڤڪڪ ڤڪڪڪ ڤڪڪڪ ڤڪ

ജനം. അനുഗ്രഹിക്കുന്നവനായ കർത്താവേ,.....

പട്ടക്കാരൻ. സ്തുതിയും സ്തോത്രവും.....

കാരുണ്യവാനും, മനുഷ്യരെ സ്നേഹിക്കുന്നവനും, പാപിയുടെ മരണത്തിൽ ഇഷ്ടമില്ലാത്തവനും, കൊല്ലുകയും, ജീവിപ്പിക്കയും, പാതാളത്തിലേക്കു ഇറക്കുകയും, അതിൽനിന്നു കരേറുകയും ചെയ്യുന്നവനും ആയ ഉടയവനേ, ഈ രോഗിക്കുവേണ്ടിയുള്ള ദൈവീകമായ ഈ യാചനകൾ പൂർണ്ണമാക്കപ്പെടുന്ന ഈ നേരത്തും നമ്മുടെ ആയുഷ്കാലം മുഴുവനും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹാശാ.

ജനം. ആമ്മീൻ.

൨൬൧൦

ദൈവമായ കർത്താവേ, എന്റെ ആയുസ്സിന്റെ നാളുകൾ അവസാനത്തോടു സമീപിക്കയും, ശരീരത്തിൽനിന്നു ആത്മാവു വേർപിരിയുന്ന ഭയങ്കര വിധി അടുക്കയും ചെയ്തിരിക്കുന്ന ഈ സമയത്തു, എന്റെ ബാല്യം മുതൽ ഇതുവരെയും ഞാൻ ചെയ്തിട്ടുള്ള കുറ്റങ്ങളെയും പാപങ്ങളെയും ഓർത്തു എനിക്കു വേദന പിടിച്ചിരിക്കുന്നു. നിന്റെ നീതിക്കു ഞാൻ അധികമായി കടപ്പെട്ടിരിക്കുന്നു എന്നു അറിഞ്ഞതുകൊണ്ടു, ഞാൻ ഭ്രമിച്ചു നെടുവീർപ്പിടുന്നു. എല്ലാഭാഗത്തുനിന്നും ഭയവും ഭീതിയും എന്നെ ചുറ്റിയിരിക്കുന്നു. ഞാൻ വലത്തോട്ടും ഇടത്തോട്ടും നോക്കി, ദുഷ്ട പിശാചുക്കളുടെ കൂട്ടം എന്നെ വളഞ്ഞിരിക്കുന്നു എന്നു ഞാൻ അറിഞ്ഞതിനാൽ, വിറയലും പരിഭ്രമവും പെട്ടെന്നു എന്നെ പിടിച്ചിരിക്കുന്നു. എന്റെ പാപങ്ങൾ നിന്റെ സഹായങ്ങളിൽനിന്നു എന്നെ

വിലക്കി, അകാരണമായെന്നെ എന്റെ ശത്രുക്കൾ കണ്ടതിനാൽ, അവർ കള്ളന്മാരെപ്പോലെ എന്നിലേക്ക് വീണു. എന്റെ സഹായത്തിനായി എന്റെ സ്നേഹിതന്മാരെ വിളിപ്പാൻ എനിക്കു കഴിവില്ല. എനിക്കു പ്രിയമുള്ളവരും അടുപ്പമുള്ളവരും എന്നെ വിടുവിക്കുന്നതുമില്ല. അതുകൊണ്ട് എല്ലാഭാഗങ്ങളിൽനിന്നും ഞാൻ തനിയെ ശേഷിച്ചു വിടപ്പെട്ടിരിക്കുന്നു. കർത്താവേ, നിന്റെ കരുണയിലല്ലാതെ എനിക്കു പ്രത്യാശയും ശരണവും ശേഷിച്ചിട്ടില്ല. മനുഷ്യരെ സ്നേഹിക്കുന്നവനേ, നീ സത്യമുള്ള ശരണവും, ലജ്ജിപ്പിക്കാത്ത പ്രത്യാശയുമാകയാൽ എന്നോടു കരുണ ചെയ്യണമേ. ഇപ്പോഴും കർത്താവേ, എന്റെ സങ്കടങ്ങളിലും ഞെരുക്കസമയത്തും നിന്നെ ഞാൻ നോക്കിവിളിക്കുന്നു. കർത്താവേ, എന്റെ ദുഷ്ടതയുടെയും അഹങ്കാരത്തിന്റെയും ആധിക്യം നിമിത്തം നിന്റെ തിരുമുഖം എന്നിൽനിന്നു തിരിക്കരുതേ. എന്റെ ഈ ആവശ്യസമയത്ത് തിരുച്ചെവി എങ്കലേക്കു ചായിച്ച് എന്നെ രക്ഷിക്കേണമേ. ദൈവമേ, നിന്റെ കരുണകൾ വേഗം എനിക്കു മുൻപിടണമേ. കർത്താവേ, എന്റെ ശത്രുക്കളുടെ കയ്യിൽ എന്നെ ഏൽപ്പിക്കരുതേ. എല്ലാമനുഷ്യരെയും വ്യർത്ഥമായിട്ടല്ലല്ലോ നീ സൃഷ്ടിച്ചിരിക്കുന്നത്. കർത്താവേ, നീ മാത്രം സത്യവാനും, എല്ലാമനുഷ്യരും അസത്യവാദികളുമാകുന്നു. കർത്താവേ, നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെട്ട്, നിന്റെ ന്യായവിധികളിൽ നീ ജയിക്കും. സർവ്വസൃഷ്ടികളും നിന്റെ നിത്യക്കു കടപ്പെട്ടിരിക്കുന്നു. എന്നാണ, പാപി അനുതപിച്ചു ജീവിക്കണമെന്നല്ലാതെ, അവന്റെ മരണത്തിൽ എനിക്കിഷ്ടമില്ലെന്നു അരുളിച്ചെയ്തിരിക്കുന്ന സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ വചനങ്ങളിലുള്ള ഉറപ്പായ പ്രത്യാശയോടെ ഞാൻ പ്രാർത്ഥിക്കുന്നു. കർത്താവേ, വർദ്ധിച്ചു എന്റെ തലയ്ക്കുമീതെ കവിഞ്ഞിരി

ക്കുന്ന എന്റെ പാപങ്ങളെ നോക്കണമേ. എത്രയും വളരെയുള്ളവയും, മനുഷ്യരുടെ സകല ദുഷ്ടതയെയും പരിഹരിക്കുന്നവയുമായ നിന്റെ കാരുണ്യങ്ങളിൻപ്രകാരം എന്നെ കടാക്ഷിക്കേണമേ. എന്റെ നേരെ ഗർജ്ജിച്ചു വരികയും, ഭയങ്കരമായ കണികളാൽ എന്നെ പിടിപ്പാൻ എനിക്കായി പതിയിരിക്കയും ചെയ്യുന്ന ദുഷ്ടതയുള്ളവയും മൃഗീയവുമായ പിശാചുക്കളെ നോക്കണമേ. അവരുടെ ഉപായമുള്ള വഞ്ചനകൾക്കു ഞാൻ അനുസരിച്ചതുകൊണ്ട്, എന്റെ ദുഷ്ക്രിയകളാൽ എന്നെ കുറെ ചുമത്തി ബന്ധിച്ചു. നിങ്കൽനിന്നു എന്നെ അടിമയാക്കിക്കൊണ്ടുപോകുവാൻ അവ എന്റെ നേരെ പാഞ്ഞുവരുന്നു. എന്റെ പാപങ്ങൾക്കുവേണ്ടി അപേക്ഷിപ്പാൻ എനിക്കു സമയം പോരാതെയുമിരിക്കുന്നു. എന്തെന്നാൽ നിന്റെ കല്പനയാൽ ഇതാ അവസാനം ദ്രുതഗതിയിൽ അടുത്തിരിക്കുന്നു. കർത്താവേ, എന്റെ ജീവാവസാനമാകുന്ന ഈ നാഴികയിലുള്ള ബലഹീനമായ കണ്ണുനീരുകളിൽ ഒരു തുള്ളിയെ എന്നിൽനിന്നു കൈക്കൊള്ളണമേ. നിന്റെ വലത്തുഭാഗത്തെ കള്ളന്റെ പുറപ്പാടിൽ കൈക്കൊണ്ടതുപോലെ, എന്റെ പുറപ്പാടിൽ കൈക്കൊള്ളണമേ. കർത്താവേ, അവനെപ്പോലെ ഞാൻ പുറപ്പെടുന്നു. നിന്റെ മുൻപാകെ ഞാൻ പാപവും അനീതിയും ചെയ്തു. മനസ്സോടും മനസ്സുകൂടാതെയും, അറിഞ്ഞും അറിയാതെയും, വാക്കിനാലും പ്രവൃത്തിയാലും, വിചാരത്താലും അന്തരിന്ദ്രിയങ്ങളാലും ബാഹ്യേന്ദ്രിയങ്ങളാലും, അനേകങ്ങളാലും, ശാപങ്ങളാലും, വ്യാജത്താലും, മദ്യപാനത്താലും, അശുദ്ധ ഭക്ഷണത്താലും, കണ്ണുകളുടെ നോട്ടത്താലും, കൗശലക്കാരോടുള്ള സംസർഗ്ഗത്താലും, സാത്താൻ മനുഷ്യരെക്കൊണ്ടു ചെയ്യിപ്പാൻ കഴിയുന്ന സകലവിധ പിഴകളാലും, പാപങ്ങളാലും ഞാൻ കുറക്കാര

നായിരിക്കുന്നു. കർത്താവേ, നിന്റെ അനുഗ്രഹവും കൃപയുംപോലെ എന്നോടു ചെയ്യണമേ. നിന്റെ നീതിപോലെ ചെയ്യരുതേ. എന്തുകൊണ്ടെന്നാൽ കുറമില്ലാത്തവൻ നീ മാത്രമേയുള്ളൂ. നിന്റെ മനുഷ്യസ്നേഹത്തിന്റെ ഐശ്വര്യവും എന്റെ അടുക്കൽ പ്രദർശിപ്പിക്കേണമേ. ഭയത്തിന്റെ ഈ നാഴികയിൽ എന്നോടു ഉത്തരമരുളേണമേ. എന്റെ ബാല്യം മുതൽ ഇതുവരെയുള്ള എന്റെ സകല പാപങ്ങളും കുറങ്ങളും മായിച്ചുകളയേണമേ. എന്റെ ശത്രുക്കൾ എന്നെക്കുറിച്ചു സന്തോഷിപ്പാനിടവരരുതേ. എന്തുകൊണ്ടെന്നാൽ നിന്റെ തിരുരക്തത്താൽ നീ എന്നെ വീണ്ടെടുത്തു. നിന്നിൽ ഞാൻ വിശ്വസിച്ചിരിക്കുന്നു. ദുഷ്ടപിശാചുക്കളെ എന്റെ അടുക്കൽനിന്നു ദൂരത്താക്കേണമേ. നിന്റെ ശാസനയാൽ എന്റെ ശത്രുക്കളുടെ വായ് കെട്ടേണമേ. എന്നെ കുറ്റം ചുമത്തുവാൻ അവരെ സമ്മതിക്കരുതേ. നിന്റെ കരുണകൊണ്ടു നോക്കിപ്പാർക്കുന്നതല്ലാതെ, എനിക്കു സഹായത്തിനും രക്ഷയ്ക്കും വേറെ ഒരു മാർഗ്ഗവുമില്ല. നിന്റെ അസ്ത്രങ്ങളെ അയച്ചു്, എന്റെ ശത്രുക്കളെ ചിതറിച്ചുകളയേണമേ. നിന്റെ മിന്നലുകളെ അയച്ചു് അവരെ ഭ്രമിപ്പിക്കേണമേ. ഉന്നതത്തിൽനിന്നു നിന്റെ തൃക്കൈ നീട്ടി, പെരുവെള്ളങ്ങളിൽനിന്നു എന്നെ കോരിയെടുക്കേണമേ. കർത്താവേ, പതിനൊന്നാം മണിനേരത്തെ വേലക്കാരോടുകൂടെ, നിന്റെ കൃപയാൽ എന്നെ എണ്ണേണമേ. എന്റെ സഹായത്തിനു വരുവാൻ നിരപ്പിന്റെയും സമാധാനത്തിന്റെയും മാലാകായെ നിന്റെ കരുണയാൽ അനുവദിക്കേണമേ. പാപികളെ അനുതാപത്തിനു വിളിപ്പാൻ വന്ന ഞങ്ങളുടെ കർത്താവും ദൈവവുമായ യേശുമശിഹായേ, നാശത്തിലേക്കു ഞാൻ ഇറങ്ങുന്നതായാൽ എന്റെ രക്തംകൊണ്ടു

എന്തു ലാഭമുള്ളൂ? മണ്ണു നിനക്കു സ്തോത്രം ചെയ്യുന്നില്ല. അതു നിന്റെ വിശ്വസ്തതയെ കാണിക്കുന്നതുമില്ല. കർത്താവേ, അനുതപിക്കയും നീ കൈക്കൊള്ളുകയും ചെയ്തിട്ടുള്ള പാപികളോടു കൂടെ, നിന്നെ സ്തുതിപ്പാൻ നിന്റെ കരുണക്കനിവുകളാൽ എന്നെ രക്ഷിക്കേണമേ. നിനക്കും, ഞങ്ങളുടെ വീണ്ടെടുപ്പിനായി നിന്നെ അയച്ച നിന്റെ പിതാവിനും, ഞങ്ങളെ ജീവിപ്പിക്കുന്നവനും, ഞങ്ങളുടെ കടങ്ങളെ മോചിക്കുന്നവനുമായ നിന്റെ പരിശുദ്ധരൂപാക്കും ഞങ്ങൾ സ്തുതിയും സ്തോത്രവും കരേറുന്നു. ആശാ.

ജനം: ആമ്മീൻ

. ܬܘܒ ܒܗ ܐܡܝ

ܒܟܠ ܒܗ ܫܒܚ ܠܟ ܫܒܚܐ ❊ ܩܕܝܫ ܐܢܬ ܒܟܠ
ܬܫܒܘܚܬ ܐܠܗܐ . ܐܡܝ ܒܪܟ ܠܟ ܫܒܚܐ ܘܬܫܒܘܚܬܐ
ܐܒ ܕܟܠ ܒܪܝܬܐ . ܐܬܝܬ ܘܚܝܬ ܠܟ ܐܝܬ ܒܪ
ܐܝܬ ܒܟ ܫܒܚ ܐܡܝ . ܐܡܪ ܠܟ ܒܪ ܐܝܬ ܠܗ
ܐܡܝ ܒܗ ❊ ܫܒܚ ܠܟ ܫܒܚܐ ܘܬܫܒܘܚܬܐ
ܐܡܝ ܒܗ . ܐܡܝ ܒܪܟ ܠܟ ܫܒܚ ܐܡܝ
ܐܡܝ ܒܗ . ܐܡܝ ܒܪܟ ܠܟ ܫܒܚ ܐܡܝ

ಸಂಸ್ಕೃತ ಭಾಷೆಯಲ್ಲಿ ಮಾತನಾಡಿದರೆ ಅಥವಾ ಬರೆದರೆ ಅದು ಸಂಸ್ಕೃತ ಭಾಷೆಯಾಗುವುದಿಲ್ಲ. ಅದು ಸಂಸ್ಕೃತ ಭಾಷೆಯಾಗಬೇಕಾದರೆ ಅದರಲ್ಲಿ ಸಂಸ್ಕೃತ ಭಾಷೆಯ ಸೊಗಡು ಇರಬೇಕು. ಅಂದರೆ ಸಂಸ್ಕೃತ ಭಾಷೆಯ ಪದಗಳು ಅದರಲ್ಲಿ ಹೆಚ್ಚಾಗಿ ಇರಬೇಕು. ಸಂಸ್ಕೃತ ಭಾಷೆಯ ಪದಗಳು ಹೆಚ್ಚಾಗಿ ಇರುವ ಕನ್ನಡ ಭಾಷೆಯನ್ನು ಸಂಸ್ಕೃತೀಕರಿಸಿದ ಕನ್ನಡ ಭಾಷೆ ಎನ್ನಬಹುದು.

ಸಂಸ್ಕೃತೀಕರಿಸಿದ ಕನ್ನಡ ಭಾಷೆಯಲ್ಲಿ ಸಂಸ್ಕೃತ ಪದಗಳು ಹೆಚ್ಚಾಗಿ ಇರುವುದರಿಂದ ಅದು ಸಂಸ್ಕೃತ ಭಾಷೆಯಂತೆ ಕಾಣಿಸುತ್ತದೆ. ಆದರೆ ಅದರ ವಾಕ್ಯರಚನೆ ಕನ್ನಡ ಭಾಷೆಯದೇ ಆಗಿರುತ್ತದೆ. ಅಂದರೆ ಕ್ರಿಯಾಪದವು ವಾಕ್ಯದ ಕೊನೆಯಲ್ಲಿ ಬರುತ್ತದೆ. ಕರ್ತೃ, ಕರ್ಮ, ಕ್ರಿಯಾಪದಗಳ ಸ್ಥಾನಗಳು ಕನ್ನಡ ಭಾಷೆಯಲ್ಲಿ ಇರುವಂತೆಯೇ ಇರುತ್ತವೆ.

ഷ്മമുള്ള സ്ഥലം എന്നെ അധീനമാക്കാതിരിപ്പാനും എ നിക്കു കൃപ നല്കണമേ.

കർത്താവേ, നിന്റെ കൃപ എനിക്കു തുണയായിരി ക്കുകയും, ആശ്വാസവും പരിപൂർണ്ണ സമാധാനവും നി റഞ്ഞിരിക്കുന്ന ജീവന്റെ തുറമുഖത്തു് എന്നെ അടുപ്പി ക്കയും ചെയ്യുമാറാകേണമേ. കർത്താവേ, തീജ്വാലയുടെ ഓളങ്ങളുടെ ഇടയിൽ ഞാൻ മുങ്ങിപ്പോകരുതേ. വെള്ള മില്ലാത്ത സ്ഥലത്തു ഞാൻ വെള്ളം വേണ്ടുന്നവനായി തീരുകയും അരുതേ.

കർത്താവേ, ചോദിക്കുന്നവന്നു വെള്ളം കിട്ടാത്തി ടമായ ആ സ്ഥലത്തു പരീക്ഷിക്കപ്പെട്ടവാൻ അബ്രാ ഹാമിനോടു വെള്ളം ചോദിപ്പാൻ എനിക്കു സംഗതി വ രരുതേ. എന്റെ കൈകളുടെ അന്യായത്താൽ അഗ്നി യുടെ വഴിയെ ഞാൻ കടക്കേണ്ടിവരുന്നെങ്കിൽ, ഹന നിയായെപ്പോലെ നാലാമത്തവനായി നിന്നെ ഞാൻ അവിടെ കാണുമാറാകേണമേ.

കർത്താവേ, ഹനനിയാ മുതലായ പൈതങ്ങളോടു കൂടെ എന്റെ നാവു നിന്നെ സ്തുതിക്കയും, സിംഹങ്ങ ളുടെ കുഴിയിൽവെച്ചു നിനക്കു സ്തോത്രം ചെയ്ത ദാനി യേലിനോടുകൂടെ എന്റെ വായ് നിനക്കു സ്തോത്രംചെ യ്കയും ചെയ്യുമാറാകേണമേ. ആ ദരിദ്രനായ ലാസറി നോടുകൂടെ നിനക്കു സ്തുതിപാടുവാൻ, ആ ധനവാന്റെ അതിവേദനയിൽ നിന്നു നീ എന്നെ രക്ഷിക്കയും ചെ യ്യേണമേ.

ദൈവമേ, ഞങ്ങളോടു ഉത്തരമരുളിച്ചെയ്യേണമേ. ദൈവമേ, ഞങ്ങളോടുത്തരമരുളിച്ചെയ്യൂ, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമേ. മനുഷ്യരുടെ ഹൃദയ ങ്ങളെ അനുതാപത്തിങ്കലേക്കു തിരിക്കയും ചെയ്യേണമേ.

(മാർ യാക്കോബിന്റെ രാഗരീതി)

കർത്താ ! കർത്താ ! —വിളിക്കുന്നെങ്ങൾ
തുണയ്ക്കായ വരിക.
പ്രാർത്ഥന കേ—ട്ടടിയാരുടെ മേൽ
ദയചെയ്യണമേ.

കർത്താ ! കൃപയായ്—നിന്നനുഗ്രഹത്താൽ
ജീവിക്കണേ ഞാൻ.
ധനവാനെപ്പോൽ—ഞാൻ നരകത്തിൽ
ദുഃഖിക്കരുതേ.

വെള്ളമാം കപ്പലിൽ—തിക്കടൽ കടപ്പാൻ
കൃപ നൽകണമേ.
അഗ്നിജ്വാലകളിൻ—വിഷമസ്ഥലം
തടുക്കരുതെന്നെ.

നിൻ കൃപയാലാശ്വാസ—തുറമുഖ-
ത്തടുപ്പിക്കണമേ
തീജ്വാലയിൻ ഓ—ളങ്ങളിൽ ഞാൻ
മുങ്ങിടരുതേ.

വെള്ളമില്ലാത്തി—ടത്തിൽ ഞാൻ
ദാഹിക്കരുതേ.
വെള്ളം കിട്ടാ—ത്തിടത്തബ്രാമോടു
യാചിച്ചിട്ടു,
പരീക്ഷിതനാവാൻ—എനിക്കും
ഇടയാകരുതേ.

എൻ കൈകളിൻ—അന്യായത്താൽ
അഗ്നിയിൻ വഴിയെ
ഞാൻ കടന്നാകിൽ—ഹനനിയായെപ്പോൽ
നാലാമവനായ്
നിന്നെ ഞാൻ അവിടെ—കണ്ടിടുവാൻ
കൃപ ചെയ്യണമേ.

ചൂളയിൽ, സിംഹക്കുഴിയിലും
ഹനനിയായും
ദാനിയേലും—സ്തുതിച്ചതുപോൽ ഞാൻ
സ്തുതിചെയ്യണമേ.

അഗതിയാം ലാ—സറിനോടുകൂടെ
സ്തുതിപാടുവാൻ,
ആ ധനവാനോടെ—വ്യർത്ഥയിൽനിന്നു
രക്ഷിക്കണമേ.

ഉത്തരമരുൾക അ—രുൾക ദേവാ
അനുഗ്രഹിക്ക.
മർത്ത്യർ ചിത്തം—അനുതാപേ നീ
വരുത്തിടണമേ.

¶ പട്ടക്കാരൻ രോഗിയുടെ തലയിൽ കൈവെച്ചു് നെറ്റിയിൽ കുരിശു വരച്ചു ചൊല്ലേണ്ടതു്.

പട്ടക്കാരൻ. സർവ്വശക്തിയുള്ള ദൈവം നിന്റെ മുൻമൽ മനസ്സലിഞ്ഞു്, നിന്റെ സകല പാപങ്ങളും നിന്നോടു ക്ഷമിച്ചു്, നിത്യജീവങ്കലേക്കു നിന്നെ നടത്തുമാറാകട്ടെ.✠

രോഗിയും ജനവും. ആമ്മീൻ.

പട്ടക്കാരൻ. സർവ്വശക്തനും കാരുണ്യവാനുമായ കർത്താവു നിന്റെ സകല പാപങ്ങൾക്കും മോചനവും വിടുതലും പരിഹാരവും നിനക്കു നല്കട്ടെ.✠

രോഗിയും ജനവും. ആമ്മീൻ.

പട്ടക്കാരൻ. എന്റെ കൈവെപ്പാൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും തിരുനാമത്തിൽ സാത്താന്റെ സകല ശക്തിയും നിന്നിൽനിന്നു മാഞ്ഞുപോകയും ചെയ്യുമാറാകട്ടെ.✠

രോഗിയും ജനവും. ആമ്മീൻ.

✠ ദൈവം തമ്പുരാൻ ദയവുണ്ടാകേണമേ ✠

പ്രാർത്ഥന

പട്ടക്കാരൻ. കാരുണ്യവാനും, ദീർഘക്ഷമയുള്ളവനും, കൃപയും സത്യവും വളരെയുള്ളവനും, സർവ്വജഡത്തിൻ ജീവന്റെയും മരണത്തിന്റെയുംമേൽ അധികാരം ഉള്ളവനും, പാപിയുടെ മരണത്തിൽ ഇഷ്ടമില്ലെന്നു അരുളിച്ചെയ്തിരിക്കുന്നവനുമായ കർത്താവേ, എന്റെ യോഗ്യതയ്ക്കു തക്കവണ്ണമല്ല, നിന്റെ കരുണകളുടെ ആധിക്യപ്രകാരം ഈ സമയത്തു് എന്നോടുത്തരമരുളേണമേ. നീ ആതിനെ വസിക്കുമാറാക്കിയ ഈ താല്ക്കാലിക വാസസ്ഥലത്തുനിന്നു നിന്റെ ആജ്ഞയാൽ വാങ്ങിപ്പോകുന്ന ഈ എളിയ ആത്മാവിനോടു കരുണ തോന്നേണമേ. കർത്താവേ, മനസ്സോടും മനസ്സുകൂടാതെയും, അറിഞ്ഞും അറിയാതെയും, രഹസ്യമായും പരസ്യമായും, വാക്കുകളാലും പ്രവൃത്തികളാലും വിചാരങ്ങളാലും, ശാപത്താലും ഉദാസീനതയാലും വഞ്ചനയാലും സാത്താൻ മനുഷ്യരെക്കൊണ്ടു പാപം ചെയ്യിക്കുന്ന സകല കാരണത്താലും, ഇവൻ ചെയ്തുപോയ സകല പാപങ്ങളും കുറവുകളും പരിഹരിച്ചു്, നീക്കി മായിച്ചുകളയേണമേ. ആത്മാവിന്റെയും ശരീരത്തിന്റെയും സകല മാലിന്യത്തിൽനിന്നും ഇവനെ മുറ്റും ശുദ്ധീകരിക്കേണമേ. കർത്താവേ, മനുഷ്യവർഗ്ഗത്തിന്റെ ബലഹീനതയും, ഭൂമിയിലെ തന്റെ ആയുസ്സിൽ ഒരു നാഴിക എങ്കിലും പാപമില്ലെന്നു പറവാൻ തിരുസന്നിധിയിൽ വിശുദ്ധിയുള്ളവനായിട്ടു്, സ്ത്രീയിൽനിന്നു ജനിച്ചവൻ ആരും ഇല്ലെന്നും നീ അറിയുന്നു. കർത്താവേ, സകല വിധമായ ഭീതിയിൽനിന്നും ഭ്രമത്തിൽനിന്നും ഇവനെ സാതന്ത്ര്യപ്പെടുത്തേണമേ. അന്ധകാര സേനകളുടെ എതി

പ്പിൽനിന്ന് ഇവനെ നി രക്ഷിച്ചു, അവയെ ഇവന്റെ അ
ടുക്കൽനിന്ന് ഓടിച്ചുകളയേണമേ. ഇവന്റെ യോഗ്യത
യ്ക്കു തക്കവണ്ണമല്ല, നിന്റെ കരുണാധിക്യപ്രകാരം
ഇവനോടു പെരുമാറേണമേ. കർത്താവേ, നീ ഇവനെ സൃ
ഷ്ടിച്ചതുപോലെയും ഇവൻ നിന്റെ സാദൃശവും സദൃശ
വും ആകുന്നതുപോലെയും നിന്റെ അനുഗ്രഹങ്ങളു
ടെ സഹായത്തോടുകൂടെ നിന്നെ എതിരേല്പാൻ ഇവനു കൃ
പ നല്കണമേ. സന്ധ്യാസമയത്തെ വേലക്കാരോടു
നീ കാണിച്ച ദയ ഇവനോടു കാണിക്കേണമേ. പ്രി
യാദമുഖത്തോടുകൂടെ നിന്നെയും നിന്റെ ഏകപുത്ര
നെയും നിന്റെ പരിശുദ്ധരൂഹായെയും സ്തോത്രംചെ
യ്യുവാൻ വന്നിരിക്കുന്നതിനായി, നിന്റെ സന്നിധിയിൽ
ഇവനെ അടുപ്പിക്കേണ്ടതിനു നിരൂപിന്റെയും സമാധാ
നത്തിന്റെയും മാലാകായെ ഇവനു നീ അയച്ചുകൊടുക്ക
യും ചെയ്യേണമേ. ഹാശാ.

ജനം. ആമ്മീൻ.

മറെറാരു പ്രാർത്ഥന

؞ مُنَا يُحْ مُكُم مُنسُنُا

പട്ടക്കാരൻ. കരുണയുടെ സമുദ്രവും ജീവന്റെ ഉറവും
സഹായങ്ങളുടെ നദിയുമായിരിക്കുന്ന നല്ലവനും കാരു
ണ്യവാനുമായ ദൈവമായ കർത്താവേ, മരണസമീപം
രോഗത്തിൽ കിടക്കുന്ന ഈ നിന്റെ ദാസൻ തന്റെ ജ
നനം മുതൽ ഇതുവരെയും മനസ്സോടും മനസ്സുകൂടാതെ
യും അറിഞ്ഞും അറിയാതെയും പ്രവൃത്തികളാലും വാ
ക്കുകളാലും വിചാരങ്ങളാലും ചെയ്തുപോയിട്ടുള്ള സകല
കുറങ്ങളും പാപങ്ങളും അതിക്രമങ്ങളും കരുണയുള്ള
പിതാവിനെപ്പോലെ നീ നിന്റെ കൃപയാൽ ക്ഷമിച്ചു

നിക്കിക്കളയേണമേ. ഞങ്ങൾ മണ്ണും ചാരവുമാകുന്നു എന്നും, ഒരുദിവസമെങ്കിലും ഭൂമിയിൽ ജീവിച്ചിരുന്നിട്ട്, നിനക്കു വിരോധമായി പാപംചെയ്യാത്ത മനുഷ്യൻ ഇല്ലെന്നും ഓർക്കേണമേ. ജീവിച്ചിരിക്കുന്ന യാതൊരുത്തനും നിന്റെ ശ്രേഷ്ഠതയുടെ മുൻപാകെ കുറമറവനല്ലാത്തതുകൊണ്ട്, നിന്റെ മാധ്യമനെ വിധിയുടെ ആ ഭയങ്കര ദിവസത്തിൽ ന്യായവിധിക്കു നീ പ്രവേശിപ്പിക്കരുതേ. ദൈവമേ, നിന്റെ സമാധാനത്തിന്റെ മാലാഖയെ ഇവന്റെ സഹായത്തിന്നായി നിയമിക്കേണമേ. ദുഷ്ടപിശാചുക്കളുടെ നേരെ പ്രബലപ്പെടുവാൻ നിന്റെ ആത്മശക്തിയാൽ ഇവനെ പ്രാപ്തനാക്കേണമേ. അവസാനമില്ലാത്ത നരകത്തിൽനിന്നും, അതിവേദനകളിൽനിന്നും ഇവനെ നീ രക്ഷിച്ചുകൊള്ളേണമേ. നിന്റെ കരുണയാൽ ഇവന്റെ ആത്മാവിനെ കൈക്കൊള്ളേണമേ. നിന്റെ വിശുദ്ധ സൈന്യങ്ങളാൽ നിന്റെ മഹത്വത്തിന്റെ ശ്രേഷ്ഠസിംഹാസനത്തിങ്കലേക്കു ഇവനെ അടുപ്പിക്കേണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, മഹത്വത്തോടെ നിനക്കു പെരുനാൾ ആഘോഷിക്കുന്നവരുടെ ശബ്ദം ഉള്ളയിടവും, സകല ദുഃഖങ്ങളും നെടുവീർപ്പുകളും ഒഴിഞ്ഞിരിക്കുന്ന ജീവിതമുള്ളയിടവും അവർണ്ണനീയമായ വാഗ്ദത്തങ്ങളുടെ ആത്മഫലമുള്ളയിടവും, നിന്റെ വിശുദ്ധന്മാർ ഇളവുകൂടാതെ നിന്റെ ദൈവത്വത്തെ സ്തുതിച്ചു മഹത്വപ്പെടുത്തുന്നയിടവുമായ അബ്രാഹാം യിസ്ഹാക്ക് യാക്കോബ് എന്നവരുടെ മടിയിലും, സന്തോഷങ്ങളുടെ പരദീസായിലും, ആശ്വാസത്തിന്റെ സ്ഥലങ്ങളിലും, പ്രകാശത്തിന്റെ പന്തലുകളിലും, വിശുദ്ധന്മാരുടെ കൂടാരത്തിലും, നിത്യമാന്മാരുടെ വാസസ്ഥലങ്ങളിലും, ഇവനെ ആശ്വസിപ്പിക്കേണമേ. അവരോടുകൂടെയും അവരുടെ ഇടയിലും ഈ നി

ന്റെ ദാസനും ഇളവുകൂടാതെ സ്തുതിയും സ്തോത്രവും നി
നക്കു പാട്ടുകയും ചെയ്യുമാറാകണമേ. ഹാശാ.

ജനം. ആമ്മീൻ.

. ﻣﻮﺷﻰ ﺑﻦ ﻋﻤﺮﺍﻥ ﺻﻠﻮﺍﺕ

ﷺ ﺃﻧﺰﻟﻪ ﻛﺘﺎﺑﺎ ﻭﺍﺻﻄﻔﺎﻩ ﻧﺒﻴﺎ . ﻭﺃﺭﺳﻠﻪ ﺇﻟﻰ ﻓﺮﻋﻮﻥ ﻭﻫﺎﺭﻭﻥ ﻭﺯﻳﺮﺍ . ﻭﺃﻳﺪﻩ ﺑﺎﻟﻤﻌﺠﺰﺍﺕ ﻭﺍﻟﺒﻴﻨﺎﺕ . ﻭﺃﻧﺰﻝ ﻋﻠﻴﻪ ﺍﻟﺘﻮﺭﺍﺓ ﻭﺍﻟﺴﻨﻦ . ﻭﻛﻠﻤﻪ ﺗﻜﻠﻴﻤﺎ . ﻭﺃﻧﺰﻝ ﻋﻠﻴﻪ ﺍﻟﻤﻦ ﻭﺍﻟﺴﻠﻮﻯ . ﻭﻓﺠﺮ ﻟﻪ ﺍﻟﻤﺎﺀ ﻣﻦ ﺍﻟﺼﺨﺮ ﻭﺍﻟﻤﺪﺭ . ﻭﺃﻇﻠﻪ ﺑﺎﻟﻐﻤﺎﻡ ﻭﺍﻟﻄﻮﺭ . ﻭﺃﻧﺠﺎﻩ ﻣﻦ ﺍﻟﻐﺮﻕ ﻭﺍﻟﺒﺤﺮ . ﻭﺃﻫﻠﻚ ﻓﺮﻋﻮﻥ ﻭﺟﻨﻮﺩﻩ ﻭﺃﻫﻞ ﻣﺼﺮ . ﻭﺃﻭﺭﺛﻪ ﺃﺭﺿﻬﻢ ﻭﺩﻳﺎﺭﻫﻢ . ﻭﺃﻣﻮﺍﻟﻬﻢ ﻭﺃﻭﻻﺩﻫﻢ . ﻭﺃﺳﻜﻨﻪ ﺟﻨﺔ ﺍﻟﻨﻌﻴﻢ . ﻭﺃﺧﻠﺪﻩ ﻓﻲ ﺍﻟﺠﺤﻴﻢ . ﻭﺃﻛﺮﻣﻪ ﺑﺎﻟﻘﺮﺏ ﻭﺍﻟﺘﻜﻠﻴﻢ . ﻭﺃﻋﻄﺎﻩ ﺍﻟﻠﻮﺍﺀ ﻭﺍﻟﺤﻮﺽ ﻭﺍﻟﻤﻘﺎﻡ ﺍﻟﻤﺤﻤﻮﺩ . ﻭﺃﺟﺎﺑﻪ ﻓﻲ ﺍﻟﺪﻋﺎﺀ ﻭﺍﻟﺘﺴﺒﻴﺢ . ﻭﺃﻋﻄﺎﻩ ﺍﻟﻤﻘﺎﻡ ﺍﻟﺮﻓﻴﻊ . ﻭﺃﻧﺰﻟﻪ ﺍﻟﻤﻨﺰﻝ ﺍﻟﺒﺪﻳﻊ . ﻭﺃﻋﻄﺎﻩ ﺍﻟﻤﻘﺎﻡ ﺍﻟﻤﻨﻴﻊ . ﻭﺃﻧﺰﻟﻪ ﺍﻟﻤﻨﺰﻝ ﺍﻟﺮﻓﻴﻊ . ﻭﺃﻋﻄﺎﻩ ﺍﻟﻤﻘﺎﻡ ﺍﻟﻤﻨ

(തജ്ജമ)

പട്ടക്കാരൻ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളേണമേ.

കർത്താവേ, ഈ നിന്റെ ദാസനെയും, ഞങ്ങൾ എല്ലാവരെയും ജീവന്റെ വഴിയിൽ നടത്തേണമേ. കർത്താവേ, നിരപ്പും സമാധാനവും നിറഞ്ഞിരിക്കുന്ന നിന്റെ തിരുമുഖത്തു ഇവനെ അടുപ്പിക്കേണമേ. പ്രകാശത്തിന്റെ മണവറയിലേക്കു ഇവനെ ക്ഷണിക്കേണമേ. നിന്റെ വിശുദ്ധന്മാരുടെ കൂട്ടത്തിൽ ഇവനെ ചേർക്കേണമേ. നിന്റെ മഹാശക്തിയാൽ ഇവനെ നടത്തേണമേ. നിന്റെ വലത്തുഭാഗത്തു ഇവനെ ഇരുത്തുകയും ചെയ്യേണമേ.

സകല ദുർവ്വികാരങ്ങളെയും ഇവനിൽ നിന്നു നീക്കിക്കളയേണമേ. എല്ലാ ഉപദ്രവങ്ങളിൽനിന്നും ഇവനെ കാത്തുകൊള്ളേണമേ. കോപത്തിന്റെ വടിയെ ഇവനിൽ നിന്നു തടുക്കേണമേ. കർത്താവേ, ഇവന്റെ കുറ്റങ്ങളെ മായിച്ചുകളയേണമേ. നിന്റെ പ്രകാശം ഇവന്റെ ഇരുളിനെ നീക്കി ഇവനെ പ്രകാശിപ്പിക്കേണമേ. നിന്റെ പ്രത്യാശ ഇവനിൽ ഉറച്ചിരിക്കേണമേ. നിന്റെ രക്ഷ ഇവന്റെ പക്കൽ വർദ്ധിപ്പിക്കേണമേ. നിന്റെ അനുഗ്രഹങ്ങളുടെ ചിറകിൽ ഇവൻ മറയ്ക്കപ്പെടുകയും ചെയ്യുമാറാകേണമേ.

പ്രാർത്ഥനകളെ കേൾക്കുന്നവനും, യാചനകളെ നല്കുന്നവനുമായുള്ളോവേ, ഞങ്ങളുടെ പ്രാർത്ഥന കേട്ടു ഞങ്ങളോടു നിറയുന്നു, നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളുടെ യാചനകളെ നല്കുമാറാകേണമേ.

(മാർ അപ്രേമിന്റെ രാഗരീതി)

കർത്താവേ—അനുഗ്രഹിക്ക
ശുശ്രൂഷ—കൈക്കൊള്ളണമേ.

ഞങ്ങളെയും—ഈ ദാസനെയും,
നടത്തണമേ—ജീവമാർഗ്ഗേ
ശാന്തമാ—യീടും നിന്റെ,
തിരുമുഖത്ത—ടുപ്പിക്കിവനെ

ശോഭനേ—മണവാട്ടി,
ക്ഷണിച്ചീടേ—ണമിവനെ
നിൻ വിശു—ദ്ധന്മാരുടെ,
കൂട്ടത്തിൽ—ഇവനെ ചേർക്ക.

നിൻ മഹാ—ശക്തിയാലെ,
ഇവനെ നീ—നടത്തീടണമേ.
നിൻ വല—ഭാഗത്തു നീ,
ഇരുത്തീടേ—ണമിവനെ.

ദുഷ്ടികാ—രങ്ങളെല്ലാം,
ഇവനിൽ നി—ന്നു നീക്കണമേ
ഉപദ്രവ—ങ്ങളിൽനിന്നു,
ഇവനെ നീ—കാത്തിടണമേ.

കോപത്തി—നുടെ വടിയെ,
തടുക്കേണം—ഇവനിൽനിന്നു
ഇവനുടെ—കുറവുകളെ,
മായിച്ചു—കളയേണമേ.

നിൻ പ്രകാ—ശം ഇവന്റെ,
ഇരുൾ നീക്കി—ശോഭിപ്പിക്ക.
നിന്റെ പ്ര—ത്യാശ എന്നും,
ഇവനിലു—റച്ചീടണമേ.

ഇവൻ പക്കൽ—നിന്റെ രക്ഷ,
വർദ്ധിപ്പി—ച്ചീടേണമേ.

നിന്നാശി—സ്സിൻ ചിറകിൻ
ഇവനെ നീ മറച്ചീടണമേ.

പ്രാത്ഥനകഥം—കേഥംക്കുന്നോനേ,
യാചനകഥം—നല്കുന്നോനേ,
ഞങ്ങളിൻ പ്രാ—ത്ഥനകഥം കേട്ട്
യാചനകഥം—നല്കീടണമേ.

¶ അതിന്റെശേക്ഷം എല്ലാവരും പ്രത്യേകം രോഗിയും **വിശ്വാസ പ്രമാണം** ചൊല്ലണം. (പുറം 15.)

പട്ടക്കാരൻ. **പിതാവായി സ്വ്വശക്തനായി,**

ജനം. **ആകാശത്തിന്റെയും.....**

ലുത്തിനിയാ

പട്ടക്കാരൻ. **കുറിയേലായിസ്സോൻ.**
ജനം. **കുറിയേലായിസ്സോൻ.**

പട്ടക്കാരൻ. **ക്രിസ്തൃലായിസ്സോൻ**
ജനം. **ക്രിസ്തൃലായിസ്സോൻ.**

പട്ടക്കാരൻ. **കുറിയേലായിസ്സോൻ.**
ജനം. **കുറിയേലായിസ്സോൻ.**

പട്ടക്കാരൻ. **മ്ശിഹായേ ഞങ്ങളെ കേഥംക്കേണമേ.**
ജനം. **മ്ശിഹായേ** ഞങ്ങളുടെ **അപേക്ഷ കേൾക്കേണമേ.**

¶ പിന്നാലെയുള്ള ഓരോ അപേക്ഷയും പട്ടക്കാരൻ ചൊല്ലി നിർത്തുമ്പോൾ ജനവും പ്രത്യേകം രോഗിയും **ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ** എന്ന പ്രതിവാക്യമായി ചൊല്ലണം.

പട്ടക്കാരൻ.

സ്വർഗ്ഗീയ പിതാവായ ദൈവമേ—
ലോകരക്ഷിതാവായ ദൈവപുത്രാ—

പരിശുദ്ധ മൂഹാ ആയ ദൈവമേ—
വിശുദ്ധ ത്രിത്വമായിരിക്കുന്ന ഏകദൈവമേ—
ജീവനുള്ള ദൈവത്തിന്റെ പുത്രനായ യേശുവേ—
നല്ല ഇടയനായ യേശുവേ—
നിത്യപ്രകാശത്തിന്റെ കതിരായ യേശുവേ—
ജാതികളുടെ പ്രത്യാശയായ യേശുവേ—
ആശ്വാസത്തിന്റെ പുരുഷനായ യേശുവേ—
ആത്മാവിന്റെ ആഗ്രഹമായ യേശുവേ—
സമാധാനത്തിന്റെ രാജാവായ യേശുവേ—
സൗന്ദര്യത്തെക്കാൾ ശോഭയുള്ളവനായ യേശുവേ—
വയലിലെ പുഷ്പമായ യേശുവേ—
താഴ്വരയിലെ ശോശാനാപുഷ്പമായ യേശുവേ—
നീതിയിൻ സൂര്യനാം യേശുവേ—
ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മദ്ധ്യസ്ഥനായ യേശുവേ—
ജീവനുള്ളവരുടെ രക്ഷിതാവായ യേശുവേ—
കാഴ്ചയിൽ മനുഷ്യരെക്കാൾ സുന്ദരനായ യേശുവേ—
ദരിദ്രന്മാരുടെ ബലമായ യേശുവേ—
ഉപദ്രവത്തിൽ രക്ഷകനായ യേശുവേ—
കൊടുങ്കാറ്റിൽ പ്രത്യാശയായ യേശുവേ—
മൂടൽ തണലായ യേശുവേ—
വയലിലെ പൂർണ്ണപരിമളമായ യേശുവേ—
അധികം ബലമുള്ള ഗോപുരമായ യേശുവേ—
ദാവീദ് ഗൃഹത്തിന്റെ താക്കോലായ യേശുവേ—

എല്ലാവരുടെയും സൃഷ്ടാവായ യേശുവേ—

ജാതികളുടെ പ്രകാശവും രക്ഷയുമായ യേശുവേ—

കോൺകല്ലായ യേശുവേ—

സകല ജാതികളാലും ആഗ്രഹിക്കത്തക്കവനായ യേശുവേ—

മഹത്വത്തിന്റെ രാജാവായ യേശുവേ—

ബലമുള്ള സഹായകനായ യേശുവേ—

വഴിയും സത്യവും ജീവനുമായ യേശുവേ—

സത്യത്തിന്റെ മന്ത്രിവല്ലിയായ യേശുവേ—

യെഹ്രദന്മാരുടെ രാജാവായി നസ്രായനായ യേശുവേ—

കന്യക മറിയാമ്മിൻ പുത്രനായ യേശുവേ—

സത്യ ദൈവവും നിത്യജീവനുമായ യേശുവേ—

ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാടേ—

ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി. എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മാർ

സ്വർഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ—

അതിന്റെശേഷം.

ഹ്രുത്താമ്മാ

പട്ടക്കാരൻ. ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമേ, എന്നേക്കും നിനക്കു സ്തുതി, നിനക്കു സ്തുതി, നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ ശ്രീമ്ശിഹായേ, നിന്റെ കൃപയാലും ധാരാളമായ കരുണയാലും ഞങ്ങളുടെ പ്രാർത്ഥനകൾ കേട്ട്, ഞങ്ങളുടെ ശുശ്രൂഷ കൈ

കൊള്ളുണമേ. ഞങ്ങളുടെ കത്താവും ദൈവവുമേ, ഞങ്ങളുടെ സഹായത്തിനു നീ വന്നു് എന്നേക്കും ഞങ്ങളെ വിശുദ്ധരാക്കേണമേ. ഞങ്ങളുടെ കത്താവേ, ഞങ്ങളുടെ ശുശ്രൂഷ നിനക്കു രമ്യവും, ഞങ്ങളുടെ നമസ്കാരം നിനക്കു പ്രസാദകരവും, ഞങ്ങളുടെ അപേക്ഷ നിനക്കു സ്വീകാര്യവും, ഞങ്ങളുടെ പ്രാത്ഥന നിനക്കു ബഹുമാനകരവും ആയിരിക്കേണമേ. കത്താവേ, നിന്റെ അനുഗ്രഹങ്ങളും കരുണകളും, സഹായങ്ങളും കൃപകളും, ദൈവികമായ നിന്റെ സകല ദാനങ്ങളും ബലഹീനരായ ഞങ്ങളുടെ മേലും, ബലഹീനതയുള്ള ഞങ്ങളുടെ വഴ്ത്തിന്മേലും, വന്നു് ആവസിച്ചു് എന്നേക്കും പാക്കുമാറാക്കേണമേ.

ജനം. ആമ്മീൻ.

പട്ടക്കാരൻ. സത്യവിശ്വാസികൾക്കു ബലമുള്ള.....

ജനം. ആമ്മീൻ.

ആശീർവ്വാദം.

ആകാശവും ഭ്രമിയും സൃഷ്ടിച്ച കത്താവിനാൽ ....

¶ അതിന്റെശേഷം പ്രേമമായി എല്ലാവരും പ്രാത്ഥിച്ചിട്ടു് തമ്മിൽ തമ്മിൽ കയ്യുസ്സൂരി കൊടുത്തു അവസാനിപ്പിക്കണം.

രണ്ടാം ശുശ്രൂക്ഷ ഇവിടെ അവസാനിക്കുന്നു.

¶ അനുതാപത്തിന്റെ മുഴ മസ്തകത്തിൽ രോഗിയുടെ അടുക്കൽ ചെന്നു വായിച്ചു കേൾപ്പിക്കയും രോഗി ധ്യാനത്തോടെ അതിൽ സംബന്ധിക്കയും വേണം.

൬-ാം മസ്മൂർ

കർത്താവേ, നിന്റെ കോപത്തിൽ എന്നെ കുറ്റപ്പെടുത്തരുതേ ; നിന്റെ ക്രോധത്തിൽ എന്നെ ശിക്ഷിക്കയുമരുതേ.....

൭-ാം മസ്മൂർ

അവന്റെ അന്യായം ക്ഷമിക്കപ്പെട്ടും പാപങ്ങൾ മറെക്കപ്പെട്ടുമിരിക്കുന്നവന്നു ഭാഗ്യം.....

൮-ാം മസ്മൂർ

കർത്താവേ, നിന്റെ കോപത്തിൽ എന്നെ കുറ്റപ്പെടുത്തരുതേ ; നിന്റെ ക്രോധത്തിൽ എന്നെ ശിക്ഷിക്കയുമരുതേ.....

൯-ാം മസ്മൂർ

ദൈവമേ, നിന്റെ കൃപയിൻപ്രകാരം എന്നിൽ അനുഗ്രഹം ചെയ്യേണമേ ; നിന്റെ കരുണകളുടെ ബഹുതപ്രകാരം എന്റെ പാപങ്ങളെ മായിച്ചുകളയേണമേ.....

൧൦-ാം മസ്മൂർ

കർത്താവേ, എന്റെ പ്രാർത്ഥന കേൾക്കേണമേ ; എന്റെ നിലവിളി നിന്റെ അടുക്കൽ പ്രവേശിക്കുമാറാകേണമേ.....

൧൧-ാം മസ്മൂർ (൧൩൦)

കർത്താവേ, ആഴത്തിൽനിന്നു നിന്നെ ഞാൻ നോക്കി വിളിച്ചു.....

൧൨-ാം മസ്മൂർ (൧൪൩)

കർത്താവേ, എന്റെ പ്രാർത്ഥന കേട്ട്, എന്റെ അപേക്ഷ ചെവിക്കൊള്ളേണമേ ; നിന്റെ തിരുവചനത്താലും നീതിയാലും എനിക്കുത്തരമരുളേണമേ.....

.....

ഭവനവാഴ്ചിന്റെ ക്രമം

പട്ടക്കാരൻ

പിതാവിന്നും പുത്രന്നും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

ജനം.

ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും എന്നെന്നേക്കും രണ്ടു ലോകങ്ങളിലും ചിന്തപ്പെടുമാറാകേണമേ. ആമ്മീൻ.

പ്രാരംഭപ്രാർത്ഥന

പട്ടക്കാരൻ. ദൈവമായ കർത്താവേ, നിന്റെ നിരപ്പും സമാധാനവും ഈ ഭവനത്തിൽ വസിക്കുമാറാകേണമേ. ഇതിലുള്ള സകലത്തെയും അനുഗ്രഹിക്കേണമേ. ഇതിന്റെ വരവുചെലവുകൾ നിന്റെ വിശുദ്ധനാമത്തിന്റെ മഹത്വത്തിന്നും, നീതിയുടെ സംരക്ഷണത്തിന്നുമായിരിക്കേണമേ. നിങ്കൽനിന്നുള്ള എല്ലാ നന്മകളും അനുഗ്രഹങ്ങളുംകൊണ്ടു ഇതിനെ അഭിവൃദ്ധിപ്പെടുത്തേണമേ. ഇതിൽ വസിക്കുന്നവർക്കു മുഖപ്രസാദം നല്കേണമേ. ഞങ്ങളുടെ കർത്താവും ദൈ

വവുമേ, ഇവർ തങ്ങളുടെ ആയുഷ്കാലം മുഴുവനും തങ്ങളുടെ രഹസ്യകായ്ങ്ങളിലും പരസ്യകായ്ങ്ങളിലും നിന്നെ പ്രസാദിപ്പിക്കുന്നവരുമായിരിക്കേണമേ. ഹാശാ.

ജനം. ആമ്മീൻ.

. [illegible]

[illegible]

കുകലെയോൻ

മസ്മൂർ

പട്ടക്കാരൻ. കർത്താവേ, നിങ്കലേക്കു ഞാൻ എന്റെ മനസ്സു ഉയർത്തുന്നു. എന്റെ ദൈവമേ, ഞാൻ നിന്നിൽ ആശ്രയിച്ചിരിക്കുന്നു, ഞാൻ ലജ്ജിച്ചുപോകരുതേ. എന്റെ ശത്രുക്കൾ എന്റെ നേരെ പ്രശംസിക്കരുതേ. നിന്നിൽ ആശ്രയിക്കുന്ന ഒരുത്തനും ലജ്ജിച്ചുപോകയില്ല. അന്യായക്കാർ അവരുടെ മായയിൽ ലജ്ജിക്കും. കർത്താവേ, നിന്റെ വഴികൾ എന്നെ കാണിക്കേണമേ. നിന്റെ ഊടുവഴികൾ എനിക്കു അറിയിച്ചുതരേണമേ. നിന്റെ സത്യത്തിൽ എന്നെ നടത്തുകയും എന്നെ പഠിപ്പിക്കയും ചെയ്യേണമേ— ബാറെക്മാർ.

പട്ടക്കാരൻ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ജനം. ആദിമുതൽ എന്നേക്കും തന്നേ. ആമ്മീൻ.

എകബാ

പട്ടക്കാരൻ. സമുദ്രത്തിന്റെ അഗാധത്തിൽ നിന്നു യൊനാൻപ്രവാചകനെ രക്ഷിച്ചവനും, മനുഷ്യരെ സ്നേഹിക്കുന്നവനുമായ കർത്താവേ, നിന്റെ കൃപയാൽ എന്റെ ഏറിയ കുറ്റങ്ങളിൽനിന്നു എന്നെയും കോരിയെടുക്കേണമേ.

ശുശ്രൂക്കൻ. സ്തുതിമെൻകാലോസ്.

ജനം. കുറിയെലായിസ്സോൻ.

പ്രോമ്യോൻ

പട്ടക്കാരൻ

നാമെല്ലാവരും പ്രാർത്ഥിച്ചു് കർത്താവിനോടു അനുഗ്രഹങ്ങളും കരുണയും അപേക്ഷിക്കണം.

ജനം

അനുഗ്രഹിക്കുന്നവനായ കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ചു, ഞങ്ങൾക്കു സഹായം ചെയ്യേണമേ.

പട്ടക്കാരൻ. സ്തുതിയും സ്തോത്രവും .....

. ...

വിശ്വാസികൾക്കായി തുറന്നിരിക്കുന്ന കരുണകളുടെ വാതിലും, മരണമുള്ളവരെ ജീവിപ്പിച്ച ജീവന്റെ തുറമുഖവും, അശുദ്ധന്മാരെ ശുദ്ധീകരിക്കുന്നതായ വെടിപ്പാക്കുന്ന സോപ്പായും, മാലിന്യമുള്ളവരെ വെളുപ്പിച്ച നിർമ്മലമാക്കുന്ന തളിപ്പുമായിരിക്കുന്ന മശീഹാതമ്പുരാനു, ഭവനവാഴ്വിന്റെ ഈ നേരത്തും നമ്മുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹാശാ.

ജനം. ആമ്മീൻ.

സെദറാ.

. ...

പട്ടക്കാരൻ. പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനും, യാചനകൾ നല്കുന്നവനുമായ ദൈവമായ കർത്താവേ, ആദ്യകടിഞ്ഞൂലായ ഹാബേലിന്റെ കാഴ്ച കൈക്കൊണ്ടതുപോലെ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളേണമേ. ഹാനോക്ക് തന്റെ ശുശ്രൂഷയാൽ നിന്നെ പ്രസാദിപ്പിച്ചതുപോലെ, ഞങ്ങളുടെ ശുശ്രൂഷ നിന്നെ പ്രസാദിപ്പിക്കുമാറാകേണമേ. നീതിമാനായ നോഹിന്റെ യാഗത്തിൽ നീ പ്രസാദിച്ചതുപോലെ, ഞങ്ങളുടെ അധരങ്ങളുടെ ഫലത്തിൽ നീ പ്രസാദിക്കേണമേ. നി

ന്റെ സ്നേഹിതനായി, ഞങ്ങളുടെ പിതാവായ അ
ബ്രാഹാമിന്റെ വിശ്വാസം നിനക്കു സന്തോഷമായതു
പോലെ, ഞങ്ങളുടെ പ്രാർത്ഥന നിനക്കു സന്തോഷകര
മായിരിക്കേണമേ. നീതിമാനായ ഈയോബിന്റെ അ
ടുക്കൽനിന്നു ദുഷ്ടനായവൻ ലജ്ജിച്ചു പോയതുപോ
ലെ, ഈ വീട്ടിന്റെ ശത്രുവായ ദുഷ്ടൻ ലജ്ജിക്കുമാറാ
കേണമേ. ശ്രേഷ്ഠപുരോഹിതനായ അഹരോന്റെ ധൂ
പത്താൽ യിസ്രായേൽജനത്തിൽനിന്നു വസന്ത നി
രോധിക്കപ്പെട്ടതുപോലെ, കഠിനശിക്ഷകളും കോപത്തി
ന്റെ വടികളും ഞങ്ങളിൽനിന്നു നിരോധിക്കപ്പെടുമാറാ
കേണമേ. പുരോഹിതനായ സ്കറിയായുടെ ശുശ്രൂഷ
യിങ്കൽ നിന്റെ പ്രാസംഗികനായ യോഹന്നാനെപ്പു
റ്റി അവനു പ്രത്യാശ ഉണ്ടാക്കിയതുപോലെ, ഞങ്ങ
ളുടെ ശുശ്രൂഷയിൽ ജീവന്റെയും രക്ഷയുടെയും പ്ര
ത്യാശ ഞങ്ങൾക്കുണ്ടാകുമാറാകേണമേ. കർത്താവേ, പു
ങ്കക്കാരനായ സക്കായിയോടു ക്ഷമിച്ചതുപോലെ, നി
ന്റെ തിരുവചനത്താൽ ഞങ്ങളുടെ പാപങ്ങളെ പരി
ഹരിക്കേണമേ. കർത്താവേ, ഭാഗ്യവാന്മാരായ ശ്രീഹന്മാ
രുടെ പ്രധാനിയായ ശെമഓന്റെ അപേക്ഷ കൈ
ക്കൊണ്ടതുപോലെ, അനേകപാപങ്ങൾ ചെയ്തിട്ടുള്ള ഞ
ങ്ങളുടെ അപേക്ഷ കൈക്കൊള്ളേണമേ. ആ പാപി
യായിരുന്ന സ്ത്രീയുടെ കുറങ്ങൾ ക്ഷമിച്ചതുപോലെ,
ഞങ്ങളുടെ അനേക കുറങ്ങളെ ഞങ്ങളോടു ക്ഷമിക്ക
ണമേ. കർത്താവേ, ആ സ്ത്രീ അവളുടെ വിഷമമായ
വേദനകളിൽനിന്നു സ്വസ്ഥത പ്രാപിച്ചതിനു മുഖാന്തി
രമായ ആ നിന്റെ നിത്യമായ കരുണ ഞങ്ങളുടെമേൽ
വർഷിക്കുമാറാകേണമേ. ക്രൂരനായ സ്ത്രീയുടെ മകളിൽ
നിന്നു, ദുഷ്ടനെ ഓടിച്ചതുപോലെ, പ്രതിയോഗിയുടെ
ശക്തിയെ ഞങ്ങളിൽനിന്നു ദൂരത്താക്കേണമേ. ഉൽകൃ
ഷ്ട പുരുഷനായ മാനിയേലിനു നല്കിയതുപോലെ, നി
ന്റെ സന്നിധിയിൽ ഞങ്ങൾക്കു ജയം നല്കേണമേ.

കത്തുന്ന അഗ്നിച്ചൂളയിൽവച്ചു, ഹനനിയാ മുതലായവരുടെ ബന്ധനങ്ങൾ നീ അഴിച്ചതുപോലെ, ദുഷ്ടപിശാചുക്കളുടെ ബന്ധനങ്ങളെ ഞങ്ങളിൽനിന്നു അഴിക്കേണമേ. നിന്റെ പട്ടക്കാരും ശുശ്രൂഷകന്മാരും നിന്റെ ഇഷ്ടം ചെയ്യുവാനും, നിറവേറുവാനും, നിന്റെ സ്വർഗ്ഗീയ ഭണ്ഡാരത്തിന്മേൽ അവർ സത്യമുള്ളവരായിരിപ്പാനും, നിന്റെ തിരുവചനംപോലെ, ഭയത്തോടെ നിന്റെ ആട്ടിൻകൂട്ടത്തെ മേയിപ്പാനും, നിന്റെ വിശുദ്ധവഴികളിൽ നടപ്പാനും, കർത്തൃസംബന്ധവും ജീവപ്രദങ്ങളുമായ നിന്റെ കല്പനകളെ ആചരിപ്പാനും അവക്കു കൃപനല്കേണമേ. കർത്താവേ, ഇപ്പോൾ ഈ ഭവനത്തിനുവേണ്ടിയും, ഇതിൽ പാർക്കുന്നവർക്കു വേണ്ടിയും, അനുഗ്രഹങ്ങളും കരുണയും നിന്നോടു ഞങ്ങൾ യാചിക്കുന്നു. കർത്താവേ, ഈ സമയത്തു നിന്റെ അടിയാരായ ഞങ്ങളുടെ പ്രാർത്ഥന തിരുസന്നിധിയിൽ പ്രവേശിക്കുമാറാകേണമേ. ഈ ഭവനം ശ്രേഷ്ഠത പ്രാപിക്കയും, ഇതിൽ വസിക്കുന്നവർ ജയത്തോടെ രക്ഷിക്കപ്പെടുകയും, നിന്റെ കുഞ്ഞാടുകൾ നിന്റെ മേച്ചൽസ്ഥലങ്ങളിൽ മേയുകയും, നിന്റെ പെണ്ണാടുകൾ നിന്റെ നന്മകൾകൊണ്ടു തൃപ്തിപ്പെടുകയും, ഞങ്ങൾക്കെല്ലാവർക്കും നിങ്കൽനിന്നു കരുണ ലഭിക്കയും ചെയ്യുമാറാകേണമേ. പാപികളോടു കരുണയുള്ളവനും, അനുതാപികളിൽ ഇഷ്ടമുള്ളവനുമായ കർത്താവേ, നിന്റെ ബഹുലമായ അനുഗ്രഹങ്ങളുടെ സമൃദ്ധിപോലെ, ഞങ്ങളോടു ദയതോന്നി, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ. കർത്താവേ, തിരുവുള്ളമുണ്ടായി, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊണ്ടു, ഞങ്ങളെ ശുദ്ധീകരിക്കേണമേ. നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ രൂഹാക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറും. ഹാശാ.....

ശെമ്മാ. ആമ്മീൻ.

കർത്താവേ, നിന്റെ വാതിലിൽ ഞങ്ങളുടെ അപേക്ഷയുടെ ശബ്ദം മുട്ടുന്നു. നിന്നെ വന്ദിക്കുന്നവരിൽ നിന്നു അവരുടെ ആവശ്യങ്ങളുടെ യാചനകളെ നിമുടക്കരുതേ.

ദൈവമേ, കരുണയോടെ ഞങ്ങളെ ശിക്ഷിച്ചു വളർത്തേണമേ. കോപത്തിന്റെ വടിയിൽനിന്നു ഞങ്ങളെ രക്ഷിക്കേണമേ. ഞങ്ങളുടെ പ്രാർത്ഥനയ്ക്കു വാതിൽ തുറന്നുതന്നു, നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളുടെ യാചനകൾ നല്കേണമേ.

ദൈവമേ, ഞങ്ങളുടെ ബലഹീനതയുടെ സഹായത്തിനു നിന്നെ ഞങ്ങൾ നോക്കിവിളിക്കുന്നു. നല്ലവനേ, ഞങ്ങളുടെ അപേക്ഷയുടെ ശബ്ദം കേട്ടു, നിന്റെ

അനുഗ്രഹങ്ങളാൽ ഞങ്ങളുടെ യാചനകൾ നല്കണമേ.

اَللّٰهُمَّ . كُنْ مَعَنَا بِفَضْلِكَ . اَللّٰهُمَّ
اِرْحَمْنَا بِرَحْمَتِكَ . اَللّٰهُمَّ اِسْتَجِبْ دُعَاءَنَا
كُنْ مَعَنَا بِفَضْلِكَ ❊

കർത്താവേ, ഞങ്ങളോടു കൃപ ചെയ്യണമേ. നിന്റെ കാരുണ്യത്തിന്റെ ബാഹുല്യപ്രകാരം ഞങ്ങളോടു കൃപ ചെയ്യണമേ. കാരുണ്യവാനേ, ഞങ്ങൾ ചെയ്തുപോയിട്ടുള്ള ദുഷ്ക്രിയകൾ ഞങ്ങളോടു ക്ഷമിക്കുമാറാകേ.

അല്ലെങ്കിൽ ഗീതം

കർത്താവേ, നിൻ—വാതിലിൽ
യാചന ശബ്ദം—മുട്ടുന്നു
മുടക്കരുതേ നിൻ സേവകരിൽ—
അനുവശ്യ യാചനയെ—നീ.

ദേവാ കൃപയാൽ—പാലിക്ക,
കോപ വടിയിൽ—നിന്നകറ്റി
പ്രാർത്ഥനകേട്ടു നിൻ കരുണയതാൽ—
യാചന നീ നല്കീ—ടേണമേ.

ദേവാ തുണയ്ക്കായ്—ബലഹീനർ,
വിളിച്ചീടുന്നു—നല്ലവനേ
പ്രാർത്ഥന കേട്ടു നിൻ കരുണയതാൽ—
യാചന നീ നല്കീടേണമേ.

കൃപ ചെയ്യണമേ—കരുണയുടെ,
ബാഹുലത്താൽ ദ—യ ചെയ്യണമേ,
പിഴച്ചൊരു തിന്മകളോക്കുമേ
കരുണാകരനാം ക—ർത്താവേ!

¶ ഇവിടെ ശ്ലീഹാ വായിക്കുന്നു.

ശുശ്രൂഷകൻ.

അപ്പോസ്തൂല പ്രവൃത്തികൾ നാലാം അദ്ധ്യായത്തിൽ നിന്നു.

ജനം

ശ്ലീഹന്മാരുടെ ഉടയവനെ സൂതി! കർത്താവേ, നിന്റെ വചനങ്ങളെ തിരിച്ചറിയുന്നതിനു ഞങ്ങൾക്കു കൃപ നല്കുണമേ.

ശുശ്രൂഷകൻ

അ. പ്ര. നട—നട.

എന്നാൽ വിശ്വസിച്ചവരുടെ കൂട്ടം ഏകമനസ്സും ഏക വിചാരവുമുള്ളവരായിരുന്നു. അവരിൽ ഒരുത്തനും, അവനവനുണ്ടായിരുന്ന സമ്പാദ്യങ്ങളെക്കുറിച്ചു സ്വന്തമെന്നു പറഞ്ഞിരുന്നില്ല. അവക്കുണ്ടായിരുന്ന സകലവും പൊതുവിലായിരുന്നു. ശ്ലീഹന്മാർ മഹാശക്തിയോടെ ഈശോമ്ശിഹായുടെ പുനരുത്ഥാനത്തെക്കുറിച്ചു സാക്ഷീകരിച്ചിരുന്നു. അവരെല്ലാവരോടുംകൂടെ വലിയ കൃപയുണ്ടായിരുന്നു. അവരിൽ മുട്ടുള്ളവൻ ആരും ഉണ്ടായിരുന്നില്ല. നിലങ്ങളോ വീടുകളോ സമ്പാദ്യമായിട്ടുണ്ടായിരുന്നവർ അവയെ വിറ്റു വില്ക്കുന്നതിന്റെ വില കൊണ്ടുവന്നു ശ്ലീഹന്മാരുടെ കാല്ക്കൽ വച്ചിരുന്നു. ഓരോരുത്തനു ആവശ്യമുള്ളതുപോലെ കൊടുക്കപ്പെട്ടുമിരുന്നു.

ഹാലേലൂയ്യാ—ഉ—ഹാലേലൂയ്യാ.

പെസ്ഗാമാ.

ശുശ്രൂഷകൻ.

കർത്താവേ, നിന്റെ പ്രകാശവും വിശ്വസ്തതയും എന്നിക്കയച്ചുതരേണമേ. അവ എന്നെ ആശ്വസിപ്പിക്ക

യും, നിന്റെ വിശുദ്ധ പർവ്വതത്തിലേക്കും, നിന്റെ കൂടാരത്തിലേക്കും, എന്നെ കൊണ്ടുപോകയും ചെയ്യുമാറാകട്ടെ—ഹാലേലൂയ്യാ.

സഹോദരന്മാരെ, നാം അടക്കത്തോടും ഭയത്തോടും വണക്കത്തോടും ശ്രദ്ധിച്ചു, നമ്മുടെ കർത്താവേശുമ്ശിഹായുടെ വിശുദ്ധ ഏവൻഗെലിയോനിലെ ദൈവത്തിൻ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കേൾക്കണം.

¶ അതിന്റെ ശേഷം പട്ടക്കാരൻ ഏവൻഗെലിയോൻ വായിക്കുന്നു.

വിശുദ്ധ ലൂക്കോസിന്റെ ഏവൻഗെലിയോൻ.

[അ. ൯൯. ൫—൫൦.]

ഈശോ തന്നുരാൻ ഈറീഹോവിൽ പ്രവേശിച്ചു കടന്നുപോകുമ്പോൾ, ധനവാനും ചുങ്കക്കാരിൽ പ്രധാനിയുമായ സക്കായി എന്നു പേരുള്ളൊരു പുരുഷൻ ഈശോതന്നുരാൻ എങ്ങനെയുള്ളവൻ എന്നു കാണ്മാൻ ആഗ്രഹിച്ചിരുന്നു. സക്കായി ശരീരവളർച്ചയിൽ കുറിയവനായിരുന്നതുകൊണ്ടു, പുരുഷാരം നിമിത്തം അവനു കഴിഞ്ഞില്ല. താൻ ആ വഴി കടന്നുപോകേണ്ടിയിരുന്നതുകൊണ്ട്, അവൻ ഓടി ഈശോതന്നുരാനു മുൻപിൽ കടന്നു, തന്നെ കാണ്മാനായിട്ടു ഒരു കാട്ടത്തിവൃക്ഷത്തിൽ കയറി. ഈശോതന്നുരാൻ ആ സ്ഥലത്തു വന്നപ്പോൾ അവനെ കണ്ടു, അവനോടു: സക്കായിയേ വേഗം ഇറങ്ങിവരിക. ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു എന്നരുളിച്ചെയ്തു. അവൻ വേഗം ഇറങ്ങിവന്നു, സന്തോഷത്തോടെ അവനെ കൈക്കൊണ്ടു. എന്നാൽ അവർ എല്ലാവരും ഇതു കണ്ടപ്പോൾ, അവൻ പാപിയായ മനുഷ്യന്റെ അടുക്കൽ അകത്തുചെന്നു, പാർത്തു എന്നു പിറുപിറുത്തു പറഞ്ഞിരുന്നു.

എന്നാൽ സക്കായി നിന്നു, ഈശോതമ്പുരാനോടു : ഇതാ എന്റെ സമ്പാദ്യങ്ങളിൽ പകുതി ഞാൻ ദരിദ്രന്മാക്കു കൊടുക്കുന്നു. ഞാൻ അന്യായമായി എടുത്തിട്ടുള്ളതു ഒന്നു നാലു മടങ്ങായി തിരികെ കൊടുക്കുന്നു എന്നു ഉണർത്തിച്ചു. ഈശോതമ്പുരാൻ അവനോടു : ഇവനും അബ്രഹാമിന്റെ പുത്രനാകകൊണ്ടു, ഇന്നു ഈ വീട്ടിനു രക്ഷ ഉണ്ടായി. എന്തുകൊണ്ടെന്നാൽ മനുഷ്യപുത്രൻ കാണാതെപോയതിനെ അന്വേഷിച്ചു ജീവിപ്പിപ്പാൻ വന്നു എന്നു അരുളിച്ചെയ്യുന്നു.

നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

ആമേൻ


നിന്റെ ആത്മാവോടു കൂടെയും ഉണ്ടായിരിക്കട്ടെ.

✠ [illegible] ✠

[illegible]


നന്മകളുടെ ദാനം—ചെയ്യും,
സഭാവാഴ്വുകളുടെയും—അരുളുന്നോരു കർത്തൻ,
ഈ വീടിനെയും വാസികളെയും—വാഴ്ത്തുമാറാകെ,
ഇവരുടെമേൽ കൃപയെ ചിന്തുമാറാ—കെ—സദാ.

പട്ടക്കാരൻ. മനുഷ്യക്കു സകല നന്മയും നല്കുകയും, സ്വർഗ്ഗീയ വാഴ്വുകൾ അയച്ചുകൊടുക്കയും ചെയ്യുന്ന കർത്താവു, ഈ വീടിനെയും ഇതിൽ വസിക്കുന്നവരെയും അനുഗ്രഹിച്ചു, എല്ലാ നേരവും ഇവരുടെമേൽ കൃപ ചെയ്യട്ടെ.




മിസ്രേനിൽ യൊസേപ്പിൻ വീടിനെ—വാഴ്ത്തീട്ടവനെ
വലിയവനാക്കി എല്ലാറ്റിലും ശ്രേഷ്ഠ—നാക്കിയ കർത്തൻ
ഈ വീടിനുമാ നന്മകളെല്ലാം—നല്കീടട്ടെ.
തൻ ചിറകിൻ കീഴിവരെ—മറച്ചീ—ടട്ടെ.

മിസ്രയീമിൽവച്ചു യൊസേഫിന്റെ വീടിനെ അനുഗ്രഹിക്കയും, അവനെ വലിയവനാക്കുകയും, അവന്റെ എല്ലാ പ്രവൃത്തികളിലും അവനെ ശ്രേഷ്ഠതപ്പെടുത്തുകയും, തന്റെ ചിറകിൽ അവനെ മറെക്കയും ചെയ്ത കർത്താവു, ഈ വീടിനെ സകല നന്മകൾകൊണ്ടും അനുഗ്രഹിച്ചു, ഇതിൽ വസിക്കുന്നവരെ തന്റെ നിഴലിൻ കീഴിൽ മറെച്ചുകൊള്ളുമാറാകട്ടെ.



ചുങ്കക്കാരനാം സക്കായിയുടെ—വീട്ടിൽ ചെന്നു,
ഇന്നി വീടിനു രക്ഷയുണ്ടായെ—ന്നരുളിയ നാഥൻ,
ആ മ്ശിഹാ രാജൻ താൻ—ഇതിൽ പ്രവേശിച്ചു,
തൻ വലങ്കയ്യാലെല്ലാറെയും—അനുഗ്രഹി—ക്ക—ട്ടെ.

ചുങ്കക്കാരനായ സക്കായിയുടെ വീട്ടിൽ പ്രവേശിച്ചു, ഇന്നു ഈ വീടിനു രക്ഷ ഉണ്ടായി എന്നു കല്പിച്ച മ്ശിഹാരാജാവു, ഇന്നു ഈ വീട്ടിൽ പ്രവേശിച്ചു, തന്റെ അനുഗ്രഹങ്ങളുടെ വലങ്കയ്യാൽ ഇതിലുള്ള സകലത്തെയും അനുഗ്രഹിക്കുമാറാകട്ടെ.



കെഞ്ഞുന്നെങ്ങൾ കർത്താവീശോ—നിൻ കൃപയോടു,
നിൻ ദാനങ്ങളെ എങ്ങൾമേൽ—അയച്ചീടേണമേ.
ഇടച്ചുവരാതെ നിൻ വഴിതന്നിൽ നടന്നീടുവാൻ,
തിന്മപെട്ടവനിൽനിന്നെങ്ങളെ—രക്ഷി—ക്കേ—ണമേ

ഞങ്ങളുടെ കർത്താവായ യേശുവേ, നിന്റെ കൃപയോടു ഞങ്ങൾ അപേക്ഷിച്ചുകൊള്ളുന്നു. നിന്റെ ദൈവീക ദാനങ്ങളെ ഞങ്ങൾക്കു അയച്ചുതരേണമേ. ഇടച്ചു കൂടാതെ നിന്റെ വിശുദ്ധ വഴിയിൽ നടപ്പാൻ തിന്മ പെട്ടവനിൽനിന്നും, അവന്റെ സൈന്യങ്ങളിൽനിന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ.

ജനം.

കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ചു ഞങ്ങൾക്കു സഹായം ചെയ്യേണമേ.

. ܟܪܝܣܛܘܣ ܡܪܢ ܠܥܠܡ

. ܐܬܝ ܒܟ ܡܢ ܥܠ ܟܠ ܡܕܡ ܕܐܬ ܒܗ ܚܢܢ ܠܟ ܡܪܝ

* ܐܠܗܐ ܚܝ ܕܡܠܐ ܟܠ ܡܕܡ ܕܐܬ ܒܗ ܚܢܢ ܠܟ ܡܪܝ

കർത്താവേ, അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്ന നിന്റെ വാതിൽ ഞങ്ങൾക്കു തുറന്നുതന്നു, ഞങ്ങളുടെ അപേക്ഷ കേട്ടു, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യുണമേ.

. ܐܠܗܐ ܕܟܠ ܚܝܠ ܘܫܘܠܛܢ ܒܫܡܝܐ ܘܒܐܪܥܐ ܠܟ ܡܪܝ

. ܕܢܬܠ ܠܢ ܡܢ ܫܡܝܐ ܘܢܬܒܪܟ ܠܢ ܡܢ ܥܠ ܟܘܪܣܝ ܕܡܠܟܘܬܟ

. ܘܢܫܪܐ ܥܠܝܢ ܡܢ ܪܘܚܟ ܩܕܝܫܐ ܘܢܬܒܪܟ ܠܢ ܡܢ ܥܠ ܟܘܪܣܝ

* ܕܡܠܟܘܬܟ ܐܠܗܐ ܐܒ ܘܒܪ ܘܪܘܚ ܩܕܫܐ ܟܠ ܝܘܡ ܘܥܕܡܐ

അറകളിൽവെച്ചു, രഹസ്യത്തിൽ കഴിക്കുന്ന പ്രാ
ത്ഥനയെ കർത്താവു സ്നേഹിക്കുന്നു. നീതിമാന്മാർ ഉച്ച
ശബ്ദത്താലല്ല തങ്ങളുടെ ജയം പ്രാപിച്ചതു. മോശെ
യുടെ പ്രാർത്ഥനയും താഴ്മയും കടലിനെ വിഭാഗിച്ചു.
ജനം കടന്നുപോയി. ദുഷ്ടത പ്രവർത്തിച്ച ഫെറവോൻ
മുങ്ങിപ്പോകയും ചെയ്തു.

.പരലോകവാസം നേടിയ ദൈവഭക്തന്മാർ
. ക്രിസ്തുവിന്റെ ശിഷ്യന്മാർ ഭൂമിയിൽ
പ്രാർത്ഥന . നിത്യജീവൻ പ്രാപിച്ചവർ
* ദൈവത്തെ സ്തുതിക്കുന്നു

ദൈവം ദാവീദിന്റെ പ്രാർത്ഥന കേട്ടു, അവനോടു
കരുണതോന്നി, അവന്റെ അന്യായത്തെ നിക്കിക്കള
ഞ്ഞു. അവനു പ്രവചനവരം തിരികെ കൊടുത്തു.
ഹനനിയാ മുതലായ പൈതങ്ങൾ തീച്ചൂളയിൽവെച്ചു
ദൈവത്തെ നോക്കി വിളിച്ചു. സിംഹാലയുടെ ദംഷ്ട
ത്തിൽനിന്നു അവൻ അവരെ രക്ഷിച്ചു.

?ഭൂമിയിൽ ദൈവത്തിന്റെ ശിഷ്യന്മാർ ആരെല്ലാം
. ആകുന്നു ഭൂമിയിൽ അവർ പ്രാർത്ഥിക്കുന്നതു എന്തു
* നിത്യജീവൻ

നമ്മെ ഇളക്കുകയും ഭയപ്പെടുത്തുകയും ചെയ്യുന്ന
കാര്യങ്ങൾ മൂന്നാകുന്നു. മരണനാഴികയും, ഭയങ്കര
സിംഹാസനവും, അഗ്നിനരകവും തന്നേ.

നാഥാ—വാഴ്വു നിറഞ്ഞിരിക്കും
നി—ൻ വാ—തിൽ
തുറന്നെങ്ങൾ യാചന കേട്ടി—
ട്ടനുഗ്രഹം ചെയ്യേ—ണമേ.

ഉ—ള്ളുറയിൽ ചെയ്യും—രഹസ്യാപേക്ഷ
കൾതാപിനി—ഷ്ടം താൻ
ഉച്ചസ്വരത്താലല്ലോ ജയം
നീതിമാന്മാർ നേ—ടി.

ഒമാ—ശെയിൻ പ്രാർത്ഥന—വിനയമതും
വിഭാഗിച്ചു കടലിനെ,
കടന്നുപോയി ജനം—ദുഷ്ടനാം ഫെറൊൻ
മുങ്ങി മരിച്ച—ല്ലൊ.

ദാ—വീദിന്നുടെ പ്രാർത്ഥന—കേട്ടവനിൽ
കരുണ തോന്നി,
പാപം പോക്കി പ്രവചനവരവും
വീണ്ടും നീ അ—രുളി.

ഹ—നനിയാ മുതലാം ബാലന്മാർ
തീച്ചൂളയിൽനിന്നു,
ദൈവത്തെ വിളിച്ചു, തീജ്വാലയിൽനി-
ന്നവരെ രക്ഷി—ച്ചു.

ന—മ്മെ ഇളക്കി—ഭയപ്പെടുത്തും കാറ്റുങ്ങൾ
മൂ—ന്നാകുന്ന
മരണസമയം—വിധിസിംഹാസനം,
അഗ്നിനരക—വും.

ഉ—ത്തരമരുൾക—അരുൾക ദേവാ
അനുഗ്രഹിക്ക
മർത്യർ ചിത്തം അനുതാപെ നീ—
വരുത്തീടേ—ണ—മേ.

പ്രാർത്ഥന

ദൈവത്തോടുള്ള പ്രാർത്ഥന

പാട്ടുകാരൻ. സത്യവിശ്വാസത്തോടെ തന്നെ നോക്കി വിളിക്കുന്ന എല്ലാവരോടും ഉത്തരമരുളുന്ന ദൈവങ്ങളുടെ ദൈവവും, കർത്താക്കന്മാരുടെ കർത്താവുമായുള്ളോവേ, ഈ ഭവനവാഴ്വിന്റെ ശുശ്രൂഷ പൂർണ്ണമാക്കുന്ന ഈ സമയത്തു, നിന്റെ ശ്രേഷ്ഠതയുടെ സന്നിധിയിൽ ഞങ്ങൾ അർപ്പിക്കുന്ന പ്രാർത്ഥനകളും അപേക്ഷകളും, സ്തോത്രങ്ങളും കൈക്കൊള്ളേണമെന്നു നിന്റെ കരുണയോടു ഞങ്ങൾ അപേക്ഷിക്കുന്നു കർത്താവേ, ഞങ്ങൾ മണ്ണും പാരവുമാകുന്നു എന്നും, നിന്റെ കൃപയും സഹായവുംകൊണ്ടല്ലാതെ, സ്വയമായി യാതൊന്നും ചെയ്യ പൂർത്തിയാക്കുവാൻ ഞങ്ങൾക്കു പ്രാപ്തിയില്ലെന്നും, നിന്റെ ഏറ്റവും ചെറുതായിരിക്കുന്ന കൃപപോലും പ്രാപിപ്പാൻ ഞങ്ങൾ അർഹതയില്ലാത്തവരായിരിക്കെ, നിന്റെ ബഹുലമായ അനുഗ്രഹങ്ങൾ ഞങ്ങളുടെമേൽ നീ വർഷിപ്പിക്കുന്നു എന്നും, നിന്റെ വിശുദ്ധ സ്വർഗ്ഗത്തിൽനിന്നും ധന്യമായ വാഴ്വുകൾ ഞങ്ങൾക്കു അയച്ചുതരുന്നു എന്നും, പ്രയാസങ്ങളുടെ ഈ ലോകത്തിൽ നീ ഞങ്ങളെ നടത്തുന്നു എന്നും തിരുസന്നിധിയിൽ ഞങ്ങൾ ഏറ്റു പറഞ്ഞുകൊള്ളുന്നു. മനസ്സലിവുള്ളവനും മനുഷ്യസ്നേഹമുള്ളവനുമായ കർത്താവേ, ഈ വീടുപണിയുന്നതിനും ഇതിന്റെ ഉടമസ്ഥനും നീ ചെയ്ത എല്ലാ സഹായങ്ങൾക്കും വേണ്ടിയും, അതിനെ പൂർത്തിയാക്കുന്നതിനു അവനെ നി ശക്തിപ്പെടുത്തുകയും അവന്റെ സകല പ്രവൃത്തികളിലും അവനെ നീ താങ്ങുകയും എല്ലാ പെരുമാറ്റങ്ങളിലും ഇതുവരെ അവനെ നടത്തുകയും ചെയ്തതിനും വേണ്ടിയും, വന്ദ്യവും വിശുദ്ധവുമായ നിന്റെ തിരുനാമത്തിനു ഞങ്ങൾ

സ്തോത്രം ചെയ്യുന്നു. കർത്താവേ, നീ വിടുപണിയു
ന്നില്ലെങ്കിൽ അതിന്റെ പണിക്കാർ വൃഥാ അദ്ധ്വാനം
ചെയ്യുന്നു എന്നും നീ പട്ടണം കാത്തുകൊള്ളുന്നില്ലെ
ങ്കിൽ അതിന്റെ കാവൽക്കാർ വൃഥാ ജാഗരണം ചെയ്യു
ന്നു എന്നും ഞങ്ങൾ അറിയുന്നു. കർത്താവേ, ഞങ്ങളെ സ
ഹായിക്കുന്ന നിന്റെ ശക്തിയുള്ള വലങ്കയ്യെ എപ്പോ
ഴും ഓർത്തുകൊൾവാനും, നിങ്കൽനിന്നു ഞങ്ങൾക്കു ലഭി
ക്കുന്ന സർവ്വ നന്മകൾക്കുംവേണ്ടി നിന്നോടു നന്ദിയുള്ള
വരായിരിപ്പാനും, നിന്റെ കല്പനകളെ ആചരിപ്പാനും
ഞങ്ങൾക്കു കൃപനല്കേണമേ. സക്കായിയുടെ വീട്ടിൽ
പ്രവേശിച്ചു, ഇവനും അബ്രഹാമിന്റെ മകനാകകൊ
ണ്ടു, ഇന്നു ഈ വീട്ടിന്നു രക്ഷയുണ്ടായി എന്നു അരുളി
ച്ചെയ്ത ഞങ്ങളുടെ കർത്താവീശോമ്ശിഹായേ, ഈ ഭവ
നത്തിൽ വസിക്കുന്നവരോടുകൂടെ നീ ഉണ്ടായിരിക്കേണ
മേ. അവരെ നിന്റെ മക്കളും നിന്നെ ഇഷ്ടംപ്രവർത്തി
ക്കുന്നവരുമാക്കി തീർക്കേണമേ. ഈ വീടിനെയും ഇതിൽ
വസിക്കുന്നവരെയും കൃപയും കരുണയും നിറഞ്ഞി
രിക്കുന്ന വലങ്കൈ ആവസിപ്പിച്ചു അനുഗ്രഹിക്കേ
ണമേ. നന്മയും അനുഗ്രഹങ്ങളും ആശ്വാസവും
അവർക്കു വർദ്ധിപ്പിച്ചുകൊടുക്കേണമേ. സകല ദുഷ്ട
പ്രേരുമാനങ്ങളെയും ഇവരിൽനിന്നു തള്ളിക്കളയേ
ണമേ. ഇവർക്കു സൌഖ്യവും ആരോഗ്യവും നല്കുമാറാ
കേണമേ. വൈഷമ്യമുള്ള എല്ലാരോഗങ്ങളിൽനിന്നും,
പ്രയാസമുള്ള എല്ലാ പരീക്ഷകളിൽനിന്നും, ആകൽ
ക്കാരസായുടെ എല്ലാ കൌശലങ്ങളിൽനിന്നും ഇവരെ ര
ക്ഷിച്ചുകൊള്ളേണമേ. നിന്റെ കരുണയുടെ ക
ണ്ണാൽ ഈ വാസസ്ഥലത്തെയും ഇതിൽ പാർക്കു
ന്നവരെയും കടാക്ഷിച്ചു, ഇവരോടു കരുണ ചെ
യ്യേണമേ. ഇവരിൽനിന്നു നിന്റെ നോട്ടം വിടാ
തെ; മാലാഖമാർ നിന്റെ ചിറകിൻകീഴിൽ ഇവരെ

മറെച്ചുകൊള്ളേണമേ. ഒഴിഞ്ഞുപോകുന്ന ഈ ലോകത്തിൽ ആശ്വാസപൂർവ്വമായ ജീവിതം ചെയ്വാനും, വരുവാനിരിക്കുന്ന ലോകത്തിൽ, നിന്നെ സ്നേഹിച്ച പരിശുദ്ധന്മാരോടുകൂടെ മഹത്വമുള്ളവയും നിത്യതയുള്ളവയുമായ നിന്റെ വാസസ്ഥലങ്ങളിൽ വസിപ്പാനും ഞങ്ങളെ എല്ലാവരെയും യോഗ്യതയുള്ളവരാക്കേണമേ. നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ ആത്മാവിനും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറും. ആശാ.

ജനം. ആമ്മീൻ.

.ܐܡܝܢ ܐܠܗܐ ܕܟܠ ܫܒܚܐ ܘܬܫܒܘܚܬܐ ܕܟܠ ܒܪܝܬܐ ܕܒܫܡܝܐ ܘܒܐܪܥܐ ܘܒܝܡܐ ܘܒܟܠ ܡܐ ܕܒܗܝܢ ܐܬܪ̈ܥܐ ܐܢܬ ܗܘ ܡܫܒܚ ܘܡܫܪܝ ܘܡܩܕܫ ܠܫܡܟ ܩܕܝܫܐ ܘܡܬܪܘܡ ܠܥܠܡ ܥܠܡܝܢ ܐܡܝܢ ✠ ܐܒ̈ܐ ✠ ܘܒܪ̈ܐ ✠ ܘܪܘܚ̈ܐ ✠ ܩܕ̈ܝܫ̈ܐ ✠ ܐܡܝܢ ✠

¶ പ്രധാന വാതിലിന്റെ മുകളിലത്തെ പടിമേൽ താഴെയുള്ള വാചകം ചൊല്ലി കുരിശു വരയ്ക്കണം.

ഈ ഭവനം ജീവനുള്ളതും ജീവൻ നല്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്രയിടപ്പെടുന്നതിനാൽ എന്നേക്കും ഒന്നായിരിക്കുന്ന പിതാവിന്റെയും ✠ പുത്രന്റെയും ✠ ജീവനും വിശുദ്ധിയുമുള്ള റൂഹായുടെയും ✠ തിരുനാമത്തിൽ അനുഗ്രഹിക്കപ്പെട്ടതും ശുദ്ധീകരിക്കപ്പെട്ടതുമായിത്തീരട്ടെ.

ജനം. ആമ്മീൻ.

¶ അതിന്റെശേഷം ബസ്മൽക്കാ എന്ന ഗീതമോ താഴെ ചേത്തിരിക്കുന്ന ഗീതമോ ചൊല്ലണം.

(രാഗം—ബസ്മല്ക്കാ)

കത്താവിനെ എന്നോടുക്കുടെ—ഹ—ഉ—ഹ
സ്തോത്രം ചെയ്തീടു—വിൻ നിങ്ങൾ
തൻ നാമം നാം ഐക്യമോടെ, ഹ—ഉ—ഹ
ഉന്നതമാക്കീടു—ക ഇപ്പോൾ. ബാറെക്മാർ.

❖ ക്രി ❖ ചരി

. ലോക ത്രിത്വ പരിശുദ്ധ ദൈവം

പരിമളതൈലത്തിലുമധികം
വാസനയേറും രക്ഷകനേ,
പരിശുദ്ധാത്മാവാലെ നി—
ന്നടിയാരെ ശുദ്ധം ചെയ്ക. സ്തൗമെൻ.....

. ത്രിത്വ പരിശുദ്ധ . ൽ

ഹാ—ബേൽ മുതലായ
പരിശുദ്ധന്മാരുടെ കാ—
ഴ്ചകളും പ്രാർത്ഥനയും,
പരിമളമായേറ്റ
കർത്തുകർത്താവേ നീ
പാപികളാം ഞങ്ങളുടെ
പ്രാർത്ഥനകളെയെല്ലാം
കൈക്കൊണ്ടീടേണമേ. ബാറെക്മാർ.

❖ ക്രി ❖ ചരി

മേ—ല്പട്ടക്കാരനാം
അഹറോന്റെ ധൂപം കൊ—
ണ്ടിസ്രായേലിന്റെ,
വസന്ത വിരോധിച്ച

രക്ഷകത്താവേ ഈ
പ്രാത്ഥനയാൽ ഞങ്ങളുടെ
പാപരോഗം നീക്കി
സ്വസ്ഥത നല്കേണമേ. മറിയാ.....

. |ഠ്ടീ ചുാ |ഠ്ടീ ചുാ

കത്താവേ, വന്നി—ദാസരുടെ
പ്രാത്ഥനയെ—നീ കേട്ട്
ധൂപംപോൽ പരിമളമായ്
കൈക്കൊണ്ടീ—ടേണമേ.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.

വിശ്വാസപ്രമാണം.

പിതാവായി സർവ്വശക്തനായി.....(പുറം 15).

ത്രിത്ത്വാമ്മാ.

ഞങ്ങളുടെ കത്താവും ദൈവവുമേ.....(പുറം 140).

ആശീർവ്വാദം

ആകാശവും ഭൂമിയും.....

ഭവനവാഴ്വിന്റെ ക്രമം അവസാനിച്ചു.

.[illegible]

.[illegible]

[illegible]

[illegible]

ശവസംസ്കാരശുശ്രൂഷക്രമം

പട്ടക്കാരൻ.

പിതാവിന്നും പുത്രന്നും പരിശുദ്ധരൂഹായ്ക്കും സ്തുതി.

ജനം.

ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും എന്നെന്നേക്കും രണ്ടു ലോകങ്ങളിലും ചിന്തപ്പെടുമാറാകേണമേ—ആമ്മീൻ.

പ്രാരംഭപ്രാർത്ഥന

പട്ടക്കാരൻ. ജീവന്റെയും മരണത്തിന്റെയും മേൽ അധികാരമുള്ള ദൈവമായ കർത്താവേ, കല്പനലംഘനം മൂലം പാപത്തിന്നും മരണത്തിന്നും അധീനരായി തീർന്ന ഞങ്ങളുടെ വർഗ്ഗത്തെ നിന്റെ ഏകജാതനായ പുത്രൻ മുഖാന്തരം വീണ്ടെടുക്കയും, പാപത്തിന്മേലും മരണത്തിന്മേലും ഞങ്ങൾക്കു ജയം നല്കുകയും ചെയ്തിരി

ക്കുന്നതിനാൽ, നിന്നെ ഞങ്ങൾ സ്തുതിക്കയും വാഴ്ത്തുകയും വന്ദിക്കയും ചെയ്യുന്നു. കർത്താവേ, തിരുവിഷ്ടപ്രകാരം ഈ താല്ക്കാലിക ജീവിതത്തിൽനിന്നു വേർപെട്ടു, ഈ ലോകത്തിൽനിന്നു വാങ്ങിപ്പോയിരിക്കുന്ന ഈ നിന്റെ (ഓസന്റെ) ശവസംസ്കാരശുശ്രൂഷയുടെ ഈ സമയത്തു തിരുസന്നിധിയിൽ ഞങ്ങൾ കഴിക്കുന്ന പ്രാർത്ഥനകളും അപേക്ഷകളും കൈക്കൊള്ളേണമേ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ദൈവമേ, ഈ ആയുസ്സിന്റെ അനിത്യതയെക്കുറിച്ചുള്ള ബോധത്തോടും വരുവാനിരിക്കുന്ന നിത്യ ആയുസ്സിനെക്കുറിച്ചുള്ള കാത്തിരിപ്പോടും ഞങ്ങൾ ജീവിച്ചു, ഭാഗ്യമുള്ള അവസാനത്തിനും സമാധാനമുള്ള പുറപ്പാടിനും യോഗ്യതയുള്ളവരായി തീരുവാൻ ഞങ്ങൾക്കു കൃപ നല്കുകയും ചെയ്യേണമേ. ഹാശാ.

ജനം. ആമ്മീൻ.

അതിന്റെശേഷം

മസ്മൂർ

1 ജാതികളേ, നിങ്ങൾ എല്ലാവരും ഇതിനെ കേൾപ്പിൻ. സകല ഭൂവാസികളുമായുള്ളോരേ, ചെവിക്കൊൾവിൻ.

2 ഭൂവാസികളും മനുഷ്യരും ധനവാന്മാരും ദരിദ്രന്മാരും കൂടെ തന്നേ.

3 എന്തെന്നാൽ മനുഷ്യൻ ഒരു സാദൃശ്യത്തിൽ നടക്കുന്നു. അവൻ പുകപോലെ മാഞ്ഞുപോകുന്നു. അവൻ നിക്ഷേപങ്ങളെ കൂട്ടുന്നു. ആർക്കായി അവയെ ശേഖരിക്കുന്നു എന്ന് അവൻ അറിയുന്നില്ല.

4 എന്റെ പാപങ്ങൾ നിമിത്തമുള്ള ശാസനയാൽ ഞാൻ ക്ഷയിച്ചുപോയി. നീ മനുഷ്യനെ ശിക്ഷിച്ചു.

അവന്റെ അഗ്രഹങ്ങളെ വൈക്കോൽപോലെ നി നിക്കിക്കളഞ്ഞു. സകല മനുഷ്യരും അവിപോലെ ആകുന്നു.

5 കണ്ടാലും നി മരിച്ചവക്കു അത്ഭുതങ്ങളെ പ്രവർത്തിക്കുന്നുവോ? ബലവാന്മാർ എഴുന്നേറു നിനക്കു സ്തോത്രം ചെയ്യുമോ?

6 ശവക്കുഴികളിൽ ഉള്ളവർ നിന്റെ കൃപയെയും, നാശത്തിൽ നിന്റെ വിശ്വസ്തതയെയും അറിയിക്കുമോ?

7 ഇരുട്ടിൽ നിന്റെ അത്ഭുതവും മറന്നുപോയ ദേശത്തു നിന്റെ നീതിയും അറിയപ്പെടുമോ?

8 ജീവിച്ചിരുന്നു മരണം കാണാതെ ഇരിക്കയും പാതാളത്തിന്റെ കയ്യിൽനിന്നു തന്റെ പ്രാണനെ വിടുവിക്കയും ചെയ്യുന്ന മനുഷ്യൻ ആരുള്ളൂ?

9 നീ മനുഷ്യനെ എളിമയിലേക്കു തിരിയുമാറാക്കി. മനുഷ്യപുത്രന്മാരെ തിരികെ വരുവിൻ എന്നും അരുളിച്ചെയ്തു.

10 കർത്താവേ, അവനെ നീ അറിഞ്ഞ മനുഷ്യനും, അവനെ നി വിചാരിച്ച മനുഷ്യനും എന്നുള്ളൂ?

11 മനുഷ്യൻ പുകയ്ക്കു സദൃശമാകുന്നു. അവന്റെ ദിവസങ്ങൾ നിഴൽപോലെ കടന്നുപോകുന്നു.

12 അവൻ നമ്മുടെ പാപങ്ങൾക്കു തക്കവണ്ണം നമ്മോടു ചെയ്തിട്ടില്ല. നമ്മുടെ അന്യായത്തിനു തക്കവണ്ണം നമ്മോടു പകരം ചെയ്തിട്ടുമില്ല.

13 എന്തെന്നാൽ അവൻ നമ്മുടെ മനച്ചിലിനെ അറിയുന്നു. നാം മണ്ണാകുന്നു എന്നു അവൻ ഓർത്തിരിക്കുന്നു.

14 മനുഷ്യന്റെ ദിവസങ്ങൾ പുല്ലുപോലെയാകുന്നു. വയലിലെ പുഷ്പംപോലെ അവൻ മുളെക്കുന്നു.

15 എന്തെന്നാൽ കാറ്റ് അതിന്മേൽ അടിക്കുമ്പോൾ അതു ഇല്ലാതെപോകുന്നു. അതിന്റെ സ്ഥലം അറിയപ്പെടുന്നുമില്ല.

16 കർത്താവിന്റെ കൃപ ആദിമുതൽ എന്നേക്കും അവന്റെ ഭക്തന്മാരുടെമേലും, അവന്റെ നീതി അവരുടെ മക്കളുടെ മക്കൾക്കും ഉണ്ടാകും.

17 മരിച്ചവരും ഇരുട്ടിലേക്കു ഇറങ്ങുന്നവരുമായ ആരും കർത്താവിനെ സ്തുതിക്കയില്ല.

18 നാമോ ഇതുമുതൽ എന്നേക്കും കർത്താവിനെ വാഴ്ത്തും. ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു-ബാറെക്കുമാർ.

പട്ടക്കാരൻ. പിതാവിന്നും പുത്രന്നും പരിശുദ്ധാത്മാവിന്നും സ്തുതി.

ജനം. ആദിമുതൽ എന്നെന്നേക്കും തന്നേ—ആമ്മീൻ.

എനിയാനാ

ܒܪ̈ܢܫܐ ܟܥܘܪܐ ܝܘܡܘܗܝ . ܟܐܝܟ ܨܝܦܪܐ ܕܒܪܐ ܗܟܢܐ ܢܦܪܚ .
ܟܝ ܪܘܚܐ ܥܒܪܬ ܒܗ ܘܠܐ ܐܝܬܘܗܝ . ܘܠܐ ܝܕܥ ܥܘܕ ܐܬܪܗ ✤

ܡܫܝܚܐ ܕܢܚܐ . ܡܢ ܒܝܬ ܡܫܬܐ . ܐܬܐ ܒܫܠܡܐ .

ܘܥܡ ܫܠܡ ܢܣܓܕ ❊

ശുദ്ധിമാന്മാർ കർത്താവിന്റെ ഭവനത്തിൽ പാർത്തു, സൈന്യങ്ങളോടുകൂടെ സൂതി പാടുന്നു.


കർത്തൃഭവനെ–വിശുദ്ധർ പാർക്കുന്നു
സൈന്യങ്ങളുമാ–യിസൂതിയും പാടുന്നു.

ܐܝܬ ܠܝ ܒܪ ܡܢ ܕܐܡ ܠܐ ܐܫܬ . ܘܐܢ ܠܐ ܐܫܬ ܐܢ ܐܢܐ .

ܐܬ ܒܝ ܒܬ ❊


കർത്താവേ, മരിച്ചവരെ ഇമ്മെപ്പുറവിൽ ഉയിർത്തെഴുന്നേല്പിക്കുന്ന നിന്റെ എഴുന്നള്ളത്തിന്റെ നാഴിക മറഞ്ഞിരിക്കുന്നതാകുന്നു.

മരിച്ചവരെ ക-രു ഞൊടിയിടകൊണ്ട്
ഉയിർപ്പിക്കുംനേരം-മറവിലിരിക്കുന്നു.




തന്റെ മുൻപാകെ സകല രഹസ്യങ്ങളും പരസ്യമായിരിക്കുന്ന രാജാവിന്റെ പ്രത്യക്ഷത മഹാഭയങ്കരം ആകുന്നു.

രഹസ്യമെല്ലാം-പരസ്യമാകും
രാജാവിന്റെ-വരവു ഭയങ്കരമേ.




മ്ശിഹാ വന്നു അവരുടെ അധികാരം മായിക്കുന്നതുകൊണ്ട്, മരണത്തിന്നു തോൽവിയും സാത്താന്നു വിലാപവും തന്നേ.

മരണത്തിന്നും-സാത്താന്നും കഷ്ടം
മ്ശിഹാ മായിക്കും-അവരുടെ അധികാരം.




നമ്മുടെ കർത്താവു മഹത്വത്തോടെ ഘോഷമായി ഇറങ്ങിവരുന്നു. മരിച്ചവർ ഉയിർത്തെഴുന്നേറ്റു സ്തുതി പാടുന്നു.

വരുന്നു നാഥൻ-ഘോഷത്തോടെ
മരിച്ചവരുയിർത്തു-സ്തുതിപാടുന്നു.




സകല തിരഞ്ഞെടുക്കപ്പെട്ടവരും മണവാളനോടു കൂടെ പ്രവേശിക്കേണ്ടതിനു ഉന്നതത്തിലെ മണവറയുടെ വാതിൽ തുറന്നിരിക്കുന്നു.

തിരഞ്ഞെടുക്കപ്പെ-ട്ടവർ പൂകാനായി
മണവറവാതിൽ-തുറന്നിരിക്കുന്നല്ലോ.



സ്രഷ്ടാവിന്റെ ശബ്ദത്തിങ്കൽ മരണം മാഞ്ഞു പോകുന്നു. മരിച്ചവർ ഉയിർത്തെഴുന്നേറ്റു രാജാവിനെ സ്തുതിക്കുന്നു.

മരണം മായ്ക്കും-ദൈവത്തിൻ ശബ്ദം
മരിച്ചവരുയിർത്-തവനെ വാഴ്ത്തും.



നമ്മുടെ കർത്താവിന്റെ ദിവസം പെട്ടെന്നടുക്കുന്നു. അവൻ മരിച്ചവരെ ജീവിപ്പിക്കയും, കബറടക്കപ്പെട്ടവരെ ഉയിർത്തെഴുന്നേല്പിക്കയും ചെയ്യുന്നു.

കർത്താവിൻനാൾ-പെട്ടെന്നടുക്കുന്നു
മരിച്ചവരെ താൻ-ഉയിർപ്പിച്ചീടുന്നു.

പുരുഷിസായുടെ അവകാശിയേ, സമാധാനത്തോടെ വരിക എന്നു ക്രോബേന്മാർ വിളിച്ചു പറകയും സ്രാഫേന്മാർ പാടുകയും ചെയ്യുന്നു.

പുരുഷിസായി–ന്നവകാശിയേ,
വരിക എന്നു–ദൂതർ ചൊല്ലുന്നു.

ഞങ്ങളുടെ രക്ഷിതാവായ യേശുവേ, നിന്റെ കയ്യിൽ മരണവും നിന്റെ ഇഷ്ടത്തിൽ ജീവനും ഉള്ളതു കൊണ്ടു നിനക്കു സ്തുതി.


നിൻ പക്കൽ താൻ–ജീവനും മൃതിയും
അതിനാൽ നാഥാ–നിനക്കെന്നും സ്തോത്രം.

നമ്മുടെ രക്ഷയ്ക്കായി വന്ന കർത്താവു, നമ്മുടെ പുനരുത്ഥാനത്തിനായി വരുവാനിരിക്കുന്നു.

രക്ഷയ്ക്കായി–വന്നോരു നാഥൻ
ഉയിർപ്പിപ്പാനായി–വരുമേശുവെന്നും.


നിന്റെ സ്ളീബായിൽ സങ്കേതം പ്രാപിച്ചിരിക്കുന്ന ആത്മാവു, നിന്റെ എഴുന്നള്ളത്തിന്റെ ദിവസത്തിൽ നിന്റെ കരുണയെ കാണും.

സ്ളീബായിൽ ആ-ശ്രയിച്ചോരാത്മം
നിൻ വരവിങ്കൽ-കരുണയെ കാണും.




മരണത്തെ മായിക്കയും, നമ്മുടെ മരണത്തെ ജീവിപ്പിക്കയും ചെയ്യു നമ്മുടെ രക്ഷിതാവായ യേശുവിനെ നാം വന്ദിക്കുന്നു.

മരണം മായ്ച്ചു-ജീവിപ്പിച്ചീടും
മ്ശിഹായെ നാം-വന്ദിക്കുന്നു.



കർത്താവേ, ന്യായവിധിനാളിൽ അവ രണ്ടിനോടും കരുണ കാണിക്കേണ്ടതിനു ശരീരവും ആത്മാവും നിന്നെ വന്ദിക്കുന്നു.

ദേഹങ്ങളും-ആത്മാക്കളും
കൃപയ്ക്കായ് നിന്നെ-വന്ദിച്ചീടുന്നു.



എന്റെ സഹോദരന്മാരേ, ഭ്രമസ്ഥലത്തെ നാം കടന്നുപോകണം. നമ്മുടെ കപ്പൽ സന്തോഷങ്ങളുടെ തുറമുഖത്തു ചെന്നടുക്കും.

കടന്നുപോകാം-ഭ്രമസ്ഥാനത്തെ
തുറമുഖത്തങ്ങു-കപ്പൽ എത്തീടും

. ᨆᨚᨗᨊᨚᨗᨗᨚᨗᨗ . ᨚᨗᨗᨗ

നിന്റെ കൃപ നിമിത്തം ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമേ. നിന്റെ എഴുന്നള്ളത്തിന്റെ ദിവസത്തിൽ നിന്റെ കരുണയെ ഞങ്ങൾ കാണുമാറാകേണമേ.

കൃപയാലെ നീ-അനുഗ്രഹിച്ചീടുക
നീ വരും നാളിൽ-കരുണ, ചെയ്യണമേ.

ᴥ ᴥᴥᴥ

സഭയും അതിന്റെ സന്താനങ്ങളും പിതാവിനെയും പുത്രനെയും പരിശുദ്ധ റൂഹായെയും മുട്ടുകുത്തി വന്ദിക്കും.

സഭയും അതിൻ സ–ന്താനങ്ങളും
പിതൃ പുത്ര റൂ–ഹായെ വാഴ്ത്തും.

❊ ⠀ ⠀ ⠀ ⠀ ❊ ⠀ ⠀ ⠀ ⠀ ❊ ⠀ ⠀ ⠀ ⠀ ❊

⠀ ⠀ ⠀ ⠀

ഞങ്ങളുടെ കത്താവേ, സ്വർഗ്ഗീയമായ മേലുള്ള ഉൗർശ്ലേമ്മിൽ നിന്റെ സന്നിധിയിൽ നില്പാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ.

മേലുള്ള യെറുശാ-ലേമ്മിൽ നിൻമുൻ-
നില്പാൻ നീ ഞങ്ങളെ-യോഗ്യരാക്ക.

ܒܫܡܐ ܕܡܪܝܐ . ܒܪܝܫ ܡܕܡ ܕܫܡܝܐ . ܐܝܟ ܕܐܢ ܐܬܝ .
ܠܘܬ ܫܘܒܚܟ ܘܬܘܕܝܬ ܥܠ ܟܠ ܡܕܡ . ܕܥܒܕ ܠܢ ܒܥܘܬ ❊

കത്താവേ, നിന്റെ ശ്രേഷ്ഠതയുടെ മുൻപിൽ നിന്റെ അടിയാരായ ഞങ്ങൾ ചെയ്തുപോയ പാപങ്ങളെ പരിഹരിച്ചു ക്ഷമിക്കേണമേ.

കത്താവേ, തിരുമു-ന്നടിയാർ ചെയ്ത-
അകൃത്യങ്ങൾ പോക്കി-ക്ഷമിച്ചീടണമേ.

ܒܫܥܬ ܥܡܕܬ ܡܪܝܐ . ܒܗ ܢܫܒܚ ܡܪܝ . ܐܢ ܕܠܐ ܢܗܘܐ
ܠܟ ܫܘܒܚܐ . ܐܠܐ ܠܡܚܝܬ ܥܠ ܟܠ ܡܕܡ ❊

ഞങ്ങളുടെ കത്താവേ, നിന്റെ കഷ്ടാനുഭവങ്ങളിൽ സങ്കേതം പ്രാപിക്കുന്ന ഞങ്ങൾ, നിന്റെ എഴുന്നള്ളത്തിന്റെ നാളിൽ തള്ളപ്പെട്ടവരായി തീരരുതേ.

തിരുകക്കുപ്പാടിൽ-സങ്കേതപ്പെടുന്ന-
ഞങ്ങളെ നിൻ വരവിൽ-തള്ളീടരുതേ.

ܒܫܥܬ ܡܬܬܟ ܡܪܝ . ܠܐ ܢܫܒܚ ܡܪܝ . ܐܠܐ ܠܚܝܐ
ܒܗ ܡܪܝ . ܐܢ ܠܐ ܢܗܘܐ ❊

കർത്താവേ, നിന്റെ തിരുനാമത്തെ ഞങ്ങൾ ഏറ്റുപറയുന്നു. നിന്റെ വാഗ്ദാനംപോലെ ഞങ്ങളെയും നീ ഏറ്റുപറയേണമേ.

നാഥാ! നിൻ നാമം–കൊണ്ടാടുന്നെങ്ങൾ–
അടിയാരെ നീയും–കൊണ്ടാടണമേ

ܐܝܬ ܠܢ ܒܫܡܟ ܡܪܝ . ܘܐܦ ܐܢܚܢܐ ܢܐܡܪ ܠܟ . ܐܝܟ ܕܐܡܪܬ ܠܢ
ܗܟܢ ܬܗܘܐ ܥܡܢ ܡܪܝ . ܐܦ ܐܢܬ ܥܒܕ ܠܢ ܟܕ ܐܡܪܬ ܠܢ ❊

കർത്താവേ, നിന്റെ തിരുമുഖ സന്നിധിയിൽനിന്ന് ഞങ്ങളെ തള്ളിക്കളയരുതേ, നരകത്തിൽനിന്നു ഞങ്ങളെ നീ രക്ഷിച്ചുകൊള്ളേണമേ.

തിരുമുൻപിൽ നിന്നു–തള്ളാതെങ്ങളെ–
നരകത്തിൽനിന്നു–രക്ഷിക്കണമേ.

ܐܝܬ ܠܢ ܒܪܚܡܟ ܡܪܝ . ܐܦ ܐܢܬ ܬܫܪܐ ܠܢ ܕܢܚܝ ܒܪ ܡܢ ܕܢܡܘܬ
ܗܟܢ ܬܗܘܐ ܥܡܢ ܡܪܝ . ܐܦ ܐܢܬ ܢܨܝܚ ܠܢ ❊

എന്റെ പ്രിയപ്പെട്ടവരേ, നാം മരണത്തിന്റെ നാഴികയെ ഓർക്കണം. നാം നിന്ദ്യമായ മണ്ണാകുന്നു എന്നുള്ളതു മറന്നുപോകയുമരുത്.

സോദരരേ, നിങ്ങൾ–മറക്കാതെ മരണ–
സമയമോർത്തു കൊൾവിൻ–മണ്ണത്രെ നാം.

ܐܚܝ ܕܢܚܢ ܒܢܝ ܐܢܫܐ . ܕܥܦܪܐ ܐܢܚܢ ܠܥܦܪ . ܗܟܢ ܐܡܪ ܠܢ
ܗܟܢ ܬܗܘܐ ܥܡܢ ܡܪܝ . ܐܦ ܐܢܬ ܢܨܝܚ ܠܢ ❊

ഞങ്ങളുടെ രക്ഷിതാവേ, നിന്റെ പ്രത്യക്ഷതയുടെ നാളിൽ ഭാഗ്യകരമായ സ്ഥലത്തു ഞങ്ങളെ നിവസിപ്പിക്കുകയും, വെള്ള നിലയങ്കി ഞങ്ങളെ ധരിപ്പിക്കയും ചെയ്യേണമേ.

ഭാഗ്യസ്ഥലമതിൽ–വസിപ്പിക്കെങ്ങളെ–
നീതിയിൻ അങ്കി–ധരിപ്പിക്കണമേ.

ܐܰܗ̰ܳܐ ܟ̰ܬ̰ܽܘ̰ܒ̰ܳܐ . ܕ̰ܟ̰ܽܘ̰ܪ̰ܳܐ ܕ̰ܒ̰ܪ̰ܺܝ̰ܫ̰ܳܐ . ܕ̰ܚ̰ܰܝ̰ܳܐ
ܕ̰ܚ̰ܰܕ̰ܳܐ . ܕ̰ܡ̰ܰܠ̰ܟ̰ܽܘ̰ܬ̰ܳܐ ❖

കർത്താവേ, ഭാഗ്യസമ്പൂർണ്ണമായ മിതെയുള്ള പറുദീസായിൽ പരിശുദ്ധന്മാരോടു കൂടെയുള്ള പന്തിക്കിരിപ്പിന്നു ഞങ്ങളെ അർഹരാക്കേണമേ.

പറുദീസിൽ ഭാഗ്യം–തന്നു ഞങ്ങളെ–
വിശുദ്ധരിൻ പന്തിയിൽ–ഇരുത്തീടണമേ.

ܐ̰ܚ̰ܺܝ̰ ܕ̰ܟ̰ ܐ̰ܰܢ̰ ܐ̰ܰܬ̰ . ܚ̰ܰܒ̰ܺܝ̰ܒ̰ܺܝ . ܥ̰ܰܠ̰ܰܡ̰ܳܐ
ܫ̰ܽܘ̰ܪ̰ܳܝ̰ . ܐ̰ܰܢ̰ ܫ̰ܰܒ̰ܰܚ̰ܬ̰ܳܟ ❖

എന്റെ സഹോദരന്മാരേ, നമ്മുടെ നാളുകൾ പുകപോലെ മാഞ്ഞുപോകുന്നു എന്നുള്ളതു നിങ്ങൾ എല്ലാ സമയത്തും ഓർത്തുകൊൾവിൻ.

ആവിപോൽ നമ്മുടെ–നാൾകൾ കടന്നു–
പോകുന്നെന്നെപ്പോഴും–കാർത്തീടുവിൻ.

ܐ̰ܰܚ̰ܝ̰ܟ̰ ܡ̰ܢ̰ . ܟ̰ܠ̰ ܝ̰ܘ̰ܡ̰ܳܐ . ܐ̰ܙ̰ܠ̰ . ܕ̰ܥ̰ܒ̰ܪ̰ܳܐ .
ܚ̰ܰܒ̰ܺܝ̰ܒ̰ܺܝ ❖

കർത്താവേ, സന്തോഷങ്ങളുടെ സ്ഥലമായ പ്രകാശിതമായ മണവറയിൽ നിന്റെ ശുദ്ധിമാന്മാരോടുകൂടെ ഞങ്ങളെ പ്രവേശിപ്പിക്കേണമേ.

ഞങ്ങൾ പ്രകാശ-ത്തിൻ മണവറയിൽ-
വിശുദ്ധരോടുകൂടെ-പുകീടണമേ.

ܐܝܬ ܠܢ ܒܗ ܕܢܚܕܘ . ܒܪ ܐܢܫ ܕܢܚܕ ܒܗ ܘܢܚܕܘ .
ܘܢܚܕܘ ܒܪ ܐܢܫ ܕܢܚܕ ܒܗ ❊

കർത്താവേ, ഉയിർത്തെഴുന്നേൽപും പുതിയ ജീവനും നീയാകകൊണ്ടു, അവരുടെ കൂട്ടങ്ങളിൽ നിനക്കു ഞങ്ങൾ സ്തുതി കരേറുമാറാകേണമേ.

ഉയിർപ്പും ജീവനും-നീയാകയാലെ-
അവരോടു കൂടെ-സ്തുതിപാടുമെങ്കൾ.

ܐܝܬ ܠܟ ܬܫܒܚܬܐ . ܘܠܟ ܫܒܚܬܐ ܘܬܫܒܘܚܬܐ .
ܘܬܫܒܘܚܬܐ ܠܟ ܐܝܬ ❊

കർത്താവേ, നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിന്നും സ്തുതിയും സ്തോത്രവും എന്നെന്നേക്കും ഉണ്ടായിരിക്കുമാറാകട്ടെ.

നിനക്കും താതനും-വിശുദ്ധാത്മാവിനും,
എന്നെന്നേക്കും സ്തോത്രം- ആമ്മീനാമ്മീൻ.

വാക്യങ്ങളും ഉപനീസായും

1. കർത്താവു അരുളിച്ചെയ്യുന്നു : ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു—എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും—ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല.

ഹാ ! എത്രഖേദം–ഈ കാഴ്ച–അതിദുഃഖം,
ചിന്തയിലേറ്റം–വെന്തുരുകും–സോദരരേ,
എന്തിങ്ങനെ–മർത്യകുലം–മൃത്യു അനുഭവിച്ചിടുന്നു–
ചന്തമേറും–മേനിയാകെ–ചീഞ്ഞഴിഞ്ഞു–ദ്രവിച്ചിടുന്നു.

2. ഈ ലോകം കടന്നുപോകയും, അതിന്റെ മോഹങ്ങൾ ഒഴിഞ്ഞുപോകയും ചെയ്യുന്നു—എന്നാലോ ദൈവത്തിന്റെ ഇഷ്ടത്തെ ചെയ്യുന്നവൻ എന്നേക്കും നിലനില്ക്കുന്നു.

ഏദൻതോട്ടത്തിൽ–ആദം തി–ന്നൊരു കനിയാൽ,
നാശം വന്നീ–ഭൂതലേ–മാനവക്കു,
കല്പനയിൻ–ലംഘനത്താൽ–ഇപ്പുരുഷ–യ്ക്കീവണ്ണം–
ഖേദം, രോ–ഗം മരണം–മേദിനിയിൽ–വന്നിതയ്യോ.

3. സ്ത്രീ പ്രസവിച്ച മനുഷ്യൻ അല്പായുസ്സുള്ളവനും, കഷ്ടസമൃദ്ധനുമാകുന്നു—അവൻ പൂപോലെ വിടരുന്നു പൊഴിഞ്ഞുപോകുന്നു—നിലനില്ക്കാതെ നിഴൽപോലെ ഓടിപ്പോകുന്നു.

പാപം ചെയ്യോ–രാദംഹവ്വാ–ഇവർ മേൽ,
കോപം വന്നു–ദൈവത്തി–ങ്കൽനിന്നു,
പാപവും–ശാപവും–നാശവു–മധികരിച്ചു–
പാപികളായ്–മർത്യകുലം–ശാപമക്കൾ–ആയീഞ്ഞിന്നു

4. തീപ്പൊരി ഉയരെ പറക്കുംപോലെ മനുഷ്യൻ കഷ്ടതയ്ക്കായി ജനിച്ചിരിക്കുന്നു—നല്ല പേരു സുഗന്ധത്തെക്കാളും, മരണദിവസം ജനനദിവസത്തെക്കാളും ഉത്തമമാകുന്നു.

പാപമതിനാൽ–മരണം വാ–ണീടുന്നു,
കോപത്താൽ നരർ–നരകാഗ്നി–ക്കിരയായി,
അയ്യോ മ–ഹാ കഷ്ടം–പൊയ്യല്ലേ–ഇതു സത്യം–
ദൈവകോ–പമതിനാൽ–ശാപപാത്ര–മായല്ലോ.

5. ഇഹലോകത്തിലേക്കു നാം ഒന്നും കൊണ്ടുവന്നിട്ടില്ല—ഇവിടെനിന്നും യാതൊന്നും കൊണ്ടുപോകാൻ കഴിയുന്നതുമല്ല.

എത്ര ജ്ഞാനിയു–മെത്ര്യ–ജ്ഞാനിയും,
എത്ര ശക്തനു–മെത്ര്യ–ശക്തനും,
ഏവരെയു–മൊരുപോലെ–ഭീതിയോ–ടീ മരണം–
ആദംതൊ–ട്ടിഹവരെയും–ഭൂതലത്തിൽ–വാണിടുന്നു.

6. പൊടി പണ്ടു ആയിരുന്നതുപോലെ, ഭൂമിയിലേക്കു തിരികെ ചേരും—ആത്മാവു അതിനെ നല്കിയ ദൈവത്തിങ്കലേക്കു മടങ്ങിപ്പോകും—കർത്താവു തന്നു, കർത്താവു എടുത്തു, കർത്താവിന്റെ നാമം വാഴ്ത്തപ്പെട്ടമാറാകട്ടെ.

പ്രേമമേറീടും–മാതാവി–താകട്ടെ,
കാമനയേറും–ഭാര്യവു–ത്രാദികളും,
സ്നേഹിച്ച–വർ തമ്മിൽ–ദേഹം വി–രിഞ്ഞീടുമ്പോൾ–
പ്രേതത്തി–ന്മേൽ വീണു–ഖേദത്തോ–ടലറുന്നു.

7. ദൈവം മനുഷ്യനെ നേരുള്ളവനായി സൃഷ്ടിച്ചു—അവരോ അനേകം സൂത്രങ്ങളെ അന്വേഷിച്ചുവരുന്നു—ഞാൻ നീതിമാന്റെ മരണമായി മരിക്കട്ടെ. എന്റെ അവസാനവും അവന്റേതുപോലെ ആയിരിക്കട്ടെ.

മാനിച്ചവനെ–മണ്ണിലേ–ക്കയക്കുന്നു,
സ്നേഹിച്ചവനെ–ശോകത്തോ–ടടക്കുന്നു,
സ്നേഹിതർ–ബന്ധുക–ളെല്ലാമാകെ–മുറയിടുന്നു–
പൂഴിക്കും–പുഴുവിന്നും–ഇരയാവാ–നയക്കുന്നു.

8. സൂര്യനു കീഴിൽ പ്രയത്നിക്കുന്ന സകല പ്രയത്നത്താലും മനുഷ്യനു എന്തു ലാഭം?—ഒരു തലമുറ പോകുന്നു, മറെറാരു തലമുറ വരുന്നു—ഭൂമിയോ എന്നേക്കും നില്ക്കുന്നു.

മർത്യനുടെ-നാളുകൾ-പുല്ലിനും,
വെള്ളത്തിലെ-കുമിളയ്ക്കും-തുല്യമെന്നും,
ചേർത്തു ചൊല്ലി-തിരുവേദം-ഓർത്തുകൊൾവിൻ-സത്യമിതു-
പാർത്തലത്തിൽ-നിത്യമായി-പാർത്തിടാമെ-ന്നോർക്കരുതേ.

9. സൂര്യനു കീഴെ നടക്കുന്ന സകല പ്രവൃത്തികളും ഞാൻ കണ്ടിട്ടുണ്ടു—ആകാശത്തിൻ കീഴുള്ള സകല കാര്യത്തിനും ഒരു കാലം—ജനിപ്പാൻ ഒരു കാലം, മരിപ്പാൻ ഒരു കാലം—സകലവും മായയും, വൃഥാ പ്രയത്നവും അത്രെ.

എപ്പൊഴോ നിന്നെ-വിളിച്ചിടുന്നു-സർവ്വേശൻ,
അപ്പൊഴേ നീയും-പോയീടും-ഈവണ്ണം,
ഇപ്പോളനുതപിച്ചിടുക-ഇപ്പോൾ വീണ്ടും ജനിക്ക-
ഇപ്പോഴല്ലോ-ഇഷ്ടകാലം-ഇപ്പോൾ താൻ-രക്ഷയിൻനാൾ.

10. മനുഷ്യൻ ബഹുകാലം ജീവിച്ചിരിക്കുന്നു എങ്കിൽ, അവൻ അതിലൊക്കെയും സന്തോഷിക്കട്ടെ—എങ്കിലും അന്ധകാരം ദിഷ്ടമായിരിക്കുമെന്നും അവൻ ഓർത്തുകൊള്ളട്ടെ.

യേശു നിനക്കായി-ക്രൂശിന്മേൽ-മരിച്ചതു കാൺ,
ഈശൻ നിന്നെറ-മരണത്തെ-ജയിച്ചവൻ താൻ,
നാശകനെറ-തല ചതച്ചോൻ-നമ്മെ എല്ലാം-ഉദ്ധരിച്ചോൻ
വിശ്വാസി-കൾക്കവൻ-പ്രത്യാശ-യുമുണ്ടാകി.

11. മരണത്തിൽ നിന്നെക്കുറിച്ചു ഓർമ്മയില്ല—പാതാളത്തിൽ നിനക്കു ആരു സ്തുതിചെയ്യും?—ധൂളി നിന്നെ സ്തുതിക്കുമോ?—അതു നിന്നെറ സത്യത്തെ അറിയിക്കുമോ?

യേശു നിനക്കായി-വാനത്തി-ങ്കലേറി,
താതൻമുമ്പിൽ-പ്രാർത്ഥന-അണച്ചീടുന്നു,
വരുവോൻവേഗം വരുമേ-താമസ-മില്ലെത്തും-
ആയവൻ-നിൻ ഖേദം-കഴിച്ചാന-ന്ദം നല്കും.

12. മനുഷ്യരൊക്കെയും വെറും നിഴലായി നടക്കുന്നു നിശ്ചയം—അവൻ വ്യർത്ഥമായി പരിശ്രമിക്കുന്നു നിശ്ചയം—അവൻ ധനം സമ്പാദിക്കുന്നു; ആരു അനുഭവിക്കുമെന്നു അറിയുന്നില്ല.

സ്നേഹം നിറഞ്ഞ-യേശുവേ നി-ന്നാഗമനം,
ദാഹത്തോടെ-കാത്തിരി-ക്കുന്നു ഞങ്ങൾ,
ലോകത്തിൽ-ഞങ്ങളെ-മോക്ഷമെ-ന്നീ കാര്യ-
ഖേദമു-ള്ളോരെ നീ-മോദിപ്പി-ച്ചീടണമേ.

13. എല്ലാവരിന്റെയും സാരം കേൾക്കുക—ദൈവത്തെ ഭയപ്പെട്ടു, അവന്റെ കല്പനകളെ പ്രമാണിച്ചു കൊൾക—സകല മനുഷ്യർക്കും വേണ്ടതു അതാകുന്നു.

നാഥാ നിന്റെ-വരവിങ്കൽ-ഞങ്ങൾക്കു,
താതാ തരിക-സന്തോഷം-മോക്ഷവും,
എന്നേക്കും-ഞങ്ങൾ നിന്റെ-തിരുമുമ്പിൽ-ആനന്ദി-
ച്ചാലേലൂ-യ്യാ പാടി-സ്തുതിച്ചീടുവാൻ-കൃപയരുൾക.

¶ മൃതശരീരം കുഴിയിൽ വെച്ചശേഷം മണ്ണിട്ടുകൊണ്ടു് ചൊല്ലുന്നു

പട്ടക്കാരൻ.

നീ മണ്ണാകുന്നു, നീ മണ്ണിലേക്കു തിരികെ ചേരുമെന്നു ഞങ്ങളുടെ വഴ്ത്തെക്കുറിച്ചു അരുളിച്ചെയ്യുവനായ ദൈവമേ, ഒടുവിലത്തെ ദിവസത്തിൽ നിത്യജീവനായി ഉയിർത്തെഴുന്നേല്ക്കുമെന്നുള്ള പ്രത്യാശയോടെ ഈ ശരീരത്തെ ഞങ്ങൾ മണ്ണിലേക്കു ഏല്പിക്കുന്നു.

ജനം. ആമ്മീൻ.

¶ താഴെയുള്ള ഈ **എക്ക്ബാ** ല്ലുത്തനിയായുടെ ശേക്ഷം പള്ളിയിൽ വച്ചോ, കുഴിക്കൽ വച്ചോ സമയോചിതംപോലെ ചൊല്ലാം.

എന്റെ സഹോദരന്മാരേ, ഞാൻ പാതാളവഴിയായി കടന്നുപോകുമ്പോൾ തുറക്കപ്പെട്ടിരിക്കുന്ന കല്ലറകളെ ഞാൻ കണ്ടു. അതിനുള്ളിൽ എല്ലാത്തര ബലവാന്മാരും പ്രവേശിച്ചിരുന്നു. പലതര മല്ലന്മാരും അതിൽ പാർക്കുന്നുണ്ടായിരുന്നു. അവരുടെ കാലടികൾ നാശത്തിലേക്കു മറിച്ചിടപ്പെട്ടിരുന്നു. മ്ലേച്ഛമായ എട്ടുകാലികളും അവയ്ക്കുള്ളിൽ വല കെട്ടിയിരുന്നു. അപ്പോൾ ഞാൻ അതിനരികെ ഇരുന്നു കരഞ്ഞുകൊണ്ടു, സങ്കടത്തോടും നെടുവീർപ്പോടും കൂടെ എന്റെ ദേഹിയോടു ഇപ്രകാരം പറഞ്ഞു—ഇതാകുന്നു നമ്മുടെ അവസാനമെങ്കിൽ രാജാക്കന്മാരും പ്രഭുക്കന്മാരും പൊന്നിനെ ശേഖരിക്കുന്നതു എന്തിന്? —ഇതാകുന്നു നമ്മുടെ അവസാനമെങ്കിൽ, സൌന്ദര്യമുള്ളവർ തങ്ങളുടെ സൌന്ദര്യത്തിൽ ആഹ്ലാദിക്കുന്നതു എന്തിന്? —ഇതാകുന്നു നമ്മുടെ അവസാനമെങ്കിൽ, ധനവാന്മാർ തങ്ങളുടെ ധനത്തെപ്പറ്റി അഹങ്കരിക്കുന്നതു എന്തിന്? —ഇതാകുന്നു നമ്മുടെ അവസാനമെങ്കിൽ, വിദ്വാന്മാർ തങ്ങളുടെ വിദ്യയിൽ പുകഴുന്നതു എന്തിന്? —ഇതാകുന്നു നമ്മുടെ അവസാനമെങ്കിൽ, ജ്ഞാനികൾ തങ്ങളുടെ ജ്ഞാനത്തിൽ പ്രശംസിക്കുന്നതു എന്തിനു? —ഇതാകുന്നു നമ്മുടെ അവസാനമെങ്കിൽ, അധികാരികൾ തങ്ങളുടെ ശക്തിയിൽ നിഗളിക്കുന്നതു എന്തിന്? —ഇതാകുന്നു നമ്മുടെ അവസാനമെങ്കിൽ, യൌവ്വനക്കാർ തങ്ങളുടെ സാമർത്ഥ്യത്തിൽ ചാഞ്ചാടുന്നതു എന്തിന്? —ദൈവികസംഗീതക്കാരനായ ദാവീദേ, നിന്റെ കിന്നരങ്ങളോടുകൂടെ നീ വന്നു, മനുഷ്യൻ താല്ക്കാലികനാകുന്നു എന്നും, അവന്റെ ദിവസങ്ങൾ ആവിപോലെ മാഞ്ഞുപോകുന്നവയാകുന്നു എന്നും, പറമ്പിലെ പുഷ്പംപോലെ പൂത്തു വാടിപ്പോകുന്നു എന്നും, അ

വയിൽ പാടി ഞങ്ങളെ കേൾപ്പിക്ക. ഇതു നിമിത്തമായി മരിച്ചവരെ ഉയിർത്തെഴുന്നേല്പിക്കുന്നവനേ! നിനക്കു സ്തുതി. സകലത്തിന്റെയും ഉടയവനായ ദൈവത്തിന്നു സ്തുതി എന്നു നാം ഉച്ചത്തിൽ പറയണം.

ഹാലേലൂയ്യാ—ഹാലേലൂയ്യാ—ഹാലേലൂയ്യാ.

ജനം. ദൈവമേ—നിനക്കു സ്തുതി.

[ഇപ്രകാരം മുന്നു പ്രാവശ്യം ചൊല്ലിയശേഷം

മാലാകമാരുടെ സ്തുതി.

ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ!

കൊമ്മാ

വിശ്വാസപ്രമാണം (പുറം 15)—ഗ്രുത്താമ്മാ (പുറം 140).

ആശീർവ്വാദം

ശവസംസ്കാരശുശ്രൂഷക്രമം അവസാനിച്ചു.

പൈതങ്ങളുടെ
ശവസംസ്കാരശുശ്രൂഷക്രമം

പട്ടക്കാരൻ. പിതാവിനും പുത്രനും .. ..

ജനം. ബലഹീനരും.....

പ്രാരംഭപ്രാർത്ഥന

പട്ടക്കാരൻ. സകലത്തിന്റെയും സൃഷ്ടാവും ഉടയവനുമായ ദൈവമേ, നിന്റെ തിരുവിഷ്ടപ്രകാരം ഈ താല്ക്കാലികജീവിതത്തിൽനിന്നു വേർപ്പെട്ടുപോയി നിന്റെ അടുക്കലേക്കു നീ എടുത്തിരിക്കുന്ന ഈ പൈതലിന്റെ ഓമനമുഖം ഞങ്ങളിൽനിന്നു മറയുവാൻ പോകുന്ന ഈ സമയത്തു നിശ്ശൂന്യരായ ഞങ്ങൾ അപേക്ഷിക്കുന്നു. ദുഃഖത്തിലിരിക്കുന്നവർക്കു ആശ്വാസം നല്കുന്നവനായ കർത്താവേ, ഇപ്പോൾ ഈ പൈതലിന്റെ വേർപാടു നിമിത്തം സന്താപത്തിലും മനോവേദനയിലും ഇരിക്കുന്നവരായ ഈ നിന്റെ മക്കൾക്കു വേണ്ടുന്ന എല്ലാ ആശ്വാസവും സമാധാനവും നിന്റെ തിരുസന്നിധിയിൽനിന്നു അയച്ചുകൊടുക്കേണമേ. ഈ പൈതൽ അതിമഹത്തായ സ്വർഗ്ഗീയഭാഗ്യത്തിനു അംശിയായി തീർന്നിരിക്കുന്നു എന്നും, വീണ്ടും ഈ പൈതലുമായി കാണുന്നതിനും, ഒരിക്കലും പിരിയാതെ എന്നേക്കും ഒരുമിച്ചു വസിച്ചു സന്തോഷിക്കുന്നതിനും, ഒരു സ്ഥലം ഞങ്ങൾക്കായി നീ ഒരുക്കീട്ടുണ്ടെന്നും ഉള്ള പ്രത്യാശകൊണ്ടു ഇവരുടെയും ഞങ്ങളുടെയും മനസ്സിനു നീ ശാന്തി നൽ

കേണമേ. പിതാവും പുത്രനും പരിശുദ്ധ മൂഹായുമായ ദൈവമേ, സന്തോഷപരിപൂർണ്ണമായ നിന്റെ രാജ്യാവകാശത്തിന്നു ഞങ്ങളെ എല്ലാവരെയും യോഗ്യതയുള്ളവരാക്കുകയും ചെയ്യേണമേ. ഹാശാ.....

ജനം. ആമ്മീൻ.

അതിന്റെശേഷം.

മസ്മൂർ

1. ജാതികളേ, നിങ്ങൾ എല്ലാവരും ഇതിനെ കേൾപ്പിൻ. സകല ഭൂവാസികളുമായുള്ളോരേ, ചെവി ക്കൊൾവിൻ.

2. ജീവിച്ചിരുന്നു മരണം കാണാതെ ഇരിക്കയും പാതാളത്തിന്റെ കയ്യിൽനിന്നു തന്റെ പ്രാണനെ വിടുവിക്കയും ചെയ്യുന്ന മനുഷ്യൻ ആരുള്ളൂ?

3. മനുഷ്യൻ പുകെക്കു സദൃശമാകുന്നു. അവന്റെ ദിവസങ്ങൾ നിഴൽപോലെ കടന്നുപോകുന്നു.

4. മനുഷ്യന്റെ ദിവസങ്ങൾ പുല്ലുപോലെയാകുന്നു. വയലിലെ പുഷ്പംപോലെ അവൻ മുളെക്കുന്നു.


5. എന്തെന്നാൽ കാറ്റു അതിന്മേൽ അടിക്കുമ്പോൾ അതു ഇല്ലാതെപോകുന്നു. അതിന്റെ സ്ഥലം അറിയപ്പെടുന്നുമില്ല.

6. കർത്താവിന്റെ കൃപ ആദിമുതൽ എന്നേക്കും അവന്റെ ഭക്തന്മാരുടെ മേലും, അവന്റെ നീതി മക്കളുടെ മക്കൾക്കും ഉണ്ടാകും—ദൈവമേ, സൂതി നിനക്കു യോഗ്യമാകുന്നു—ബാറെക്മാർ.

പട്ടക്കാരൻ. പിതാവിന്നും.....


ജനം. ആദിമുതൽ.....

എനയാനാ




ശിശുക്കളുടെയും പൈതങ്ങളുടെയും വായിൽനിന്നു തന്റെ മഹാശക്തിയാൽ തന്റെ മഹത്വത്തെ വെളിപ്പെടുത്തിയവനായ ദൈവമേ,

ജനം. ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.



വൈതങ്ങളെ തന്റെ അടുക്കലേക്കു വിളിക്കയും, തന്റെ കരുണയാൽ അവരെ അനുഗ്രഹിക്കയും ചെയ്യുവനായ ദൈവമേ,

ജനം. ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.



സ്വർഗ്ഗരാജ്യം ഈ പൈതങ്ങളെപ്പോലെയുള്ളവരുടേതാകുന്നു എന്നു അരുളിച്ചെയ്യുവനായ ദൈവമേ,

ജനം. ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

തന്റെ ഉന്നതിയെ താഴ്ത്തി ശിശുവായി തീരുകയും, തന്റെ മനുഷ്യസ്നേഹത്താൽ ലോകത്തെ രക്ഷിക്കയും ചെയ്യുവനായ ദൈവമേ,

ജനം. ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

തന്റെ കരുണയാൽ യായിറോസിന്റെ പുത്രിയായ ബാലികയെയും വിധവയുടെ മകനായ യൌവനക്കാരനെയും ഉയിർപ്പിച്ചവനായ ദൈവമേ,

ജനം. ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

അന്ത്യനാളിൽ ലോകത്തെ വിധിപ്പാൻ തന്റെ മാലാകാമാരുമായി മഹത്വത്തോടെ എഴുന്നള്ളുന്നവനായ ദൈവമേ,

ജനം. ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

.

.

.

എക്ബാ

പട്ടക്കാരൻ. കർത്താവേ, പുനരുത്ഥാനനാളിൽ സൂതിപാ
ടുന്ന മാലാകാമാരോടൊരുമിച്ചു, മുഖപ്രസാദത്തോടെ തി
രുസന്നിധിയിൽ നില്പാനും, നിന്നെ സ്നേഹിച്ചിട്ടുള്ള നീ
തിമാന്മാരോടുകൂടെ പ്രകാശത്തിന്റെ മണവറയിൽ പ്ര
വേശിപ്പാനും ഞങ്ങളെയും യോഗ്യതയുള്ളവരാക്കേ
ണമേ.

ശുശ്രൂഷക്കാരൻ. സ്തൂനമെൻ.....

ജനം. കുറിയേലായിസ്സോൻ.

പ്രാർത്ഥന

പട്ടക്കാരൻ. നാമെല്ലാവരും.....

ജനം. അനുഗ്രഹിക്കുന്നവനായ.....

പട്ടക്കാരൻ. സൂതിയും സ്തോത്രവും.....

ആകാശത്തെയും ഭൂമിയെയും അവയിലുള്ള സക
ലത്തെയും നിർമ്മിച്ച സൃഷ്ടാവും, സകലത്തിന്റെയും
ദൈവവും ഉടയവനുമായിരിക്കേ, ശിശുവായി ജനിച്ചവ
നും, പാപമില്ലാത്തവനായിരിക്കേ, പാപികൾക്കുവേണ്ടി
ശിക്ഷ അനുഭവിച്ചവനും, മരണമില്ലാത്തവനായിരി
ക്കേ, മർത്യരായ നമുക്കുവേണ്ടി മരിച്ചവനും, പുനരു
ത്ഥാനം ചെയ്തു, സ്വർഗ്ഗത്തിലേക്കു ആരോഹണം ചെ
യ്തവനും, തന്റെ അടുക്കലേക്കു വരുന്ന എല്ലാവരെയും
കൈക്കൊണ്ടു ആശ്വസിപ്പിക്കുന്നവനുമായ മ്ശിഹാ
തമ്പുരാനും, ഈ പൈതലിന്റെ ശവസംസ്കാരശുശ്രൂ
ഷയുടെ ഈ നേരത്തും,.....

ജനം. ആമ്മീൻ.

സെദറാ

പട്ടക്കാരൻ. സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഏകപുത്രനും നിത്യവചനവും ആയി പൂർണ്ണദൈവവും, സകല നന്മകളുടെയും ഉറവും, സത്യ പ്രധാനാചാര്യനും ആയ മ്ശിഹാതമ്പുരാനേ, കല്പനലംഘനത്താൽ കുറവുള്ളവരായി തീർന്ന ഞങ്ങളുടെ വഴ്ചത്തെ പൂർണ്ണതയിലേക്കു തിരികെ വരുത്തുവാനും, നിന്റെ സാദൃശ്യത്തോടു ഞങ്ങളെ അനുരൂപപ്പെടുത്തുവാനും ആയി, നിന്റെ കൃപയാലും മനുഷ്യസ്നേഹത്താലും, ഞങ്ങളുടെ സാദൃശ്യം നിധരിച്ചു ഒരു പൈതലായി തീർന്നു. നിന്റെ കൃപയാൽ ഓരോ പ്രായത്തിലും ഞങ്ങളുടെ വഴ്ചത്തോടു നീ പെരുമാറി. നിന്റെ വിശുദ്ധ തൃക്കൈകളിൽ പൈതങ്ങളെ എടുത്തു, അവരെ നീ അനുഗ്രഹിച്ചു. സ്വർഗ്ഗരാജ്യം ഇപ്രകാരമുള്ളവരുടേതാകുന്നു എന്നു അരുളിച്ചെയ്കയും ചെയ്തു.

കാരുണ്യവാനായ കർത്താവേ, ഇതുനിമിത്തം നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. നിന്റെ കല്പനപ്രകാരം ഈ പൈതൽ പാപവികാരങ്ങളിൽനിന്നു ഒഴിഞ്ഞിരിക്കുന്നതും, ദോഷവികാരങ്ങളോടു അകന്നിരിക്കുന്നതുമായി, നിർമ്മലമായ ബാല്യപ്രായത്തിൽ നിദ്രപ്രാപിക്കയും, നിന്റെ ആംഗ്യത്താൽ സന്തോഷലോകത്തിലേക്കും ആനന്ദസ്ഥലത്തേക്കും കടന്നുപോകയും ചെയ്തിരിക്കുന്നു. മനസ്സലിവുള്ള കർത്താവേ, അഴിഞ്ഞുപോകാത്ത നിന്റെ സ്വർഗ്ഗരാജ്യത്തിലും, നീക്കംവരാത്ത നിന്റെ മണവറയിലും, നിന്റെ നിമിത്തം ദുഷ്ടനായ ഹേറോദേസ് കൊന്ന ശിശുക്കളോടും, ഉശാന പാടി നിന്നെ സ്തുതിക്കയും പുകഴ്ത്തുകയും ചെയ്യുന്ന പൈതങ്ങളോടുംകൂടെ ഈ പൈതലിനെ നീ ചേർത്തുകൊള്ളുകയും, അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് എന്ന പിതാക്കന്മാർ വസിക്കുന്ന നിന്റെ രാജ്യത്തിൽ ഈ പൈതലിനെ

സന്തോഷിപ്പിക്കയും, നിന്റെ എഴുന്നള്ളത്തിന്റെ ആ മഹാനാളിൽ സ്തുതികളുടെയും സ്തോത്രത്തിന്റെയും ഉൗശാന പാടി നിന്നെ എതിരേല്ക്കുന്നതിനു ഈ പൈതലിനും സംഗതി ആകയും ചെയ്യുമെന്നു ഞങ്ങൾ വിശ്വസിക്കയും പ്രത്യാശിക്കയും ചെയ്യുന്നു.

കർത്താവേ, ഈ പൈതലിനെക്കുറിച്ചു ദുഃഖിക്കയും സങ്കടപ്പെടുകയും ചെയ്യുന്ന മാതാപിതാക്കന്മാരെയും ചാച്ചുക്കാരെയും ആശ്വസിപ്പിച്ചു ധൈര്യപ്പെടുത്തേണമേ. നിന്റെ കരുണയുടെ ഇമ്പമുള്ള പനിനീരാൽ ഇവരുടെ വികാരങ്ങളുടെ ജ്വാലയെ തണുപ്പിക്കേണമേ. നിന്റെ ഉപദേശങ്ങളാകുന്ന ജീവപാനീയംകൊണ്ടു ഇവരുടെ മനോവേദനകളെ ശമിപ്പിക്കേണമേ. ഈ പൈതൽ കർത്താവിൽ മരിച്ചിരിക്കുന്നു എന്നുള്ള പ്രത്യാശകൊണ്ടു ഇവരെ സമാധാനപ്പെടുത്തേണമേ. കർത്താവു തന്നു, കർത്താവു എടുത്തു, കർത്താവിന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ എന്നു ചൊല്ലി നിനക്കു സ്തോത്രം ചെയ്വാൻ തക്ക മനഃസ്ഥിതി ഇവക്കു നല്കുമാറാകേണമേ.

കർത്താവേ, നിന്റെ തിരുവചനപ്രകാരം ഞങ്ങളും മനസ്സുതിരിഞ്ഞു, പൈതങ്ങളെപ്പോലെ ആയിത്തീരുവാൻ ഞങ്ങൾക്കു കൃപ നല്കേണമേ. നിന്റെ രാജ്യത്തിൽ നിന്റെ വലത്തുഭാഗത്തു സന്തോഷിക്കുന്ന കുഞ്ഞാടുകളോടു കൂടെ നിന്റെ പ്രത്യക്ഷതയുടെ നാളിൽ ഞങ്ങളെയും ക്രമപ്പെടുത്തുകയും ചെയ്യേണമേ. നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറുന്നു. ഹാശാ.....

ജനം. ആമ്മീൻ.

മാനിസാ:

യൌവനക്കാരേ, ഈ ജീവിതത്തിൽ നിങ്ങൾ ശരണപ്പെടരുതേ. എന്തുകൊണ്ടെന്നാൽ ആരു മരിക്കു

ന്നു എന്നും ആരു ജീവിച്ചിരിക്കും എന്നും ഒരുത്തനും അറിയുന്നില്ല.

തങ്ങളുടെ പ്രേമഭാജനങ്ങൾ തങ്ങളുടെ കൈകളിൽനിന്നു എടുക്കപ്പെടുന്നതിനാൽ മാതാപിതാക്കന്മാർ അടക്കംകൂടാതെ മുറവിളിയിടുന്നു.

വിധവീസായിൽ കുഞ്ഞാടുകളെ തൃപ്തിയാംവണ്ണം പോഷിപ്പിച്ചു പോരുന്ന നല്ല ഇടയനായുള്ളോവേ, നിന്റെ കരുണയാൽ സന്തോഷങ്ങളുടെ ആ സ്ഥലത്തു ഞങ്ങളെയും പ്രവേശിപ്പിക്കണമേ.

മാർ യാക്കോബിന്റെ ബാഉസാ.

ഫവുശം പുറംമുതൽ ഉള്ളതു ചൊല്ലിക്കൊള്ളണം.

¶ അതിന്റെ ശേക്ഷം

വായന

൨ ശമുവേൽ ൧൨. ൧൯—൨൩.

അല്ലെങ്കിൽ

ഇശയ്യാബു് ൧. ൧൮—൨൨.

¶ അതിന്റെ ശേക്ഷം കുറിയേലായിസ്സോൻ എന്നാദിയായതും, കർത്താവിന്റെ പ്രാർത്ഥനയും ആശീർവ്വാദവും. (പുറം. ൧൮൭.)

ഇവിടെ കന്നാം ശുശ്രൂക്ഷക്രമം അവസാനിച്ചു.

രണ്ടാംശുശ്രൂഷ

പട്ടക്കാരൻ. പിതാവിന്നും.....

ജനം. ബലഹീനരും.....

പ്രാരംഭപ്രാർത്ഥന

ദൈവമായ കർത്താവേ, ഇഹലോകവാസത്തിൽ നിന്നു വേർപെട്ടിരിക്കുന്ന ഈ പൈതലിന്റെ ശവസംസ്കാരശുശ്രൂഷയുടെ ഈ സമയത്തു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഈ ലോകം ഞങ്ങളുടെ ശാശ്വതമായ വാസസ്ഥലം അല്ലെന്നും, ഇവിടെ ഞങ്ങൾ അന്യന്മാരും പരദേശികളും ആകുന്നെന്നും, ഞങ്ങളുടെ നിത്യവാസസ്ഥലം സ്വർഗ്ഗത്തിൽ ആകുന്നെന്നും ഉള്ള ആഴമായ ബോധം ഞങ്ങൾക്കു നല്കേണമേ. പ്രായഭേദംകൂടാതെ നിനക്കിഷ്ടമാകുമ്പോൾ ഓരോരുത്തരെയും ഈ ആയുസ്സിൽനിന്നു വേർപെടുത്തുന്നതിനാൽ, ഞങ്ങളെ നീ വിളിക്കുമ്പോൾ വിശുദ്ധിയോടും നിത്യജീവന്റെ പ്രത്യാശയോടുംകൂടെ ഇവിടെനിന്നു പുറപ്പെടുവാൻ തക്കവണ്ണം ഞങ്ങളെ ഒരുക്കമുള്ളവരാക്കി തീർക്കേണമേ. നിനക്കും നിന്റെ ഏകപുത്രനും പരിശുദ്ധരൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറുന്നു. ഹാശാ.....

ജനം. ആമ്മീൻ.

. ⁄ ⁄ ⁄

⁄ . ⁄ ⁄ . ⁄ ⁄ ⁄

⁄ ⁄ . ⁄ ⁄ ⁄

⁄ ⁄ . ⁄ ⁄ ⁄ ⁄

ܫܒܚܐ ܠܟ ܐܠܗܐ ܕܫܒܚ̈ܬܐ ܘܠܟ ܢܫܒܚ ܫܒܚܐ ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ܐܡܝܢ ܘܐܡܝܢ ܀

കുക്കലിയോൻ

പട്ടക്കാരൻ. കർത്താവേ, നിങ്കലേക്കു ഞാൻ എന്റെ മനസ്സു ഉയർത്തി. എന്റെ ദൈവമേ, നിന്നിൽ ഞാൻ ആശ്രയിച്ചിരിക്കുന്നു. ഞാൻ ലജ്ജിച്ചുപോകരുതേ.

ജനം. അന്യായക്കാർ തങ്ങളുടെ മായയിൽ ലജ്ജിക്കും. കർത്താവേ, നിന്റെ വഴികൾ എന്നെ കാണിക്കേണമേ—ബാറെക്മാർ.

പട്ടക്കാരൻ. പിതാവിനും.....

ജനം. ആദിമുതൽ.....

എക്ബാ

ഞങ്ങളുടെ കർത്താവായ കർത്താവേ, അന്ത്യനാളിൽ എല്ലാവരുടെയും പ്രവൃത്തികൾ നിന്റെ സന്നിധിയിൽ പരിശോധിക്കപ്പെടുമ്പോൾ, നിന്റെ വിശുദ്ധ നാമത്തിൽ ഏറ്റം പറഞ്ഞിട്ടുള്ളവരായ ഞങ്ങളെ തിരുസന്നിധിയിൽനിന്നു തള്ളിക്കളയരുതേ. പിതാവും പുത്രനും (പരിശുദ്ധ)രൂഹായുമായ ദൈവമേ, ഞങ്ങളെ കാത്തുകൊള്ളുകയും ചെയ്യേണമേ.

ശുശ്രൂഷകൻ. സ്വൗമെൻ കാലോസ്.

ജനം. കുറിയേലായിസ്സോൻ.

പ്രോമ്യോൻ

പട്ടക്കാരൻ. നാമെല്ലാവരും.....

ജനം. അനുഗ്രഹിക്കുന്നവനായ.....

പട്ടക്കാരൻ. സൂതിയും സ്തോത്രവും.....

തന്റെ കല്പനയാൽ മരിച്ചവരെ ജീവിപ്പിക്കുന്നവനും, തന്റെ തിരുവിഷ്ടത്താൽ കബറടക്കപ്പെട്ടവരെ ഉയിർത്തെഴുന്നേല്പിക്കുന്നവനും, ജീവനുള്ളവരുടെയും മരിച്ചവരുടെയും ന്യായാധിപതിയും, ആത്മാക്കളുടെയും സകല ജഡത്തിന്റെയും ദൈവവും, തന്റെ ഭക്തന്മാരെ മഹത്പമേറിയ രാജ്യത്തിലേക്കു ഉയർത്തി, തന്റെ മാഹാത്മ്യമേറിയ മണവറയിലേക്കു പ്രവേശിപ്പിക്കുന്നവനുമായ മ്ശിഹാതമ്പുരാന്റെ, ഈ പൈതലിന്റെ ശവസംസ്കാരശുശ്രൂഷ നടത്തുന്ന ഈ സമയത്തും.....

ജനം. ആമ്മീൻ.

സെദറാ

അദൃശ്യനും അവർണ്ണനീയനും, സകലത്തെയും ഭരിക്കുന്നവനും, സകല ശ്വാസവും തന്റെ തൃക്കൈകളിൽ ഉള്ളവനും, മണ്ണിൽ നിദ്രപ്രാപിച്ചിരിക്കുന്ന എല്ലാവക്കും പുനരുത്ഥാനം ദാനംചെയ്യുന്നവനുമായ മ്ശിഹാതമ്പുരാനേ, പാപവും ആപത്തും, ദുരിതവും ദുഃഖവും നിറഞ്ഞിരിക്കുന്ന ഈ ആയുസ്സിന്റെ താല്ക്കാലിക വാസത്തിൽനിന്നു വേർപെട്ടിരിക്കുന്ന ഈ പൈതലിന്റെ ശവസംസ്കാരശുശ്രൂഷയുടെ ഈ സമയത്തു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. കർത്താവേ, മാമോദിസായാൽ മുദ്രകുത്തപ്പെട്ടുകയും, തിരുസഭയുടെ ഒരംഗ

മായി സ്വീകരിക്കപ്പെട്ടുകയും ചെയ്തിരിക്കുന്ന ഈ പൈതലിനെ നീ തള്ളിക്കളകയില്ലെന്നും, നിന്നോടുകൂടെയുള്ള സന്തോഷത്തിൽനിന്നു നീ അകറ്റിക്കളകയില്ലെന്നും ഞങ്ങൾ വിശ്വസിക്കയും, നാശമില്ലാത്ത നിന്റെ രാജ്യത്തിൽ പ്രകാശത്തിന്റെ മണവറയിലും, ആനന്ദകരമായ സ്ഥലങ്ങളിലും വസിപ്പിക്കുമെന്നും നിന്റെ മഹത്വമുള്ള മുഖപ്രസന്നതയാൽ ഈ പൈതലിനെ ആനന്ദിപ്പിക്കുമെന്നും ഞങ്ങൾ പ്രത്യാശിക്കയും ചെയ്യുന്നു.

ഉത്തമനും കരുണ നിറഞ്ഞിരിക്കുന്നവനുമായ കർത്താവേ, ഈ പൈതലിനെക്കുറിച്ചു നിലവിളിക്കയും മുറയിടുകയും ചെയ്യുന്ന എല്ലാവരെയും നീ സമാധാനപ്പെടുത്തുകയും, നിന്റെ കൃപയുടെ ചിറകിൻകീഴിൽ അവരെ മറച്ചുകൊള്ളുകയും, നിന്റെ സാന്നിധ്യത്താൽ അവരെ എല്ലാവരെയും ആശ്വസിപ്പിക്കയും ചെയ്യുമാറാകേണമേ.

കർത്താവേ, നിന്റെ പരിശുദ്ധന്മാരോടുകൂടെ ഞങ്ങളും നിനക്കു സ്തുതിപാടുവാനും എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വന്നു അകത്തു പ്രവേശിച്ചു ലോകാരംഭം മുതൽ നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗരാജ്യം അവകാശമായി അനുഭവിച്ചുകൊൾവിൻ എന്നു അരുളിച്ചെയ്യുന്ന സന്തോഷകരമായ ശബ്ദം കേൾപ്പാനും ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ. നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറുന്നു. ആശാ.....

ആമേൻ. ആമ്മീൻ.

¶ അതിന്റെശേഷം ൨൩—൨൬ വരെ പുറങ്ങളിലുള്ള ഗീതത്തിൽനിന്നു സമയോചിതംപോലെ ചൊല്ലിയശേഷം ൨൭-ാം പുറത്തുള്ള മദ്ബാശ ചൊല്ലണം.

മാർ യാക്കോബിന്റെ ബാഉസാ

ഞങ്ങളുടെ കർത്താവായ കർത്താവേ, നിന്നെ ഞ

ങ്ങൾ നോക്കി വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിന്നു നീ വരേണമേ. ഞങ്ങളുടെ അപേക്ഷ കേട്ടു, ഞങ്ങളെ നീ അനുഗ്രഹിക്കേണമേ.

കർത്താ! കർത്താ!–വിളിക്കുന്നെങ്ങൾ–തുണയ്ക്കായ് വരിക–
പ്രാർത്ഥനകേട്ടടിയാരുടെ മേൽ–ദയചെയ്യേണമേ.

എന്നേക്കും തന്റെ അധീനതയിൽ വച്ചുകൊൾവാൻ കഴിയാത്ത ആയുസ്സിന്മേൽ ഒരുത്തനും ആശ്രയിക്കരുതെന്നു മരണം വിളിച്ചു പറയുന്നു.

അധീനതയിൽ–എന്നും വയ്പാൻ–കഴിവില്ലാത്ത–
ആയുസ്സിന്മേ–ലാശ്രയിക്കരുതെന്നു–മരണം ചൊല്ലുന്നു.

മരണം ആദാം തുടങ്ങി എല്ലാ തലമുറകളിലും അതിന്റെ ഗതിയെ വിശാലമാക്കി. അതു ഗോത്രങ്ങളെയും കുടുംബങ്ങളെയും നാശത്തിലേക്കു കടത്തിവിടുന്നു.

ആദാമുതൽ–തലമുറതോറും–മരണം തന്റെ–
ഗതിയെ പിരിച്ചു–ഗോത്രമെല്ലാം–നശിപ്പിച്ചീടുന്നു.

ദൈവമേ, ഞങ്ങളോടു ഉത്തരമരുളിച്ചെയ്യേണമേ. ദൈവമേ, ഞങ്ങളോടു ഉത്തരമരുളിച്ചെയ്തു, ഞങ്ങളെ നീ അനുഗ്രഹിക്കേണമേ. മനുഷ്യരുടെ ഹൃദയങ്ങളെ അനുതാപത്തിങ്കലേക്കു തിരിക്കയും ചെയ്യേണമേ

ഉത്തരമരുൾക–അരുൾകദേവാ–അനുഗ്രഹിക്ക–
മർത്യർ ചിത്തം–അനുതാപേ നീ–വരുത്തീടണമേ.

ശ്ലീഹാവായന

൧ കൊരി. ൧൫. ൫൦—൨൨

എന്നാൽ ഇപ്പോൾ മ്ശിഹാ മരിച്ചവരുടെ ഇടയിൽനിന്നു ഉയിർത്തെഴുന്നേറ്റ്, നിദ്രപ്രാപിച്ചവരുടെ ആദ്യവിളവായിത്തീർന്നു.

മനുഷ്യൻമൂലം മരണം ഉണ്ടായപ്രകാരം തന്നേ, മനുഷ്യൻമൂലം മരിച്ചവരുടെ ഉയിർപ്പും ഉണ്ടാകുന്നു.

എന്തുകൊണ്ടെന്നാൽ ആദാമിൽ എല്ലാ മനുഷ്യരും

മരിക്കുന്ന പ്രകാരംതന്നേ മ്ശിഹായിൽ എല്ലാവരും ജീവിക്കുന്നു.

ഓരോരുത്തൻ താന്താന്റെ ക്രമത്തിൽ ആത്രേ. മ്ശിഹാ ആദ്യവിളവായി. പിന്നീടു മ്ശിഹായിക്കുള്ളവർ അവന്റെ വരവിങ്കൽ.

അതിന്റെശേഷം അവസാനം ഉണ്ടാകും. അപ്പോൾ സകല പ്രഭുത്വവും സകല അധികാരവും സകല ശക്തികളും മായിച്ചിട്ടു, രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കുന്നു.

എന്തുകൊണ്ടെന്നാൽ അവന്റെ സകല ശത്രുക്കളെയും അവന്റെ കാൽക്കീഴെ ആക്കിവെക്കുവോളം അവൻ വാഴുവാനിരിക്കുന്നു.

ഒടുക്കത്തെ ശത്രുവായ മരണം മാഞ്ഞുപോകുന്നു.

എന്തുകൊണ്ടെന്നാൽ സകലത്തെയും അവന്റെ കാൽക്കീഴെ കീഴ്പെടുത്തി. എന്നാൽ സകലവും അവനു കീഴ്പെടുന്നു എന്നു പറയുമ്പോൾ സകലവും അവനു കീഴ്പെടുത്തിയവൻ ഒഴികെ എന്നു സ്പഷ്ടമാകുന്നു.

സകലവും അവനു കീഴ്പെടുമ്പോൾ ദൈവം സകലത്തിലും സകലവും ആകേണ്ടതിനു പുത്രനും സകലത്തെയും അവനു കീഴ്പെടുത്തിക്കൊടുത്തവനു കീഴ്പെട്ടിരിക്കും. ഹ. ഉ. ഹ.

ശുശ്രൂഷകൻ. ബാറെക്മാർ.

നാം അടക്കത്തോടും.....

ഏവൻഗേലിയോൻ

മത്തായി ക്വ. ക—ങ.

ആ നാഴികയിൽ ശിഷ്യന്മാർ ഈശോതമ്പുരാന്റെ അടുക്കൽ വന്നു: സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ആരു എന്നു ചോദിക്കുന്നു.

ഈശോതമ്പുരാൻ ഒരു പൈതലിനെ വിളിച്ചു, അവരുടെ നടുവിൽ നിൎത്തി അരുളിച്ചെയ്യുന്നു:

നിങ്ങൾ മനസ്സുതിരിഞ്ഞു പൈതങ്ങളെപ്പോലെ ആയി തീരുകയില്ലെങ്കിൽ സ്വൎഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു.

ആകയാൽ ഈ പൈതലിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വൎഗ്ഗരാജ്യത്തിൽ വലിയവൻ ആകും.

എന്റെ നാമത്തിൽ ഈ പൈതലിനെപ്പോലെ (ഉള്ളവനെ) കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു.

നിങ്ങൾക്കെല്ലാവൎക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജനം. നിന്റെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

¶ അതിന്റെശേഷം യാത്രാഗീതങ്ങൾ.

¶ മൃതശരീരം കുഴിയിൽ വച്ചശേഷം മണ്ണിട്ടുകൊണ്ടു ചൊല്ലുന്നതു,

നീ മണ്ണാകുന്നു, നീ മണ്ണിലേക്കു തിരികെ ചേരുമെന്നു ഞങ്ങളുടെ വഴ്ത്തെക്കുറിച്ചു അരുളിച്ചെയ്യുവനായ ദൈവമേ, ഒടുവിലത്തെ ദിവസത്തിൽ നിത്യജീവനായി ഉയിൎത്തെഴുന്നേല്ക്കുമെന്നുള്ള പ്രത്യാശയോടെ ഈ ശരീരത്തെ ഞങ്ങൾ മണ്ണിലേക്കു ഏല്പിക്കുന്നു.

ജനം. ആമ്മീൻ.

¶ അതിന്റെശേഷം

ഞങ്ങളുടെ കൎത്താവായ യേശുമ്ശിഹായേ.....

കൊമ്മാ

വിശ്വാസപ്രമാണം. ഹ്രുത്താമ്മാ.

ആശീൎവ്വാദം.

പൈതങ്ങളുടെ ശവസംസ്കാരശുശ്രൂഷാക്രമം അവസാനിച്ചു.

ഗീതങ്ങൾ

1

1 എന്നോടുള്ള നിൻ സ്നേഹകഥക്കായി ഞാൻ
എന്തു ചെയ്യേണ്ടു നിനക്കേശുപരാ — ഇപ്പോൾ

2 നന്ദികൊണ്ടെന്റെയുള്ളം നന്നെ നിറയുന്നേ
സന്നാഹമോടെ സ്തുതി പാടീടുന്നേൻ — എന്റെ

3 പാപത്തിൽനിന്ന എന്നെ കോരിയെടുപ്പാനായ്
ശാപശിക്ഷകളേറ്റ ദേവാത്മജാ — മഹാ

4 എന്നെയൻപോടു ദിനം തോറും നടത്തുന്ന
പൊന്നിടയന്നനന്തം വന്ദനമേ — ദേവാ

5 അന്ത്യംവരെയുമെന്നെ കാവൽചെയ്തീടുവാൻ
അന്തികെയുള്ള മഹൽ ശക്തി നീയേ — നാഥാ

6 താതൻസന്നിധിയിലെൻപേക്ഷ സദാ പക്ഷ-
വാദം ചെയ്യുന്ന മമ ജീവനാഥാ! — പക്ഷ

7 കുറ്റംക്കൂടാതെയെന്നെ തേജസ്സിൻ മുമ്പാകെ
മുദാ നിറുത്താൻ കഴിവുള്ളവനേ — എന്നെ

8 മന്നിടത്തിലടിയൻ ജീവിക്കുംനാളെന്നും
വന്ദനം ചെയ്യും തിരു നാമത്തിന്നു — ദേവാ

2

1 ഇന്നേയോളം തുണച്ചോനേ,
ഇനിയും തുണെക്ക;
ഇഹ ദുഃഖെ രക്ഷയും നീ
ഈയെൻ നിത്യ ഗൃഹം.

2 നിൻ സിംഹാസന നിഴലിൽ
നിൻ ശ്രേഷ്ഠർ പാർക്കുന്നു,
നിൻ ഭൃത്യം മതി അവർക്ക
നിർഭയം വസിപ്പാൻ.

3 പർവ്വതങ്ങൾ നടും മുമ്പെ
പണ്ടു, ഭൂമിയെക്കാൾ
പരനേ നീ അനാദിയായ്
പാർക്കുന്നല്ലോ സദാ.

4 ആയിരം വർഷം നിനക്കു
ആകുന്നിന്നലെ പോൽ ;
ആടിത്യോദയ മുമ്പിലെ
അല്പയാമം പോലെ.

5 നിത്യനദിപോലെ കാലം
നിത്യം തൻ മക്കളെ
നിത്യതപം പൂകിപ്പിക്കുന്നു
നിദ്രപോലെയത്രെ.

6 ഇന്നേയോളം തുണച്ചോനേ,
ഇനിയും തുണെക്ക ;
ഇഹം വിട്ടു പിരിയുമ്പോൾ
ഈയെൻ നിത്യഗൃഹം.

3

പല്ലവി

രോഗികൾക്കു നല്ലവൈദ്യനാകുന്നേശു താൻ–പല
രോഗികൾ തൻ നാമത്തിലാശ്വാസം പ്രാപിച്ചു

ചരണങ്ങൾ

1 വ്യാധിപീഡയാൽ വലയും മർത്ത്യഗണത്തിൻ-സർവ്വ
വ്യാധിയും ക്ഷമിച്ചു നാഥനിവൻ താൻ— രോഗി

2 എത്രമാത്രം വേദനകൾ സ്വന്തമേനിയിൽ-യേശു
ശാന്തമായ് സഹിച്ചു മനം നൊന്തെനിക്കായ് — രോഗി

3 തന്റെ പാദപീഠമെന്റെ വൈദ്യശാലയാം-അതി
ലുണ്ടനേകം ഔഷധങ്ങൾ രോഗശാന്തിക്കായ് — രോഗി

4 ഔഷധം എനിക്കവന്റെ ദിവ്യവചനം-ഈ സി-
ദ്ധൌഷധം തരുന്നു വിമലാത്മനിമ്മമായ് — രോഗി

5 വ്യാധിയിലെന്റെ കിടക്ക താൻ വിരിക്കുന്നു–ബഹു
മോദമായെനിക്കു താൻ ശുശ്രൂഷചെയ്യുന്നു— രോഗി

6 യേശുവിൻ കയ്യെൻ ശിരസ്സിൻ കീഴിരിക്കുന്നു–എന്നെ
യേശു ആശ്ലേഷിച്ചീടുന്നു തൻ വലകയ്യാൽ— രോഗി

7 എന്റെ മാംസം ചിത്തവും ക്ഷയിച്ചുപോകുമ്പോൾ–ദൈവം
എന്റെ ചിത്തത്തിൽ ബലം നിത്യമാഹരിയുമാം— രോഗി

4

1 ആരുസഹായിക്കും ലോകം തുണയ്ക്കുമോ
ജീവൻ പോയിടുമ്പോൾ ആശ്രയം ആരുഉള്ളൂ?

2 സ്നേഹിതന്മാർവന്നാൽ ചേർന്നരികിൽനില്ക്കും
ക്ലേശമോടെല്ലാരും കണ്ണുനീർതൂകീടും

3 ജീവന്റെ നായകൻ ദേഹിയെ പോഷിച്ചാൽ
ഇല്ലില്ലെന്നോതുവാൻ ഭൂതലേയാരുഉള്ളൂ?

4 ഭാര്യമക്കൾ ബന്ധുമിത്രമെന്തുഫലത്തിൽ
ഖേദം പെരുകീട്ടു മാറ്റിലടിക്കുന്നു.

5 ഏവനുംതാൻ ചെയ്ത കർമ്മങ്ങൾക്കൊത്തപോൽ
ശീഘ്രമായ് പ്രാപിക്കാൻ ലോകം വിട്ടീടുന്നു.

6 കൺകളുടയുമ്പോൾ കേൾവികുറയുമ്പോൾ
എൻമണവാളാ നിൻ ക്രൂശിനെ കാണിക്ക

7 ദൈവമേ നിൻമുന്നിൽ ഞാൻ വരുന്നേരത്തിൽ
നിൻമുഖവാത്സല്യം നീയെനിക്കേകണേ

8 യേശുമണവാളാ സകലവും മോചിച്ചു
നിന്നരികിൽ നില്പാൻ യോഗ്യനാക്കണമേ.

9 പൊന്നുകർത്താവെ നിൻതങ്ക രുധിരത്താൽ
ജീവിതവസ്ത്രത്തിൽ വെണ്മയെ നൽകണേ.

10 മരണത്തിൻ വേദന ദേഹത്തെ തളർത്തുമ്പോൾ
ദൈവമേ നീയല്ലാതാരെനിക്കാശ്രയം?

11 യോർദ്ദാന്റെ തീരത്തിൽ ഞാൻ വരുന്നേരത്തിൽ
കാൽകളെ വേഗം നീ അക്കരെയാക്കണേ.

12 ഭൂവിലെവാസം ഞാൻ എപ്പോൾ വെടിഞ്ഞാലും
കർത്താവിൻ രാജ്യത്തിൽ നിത്യമായ് പാർത്തിടും

13 ഇമ്പമേറും സ്വർഗ്ഗേ എൻപിതാവിൻ വീട്ടിൽ
ആയുസ്സനന്തമായ് വാഴുമാറാകണം

14 സീയോൻമലയിലെൻ കാന്തനുമായ് നില്പാൻ
ഞാനിനി എത്രനാൾ കാത്തിരുന്നീടണം.

5

"ഞാൻ വരുന്നു" എന്നപോലെ

1 ലോകത്തെ ഞാൻ വിടാറായി–എൻ ദുഃഖങ്ങൾ തീരാറായ്
വേഗമെൻ താതൻ രാജ്യേ–സാധു ഞാൻ ചേരാറായേ

ഹാ! എന്താമോദമുള്ളിൽ–ധന്യൻ ഞാനിന്നു മന്നിൽ
യേശുതാനുണ്ടെന്നുള്ളിൽ–വാഴും ഞാൻ സ്വർഗ്ഗം തന്നിൽ

2 മോദമെൻ വഴിയെല്ലാം–യേശു എൻ രക്ഷയെല്ലാം
പാടുന്നെന്നുള്ളമെല്ലാം–സ്വർഗ്ഗമെൻ ആശയെല്ലാം— ഹാ!

3 ഭൂതലേയീപാപി ഞാൻ–നാശമായുഴലുമ്പോൾ
നല്ലിടയനെൻ പ്രിയൻ–താൻ കനിഞ്ഞെന്നെയിപ്പോൾ—ഹാ!

4 ലോകത്തിലെന്നെയവൻ– ലേശവും കൈവിടില്ല
മൃത്യുവിൻ താഴ്വരയിൽ–ആയാലും പേടിയില്ലാ— ഹാ!

5 ദൈവം താൻ എൻ പക്ഷത്തിൽ–ആരെനിക്കു വിരോധം?
വാഴുമെ ഞാൻ സ്വർഗ്ഗത്തിൽ ഹാ! ഇതെന്തോരാഹ്ലാദം—ഹാ!

6 എൻ പിതാവിൻ മന്ദിരെ–ഉണ്ടനേക പാർപ്പിടം
ചേരുമേ ഞാനവിടെ–ദുഃഖമില്ലാതോരിടം— ഹാ!

7 എൻ വഴിയോ പ്രകാശം–യേശുതാനെൻ വിശ്വാസം
നിത്യാത്മാവെന്നാശ്വാസം–ഭാഗ്യം ഇനിയെൻ വാസം—ഹാ!

6

പല്ലവി

യേശുവേ! തിരുനാമമെത്ര മധുരം
ഭൂമിയിലഗതിക്കെൻ–യേശുവേ!

ചരണങ്ങൾ

1 ആശ്വാസം യേശുഭവാൻ–ആരോഗ്യം രോഗികളിൽ
വിശ്വ ബന്ധു നീയെന്നു–പേരാരും ഇല്ലേ സ്വാമീ— യേശു

2 ഖേദം കഴിക്കും ഭവാൻ–ഭീതി അകറ്റും ഭവാൻ
താതൻ മാതാവും ഭവാൻ–നിത്യം അടിമയുള്ളല്ലൊ— യേശു

3 മന്നാ! മന്നായും ഭവാൻ–എന്നാചാര്യൻ രാജൻ നീ
എന്നും സഖി ജീവൻ നീ–എൻ ഭാഗ്യവും നീയല്ലോ യേശു

4 സങ്കേതമേ മലയേ!–എൻ ഖേടയം വഴി നീ
എൻ കർത്താവേ ഭർത്താവേ–എൻ ജീവനും ഇടയൻ— യേശു

5 നിക്ഷേപം ലക്ഷ്യം ഭവാൻ–രക്ഷാസ്ഥലം ശിരസ്സേ!
രക്ഷാകരൻ ഗുരുവേ!–സാക്ഷി മദ്ധ്യസ്ഥനും നീ— യേശു

6 എന്നിൽ നിന്നെ സ്തുതിപ്പാൻ–കനിവും ത്രാണിയിങ്കിലില്ലേ
നിന്നെ വന്നു കണ്ടെന്നും–നന്നേ പാടും അടിയൻ— യേശു

7 അത്തൽക്കൂടാതെ കത്താ–ചേർത്തീടേണം അങ്ങെന്നെ
മൃത്യു പിരിക്കുവോളം–കാത്തീടേണമേ പ്രിയൻ— യേശു

8 നിത്യം അഗതി തിരു–സ്തോത്രം സ്വർഗ്ഗേ ധ്വനിപ്പാൻ
സത്യം വിടാതെ കൂടി–എത്തും തിരുകൃപയാൽ— യേശു

7

പല്ലവി

ആനന്ദമുണ്ടെനിക്കാനന്ദമുണ്ടെനി-
ക്കേശു മഹാരാജ സന്നിധിയിൽ (സങ്കീ. ൧൬. ൧൧).

ചരണങ്ങൾ

1 ലോകം എനിക്കൊരു ശാശ്വതമല്ലെന്നെൻ
സ്നേഹം നിറഞ്ഞൊരു ചൊല്ലീട്ടുണ്ട്
സ്വർല്ലോകനാട്ടുകാക്കിക്ഷിതിയിൽ പല
കഷ്ട സങ്കടങ്ങൾ വന്നീടുന്നു. (യോഹ. ൧൬. ൩൩—൩൫).

2 കർത്താവേ നീയെന്റെ സങ്കേതമാകയാൽ
ഉള്ളിൽ മനഃക്ലേശം ലേശമില്ല (൨ കൊരി. ൧. ൪).
വിശ്വാസക്കപ്പലിൽ സ്വപ്പുരം ചേരുവാൻ
ചുക്കാൻ പിടിക്കണേ പൊന്നുനാഥാ (൧ തിമൊ. ൧. ൧൯;
൨ തിമൊ. ൪. ൧൮).

3 എന്നാത്മാവേ നിന്നിൽ ചാഞ്ചല്യമെന്തിഹെ
ബാഖായിൻ താഴ്വാരമതെയിതു
സീയോൻപുരി തന്നിൽ വേഗം നമുക്കെത്തി-
ട്ടാനന്ദക്കണ്ണുനീർ വീഴ്ത്തീടാമേ. (സങ്കീ. ൮൪. ൬, ൭).

4 ക്രൂടാരവാസികളാകും നമുക്കിങ്ങു
വീടെന്നൊ നാടെന്നൊ ചൊൽവാനെന്തു?
കൈകളാൽ തീർക്കാത്ത വീടൊന്നു താതൻ താൻ
മീതെ നമുക്കായി വെച്ചിട്ടുണ്ട് (൨ കൊരി. ൫. ൧).

5 ഭാരം പ്രയാസങ്ങളേറും വനദേശ-
ത്താകുലമാത്മാവിൽ വന്നീടുകിൽ
പാരം കരുണയുള്ളീശൻ നമുക്കായി-
ട്ടേറ്റം കൃപ നല്കി പാലിച്ചീടും (൨ കൊരി. ൯. ൮).

6 കത്താവേ നീ വേഗം വന്നീടണേ ഞങ്ങ-
ൾക്കോത്താലിക്കോണിയിൽ മഹാ ദുഃഖം
എന്നാലും നിൻമുഖ ശോഭയതിൻമൂലം
സന്തോഷകാന്തി പൂണ്ടാനന്ദിക്കും (യോഹ. ഛന്ദ. നമ).

8

പല്ലവി

ആശ്വാസമേ എനിക്കേറെ തിങ്ങീടുന്ന
വിശ്വാസക്കണ്ണാൽ ഞാൻ നോക്കീടുമ്പോൾ

അനുപല്ലവി

സ്നേഹമേറീടുമെൻ രക്ഷകൻ സന്നിധൌ
ആനന്ദക്കൂട്ടരെ കാണുന്നില്ലേ?

ചരണങ്ങൾ

1 ആമോദത്താൽ തിങ്ങി ആശ്ചര്യമോടവർ
ചുറ്റും നിന്നു സ്തുതി ചെയ്തീടുന്നു
തങ്കത്തിരുമുഖം കാണ്മാൻ കൊതിച്ചവർ
ഉല്ലാസമോടിതാ നോക്കീടുന്നു.

2 തൻമകളിൻ കണ്ണുനീരെല്ലാം താതൻ താൻ
എന്നേക്കുമായി തുടച്ചിതല്ലോ
പൊൻവീണകൾ ധരിച്ചാമോദപൂർണ്ണരായ്
കർത്താവിനെ സ്തുതി ചെയ്യുന്നവർ

3 കുഞ്ഞാട്ടിൻറെ രക്തംതന്നിൽ തങ്ങൾ-അങ്കി
നന്നായ് വെളുപ്പിച്ച കൂട്ടരിവർ
പൂർണ്ണവിശുദ്ധരായ് തീർന്നവരേശുവിൻ
തങ്കരുധിരത്തിൻ ശക്തിയാലെ.

4 തങ്കകിരീടങ്ങൾ തങ്ങൾ ശിരസ്സിന്മേൽ
വെൺനിലയങ്കി ധരിച്ചോരിവർ
കയ്യിൽ കുരുത്തോല ഏന്തീടുവർ സ്തുതി
പാടീട്ടാനന്ദമോടാർത്തീടുന്നു

5 ചേർന്നീടുമേ വേഗം ഞാനും ആ കൂട്ടത്തിൽ
ശുദ്ധരോടൊന്നിച്ചങ്ങാനന്ദിപ്പാൻ
ലോകം വേണ്ടാ എനിക്കൊന്നും വേണ്ടാ-എൻറെ
നാഥൻറെ സന്നിധൌ ചേർന്നാൽ മതി

6 കർത്താവേ വിശ്വാസപ്പോരിൽ തോല്ക്കാതെന്നെ
അവസാനത്തോളം നീ നിർത്തേണമേ
ആകാശമേഘത്തിൽ കാഹളനാദത്തിൽ
അടിയനും നിൻമുന്നിൽ കാണേണമേ.

9

1 സമയമാം രഥത്തിൽ ഞാൻ—സ്വർഗ്ഗയാത്ര ചെയ്യുന്നു
എൻ സ്വദേശം കാണ്മതിന്നു—ബദ്ധപ്പെട്ടോടീടുന്നു
ആകെ അല്പനേരം മാത്രം—എന്റെ യാത്ര തീരുവാൻ
യേശുവേ നിനക്കു സ്തോത്രം—വേഗം നിന്നെ കാണും ഞാൻ

2 രാവിലെ ഞാൻ ഉണരുമ്പോൾ—ഭാഗ്യമുള്ളോർ നിശ്ചയം
എന്റെ യാത്രയുടെ അന്ത്യം—ഇന്നലേക്കാൾ അടുപ്പം

3 രാത്രിയിൽ ഞാൻ ദൈവത്തിന്റെ—കൈകളിൽ ഉറങ്ങുന്നു
അപ്പോഴും എൻ രഥത്തിന്റെ—ചക്രം മുമ്പോട്ടോടുന്നു

4 തേടുവാൻ ജഡത്തിൻ സുഖം—ഇപ്പോൾ അല്ല സമയം
സ്വന്ത നാട്ടിൻ ദൈവ മുഖം—കാണുകയത്രെ വാഞ്ഛിതം

5 ഭാരങ്ങൾ കൂട്ടുന്നതിന്നു—ഒന്നും വേണ്ടാ യാത്രയിൽ
അല്പം അപ്പം വിശപ്പിന്നു—സ്വല്പം വെള്ളം മാഹിക്കിൽ

6 സ്ഥലം ഹാ മഹാ വിശേഷം—ഫലം എത്ര മധുരം
വേണ്ട വേണ്ട ഭൂപ്രദേശം—അല്ല എന്റെ പാർപ്പിടം.

7 നിത്യമായോർ വാസസ്ഥലം—എനിക്കുണ്ടു സ്വർഗ്ഗത്തിൽ
ജീവവൃക്ഷത്തിന്റെ ഫലം—ദൈവപൂർണ്ണസായിൽ

8 എന്നെ എതിരേല്പാനായ്—ദൈവദൂതർ വരുന്നു
വേണ്ടുംപോലെ യാത്രയ്ക്കായ്—പൂർണ്ണശക്തി തരുന്നു

9 ശുദ്ധനാക്കും വെളിച്ചത്തിൽ—ഉള്ള അവകാശത്തിൽ
പങ്കു തന്ന ദൈവത്തിനു—സ്തോത്രം സ്തോത്രം പാടും ഞാൻ

10

പല്ലവി

യെരുശലേമെൻ ഇമ്പ വീടെ-എപ്പോൾ ഞാൻ വന്നു ചേരും
ധരണിയിലെ പാടും കേടും-എപ്പോൾ ഇങ്ങൊഴിയും—

ചരണങ്ങൾ

1 ഭക്തരിൻ ഭാഗ്യതലമേ!-പരിമളസ്ഥലം നീയേ!
ദുഃഖം വിചാരം പ്രയത്നം-നിനക്കലങ്ങില്ലേ!— യെരു

2 രാവും അന്ധകാരം വെയിൽ-ശീതവും അങ്ങില്ലേ!
ദീപതുല്യം ശുദ്ധരങ്ങു-ശോഭിച്ചീടുന്നേ— യെരു

3 രത്നങ്ങളല്ലോ നിന്മതിൽ!-പൊന്നും മാണിക്യങ്ങൾ!
പത്തുണ്ടു നിൻ വാതിലുകൾ-മിന്നും മുത്തല്ലോ!— യെരു

4 യെരുശലേമെൻ ഇമ്പ വീടെ-എന്നു ഞാൻ വന്നു ചേരും!
പരമരാജാവിൻ മഹത്വം അരികിൽ കണ്ടീടും!— യെരു

5 ശ്രേഷ്ഠനടക്കാവുകളും-തോട്ടങ്ങളും എല്ലാം
കാട്ടുവാനിണയില്ലാത്ത-കൃത്തമരങ്ങൾ— യെരു

6 ജീവനദി ഇമ്പശബ്ദം-മേവി അതിനൂടെ
പോവതും ഈരാറുവൃക്ഷം-നില്പതും മോടി— യെരു

7 കൃതരും അങ്ങാത്ത സഭാ-സ്വരമണ്ഡലം പാടി
നാഥനെക്കൊണ്ടാടിടുന്ന-ഗീതം മാമോടി— യെരു

8 യെരുശലേമിൻ അധിപനീശോ-തിരുമുൻ ഞാൻ സ്തുതി പാടാൻ
വരുംവരെയും അരികിൽ ഭവാൻ-ഇരിക്കേണം നാഥാ— യെരു

11

1 ശോഭയേറും നാടൊന്നുണ്ടതു—കാണാദൂരെ ദൂരെ വിശ്വാസത്താൽ
താതൻ വാസം നമുക്കൊരുക്കി—നില്പുന്നു പ്രതീക്ഷിച്ചക്കരെ
വേഗം നാം ചേന്നിടും—ഭംഗിയേറിയ ആ തീരത്തു്

2 നാം ആ ശോഭന നാട്ടിൽ പാടും—വാഴ്ത്തപ്പെട്ടോരുടെ സംഗീതം
ഖേദം രോദനം അങ്ങില്ലല്ലോ—നിത്യം സൌഭാഗ്യം ആത്മാക്കൾക്കു
വേഗം നാം—

3 സ്നേഹമാം സ്രഷ്ടാതനുടെ—സ്നേഹമാനത്തിനും നാൾക്കുനാൾ
വീഴ്ചയെന്യേ തരും നമ്മെയും—കാഴ്ചയായി നാം സ്തോത്രം പാടും
വേഗം നാം—

12

1 ക്രിസ്തനന്മേൽ ചാരി തൻ—ഹസ്തേ വിശ്രമിച്ചു
കർത്താവിൽ മൃതന്മാർ—നിത്യം ഭാഗ്യവാന്മാർ

2 കാണാതെ സ്നേഹിച്ചു—പ്രാണനാം യേശുവെ
ഉണ്മയിൽ തെളിവായ്—കാണുമെത്ര ഭാഗ്യം

3 വല്ലാത്ത പ്രയാസം—ഇല്ലാ നദിതീരെ
പുല്ലിൻ മേച്ചിൽ സ്ഥലേ—നൽ ഇടയൻ മേയ്ക്കും

4 പകലത്തെ വെയിൽ—പാതിരാ ശീതവും
വ്യാകുല ദുഃഖവും-ഇല്ലവക്കിനിമേൽ

5 അവരുടെ സ്നേഹം—സ്വരം, സന്തോഷവും
കാണുകയില്ല നമ്മൾ—കുറെ നാളേക്കിനി

6 പിരിഞ്ഞ പ്രിയക്കായ്—നമ്മൾ ദുഃഖിക്കുമ്പോൾ
കണ്ണുനീർ ചൊരിച്ച-കർത്താ ക്ഷമിക്കണേ

7 മൃതു വെന്നെഴുന്ന-ക്രിസ്തൻ നാഥമവർ
സന്തോഷിപ്പിൻ-എന്നു അന്ത്യ നാളിൽ കേൾക്കും

13

1 ദുഃഖതാഴ്വ-രയതാകും ഭൂമിവാസം-വിട്ടു ഞാൻ
സ്വർഗ്ഗനാട്ടി-ലേക്കു യാത്രയ്ക്കിപ്പൊഴൊരു-ങ്ങുന്നഹോ—

2 എൻ പ്രിയപ്പെ-ട്ടോരെംയെല്ലാം ഏല്പിച്ചിട്ടു-ന്നേനിതാ
അൻപു തിങ്ങും-സ്വർപിതാവെ നിൻ കരങ്ങ-ളിലിപ്പോൾ—

3 നിത്യഭാഗ്യ-നാടതിൽ വന്നെത്തിടുന്ന-നാൾവരെ
കാത്തുകൊള്ളേ-ണമേ നാഥാ ഭദ്രമായെ-ല്ലാരെയും—

4 ഒന്നുപോലും-നഷ്ടമായ്പ്പോകാതെ വാതിൽ-നിന്നുടെ
സന്നിധിയിൽ-വന്നു ചേരാൻ ഉന്നതാ നു-ണെക്കുക—

5 മൈവർതൻ-കൈകളിലെന്നെ വഹിപ്പ-തിന്നിതാ
ഭൂവിൽ വന്നിറ-ങ്ങിടുന്ന ദ്യോവിൽ നിന്ന-നേകം ദേവർ—

6 ദൂതരിൻ ഗാ-നമതു കേൾ കാതിന്നിമ്പ-മേറിടും
മോദമേകും-സ്വർഗ്ഗവീണാനാദവും മ-നോഹരം—

7 സ്വർഗ്ഗയെരു-ശാലേമിൻറെ തങ്കവാതിൽ-കടന്നതാ
ഭാഗ്യലോക-വാസികളെ കൺകളാൽ കാ-ണുന്നു ഞാൻ—

8 സൂര്യകാന്തി-യോടുകൂടെ ചാരെ നില്ക്കു-ന്നാരഹോ
ക്രൂശിലെൻദൈ-വം മരിച്ചോരേശു രക്ഷി-താവിതാ ?—

9 ആണിയിൻ വ-ടുവിതാ ഞാൻ കാണുന്നു തൻ-പാണിയിൽ
പ്രാണനാഥൻ-തന്നേ നൂനം ഹാ ! പരമാ-നന്ദമേ.

14

രാഗം ഇംഗ്ലിഷ്

1 മരണം ജയിച്ച വീരാ എൻ കർത്താവാം യേശുവേ
എന്റെ മരണവും തീരെ വിഴുങ്ങിയ ജീവനേ
നിന്റെ ജീവൻ എന്നിൽ വേണം വേണ്ടാ സ്വന്ത ജീവിതം
നീ എന്നുള്ളിൽ വസിക്കേണം എന്നതെ എൻ താല്പര്യം

2 ലോകത്തിന്നും പാപത്തിന്നും ക്രൂശിന്മേൽ ഞാൻ മരിച്ചു
ജീവന്റെ പുതുക്കത്തിനും ഉടൻ നിന്നെ ധരിച്ചു
സ്വർഗ്ഗത്തിലിപ്പോളെൻ ജീവൻ യേശുതാനെൻ പാപ്പിടം
ഉന്നതങ്ങളിൽ ഈ ഹീനൻ വാഴുന്നെന്തൊരാശ്ചര്യം

3 ജീവവെള്ളം ഒഴുകുന്ന നനെക്കുന്നെൻ ഹൃദയം
പുഷ്പങ്ങളായ് പുഷ്പിക്കുന്ന ശാന്തി സ്നേഹം ആനന്ദം
ഇതെൻ പ്രിയനുള്ള തോട്ടം ഇതിൽ നടക്കുന്ന താൻ
രാവും പകലും തൻ നോട്ടം ഉണ്ടതിന്മേൽ കാക്കുവാൻ

4 നിന്റെ ശക്തി എന്റെ ശക്തി എല്ലാറ്റിനും മതി ഞാൻ
നിന്റെ ഭക്തി എന്റെ ഭക്തി ഹാ നിന്നിൽ ഞാൻ ധനവാൻ
എന്റെ പ്രിയനെനിക്കുള്ളോൻ അവനുള്ളോൻ ഞാനുമായ്
ക്രൂശിൽ സ്വന്ത രക്തം തന്നോൻ എന്നെ വാങ്ങി തനിക്കായ്

5 യേശു എൻ വിശ്വാസക്കണ്ണു കാണ്മോളം സൂക്ഷിക്കേണമേ
അതിൽ ഇഹലോക മണ്ണു വീണു മയക്കരുതേ
സാത്താൻ ഓരോ ചിന്തകളെ ഇച്ഛകളെ എന്നപോൽ
അയച്ചാൽ കണ്ണോളകളെ ഉടൻ നീ അടച്ചുകൊൾ

6 ലോകം വേണ്ടാ ഒന്നും വേണ്ടാ മതി യേശു എനിക്കു
സാത്താനേ നീ ആശിക്കേണ്ടാ കൊണ്ടുപോ നിൻ ചരക്കു
കഴുതപോലെ പറക്കുന്ന മേലോട്ടെന്റെ ഹൃദയം
ഭൂമി താഴെ കിടക്കുന്ന ദൂരെയതിൻ അനുഭവം

7 യേശുവ നിക്കീവിക്കുന്നു ഞാനും എന്നും ജീവിക്കും
നിത്യജീവൻ പിന്നിൽനിന്നു പുണ്യൻ എന്നും ഒഴുകും
സ്വർഗ്ഗത്തിൽ നീ ഇരിക്കുന്ന വേഗം ഞാനും ഇരിക്കും
സ്നേഹത്തിൻ സംസർഗ്ഗത്തിനു നിന്റെ കൂടെ വസിക്കും.

15

1 എൻ ദൈവമേ, നടത്തുകെന്നെ നീ എന്നേരവും.
പാരിന്നിരുൾ അതുടെ സ്വർഗ്ഗേ ഞാൻ ചേരുംവരെ ;
നിൻ തൃക്കൈകളാൽ ഓരം ഭ്രയാത്രയിൽ സുഖദാ എന്നെ താങ്ങിടേണമേ.

2 നിൻ കല്പനകൾ നിമിഷം പ്രതി ലംഘിച്ചു ഞാൻ,
ശുദ്ധാവിയെ സദാ എൻ ദോഷത്താൽ ദുഃഖിപ്പിച്ചേൻ
നീതിയിൽ എന്നെ നിൻ മുമ്പിൽനിന്നു ചേർടിക്കാതെ നിൻ കൃപ നല്കുക

3 എന്നാത്മ ദേഹി ദേഹം സമസ്തം കുളിപ്പിക്കുന്നോൻ
നിൻ കൈകളിൽ ക്ഷണം പ്രതി എന്നെ ഇന്നുമുതൽ
ദൈവവാക്യമാം പാതയിൽ കൂടെ വിശുദ്ധാത്മാവു നടത്തേണമേ.

4 ഞാൻ മണ്ണാകുന്നു എന്നാക്കുന്നാതു ഒന്നിനാലും
ഈ പാപിയെ ഉപേക്ഷിച്ചീടാതെ അൻപോട്ടു നീ
സർവ്വശക്തിയുള്ള നിൻ സ്നേഹത്താൽ സ്വർഗ്ഗത്തിലേക്കെന്നെ ആകർഷിക്കേ.

16

"ക്രിസ്തുമന്ധിൽ വന്നാലാത്തി"

സ്വർഗ്ഗഭാഗ്യം എത്രയോഗ്യം ആകും വണ്ണമിക്കാ-മതിൻ
ഭാഗ്യമോർക്കുന്തോറുമെനിക്കാശയേറുന്നേ

1 പാപലോകത്തിൽ കിടന്നു പാടുപെടുന്ന-എനി
ക്കെപ്പോഴെന്നെ മോക്ഷവീട്ടിൽ ചെന്നുചേർന്നീടാം

2 മുമ്പുമുമ്പേ പോയിട്ടുന്നോർ ഭാഗ്യമുള്ളവർ-മന്നി-
ലുള്ള കഷ്ടതകൾനീങ്ങി സ്വസ്ഥരായവർ

3 ലോകസംബന്ധഭവനം വിട്ടുപോയെന്നാൽ-മോക്ഷ
കൈകളാൽതീർക്കാത്തവീട്ടിൽ പാർത്തിടാമല്ലോ

4 രണ്ടിനാൽ ഞെരുങ്ങിഞാനും വാഞ്ഛിച്ചീടുന്നു-ആത്മ
വീണ്ടെടുപ്പാം പുത്രസന്തോഷത്തിലെത്തുവാൻ

5 മുട്ടുപെടും പാടുകൾക്കാശ്വാസം പ്രാപിപ്പാൻ-എന്നെ
മംഗലമോക്ഷപുരത്തിലെപ്പോഴെത്തുംഞാൻ

6 പ്രാവിനെപ്പോൽ രണ്ടു ചിറകുണ്ടെന്നാകിൽഞാൻ-ശീഘ്രം
എത്തും പറന്നെന്നെ മണവാളൻ സന്നിധൌ

17

പല്ലവി

നിന്നെ ഹിതം പോലെയെന്നെ
നിത്യം നടത്തീടേണമേ

അനുപല്ലവി

എന്നെ ഹിതം പോലെ അല്ലേ
എൻപിതാവേ എൻ യഹോവേ—നിന്നെ

ചരണങ്ങൾ

1 ഇമ്പമുള്ള ജീവിതവും ഏറെ ധനം മാനങ്ങളും
തുമ്പമറ്റ സൌഖ്യങ്ങളും ചോദിക്കുന്നില്ലേ അടിയാൻ— നി

2 നേരെ നിരപ്പാംവഴിയോ നീണ്ടനടയോ കുരുതോ
പാരം കുരങ്ങോടുന്നതോ പാരിൽ ദുഃഖം ഭാഗ്യങ്ങളോ— നി

3 അന്ധകാരം ഭീതികളോ അപ്പനെ പ്രകാശങ്ങളോ
എന്തു നീ കല്പിച്ചീടുന്നോ എല്ലാം എനിക്കാശീർവ്വാദം— നി

4 ഏതുഗുണമെന്നറിവാൻ ഇല്ല ജ്ഞാനമെന്നിൽ നാഥാ
നീ തിരുനാമം നിമിത്തം നീതി മാർഗ്ഗത്തിൽ തിരിച്ചു— നി

5 അഗ്നിമേഘത്തൂണുകളാൽ അടിയനെ എന്നും നടത്തി
അനുദിനംതുടെ ഇരുന്നു അപ്പനേ കടാക്ഷിക്കുകേ— നി

18

ഞാൻ

1 കർത്തൃകാഹളം യുഗാന്ത്യകാലത്തിൽ ധ്വനിക്കുമ്പോൾ
നിത്യമാം പ്രഭാത ശോഭിതത്തിൻ നാൾ
പാത്തലേ രക്ഷപെട്ടോരക്കരെ ക്രൂടി ആകാശെ
പോർ വിളിക്കും നേരം കാണും എൻപോരും
പോർ വിളിക്കും നേരം കാണും പോർ വിളിക്കും നേരം കാണും
പോർ വിളിക്കും നേരം കാണും പോർ വിളിക്കും നേരം കാണും-
എൻ പോര

2 ക്രിസ്തുനിൽ നിദ്രകൊണ്ടോരിശ്ലോഭിത പ്രഭാതത്തിൽ
ക്രിസ്തു ശോഭ ധരിപ്പാനായിത്തു തൻ
ഭക്തർഭവനെ ആകാശമപ്പുറം ക്രൂടിടുമ്പോൾ— പോ

3 കർത്തൻ പോക്കു രാപ്പകൽ അദ്ധ്വാനം ഞാൻ ചെയ്തിങ്ങനെ
വാർത്ത ഞാൻ ചൊല്ലീടട്ടെ തൻ സ്നേഹത്തിൻ
പാത്തലത്തിൽ എന്നെറ വേല തീർത്തിജ്ജീവിതാന്തത്തിൽ— പോർ

19

1 ദൈവത്തിൻ പൈതലേ നിന്നെറ ജീവിതകാലം അതിര
ഓരോരോ ഭാരങ്ങളാലെ പാരം വലഞ്ഞിടുമ്പോൾ
ചിന്താകുലങ്ങൾ ചിന്താകുലങ്ങളെല്ലാം
ഇട്ടുകൊൾ യേശുമേൽ നിൻപേക്കായ്കരുതുന്നുണ്ടവൻ

2 ലോകത്തിൻ ചിന്തകളാലും രോഗപീഡകളാലും
മറവു പ്രയാസങ്ങളാലും മുറവും തളർന്നിടുമ്പോൾ— ചിന്താ

3 കർത്താവിന്നിഷ്ടമാംവണ്ണം നിത്യം ജീവിച്ചീടുവാൻ
നിൻ പ്രയത്നങ്ങൾ എപ്പോഴും നിഷ്ഫലമായ് വരുമ്പോൾ— ചിന്താ

4 ദൈവം നിന്നെ നടത്തുന്ന നിൻ വഴിയിൽ മുഴുവൻ
അന്ധകാരം വരുമ്പോഴും അന്തരംഗത്തിലെ നിൻ— ചിന്താ

5 നിന്നുടെ പേക്കിഹലോകെ വന്നു മരിച്ചവനാം
യേശുവിൻ വാക്കുകളെ നി വിശ്വസിച്ചു സതതം— ചിന്താ

C. M. S. P. 224—1500—8-8-1947.